21
ജൂൺ 2024
വെള്ളി
1445 ദുൽഹജ്ജ് 15
1199 മിഥുനം 06

പേജ് 20
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

facebook.com/@gulfchandrika instagram.com/@gulfchandrika youtube/@gulfchandrika

ഗൾഫ് ചന്ദ്രിക

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം

Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

കെജ്‌രിവാളിന് ജാമ്യം

ന്യൂഡൽഹി: മദ്യനയക്കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന് ജാമ്യം. അറസ്റ്റിലായി നാളെ മൂന്ന് മാസം തികയാനിരിക്കെയാണ്, ഒരു ലക്ഷം രൂപ കെട്ടി വയ്ക്കണമെന്ന ഉപാധിയോടെ ഡൽഹി റോസ് അവന്യൂ കോടതി ജഡ്ജി ന്യായ് ബിന്ദു ജാമ്യം അനുവദിച്ചത്. നിയമ വശങ്ങൾ പരിശോധിക്കുന്നതിന് ജാമ്യ ഉത്തരവ് 48 മണിക്കൂർ നേരത്തേക്ക് സ്റ്റേ ചെയ്യണമെന്ന് ഇ.ഡി അഭിഭാഷകൻ അഭ്യർത്ഥിച്ചെങ്കിലും അംഗീകരിച്ചില്ല. ഇതോടെ നടപടി ക്രമങ്ങൾ പൂർത്തിയാക്കി ഇന്നു തന്നെ കെജ്‌രിവാൾ ജയിൽ മോചിതനായേക്കും.

കേസിൽ നേരത്തെ അറസ്റ്റിലായ പ്രതിയാണ് ഗോവയിൽ കെജ്‌രിവാളിന്റെ ഹോട്ടൽ ബില്ല് അടച്ചതെന്നും, ഇയാൾ വ്യവസായികളിൽ നിന്നും വൻ തുക കൈപ്പറ്റിയെന്നും ഇ.ഡി കോടതിയിൽ വാദിച്ചു. മലയളിയായ പ്രതി വിജയ് നായരാണ് കെജ്‌രിവാളിന്റെ നിർദേശപ്രകാരം അഴിമതി പണം കൈകാര്യം ചെയ്തത്. ആംആദ്മി പാർട്ടിയാണ് തെറ്റ് ചെയ്തതെങ്കിൽ ആ പാർട്ടിയുടെ തലവനും കുറ്റക്കാരനാണെന്നും ഇഡി വാദിച്ചു. എന്നാൽ ഇ.ഡി ഊഹാപോഹങ്ങൾ ആരോപണങ്ങളായി ഉന്നയിക്കുകയാണെന്നാണ് കെജ്‌രിവാളിന്റെ അഭിഭാഷകൻ വാദിച്ചത്. ഇതുവരെ ഇ.ഡി ഉന്നയിച്ച ആരോപണങ്ങൾക്കൊന്നും തെളിവില്ല. ജാമ്യം നിബന്ധനകൾക്ക് വിധേയമായ തടവ് തന്നെയാണെന്നും, മുഖ്യമന്ത്രിയെന്ന നിലയിൽ ഉത്തരവാദിത്വങ്ങൾ നിർവഹിക്കാൻ ജാമ്യം നൽകണമെന്നും കെജരിവാളിന്റെ അഭിഭാഷകൻ വാദിച്ചു. ഈ വാദം കോടതി അംഗീകരിക്കുകയായിരുന്നു.

നേരത്തെ ലോകസഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ പങ്കെടുക്കുന്നതിനായി അരവിന്ദ് കെജ് രിവാളിന് സുപ്രീം കോടതി ഇടക്കാല ജാമ്യം അനുവദിച്ചിരുന്നു. മെയ് 10 മുതൽ ജൂൺ ഒന്നു വരെയായിരുന്നു ഇടക്കാല ജാമ്യം. ജൂൺ രണ്ടിനാണ് ഡൽഹി മുഖ്യമന്ത്രി തിഹാർ ജയിലിലേക്ക് തന്നെ മടങ്ങിയത്. ഇതിനിടെ ചികിത്സാവശ്യാർത്ഥം ഇടക്കാല ജാമ്യം നീട്ടി നൽകണമെന്നാവശ്യപ്പെട്ട് കെജ്‌രിവാൾ മറ്റൊരു അപേക്ഷ കൂടി സമർപ്പിച്ചിരുന്നെങ്കിലും റഗുലർ ജാമ്യാപേക്ഷ വാദം പൂർത്തിയാക്കി വിധി പറയാൻ മാറ്റിയ പശ്ചാത്തലത്തിൽ ഇടക്കാല ജാമ്യം നീട്ടണമെന്ന ആവശ്യം കോടതി നിരാകരിക്കുകയായിരുന്നു. മുഖ്യമന്ത്രിയെ അഴിക്കുള്ളിലാക്കി ഡൽഹിയിൽ ഭരണ പ്രതിസന്ധി സൃഷ്ടിക്കാനുള്ള ബി.ജെ.പി നീക്കത്തിനേറ്റ കനത്ത പ്രഹരമാണ് വിചാരണക്കോടതി ഉത്തരവ്.

'നീറ്റ്'ല്ലാതെ നെറ്റും; പ്രതിക്കൂട്ടിലായി കേന്ദ്രം

അടിമുടി പാളിച്ച

- ആക്രമണത്തിന് മൂർച്ച കൂട്ടി പ്രതിപക്ഷം
- മോദിയുടെ 56 ഇഞ്ച് നെഞ്ചളവ് ചുരുങ്ങി: രാഹുൽ
- പേപ്പർ ലീക്ക് സർക്കാറെന്ന് ഖാർഗെ
- സമഗ്ര അന്വേഷണം വേണമെന്ന് പ്രിയങ്കാഗാന്ധി

ന്യൂഡൽഹി: നീറ്റ് പരീക്ഷാ വിവാദത്തിനുപിന്നാലെ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് യു.ജി.സി നെറ്റ് പരീക്ഷയും റദ്ദാക്കിയതോടെ പരീക്ഷാ നടത്തിപ്പിലെ ഗുരുതര വീഴ്ചയിൽ പ്രതിക്കൂട്ടിലായി മോദി സർക്കാർ. രാജ്യവ്യാപകമായി പ്രതിഷേധം ശക്തിപ്പെടുകയും ആക്രമണത്തിന് മൂർച്ച കൂട്ടി പ്രതിപക്ഷം രംഗത്തെത്തുകയും ചെയ്തതോടെ മൂന്നാം മോദി സർക്കാറിനു മുന്നിൽ തുടക്കത്തിലേ സമാനതകളില്ലാത്ത പ്രതിസന്ധിയാണ് ഉരുണ്ടു കൂടുന്നത്. നീറ്റ് വിവാദം രാജ്യമെമ്പാടും കത്തിപ്പടരുന്നതിനിടെയാണ് നെറ്റ് പരീക്ഷ കൂടി റദ്ദാക്കിയത്. ക്രമക്കേട് നടന്നുവെന്ന സൈബർ ക്രൈം ത്രെട്ട് അനലിറ്റിക് വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നു നടപടി. ചൊവ്വാഴ്ച രണ്ട് ഷിഫ്റ്റുകളിലായി രാജ്യത്തെ വിവിധ കേന്ദ്രങ്ങളിൽ നടന്ന നെറ്റ് പരീക്ഷ ഒമ്പതു ലക്ഷത്തോളം പേരാണ് എഴുതിയത്. പരീക്ഷ റദ്ദാക്കിയതോടെ ഇത്രയും പേർ വീണ്ടും പരീക്ഷ എഴുതേണ്ടി വരും. കടുത്ത മാനസിക സമ്മർദ്ദത്തിലേക്ക് പരീക്ഷാർത്ഥികളെ തള്ളിവിട്ടതിന്റെ ഉത്തരവാദിത്വം കേന്ദ്ര സർക്കാറിന് ഏറ്റെടുക്കേണ്ടി വരും. അതേസമയം പ്രതിഷേധം കനത്തതോടെ നീറ്റ് ചോദ്യപേപ്പർ ചോർച്ചയിൽ സി.ബി.ഐ കേസെടുത്തു.

ഇതിനിടെ പരീക്ഷാ നടത്തിപ്പ് വീഴ്ചയിൽ കേന്ദ്ര സർക്കാറിനെതിരായ ആക്രമണത്തിന് പ്രതിപക്ഷം മൂർച്ച കൂട്ടി. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുന ഖാർഗെയും രാഹുൽ ഗാന്ധിയും പ്രിയങ്കാ ഗാന്ധിയും എസ്.പി അധ്യക്ഷൻ അഖിലേഷ് യാദവും അടക്കമുള്ളവർ കേന്ദ്ര സർക്കാറിനെതിരെ രൂക്ഷ വിമർശനവുമായി രംഗത്തെത്തി. ഡൽഹിയിൽ കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് മന്ത്രി ധർമ്മേന്ദ്ര പ്രഥാന്റെ ഓഫീസിലേക്ക് എൻ.എസ്.യു.ഐ നടത്തിയ മാർച്ചിനിടെ പൊലീസും പ്രതിഷേധക്കാരും തമ്മിൽ ഏറ്റുമുട്ടി. പ്രതിപക്ഷത്തിനു പുറമെ പരീക്ഷ എഴുതി വഴിയാധാരമായ ലക്ഷക്കണക്കിന് വിദ്യാർത്ഥികളും ഡൽഹിയിൽഉൾപ്പെടെ പ്രതിഷേധവുമായി തെരുവിൽ നിലയുറപ്പുറപ്പിച്ചിട്ടുണ്ട്.

യുക്രെയ്ൻ യുദ്ധം തടയാൻ കഴിയുമെന്ന് അവകാശപ്പെടുന്ന മോദിക്ക്, ഒരു പരീക്ഷ പോലും കൃത്യമായി നടത്താൻ കഴിയില്ലെന്ന് തെളിഞ്ഞതായി രാഹുൽ ഗാന്ധി ആരോപിച്ചു. ആത്മവിശ്വാസം നഷ്ടപ്പെട്ടതോടെ മോദിയുടെ 56 ഇഞ്ച് നെഞ്ചളവ് ചുരുങ്ങിക്കൊണ്ടിരിക്കുകയാണെന്നും രാഹുൽ പരിഹസിച്ചു. ഉന്നത വിദ്യാഭ്യാസ മേഖല ആർ.എസ്.എസും ബി.ജെ.പിയും കൈയടക്കിയിരിക്കുകയാണ്. ഇവരിൽ നിന്ന് വിദ്യാഭ്യാസ മേഖലയെ മോചിപ്പിച്ചതല്ലാതെ ചോദ്യപേപ്പർ ചോർച്ച പോലുള്ള ക്രമക്കേടുകൾ തടയാൻ കഴിയില്ല. ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് ഭാരത് ജോഡോ ന്യായ് യാത്രക്കിടെ ആയിരക്കണക്കിന് പരാതിയാണ് തനിക്കു ലഭിച്ചത്. വ്യാപം മോഡൽ രാജ്യമൊട്ടുക്കും ബി.ജെ.പി വ്യാപിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നും ശിവരാജ്സിങ് ചൗഹാൻ മുഖ്യമന്ത്രിയായിരിക്കെ മധ്യപ്രദേശിൽ നടന്ന വ്യാപം പരീക്ഷാ ക്രമക്കേടിനെ പരാമർശിച്ചുകൊണ്ട് രാഹുൽ ഗാന്ധി പറഞ്ഞു. ചോദ്യപേപ്പർ ചോർച്ച പ്രതിപക്ഷം പാർലമെന്റിൽ ഉന്നയിക്കുമെന്നും രാഹുൽ ഗാന്ധി കൂട്ടിച്ചേർത്തു.

കേന്ദ്രം ഭരിക്കുന്നത് പേപ്പർ ലീക്ക് സർക്കാറാണെന്നായിരുന്നു കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുന ഖാർഗെയുടെ പരിഹാസം. വിദ്യാർത്ഥികളുടേയും യുവാക്കളുടേയും ഭാവി കൊണ്ടാണ് മോദി സർക്കാർ കളിക്കുന്നതെന്നും ഖാർഗെ ആരോപിച്ചു. നീറ്റ്, നെറ്റ് പരീക്ഷാ ക്രമക്കേടുകളിൽ സമഗ്ര അന്വേഷണം വേണമെന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി ആവശ്യപ്പെട്ടു. നെറ്റ് പരീക്ഷ റദ്ദാക്കിയതിലൂടെ പരീക്ഷാ നടത്തിപ്പിൽ വീഴ്ചയുണ്ടായെന്ന് കേന്ദ്ര സർക്കാർ സമ്മതിച്ചിരിക്കുകയാണെന്നും പ്രിയങ്ക പറഞ്ഞു.

മോദി സർക്കാറിനു കീഴിൽ നടന്ന മറ്റു മത്സര പരീക്ഷകളെയെല്ലാം സംശയത്തിന്റെ മുനയിലാക്കുന്നതാണ് ഇപ്പോൾ പുറത്തുവന്ന ആരോപണങ്ങളെന്നും സമഗ്ര അന്വേഷണം വേണമെന്നും സമാജ് വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവും പറഞ്ഞു. പരീക്ഷാ നടത്തിപ്പിലെ വീഴ്ചയുടെ ഉത്തരവാദിത്വത്തിൽ നിന്ന് കേന്ദ്രത്തിന് ഒഴിഞ്ഞു മാറാനാകില്ലെന്ന് ശിവസേനാ (ഉദ്ധവ് താക്കറെ) നേതാക്കളായ പ്രിയങ്ക ചതുർവേദിയും ആദിത്യ താക്കറെയും പറഞ്ഞു. ഇതിനിടെ പരീക്ഷാ ക്രമക്കേടിൽ പ്രതിഷേധിച്ച് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രഥാന്റെ വസതിയിലേക്ക് എൻ.എസ്.യു പ്രവർത്തകർ മാർച്ച് നടത്തി. ബാരിക്കേഡുകൾ സ്ഥാപിച്ച് മാർച്ച് പൊലീസ് തടഞ്ഞു. ഇതേതുടർന്ന് പ്രതികാത്മകമായി നോട്ടു കെട്ട് വിതറി പ്രവർത്തകർ പ്രതിഷേധിച്ചു. പ്രതിഷേധക്കാരെ പിന്നീട് പൊലീസ് അറസ്റ്റു ചെയ്തു നീക്കി.

CLICK കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രഥാന്റെ വസതിയിലേക്ക് മാർച്ച് നടത്തിയ എൻ.എസ്.യു.ഐ പ്രവർത്തകർ പ്രതീകാത്മകമായി നോട്ടു കെട്ടുകൾ എറിയുന്നു

നീറ്റ് പരീക്ഷ റദ്ദാക്കില്ലെന്ന് ആവർത്തിച്ച് കേന്ദ്രം

ന്യൂഡൽഹി: ക്രമക്കേട് നടന്നുവെന്ന് സമ്മതിക്കുമ്പോഴും നീറ്റ് പരീക്ഷ റദ്ദാക്കില്ലെന്ന് ആവർത്തിച്ച് കേന്ദ്ര സർക്കാർ. വിവാദങ്ങളുടെ പശ്ചാത്തലത്തിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രഥാൻ ആണ് പരീക്ഷ റദ്ദാക്കില്ലെന്ന് വ്യക്തമാക്കിയത്. നടന്നത് ഒറ്റപ്പെട്ട സംഭവങ്ങളാണെന്നും പ്രതിപക്ഷം വിഷയത്തെ രാഷ്ട്രീയ വൽക്കരിക്കാൻ ശ്രമിക്കുകയാണെന്നും പറഞ്ഞ് സർക്കാറിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതര വീഴ്ചയെ മറയ്ക്കാനാണ് മന്ത്രി ശ്രമിച്ചത്. അതേസമയം ചോദ്യപേപ്പർ ചോർച്ച അടക്കം മന്ത്രി സമ്മതിച്ചു. ടെലഗ്രാം ആപ് വഴി ചോദ്യപേപ്പർ പങ്കുവെക്കപ്പെട്ടുവെന്നും ബിഹാർ പൊലീസിൽ നിന്ന് ഇതു സംബന്ധിച്ച വിവരങ്ങൾ ലഭിച്ചിട്ടുണ്ടെന്നും പറഞ്ഞ മന്ത്രി, കുറ്റക്കാർ എത്ര ഉന്നതരായാലും ശിക്ഷിക്കപ്പെടുമെന്നും വ്യക്തമാക്കി. നാഷണൽ ടെസ്റ്റിങ് ഏജൻസിയുടെ പ്രവർത്തനത്തിലെ സുതാര്യത ഉറപ്പാക്കുന്നതിന് ഉന്നതതല സമിതിക്ക് രൂപം നൽകുമെന്നും വിദ്യാർത്ഥികളുടെ താൽപര്യം സംരക്ഷിക്കുമെന്നും മന്ത്രി പറഞ്ഞു. പരീക്ഷാ ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാറിന്റെ മൗനം ചോദ്യം ചെയ്തും മന്ത്രിയുടെ രാജി അടക്കം ആവശ്യപ്പെട്ടും പ്രതിപക്ഷം പ്രതിഷേധം ശക്തമാക്കിയതിനു പിന്നാലെയായിരുന്നു വാർത്താ സമ്മേളനം.

കേന്ദ്രത്തിന് വീണ്ടും സുപ്രീംകോടതി നോട്ടീസ് 05

ആഭ്യന്തര വകുപ്പ് പരാജയമെന്ന് സി.പി.എം; മറുപടിയില്ലാതെ മുഖ്യമന്ത്രി

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ കീഴിലുള്ള ആഭ്യന്തരവകുപ്പിന്റെ പ്രവർത്തനം ലോക്സഭാ തിരഞ്ഞെടുപ്പ് പരാജയത്തിന്റെ കാരണങ്ങളിലൊന്നാണെന്ന് സി.പി.എം സംസ്ഥാന സമിതിയിൽ വിമർശനം. ഗുണ്ടകളെ അടിച്ചമർത്തുന്നതിൽ പൊലീസിനു വീഴ്ച പറ്റിയെന്നും മുഖ്യമന്ത്രിയറിയാതെ പൊലീസിനുള്ളിൽ നടക്കുന്ന ചില ഇടപെടലുകൾ തിരുത്തേണ്ടതുണ്ടെന്നും പ്രതിനിധികൾ വിമർശനം ഉന്നയിച്ചു. തൃശൂർ പൂരത്തിലെ പൊലീസ് ഇടപെടൽ സുരേഷ് ഗോപിയെ സഹായിക്കാനായിരുന്നു. ആരുടെ നിർദ്ദേശപ്രകാരമാണ് ഈ ഇടപെടൽ നടന്നതെന്ന് കണ്ടെത്തേണ്ടതുണ്ട്. സ്ത്രീ സുരക്ഷാ വിഷയത്തിലും പൊലീസ് പരാജയമാണെന്ന് യോഗം വിലയിരുത്തി. അതേസമയം പ്രതിപക്ഷം നിയമസഭയിലും പുറത്തും ആഭ്യന്തര വകുപ്പിന്റെയും പൊലീസിന്റെയും വീഴ്ചകൾ നിരന്തരം ചൂണ്ടിക്കാട്ടുമ്പോഴെല്ലാം പരിഹസിക്കുകയും സേനയുടെ മനോവീര്യം തകർക്കരുതെന്ന് പറഞ്ഞ് ക്ഷോഭിക്കുകയും ചെയ്തിരുന്ന മുഖ്യമന്ത്രി പാർട്ടി യോഗത്തിൽ ഈ വിമർശനങ്ങളോട് പ്രതികരിക്കാതെ മൗനം പാലിക്കുകയായിരുന്നു.

പാർട്ടി പിണറായിയുടെ പൂർണ നിയന്ത്രണത്തിലായതിനു ശേഷം ഒരുപക്ഷേ ആദ്യമായാണ് പാർട്ടിക്കുള്ളിൽ പിണറായിക്കെതിരെ വിമർശനം ഉയരുന്നത്. പ്രവർത്തനങ്ങളിൽ മുഖ്യമന്ത്രിയും ശ്രദ്ധിക്കണം എന്ന തരത്തിലാണു പല നേതാക്കളും നിലപാട് വ്യക്തമാക്കിയത്. സാമൂഹ്യ ക്ഷേമ പെൻഷൻ ഉൾപെടെ നൽകുന്നതിൽ ജാഗ്രത കാണിക്കാതിരുന്നത് തിരിച്ചടിക്ക് കാരണമായെന്ന് ധനമന്ത്രിക്കെതിരെയും വിമർശനം ഉയർന്നു. പാർട്ടിയുമായി കൂടിയാലോചനയില്ലാതെ കാര്യങ്ങൾ തീരുമാനിക്കുന്നത് ദോഷകരമായെന്ന നിലപാടും ചില നേതാക്കൾ ഉന്നയിച്ചു. സംസ്ഥാനത്തെ പ്രശ്നങ്ങൾ സംബന്ധിച്ച് പല പരാതികളും തനിക്കു ലഭിച്ചിരുന്നതായി പാർട്ടി ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി പറഞ്ഞു. തെരഞ്ഞെടുപ്പിൽ വൻ തിരിച്ചടിക്കിടയാക്കിയ വെല്ലുവിളികൾ തിരിച്ചറിയാനും ഫലപ്രദമായി ചെറുക്കാനും സംസ്ഥാന നേതൃത്വത്തിനു കഴിഞ്ഞില്ലെന്നും അദ്ദേഹം പറഞ്ഞു.

ഒ.ആർ കേളുവിന് ഒരു വകുപ്പ് മാത്രം

തിരുവനന്തപുരം: മാനന്തവാടി എം.എൽ.എയും സി.പി.എം നേതാവുമായ ഒ.ആർ കേളു മന്ത്രിയാകും. മന്ത്രിയായിരുന്ന കെ. രാധാകൃഷ്ണൻ ലോക്സഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് ഒഴിവുവന്ന സ്ഥാനത്തേക്കാണ് കേളു എത്തുന്നത്. സി.പി.എം സംസ്ഥാന സമിതിയംഗവും ആദിവാസി അധികാർ രാഷ്ട്രീയ മഞ്ച് അഖിലേന്ത്യാ കമ്മിറ്റിയംഗവും എസ്.സി എസ്.ടി നിയമസഭാ സമിതി ചെയർമാനുമാണ്. 2011 ലെ ഉമ്മൻ ചാണ്ടി സർക്കാരിന് ശേഷം പട്ടികവർഗ വിഭാഗത്തിൽ നിന്ന് ഇതാദ്യമായാണ് ഒരാൾ മന്ത്രിസഭയിൽ ഇടംപിടിക്കുന്നത്. മാനന്തവാടിയിൽ നിന്നുതന്നെ നിയമസഭാംഗമായ ജയലക്ഷ്മിയായിരുന്നു ഉമ്മൻചാണ്ടി സർക്കാരിൽ മന്ത്രിയായത്. അതേസമയം രാധാകൃഷ്ണൻ കൈകാര്യം ചെയ്തിരുന്ന ദേവസ്വം വകുപ്പ് വി.എൻ വാസവനും നിയമ വകുപ്പ് എം.ബി രാജേഷിനും നൽകി പട്ടികജാതി ക്ഷേമ വകുപ്പ് മാത്രം നൽകി കേളുവിനെ ഒതുക്കിയതായി ആക്ഷേപമുണ്ട്.

യൂറോ കപ്പ്: സ്പെയിൻ പ്രീക്വാർട്ടറിൽ

ഇറ്റലി തോറ്റത് സെൽഫ് ഗോളിൽ

ഗെൽസൻകിർഷൻ (ജർമനി): സെൽഫ് ഗോളിന്റെ ആനുകൂല്യത്തിൽ ഇറ്റലിയെ ഏകപക്ഷിയമായ ഒരു ഗോളിന് തോൽപിച്ച് യൂറോ കപ്പിൽ സ്പെയിൻ പ്രീക്വാർട്ടറിൽ കടന്നു. ജയത്തോടെ ഗ്രൂപ്പ് ജേതാക്കളായാണ് സ്പെയിൻ ഒരുപടികൂടി കയറിയത്. 55ാം മിനിറ്റിൽ റിക്കാർഡോ കാലഫിയോരിയുടെ സെൽഫ് ഗോളാണ് ഇറ്റലിയെ ചതിച്ചത്. സ്പാനിഷ് ആക്രമണങ്ങളെ പ്രതിരോധിക്കാൻ ഇറ്റലി നന്നായി വിയർക്കുന്നതാണ് മത്സരത്തിലുടനീളം കണ്ടത്. ഗോൾകീപ്പർ ഡൊണ്ണറുമയുടെ മികവും സ്പെയിനിന്റെ നിർഭാഗ്യവും കൊണ്ടുമാത്രമാണ് തോൽവിയുടെ ഭാരം കുറഞ്ഞത്. രണ്ടു കളികളിൽ നിന്ന് ആറു പോയന്റോടെയാണ് സ്പെയ്നിന്റെ നോക്കൗട്ട് പ്രവേശനം. ചൊവ്വാഴ്ച നടക്കുന്ന അവസാന ഗ്രൂപ്പ് മത്സരത്തിൽ അൽബേനിയയാണ് സ്പാനിഷ് ടീമിന്റെ എതിരാളികൾ.

വലിയ വീഴ്ച

CLICK യൂറോ കപ്പിൽ ഇറ്റലിയുടെ വലയിൽ ഗോൾ വീണപ്പോൾ ആഘോഷിക്കുന്ന സ്പെയിൻ താരങ്ങളായ ലാമിനെ യാമൽ,അൽവാരോ മൊറാട്ട, പെഡ്രി എന്നിവർ. സെൽഫ് ഗോളടിച്ച് നിരാശയോടെ നിലത്തു കിടക്കുന്ന റിക്കാർഡോ കാലഫിയോരിയെയും കാണാം.

റിമോട്ട് ഗെയ്റ്റിൽ കഴുത്ത് കുരുങ്ങി വിദ്യാർത്ഥി മരിച്ചു

തിരൂർ: റിമോട്ട് ഗെയ്റ്റിൽ കഴുത്ത് കുരുങ്ങി ഒൻപത് വയസ്സുകാരൻ മരിച്ചു. തിരൂരിനടുത്ത വൈലത്തൂർ ചിലവിൽ ചങ്ങണക്കാട്ടിൽ കുന്നശ്ശേരി അബ്ദുൽ ഗഫൂറിന്റെയും കുറുക്കോളിലെ പാറയിൽ സജ്‌ലയുടെയും മകൻ മുഹമ്മദ് സിനാനാ(9) ണ് മരിച്ചത്. ഇന്നലെ അസർ നിസ്കാരത്തിന് പള്ളിയിൽ പോകാനായി അയൽവാസിയുടെ വീട്ടു മുറ്റത്തെ ഗെയിറ്റിലൂടെ കടന്നപ്പോഴാണ് അപകടം. കുട്ടി പൂർണമായും പുറത്തു കടക്കും മുമ്പെ ഗേറ്റ് അടയുകയായിരുന്നു. ഹജ്ജിന് പോയതായതിനാൽ അയൽ വീട്ടിൽ ആളുണ്ടായിരുന്നില്ല. മറ്റൊരു അയൽവാസിയാണ് അപകടം ആദ്യം കണ്ടത്.ഉടൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. തിരൂർ എം.ഇ.ടി സ്കൂളിലെ നാലാം ക്ലാസ് വിദ്യാർഥിയാണ് സിനാൻ. അസ്മ ഹൈവ ഏക സഹോദരിയാണ്.

കെ.എസ്.ആർ.ടി.സി ബസും ഓട്ടോയും കൂട്ടിയിടിച്ച് ദമ്പതികളും മകളും മരിച്ചു

അപകടം മലപ്പുറം മുട്ടിപ്പടിയിൽ

മലപ്പുറം: ദേശീയപാതയിലെ മേൽമുറി മുട്ടിപ്പടിയിൽ കെ.എസ്.ആർ.ടി.സി ബസും ഓട്ടോയും കൂട്ടിയിടിച്ച് കുടുംബത്തിലെ മൂന്ന് പേർക്ക് ദാരുണാന്ത്യം. പുൽപറ്റ ഒളമതിൽ സ്വദേശി അക്കരമ്മൽ മണ്ണിങ്ങച്ചാലി മുഹമ്മദ് അഷ്റഫ് (45), ഭാര്യ സാജിത കുമ്മിണിപറമ്പ് (37), മകൾ ഫിദ (15)എന്നിവരാണ് മരിച്ചത്. പ്ലസ് വൺ അലോട്ട്മെന്റ് ലഭിച്ചതിനെത്തുടർന്ന് മലപ്പുറം ഗവ. ഗേൾസ് ഹയർസെക്കന്ററി സ്കൂളിലേക്ക് പ്രവേശനം നേടാൻ പോകുന്നതിനിടെ ഇന്നലെ രാവിലെ 11.30നായിരുന്നു അപകടം. അഷ്റഫിന്റെ നാല് മക്കളിൽ രണ്ടാമത്തെയാളാണ് ഫിദ.

കുടുംബം സഞ്ചരിച്ച സ്വകാര്യ ഓട്ടോറിക്ഷ പെരിന്തൽമണ്ണ ഡിപ്പോയിൽനിന്ന് വള്ളുവമ്പ്രത്തെ സർവീസ് സെന്ററിലേക്കു പോവുകയായിരുന്ന കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് ബസുമായി കൂട്ടിയിടിക്കുകയായിരുന്നു. അപകട സമയത്ത് കനത്ത മഴയുമുണ്ടായിരുന്നു. കെ.എസ്.ആർ.ടി.സി ബസിൽ ഡ്രൈവർ മാത്രമായിരുന്നു ഉണ്ടായിരുന്നത്. അഷ്റഫും ഫിദയും സംഭവസ്ഥലത്തുതന്നെ മരിച്ചു. സാജിദയെ മച്ചിങ്ങലിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. മൃതദേഹങ്ങൾ മഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രി മോർച്ചറിയിൽ. പ്രവാസ ജീവിതം മതിയാക്കി നാലു വർഷമായി നാട്ടിൽ ഇലക്ട്രിക്കൽ ജോലി ചെയ്തു വരികയായിരുന്നു അഷ്റഫ്. മറ്റു മക്കൾ: ഫഹ്മിദ (ഡിഗ്രി മൂന്നാം വർഷം, മോങ്ങം അറബിക് കോളജ്), ഫൈഹ (നാലാം ക്ലാസ്, എ. എം.എൽ.പി. എസ് ഒളമതി ൽ), അഷ്ഫാക്ക് (യു.കെ. ജി). അഷ്റഫിന്റെ പിതാവ് പരേതനായ ഗുലാം മൊയ്തീൻ ഹാജി. മാതാവ് ഫാത്തിമക്കുട്ടി. കുട്ടി ഹസ്സനാണ് സാജിദയുടെ പിതാവ്. മാതാവ് ആയിഷ.

മുഹമ്മദ് അഷ്റഫ്, സാജിത, ഫിദ

അടിയന്തര വെടിനിർത്തൽ വേണം: ചൈനയും മലേഷ്യയും

ബെയ്ജിങ്: ഗസ്സയിൽ പതിനായിരങ്ങൾ കൊല്ലപ്പെടുകയും ഒരു ലക്ഷത്തോളം പേർക്ക് പരിക്കേൽക്കുകയും ചെയ്ത ഇസ്രാഈൽ ആക്രമണം എത്രയും പെട്ടെന്ന് അവസാനിപ്പിക്കണമെന്ന് ചൈനയും മലേഷ്യയും ആവശ്യപ്പെട്ടു. അടിയന്തരമായി ശാശ്വത വെടിനിർത്തൽ പ്രഖ്യാപിക്കുകയും ദുരിതബാധിതർക്ക് സഹായങ്ങൾ എത്തിക്കുകയും ചെയ്യണമെന്ന് മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹീമും ചൈനീസ് പ്രധാനമന്ത്രി ലി ഖിയാങ്ങും സംയുക്ത പ്രസ്താവനയിൽ പറഞ്ഞു. ഫലസ്തീൻ-ഇസ്രാഈൽ സംഘർഷത്തിന് ദ്വിരാഷ്ട്ര ഫോർമുലയിലൂടെ രാഷ്ട്രീയ പരിഹാരം കാണാനുള്ള നീക്കങ്ങൾക്ക് ഇരു രാജ്യങ്ങളും പിന്തുണ പ്രഖ്യാപിച്ചു.

ഇസ്രാഈൽ ആക്രമണം ഗസ്സയിലെ കുട്ടികൾക്കേൽപ്പിച്ച ശാരീരിക, മാനസിക ആഘാതങ്ങൾ ഏറെ ഭീകരമാണ്. ആശുപത്രികളിൽ പൊള്ളലേറ്റു കിടക്കുന്ന കുട്ടികളുടെ കൂട്ടക്കരച്ചിൽ. പലർക്കും മാതാപിതാക്കളെ നഷ്ടപ്പെട്ടിരിക്കുന്നു. അംഗഭംഗം സംഭവിച്ച് നരകിക്കുന്ന കുട്ടികൾ മനസ്സിന് നീറ്റലുണ്ടാക്കുന്നു. കുട്ടികൾ പരിഭ്രാന്തരാണ്. വെടിയൊച്ച നിലയ്ക്കുമ്പോൾ ആശുപത്രികളുടെ പശ്ചാത്തലത്തിൽ കേൾക്കുന്നത് കുട്ടികളുടെ കരച്ചിലാണ്. അൽപം ശാന്തരായിരിക്കുന്ന കുട്ടികൾ പോർവിമാനങ്ങളുടെയും ഡ്രോണുകളുടെയും ചിത്രമാണ് വരയ്ക്കുന്നത്. ആശുപത്രികളിൽ എവിടെ നോക്കിയാലും യുദ്ധമാണ്. ചോരയുടെ ഗന്ധം അസഹനീയമാണ്. ഗസ്സയിൽനിന്ന് പുറത്തുകടക്കുമ്പോൾ മനസ്സിനെ വേട്ടയാടുന്ന ഒരുകൂട്ടം ദൃശ്യങ്ങളും എന്നോടൊപ്പമുണ്ട്.

ഡേവിഡ് മുർസാഡോ
ഡോക്ടേഴ്സ് വിത്തൗട്ട് ബോർഡേഴ്സ് സൈക്കോളജിസ്റ്റ്

ഗൾഫ് /വിദേശ വാർത്തകൾ

SHORT NEWS

മരണനിരക്ക് ഉയരുന്നു

ഗസ്സ: ഇസ്രാഈൽ സേന ഗസ്സയിൽ തുടരുന്ന കൂട്ടക്കുരിതിയിൽ മരണനിരക്ക് ഉയരുന്നു. റഫയിൽ ബോംബാക്രമണത്തിൽ 9 പേർ കൊല്ലപ്പെട്ടു. 30 പേർക്ക് പരിക്കേറ്റു. ഗസ്സ നഗരത്തിൽ നടത്തിയ ആക്രമണത്തിൽ ഒരാൾ മരിക്കുകയും മറ്റുള്ളവർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ഇതിനിടെ ഗസ്സയിലെ ജനജീവിതം കൂടുതൽ വഷളാകുന്നതായി യുഎൻ മുന്നറിയിപ്പ് നൽകി.

യാത്രക്കാർക്ക് മുന്നറിയിപ്പ്

അബുദാബി: ചൂട് കനത്തതോടെ വാഹനയാത്രക്കാർക്ക് മുന്നറിയിപ്പുമായി അബുദാബി പൊലീസ്. കനത്ത ചൂടിൽ കാറിന്റെ തേയ്മാനം വന്ന ടയർ പൊട്ടിത്തെറിച്ച് അപകടമുണ്ടാകുന്ന വിഡിയോ പങ്കുവെച്ചാണ് പൊലീസ് മുന്നറിയിപ്പ് നൽകുന്നത്. 57 സെക്കൻഡുള്ള ബോധനവത്കരണ വിഡിയോയാണ് അബുദാബി പോലീസ് ട്വിറ്ററിൽ പങ്കുവെച്ചത്. അറബി, ഇംഗ്ലീഷ് ഭാഷകൾക്ക് പുറമെ മലയാളത്തിലും പൊലീസ് മുന്നറിയിപ്പ് നൽകുന്നു.

വിമാനത്തിൽ പവർ ബാങ്ക് പൊട്ടിത്തെറിച്ചു

അബുദാബി: യാത്രക്കാരന്റെ പവർ ബാങ്ക് പൊട്ടിത്തെറിച്ച് വിമാനത്തിൽ തീപിടിത്തം. അബുദാബിയിൽ നിന്ന് കരിപ്പൂരിലേക്ക് പറക്കാനിരിക്കെ എയർ അറേബ്യയിലാണ് ഇന്ന് പുലർച്ചെ പവർബാങ്ക് പൊട്ടിത്തെറിച്ചത്. സംഭവത്തിൽ ആളപായമില്ല. ഇതേത്തുടർന്ന് പവർബാങ്ക് കൈവശം വെച്ച മലയാളിയെയും സഹോദരിയെയും മറ്റ് രണ്ട് പേരെയും എയർപോർട്ട് അധികൃതർ തടഞ്ഞുവെച്ചു. യാത്രക്കാരെ മറ്റൊരു വിമാനത്തിൽ കോഴിക്കോട്ടെത്തിച്ചു.

ദുബൈയിൽ പെരുന്നാൾ അവധി ദിനങ്ങളിൽ
67 ലക്ഷത്തിലധികം പേർ പൊതുഗതാഗതം ഉപയോഗിച്ചു

ദുബൈ: പെരുന്നാൾ അവധി ദിനങ്ങളിൽ ദുബൈയിൽ 67 ലക്ഷത്തിലധികം പേർ പൊതുഗതാഗത സൗകര്യങ്ങൾ ഉപയോഗിച്ചതായി റോഡ്സ് ആന്റ് ട്രാൻസ്പോർട്ട് അതോറിറ്റി (ആർ.ടി.എ) കണക്ക്. സ്വകാര്യ വാഹനങ്ങളുടെ എണ്ണം വർധിക്കുന്നുവെങ്കിലും ഇത്തരം സവിശേഷ ദിനങ്ങളിൽ പൊതുഗതാഗതം ഉപയോഗിക്കുന്ന എണ്ണത്തിലും ദുബൈയിൽ വർധനവുണ്ടെന്നാണ് കണക്കുകൾ തെളിയിക്കുന്നത്.

കഴിഞ്ഞ വർഷത്തെ ബലി പെരുന്നാൾ അവധിക്കാലത്ത് ഉപയോക്താക്കളുടെ എണ്ണം 64 ലക്ഷമായിരുന്നു. ഇതിലാണ് ഇത്തവണ വർധനവുണ്ടായിരിക്കുന്നത്. വരും വർഷങ്ങളിൽ യാത്രക്കാരുടെ എണ്ണം ഇതിലും വർധിക്കുമെന്ന് ദുബൈ റോഡ്സ് ആന്റ് ട്രാൻസ്പോർട്ട് അതോറിറ്റി (ആർടിഎ). അധികൃതർ വ്യക്തമാക്കി. വിവിധ ആനുകൂല്യങ്ങളും യാത്രാ സൗകര്യങ്ങളും നേരത്തെ അധികൃതർ യാത്രക്കാർക്കായി ഒരുക്കിയിരുന്നു.

ദുബൈയിലെ പൊതുഗതാഗത സംവിധാനങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണം ദിനം പ്രതി വർധിക്കുകയാണ്. ണെന്ന് കണക്കുകളിൽ വ്യക്തമാണ്. ചുവപ്പ്, പച്ച ലൈനുകൾ ഉപയോഗിക്കുന്ന ദുബൈ മെട്രോ യാത്രക്കാരുടെ എണ്ണം നിലവിൽ 25 ലക്ഷത്തിലെത്തിയപ്പോൾ ട്രാം യാത്രക്കാർ ഒരു ലക്ഷം കവിഞ്ഞു. പൊതു ബസ് യാത്രക്കാരുടെ എണ്ണം 14 ലക്ഷം, മറൈൻ ഗതാഗതം ഉപയോഗിച്ചവർ 2,80,000, ടാക്സി യാത്രക്കാർ 20 ലക്ഷം, ഷെയറിങ് വാഹനങ്ങളിൽ യാത്ര ചെയ്തവരുടെ എണ്ണം 3,50,000 എന്നിങ്ങനെയാണ്.

കെ.എം.സി.സി നാഷണൽ സോക്കാർ പ്രീ ക്വാർട്ടർ മത്സരങ്ങൾ ഇന്ന് ദമാമിൽ

മുറാസിൽ
റിയാദ്

സൗദി കെ.എം.സി.സി നാഷണൽ കമ്മിറ്റി സ്പോർട്സ് വിംഗിന്റെ നേതൃത്വത്തിലുള്ള ദേശീയ ഫുട്ബോൾ മേളയുടെ മധ്യ കിഴക്കൻ മേഖലാ തല മത്സരങ്ങൾക്ക് ജൂൺ 21 വെള്ളിയാഴ്ച തുടക്കമാകുമെന്ന് സംഘാടകർ ദമാമിൽ വിളിച്ചു ചേർത്ത വാർത്ത സമ്മേളനത്തിൽ അറിയിച്ചു . ജിദ്ദ, റിയാദ്, ദമ്മാം, യാമ്പു തുടങ്ങി നാലു പ്രവിശ്യകളിലായി സൗദിയിൽ ഇതാദ്യമായാണ് ഇത്തരത്തിലുള്ള ഫുട്ബോൾ മേള നടക്കുന്നത്. സിഫ്, റിഫ, ഡിഫ, യിഫ തുടങ്ങി അതാത് പ്രവിശ്യ കാൽപ്പന്ത് കൂട്ടായ്മകളുമായി സഹകരിച്ചാണ് മൽസരങ്ങൾ സംഘടിപ്പി ച്ചു വരുന്നത് . ജിദ്ദ (വെസ്റ്റേൺ) പ്രവിശ്യയിൽ നിന്നും മൂന്ന് മൂന്നു ടീമുകളും റിയാദ്, ദമ്മാം പ്രവിശ്യകളിൽ നിന്നും രണ്ട് വീതം ടീമുകളും യാമ്പുവിൽ നിന്നും ഒരു ടീമുമാണ് മത്സര ത്തിനായി ബൂട്ട് കെട്ടിയത്. സൗദി പ്രവാസ ചരിത്രത്തിലെ ഏറ്റവും വലിയ പ്രൈസ് മണിയാണ് വിജയിയെ കാത്തിരിക്കുന്നത്. ഓരോ ടീമിലും ഐ ലീഗ്, സന്തോഷ് ട്രോഫി താരങ്ങളടക്കമുള്ളവർ കളത്തിലിറങ്ങിട്ടുണ്ട്. ഉദ്ഘാടന മത്സരം ജിദ്ദയിൽ പൂർത്തിയായി. ജിദ്ദ യാമ്പു പ്രവിശ്യകൾ ഉൾകൊള്ളുന്ന ഗ്രൂപ്പ് ഒന്ന് മത്സരങ്ങളുടെ സെമി ഫൈനൽ ജിദ്ദയിൽ നടക്കുകയും ചാംസ് സബീൻ എഫ്.സി ഫൈനലിൽ പ്രവേശിക്കുകയും ചെയ്തു . റിയാദ്, ദമ്മാം പ്രവിശ്യകൾ ഉൾകൊള്ളുന്ന ഗ്രൂപ്പ് രണ്ടു പ്രാഥമിക മത്സരങ്ങൾ റിയാദിൽ പൂർത്തിയായി. പ്രീ കോർട്ടർ മത്സരങ്ങളോടെ ദമാമിലെ ദമാമിലെ മത്സരങ്ങൾക് തുടക്കമാവുകയാണ്.

ജൂൺ 21 നു ദമാം അൽ തർജ് സ്റ്റേഡിയത്തിൽ നടക്കുന്ന പ്രവിശ്യാ തല ഉത്ഘാടന മത്സരം കിഴക്കൻ പ്രവിശ്യയിലെ ഫുട്ബോൾ പ്രേമികളുടെ ഉല്സവമാക്കി മാറ്റുകയാണ് സംഘടക സമിതി. വിവിധ ഫുട്ബോൾ ടീമുകളും, കലാരൂപങ്ങങ്ങളും, വിവിധ സാംസകാരിക കൂട്ടായ്മകളും അണിനിരക്കുന്ന സാസ്കാരിക ഘോഷ യാത്രയും ഉൽഘടന മത്സരത്തോടനുബന്ദിച് ഒരുക്കിയിട്ടുണ്ട്. ജൂലൈ 5 നു ഗ്രൂപ്പ് 2 സെമി ഫൈനൽ മത്സരങ്ങൾ നടക്കും. വ്യവസായ പ്രമുഖൻ ഡോക്ടർ സിദിഖ് അഹ്മദ് മുഖ്യ അതിഥിയായി പങ്കെടുക്കും. നാഷണൽ തല ഫൈനൽ മത്സരം ആഗസ്റ്റ് രണ്ടിന് റിയാദിൽ നടക്കും. ഫുട്ബോൾ ടൂർണമെന്റിനോടനുബന്ധിച്ച് ലക്കി ഡ്രോ കൂപ്പണും പുറത്തി റക്കുന്നുണ്ട്. 8 ഗ്രാം വീതമുള്ള 20 സ്വർണ നാണയങ്ങളും മറ്റനേകം സമ്മാനങ്ങളും ഭാഗ്യശാലികൾക്കായി സമ്മാനിക്കും.

ടൂർണമെന്റിന്റെ വിജയത്തിനായി പ്രവിശ്യയിലെ ഫുട്ബോൾ രംഗത്തെ പ്രമുഖർ ഉൾപ്പടെ വിപുലമായ സംഘടക സമിതിക്കു രൂപം നൽകി. ദമ്മാം ഫുട്ബാൾ അസോസിയേഷ (റശളമ) യുടെ പൂർണ സഹകരണത്തോടെ ആണ് ദമാമിലെ മത്സരങ്ങൾക്ക് അന്തിമ രൂപം നൽകിയിട്ടുള്ളത്. വെള്ളിയാഴ്ച നടക്കുന്ന ആദ്യ മത്സരത്തിൽ കറി പോർട്ട് റോയൽ ഫോക്കസ് ലൈൻ എഫ്.സി റിയാദ്, ഫൂച്ചർ മൊബിലിറ്റി യൂത്ത് ഇന്ത്യ റിയാദിനെ നേരിടും. രണ്ടാം മത്സരത്തിൽ, ഫസഫിക് ലെജിസ്റ്റിക് ബദർ എഫ്.സി ദമ്മാം , ദീമ ടിഷ്യൂ ഖാലിദിയ എഫ്.സി ടീമുകൾ തമ്മിൽ ഏറ്റുമുട്ടും. വാർത്താ സമ്മേളത്തിൽ കെഎംസിസി നാഷണൽ കമ്മിറ്റി സെക്രട്ടറി ആലിക്കുട്ടി ഒളവട്ടൂർ, നാഷണൽ കമ്മിറ്റി സ്പോർട്സ് വിങ് ജനറൽ കൺവീനർ മുജീബ് ഉപ്പട, വർക്കിംഗ് ചെയരർമാൻ ഖാദർ മാസ്റ്റർ വാണിയമ്പലം, കിഴക്കൻ പ്രാവിശ്യ ജനറൽ സെക്രട്ടറി സിദ്ധീഖ് പാണ്ടികശാല, സാംസ്കാരിക വിഭാഗം ചെയർമാൻ മാലിക് മക്ബൂൽ ആലുങ്ങൽ, തുടങ്ങിയവർ പങ്കെടുത്തു

പീഡനത്തിലെ ഇരയ്ക്ക് ഗർഭഛിദ്രമാകാം

അബുദാബി: പീഡനം മൂലമുണ്ടാകുന്ന ഗർഭം അലസിപ്പിക്കേണ്ട സാഹചര്യത്തിൽ ഗർഭഛിദ്രത്തിന് വിധേയരാകാൻ അനുവദിച്ച് യുഎഇ. ബലാത്സംഗം, ബന്ധുക്കളിൽ നിന്നോ കുടുംബാംഗങ്ങളിൽ നിന്നോ ഉണ്ടായിട്ടുള്ള പീഡനത്താലു ള്ള ഗർഭാവസ്ഥ ഒഴിവാക്കാൻ അവസരം നൽകുന്ന നിയമം യുഎഇ നിയമങ്ങളിലെ സുപ്രധാന നാഴികക്കല്ലാണ്. മെഡിക്കൽ ബാധ്യതാ നിയമവുമായി ബന്ധപ്പെട്ട 2024ലെ മന്ത്രിസഭാ പ്രമേയം (44) നിബന്ധനകൾക്ക് അനുസൃതമായി ഗർഭഛിദ്രം അനുവദനീയമാണെന്ന് പറയുന്നു. ഗർഭാവസ്ഥയിൽ കുഞ്ഞിനോ മാതാവിനോ ശാരീരിക വിഷമതകളുണ്ടെങ്കിൽ ഗർഭഛിദ്രമാവാമെന്ന് കഴിഞ്ഞയാഴ്ച യുഎഇ പുതിയ നിയമം കൊണ്ടുവന്നിരുന്നു. തൊട്ടുപിന്നാലെയാണ് പീഡനത്തിലെ ഇരകൾക്കും ഗർഭഛിദ്രം അനുവദിച്ചിട്ടുള്ള നിയമം പ്രാബല്യത്തിൽ വരുന്നത്. കുറഞ്ഞത് ഒരു വർഷമെങ്കിലും യുഎഇയിലുള്ളവർക്ക് നിയമം ബാധകമാകും. ഒരു സ്ത്രീയുടെ ഇഷ്ടത്തിന് വിരുദ്ധമായോ അവളുടെ സമ്മതമില്ലാതെയോ ഉള്ള ലൈംഗിക ബന്ധത്തിന്റെ ഫലമായാണ് ഗർഭമുണ്ടായത്, അല്ലെങ്കിൽ, ഉത്തരവാദി സ്ത്രീയുടെ ബന്ധുക്കളിൽ ആരെങ്കിലും ആണെങ്കിലുമാണ് ഗർഭഛിദ്രം അനുവദിക്കുക. ബലാത്സംഗം നടന്നെങ്കിൽ ഉടൻ അധികൃതരെ അറിയിക്കുകയും പിന്നീട് പബ്ലിക് പ്രോസിക്യൂഷന്റെ ഔദ്യോഗിക റിപ്പോർട്ട് വഴി തെളിയിക്കുകയും വേണം.

അനധികൃത ഇൻഫ്ളുവൻസർമാർക്ക് 10,000 ദിർഹം വരെ പിഴ

അബുദാബി: അനധികൃത ഇൻഫ്ളുവൻസർമാർക്ക് 10,000 ദിർഹം വരെ പിഴ ചുമത്തുമെന്ന് അബുദാബി സാമ്പത്തിക വികസന വകുപ്പ്. ഇൻഫ്ളുവൻസർമാർക്ക് ലൈസൻസ് ഉണ്ടായിരിക്കണം. കമ്പനികൾ ഇവരുമായി കരാർ ഉണ്ടാക്കുമ്പോൾ ലൈസൻസ് ഉണ്ടെന്ന് ഉറപ്പാക്കണമെന്നും അധികൃതർ മുന്നറിയിപ്പ് നൽകി

ഒമാനിൽ കനത്ത ചൂട് തുടരുന്നു

മസ്കത്ത്: ഒമാനിൽ കനത്ത ചൂട് തുടരുന്നു. തുടർച്ചയായ രണ്ടാം ദിനവും ഉയർന്ന താപനിലയാണ്. കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 48 ഡിഗ്രിയിൽ കൂടുതലാണ് ഒമാനിലെ ബർകയിൽ ചൂട് രേഖപ്പെടുത്തിയത്.

ഹമാസിനെ തകർക്കാനാവില്ല: ഇസ്രാഈൽ സേന

ടെൽഅവീവ്: ഹമാസിനെ തകർക്കാൻ സാധിക്കില്ലെന്ന് സമ്മതിച്ച് ഇസ്രാഈൽ സൈനിക വക്താവ് റിയർ അഡ്മിറൽ ഡാനിയൽ ഹാഗരി. ഗസ്സയിൽ നിന്ന് ഹമാസിനെ തുടച്ചുനീക്കാമെന്ന ഇസ്രാഈൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുന്റെ ആഗ്രഹം വ്യാമോഹം മാത്രമാണെന്നാണ് സൈന്യം തുറന്നുപറഞ്ഞിരിക്കുന്നത്. ഹമാസിനെ തകർക്കുക, ഇല്ലാതാക്കുക തുടങ്ങിയ പ്രഖ്യാപനങ്ങളെല്ലാം ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ മാത്രമാണെന്ന് ഇസ്രഈലിന്റെ ചാനൽ 13നു നൽകിയ അഭിമുഖത്തിൽ ഹാഗരി പറഞ്ഞു. 'ഹമാസ് എന്നാൽ ഒരു ആശയമാണ്. അതൊരു പാർട്ടിയാണ്. അത് ജനങ്ങളുടെ ഹൃദയങ്ങളിൽ വേരുറപ്പിച്ചിരിക്കുന്നു. ഹമാസിനെ ഉന്മൂലനം ചെയ്യാമെന്ന് ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ അത് തെറ്റാണ്'-ഹാഗരി വ്യക്തമാക്കി.

ഒമ്പത് മാസം നീണ്ട ആക്രമണത്തിൽ 37,000ത്തിലേറെ ഫലസ്തീനികളെ കൂട്ടക്കൊല ചെയ്തിട്ടും യുദ്ധം അനന്തമായി നീണ്ടുപോകുന്ന സാഹചര്യത്തിലാണ് തോൽവി സമ്മതിച്ചുകൊണ്ടുള്ള ഇസ്രാഈൽ സൈനിക നേതൃത്വത്തിന്റെ പ്രസ്താവന പുറത്തുവന്നിരിക്കുന്നത്. ഗസ്സയിലെ കൂട്ടക്കുരുതിയുമായി ബന്ധപ്പെട്ട് നെതന്യാഹുവിന്റെ നേതൃത്വത്തിലുള്ള ഭരണകൂടവും സൈനിക നേതൃത്വവും തമ്മിലുള്ള ഭിന്നതയും ഇതോടെ മറനീക്കി പുറത്തുവന്നിരിക്കുകയാണ്. ഗസ്സയിലെ യുദ്ധഭൂമിയിൽനിന്ന് ഇസ്രാഈൽ സേന തന്നെ ഹമാസിനെ തകർക്കാൻ സാധിക്കില്ലെന്ന് തുറന്നു സമ്മതിച്ചത് നെതന്യാഹു ഭരണകൂടത്തെ നാണംകെടുത്തിയിട്ടുണ്ട്. ഒരു ആദർശമെന്ന നിലയിൽ ഹമാസിനെ തകർക്കാൻ സാധിക്കില്ലെന്ന് ഹാഗരിയുടെ പരാമർശങ്ങൾക്ക് വിശദീകരണം നൽകി ഇറക്കിയ പ്രസ്താവനയിലും ഇസ്രാഈൽ സേന വ്യക്തമാക്കി.

ഗസ്സയിലെ ഖാൻ യൂനിസിൽ ഇസ്രാഈൽ ബോംബിട്ടു തകർത്ത കെട്ടിടങ്ങളുടെ അവശിഷ്ടങ്ങളിലൂടെ നടന്നുനീങ്ങുന്ന ഫലസ്തീൻ സ്ത്രീകൾ

എന്നാൽ ഇസ്രാഈൽ മന്ത്രിസഭ മുന്നോട്ടുവെച്ച യുദ്ധ ലക്ഷ്യങ്ങൾ നേടാൻ തങ്ങൾ പ്രതിജ്ഞാബദ്ധമാണെന്നും അതിനായി രാവും പകലും ജോലിയെടുത്തുകൊണ്ടിരിക്കുകയാണെന്നും അത് തുടരുമെന്നും സൈന്യം പ്രസ്താവനയിൽ കൂട്ടിച്ചേർത്തു. ഗസ്സ വംശഹത്യ നീണ്ടുപോകുംതോറും ഇസ്രാഈൽ ഭരണകൂടം ആഭ്യന്തര അഭിപ്രായ ഭിന്നതകളിൽ തട്ടി സ്വയം തകരുകയാണ്. യുദ്ധം കൈകാര്യം ചെയ്യുന്നതിൽ പാളിച്ച പറ്റിയതായി ഭരണകൂടത്തിന് അകത്തുനിന്നുള്ളവർ തന്നെ തുറന്നു പറഞ്ഞുതുടങ്ങിയിട്ടുണ്ട്. വെടിനിർത്തൽ പ്രഖ്യാപിക്കാൻ അമേരിക്കയുൾപ്പെടെ ഇസ്രാഈലിന്റെ സഖ്യ രാഷ്ട്രങ്ങളെല്ലാം ആവശ്യപ്പെട്ടിട്ടും നെതന്യാഹു ആക്രമണവുമായി മുന്നോട്ടുപോകുകയാണ്. അതിനിടെ മാനുഷിക സഹായങ്ങൾ എത്തിക്കുന്നതിന് തെക്കൻ ഗസ്സയിൽ സൈന്യം പകൽ സമയത്ത് വെടിനിർത്തൽ പ്രഖ്യാപിച്ചത് ഭരണകൂടത്തോട് ആലോചിക്കാതെയാണെന്ന് റിപ്പോർട്ടുണ്ട്. സൈന്യത്തിന്റെ തീരുമാനത്തിൽ നെതന്യാഹു അതൃപ്തി പ്രകടിപ്പിച്ചിരുന്നു. ഞങ്ങൾക്ക് ഒരു സൈന്യത്തോടു കൂടിയ രാജ്യമുണ്ടെന്നും രാജ്യത്തോടു കൂടിയ സൈന്യമല്ലെന്നുമായിരുന്നു അദ്ദേഹം അതിനോട് പ്രതികരിച്ചത്.

ഡാനിയൽ ഹാഗരി

സഹായം കാത്തുനിന്നവരെ കൊന്നുതള്ളി
കൊടുംക്രൂരത

ഗസ്സ: വംശഹത്യ തുടരുന്ന ഗസ്സയിൽ സഹായം കാത്തുനിന്ന പാവങ്ങളെയും കൊന്നുതള്ളി ഇസ്രാഈൽ ക്രൂരത. റഫയിലെ കരിം അബു സാലിം അതിർത്തി കവാടത്തിൽ സഹായ ട്രക്കുകൾക്കായി കാത്തിരുന്ന ജനക്കൂട്ടത്തിനുനേരെ നടന്ന ആക്രമണത്തിൽ ഒൻപത് പേർ കൊല്ലപ്പെടുകയും മുപ്പത് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. റഫയുടെ പടിഞ്ഞാറൻ മേഖല ലക്ഷ്യമിട്ട് ഇസ്രാഈലി ടാങ്കുകളും ഡ്രോണുകളും എത്തിക്കൊണ്ടിരിക്കെ ജനവാസ കേന്ദ്രങ്ങളിൽ ആക്രമണം ശക്തമാണ്.

ഇസ്രാഈൽ സേന കരയാക്രമണം തുടങ്ങുന്നതിനു മുമ്പ് 10 ലക്ഷത്തിലേറെ പേർ പുറത്തുപോയിട്ടുണ്ടെങ്കിലും റഫയിൽ ഇപ്പോഴും 65,000ത്തോളം പേർ കുടുങ്ങിക്കിടക്കുന്നുണ്ടെന്നാണ് റിപ്പോർട്ട്. ബുധനാഴ്ച രാത്രിയും ഇന്നലെ പുലർച്ചെയും മധ്യ ഗസ്സയിൽ കനത്ത ബോംബാക്രമണം നടന്നു. മനുഷ്യത്വത്തിനെതിരായ കുറ്റകൃത്യങ്ങൾക്കും യുദ്ധ കുറ്റങ്ങൾക്കും ഇസ്രാഈൽ ഭരണകൂടം ഉത്തരവാദികളാണെന്ന് യു.എൻ പറയുമ്പോഴും സാധാരണക്കാരെ ലക്ഷ്യമിട്ട് ആക്രമണം ശക്തമാണ്. ഒൻപത് മാസമായി തുടരുന്ന കൂട്ടക്കുരുതിയിൽ ഇതിനോടകം 37,431 പേർ കൊല്ലപ്പെട്ടിട്ടുണ്ട്.

റഫയുടെ കിഴക്കൻ അതിർത്തിയിൽ ബുൾഡോസറുകൾ ഉപയോഗിച്ച് കൃഷിസ്ഥലങ്ങൾ ഉഴുതുമറിച്ച ഇസ്രാഈൽ സേന നിരവധി വീടുകൾ ബോംബിട്ട് തകർത്തു. മേഖലയിൽ ഇസ്രാഈൽ സേനയും ഫലസ്തീൻ പോരാളികളും തമ്മിൽ കനത്ത പോരാട്ടം തുടരുന്നുണ്ട്. തമ്പു കെട്ടി താമസിക്കുന്ന അഭയാർത്ഥികൾക്കുനേരെയും ആക്രമണം തുടരുന്നതുകൊണ്ട് ആളുകൾ പുറത്തിറങ്ങാൻ സാധിക്കാതെ കുടുങ്ങിക്കിടക്കുകയാണ്. നുസൈറത്തിലെ ഒരു പാർപ്പിട സമുച്ചയത്തിനുനേരെയുണ്ടായ ആക്രമണത്തിൽ രണ്ട് സ്ത്രീകൾ കൊല്ലപ്പെട്ടു. അതേസമയം ഖത്തറിൽ ഇറാൻ വിദേശകാര്യ മന്ത്രി അലി ബഗരിയുമായി ഹമാസ് രാഷ്ട്രീയ മേധാവി ഇസ്മാഈൽ ഹനിയ്യ യുദ്ധ സ്ഥിതിഗതികൾ ചർച്ച നടത്തി. ഫലസ്തീൻ പോരാട്ടത്തിന് ഇറാൻ നൽകുന്ന പിന്തുണയ്ക്ക് അദ്ദേഹം ബഗരിയെ നന്ദി അറിയിച്ചു.

ബ്രിട്ടീഷ് തിരഞ്ഞെടുപ്പിൽ ജനവിധി തേടി എഐ സ്ഥാനാർത്ഥിയും

ലണ്ടൻ: ബ്രിട്ടനിൽ ജൂലൈ നാലിന് നടക്കുന്ന ദേശീയ തിരഞ്ഞെടുപ്പിൽ ലോകത്തിലെ ആദ്യത്തെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ) പാർലമെന്റ് അംഗത്തെ കണ്ടെത്താൻ വോട്ടർമാർക്ക് അവസരം ലഭിക്കും. സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിക്കുന്ന വ്യവസായി സ്റ്റീവ് എൻഡകോട്ടിനെ പ്രതിനിധീകരിച്ചാണ് 'എഐ സ്റ്റീവ്' പ്രചാരണത്തിനിറങ്ങുന്നത്.

രാജ്യത്തുടനീളം എഐ സ്ഥാനാർത്ഥികളെ മുന്നിൽനിർത്തി ഒരു പുതിയ രാഷ്ട്രീയ പാർട്ടി രൂപീകരിക്കാനുള്ള ശ്രമത്തിന്റെ തുടക്കമെന്ന നിലയിലാണ് 59 കാരനായ സ്റ്റീവ് എൻഡകോട്ട് ഇത്തരമൊരു പരീക്ഷണത്തിന് ഒരുങ്ങുന്നത്.

എഐ സ്റ്റീവ് വിജയിച്ചാൽ എൻഡകോട്ടായിരിക്കും പാർലമെന്റ് അംഗമായി പ്രവർത്തിക്കുകയെന്ന് ബ്രിട്ടീഷ് തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. ബ്രൈറ്റൺ പവലിയൻ മണ്ഡലത്തിലേക്കുള്ള ബാലറ്റിൽ എഐ സ്റ്റീവിന്റെ പേരുമുണ്ടാകും. പരമ്പരാഗത രാഷ്ട്രീയത്തിൽ മനം മടുത്ത മനഃസാക്ഷിയുള്ള പരിസ്ഥിതി സൗഹൃദ മുതലാളി എന്നാണ് സ്റ്റീവ് എൻഡകോട്ട് എഐ സ്റ്റീവിനെ വിശേഷിപ്പിച്ചിരിക്കുന്നത്. ഒരേസമയം 10,000 പേരുമായി സംസാരിക്കാൻ സാധിക്കുമെന്നതും ഏത് സമയവും കോളുകൾക്ക് മറുപടി പറയുമെന്നതും എഐ സ്റ്റീവിന്റെ പ്രത്യേകതയാണ്. ഒരു യഥാർത്ഥ രാഷ്ട്രീയക്കാരനെപ്പോലെ ചോദ്യങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാനും ഈ അവതാറിന് സാധിക്കും. പാർപ്പിടം, മാലിന്യ ശേഖരണം, ഇസ്രാഈൽ-ഹമാസ് യുദ്ധം, സൈക്ലിംഗ് പാതകൾ, കുടിയേറ്റം തുടങ്ങിയ വിവിധ വിഷയങ്ങളിൽ തത്സമയം വോട്ടർമാരുമായി സംവദിക്കും.

ഖത്തർ ചുട്ടുപൊള്ളുന്നു

ദോഹ: ഖത്തറിൽ വേനൽ ചൂട് വർധിക്കുന്നു. താപനില ഇനിയും കൂടുമെന്നതിനാൽ വേനൽക്കാല രോഗങ്ങളെ തടയാൻ സർക്കാർ ബോധവത്കരണം തുടങ്ങി. പകൽ താപനില 48 ഡിഗ്രി വരെ ഉയരാൻ സാധ്യതയുണ്ടെന്ന് മുന്നറിയിപ്പുണ്ട്. ആരോഗ്യമന്ത്രാലയവും തൊഴിൽ മന്ത്രാലയവും സംയുക്തമായി ബോധവത്കരണ പരിപാടികൾ നടത്തുന്നുണ്ട്.

കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.78 ₹
1 ഒമാനി റിയാൻ 217.32 ₹
1 സൗദി റിയാൻ 22.30 ₹
1 ഖത്തർ റിയാൻ 22.94 ₹
1 കുവൈറ്റ് ദിനാർ 272.11 ₹
1 ബഹ്റൈൻ ദിനാർ 221.98 ₹

സ്വർണവില

(ഗ്രാമിന്-ദിർഹം)

24 കാരറ്റ് 282.50
22 കാരറ്റ് 261.50
21 കാരറ്റ് 253.25
18 കാരറ്റ് 217.00

ഗൾഫ് വാർത്തകൾ

ലഹരി എന്ന മഹാവിപത്ത്

ആദമിന്റെ സന്തതികളായ മനുഷ്യരെ അല്ലാഹു ആദരിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആനിലെ സൂറത്തുൽ ഇസ്റാഅ് 70ാം സൂക്തത്തിൽ ഇത് പ്രസ്താവിക്കുന്നുമുണ്ട്. സവിശേഷ ബുദ്ധി നൽകി എന്നതു തന്നെയാണ് മനുഷ്യർക്ക് അല്ലാഹു നൽകിയ പ്രധാന ആദരം. ബുദ്ധി എന്നത് മഹത്വമേറിയതും ഏറെ ഉപകാരപ്രദവുമായ അനുഗ്രഹമാണ്. നന്മ തിന്മകളെയും ഉപകാര ഉപദ്രവങ്ങളെയും വേർതിരിച്ച് മനസിലാക്കിത്തരുന്നത് ബുദ്ധിയാണ്. യാതൊന്നും അറിഞ്ഞുകൂടാത്തവരായി നിങ്ങളെ മാതാക്കളുടെ വയറ്റിൽ നിന്നു അല്ലാഹു ബഹിർഗമിപ്പിക്കുകയും നന്ദിയുള്ളവരാകാൻ വേണ്ടി നിങ്ങൾക്കവൻ കേൾവിയും കാഴ്ചയും ഹൃദയവും നൽകുകയുമുണ്ടായി എന്ന് അല്ലാഹു സൂറത്തു ന്നഹ്ലിലെ 78ാം സൂക്തത്തിലൂടെ ഉദ്ഘോഷിക്കുന്നു. പ്രസ്തുത ആയത്തിലെ ഹൃദയം കൊണ്ട് ഉദ്ദേശിക്കുന്നത് ബുദ്ധിയാണെന്ന് തഫ്സീറു ഇബ്നു കസീറിൽ കാണാം.

ബുദ്ധിയെന്ന മഹാ അനുഗ്രഹത്തിന് മനുഷ്യർ അല്ലാഹുവിനോട് അങ്ങേയറ്റം കടപ്പാടും നന്ദിയും കാട്ടേണ്ടിയിരിക്കുന്നു. ബുദ്ധിയെ അവൻ കൽപ്പിച്ച പ്രകാരം ഉപയോഗപ്പെടുത്തലാണ് അതിനുള്ള നന്ദി പ്രകടനം. ബുദ്ധിക്ക് ഭംഗം വരുത്തുംവിധം താൽക്കാലികമാണെങ്കിൽ പോലും മയക്കുകയോ അസ്ഥിരപ്പെടുത്തുകയോ അസാധുവാക്കുകയോ ചെയ്യുന്ന കാര്യങ്ങൾ ചെയ്യാതിരിക്കലും ബാധ്യതയാണ്. അത്തരം കാര്യങ്ങളിൽപ്പെട്ടതാണ് ലഹരി ഉപയോഗം. ലഹരി മഹാ ഹാനിയാണ്. മനസിനെയും ശരീരത്തെയും എന്നല്ല മനുഷ്യജീവിതത്തെ തന്നെ താറുമാറാക്കുന്ന കൊടുംകൃത്യമാണത്. ആത്മനാശത്തിലേക്ക് ചാടരുതെന്ന് അല്ലാഹു സൂറത്തുൽ ബഖറയിലെ 195ാം വചനത്തിലൂടെ കൽപ്പിച്ചതുമാണ്.

മോശം കൂട്ടുകെട്ടുകളാണ് ലഹരിയുടെ കെണിവലകളിൽപ്പെടുത്തുന്നത്. ആദ്യമൊക്കെ ചെറിയ രസത്തിനോ രുചിയനുഭവത്തിനോ നുണയുന്നത് മാരകമായ ആസക്തിയിലേക്കാണ് കൊണ്ടെത്തിക്കുന്നത്. അങ്ങനെ ജീവിതമാകെ വിനാശത്തിലാകുന്ന അവസ്ഥയാണുണ്ടാകുന്നത്. അതുകൊണ്ടാണ് കുഴപ്പക്കരുടെ മാർഗം അനുധാവനം ചെയ്യരുതെന്ന് അല്ലാഹു സൂറത്തുൽ അഅ്റാഫിലെ 142ാം സൂക്തത്തിലൂടെ പഞ്ഞിരിക്കുന്നത്. ലഹരി എന്ന മാരക വിഷം സ്വസ്ഥ ജീവിതം, കുടുംബം, ആരോഗ്യം, സമ്പത്ത്, പ്രതിഛായ അങ്ങനെ എല്ലാം നശിപ്പിക്കും. ചീത്ത സൗഹൃദ വലയത്തിൽ അകപ്പെടുന്നതിനെ തൊട്ട് നാം ജാഗ്രത പാലിക്കണം.

വിനാശകാരികളും അധർമകാരികളുമായ ചീത്ത കൂട്ടുകാരെപ്പറ്റി അല്ലാഹു പറയുന്നുണ്ട്: സന്മാർഗം കണ്ടാൽ അവരത് സ്വീകരിക്കുകയില്ല, ദുർമാർഗം കണ്ടാലോ അതാണവർ വഴിയായി അംഗീകരിക്കുക. സൂറത്തുൽ അഅ്റാഫിലെ 146ാം സൂക്തം ഇതാണ്. സ്വച്ഛാനുഗാമികളുടെ അഭിലാഷം നിങ്ങൾക്ക് ഗുരുതര മാർഗഭ്രംശമാകുന്നുവെന്ന് സൂറത്തുന്നിസാഇലെ ഓർമപ്പെടുത്തലിന്റെ ഉദ്ദേശ്യവും ഇതാണ്.

ലഹരിയോടുള്ള ആസക്തി നാടിനെ തന്നെ ആപത്തിലാക്കാൻ പാകത്തിലുള്ളതാണ്. അതിനാൽ ആ മഹാ വിപത്തിനെ ഉന്മൂലം ചെയ്യേണ്ടത് ഓരോരുത്തർക്കും ബാധകമായ സാമൂഹിക ഉത്തരവാദിത്വമാണ്. ഏവരും ഓരോ കാര്യത്തിലും ഉത്തരവാദിത്വമുള്ളരാണെന്നാണല്ലൊ പ്രവാചകാധ്യാപനം. മക്കളെ പരിരക്ഷിക്കേണ്ടതിന്റെ പ്രഥമ ബാധ്യത മാതാപിതാക്കൾക്കാണ്. അവരോടൊപ്പം ഇരുന്നും സംസാരിച്ചും അവർ പറയുന്നത് ശ്രദ്ധിച്ചും ഉപദേശിച്ചും കാര്യങ്ങൾ മനസിലാക്കണം. തുടരെ തുടരെ കാര്യങ്ങൾ അന്വേഷിക്കുകയും പെരുമാറ്റങ്ങൾ അറിയുകയും കൂട്ടുകാർ ആരൊക്കെയെന്ന ധാരണയുണ്ടാവുകയും വേണം. ഉപകാരപ്രദമായതിൽ അവരെ വ്യാപൃതരാക്കണം. അല്ലെങ്കിൽ മക്കളെന്ന സൂക്ഷിപ്പു ബാധ്യതയുടെ കാര്യത്തിൽ നാം അല്ലാഹുവിന്റെ വിചാരണയ്ക്ക് വിധേയരാകേണ്ടിവരും. ആശ്രിതരെ പരിരക്ഷിച്ചോ നാശത്തിലാക്കിയോ എന്ന് ചോദ്യം ചെയ്യപ്പെടുമത്രെ. കുട്ടികളുടെ കാര്യത്തിൽ അധ്യാപകരും ശ്രദ്ധ ചൊലുത്തുകയും ലഹരികളുടെ അപകടങ്ങളെപ്പറ്റി ബോധവൽക്കരിക്കുകയും വേണം.

വിശേഷ ദിവസങ്ങൾ സ്നേഹ ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാൻ – ഡോ. പുത്തൂർ റഹ്മാൻ

ദുബൈ: സ്നേഹ സന്ദേശങ്ങൾ പരസ്പരം കൈമാറി സാഹോദര്യം ഊട്ടിയുറപ്പിക്കാനാണ് വിശുദ്ധ ഇസ്‌ലാമിൽ വിശേഷ ദിവസങ്ങൾ അല്ലാഹു സമ്മാനിച്ചതെന്ന് യുഎഇ കെഎംസിസി നാഷണൽ കമ്മിറ്റി പ്രസിഡന്റ് ഡോ.പുത്തൂർ റഹ്മാൻ പറഞ്ഞു. കുറ്റിപ്പുറം പഞ്ചായത്ത് യുഎഇ കെഎംസിസി 'ഈദിൻ ഇശൽ' പെരുന്നാൾ സംഗമം ദുബൈ കെഎംസിസി ആസ്ഥാനത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു. മനുഷ്യരെല്ലാവരും ഏകോദര സഹോദരങ്ങളാണെന്നാണ് ഖുർആനിക പാഠവും പ്രവാചകാധ്യാപനവും. മനുഷ്യരെ വ്യത്യസ്ത വിഭാഗങ്ങളാക്കിയത് പരസപര്യം തിരിച്ചറിയാൻ വേണ്ടി മാത്രമാണ്. ഇസ്‌ലാമിന്റെ ഈ സാഹോദര്യ സങ്കൽപം പ്രചരിപ്പിക്കാൻ ഈദ് പോലുള്ള ആഘോഷ സന്ദർഭങ്ങളെ ഉപയോഗപ്പെടുത്തണം. മുസ്‌ലിം ലീഗും കെഎംസിസിയും ഊന്നൽ നൽകുന്ന മാനവിക ഐക്യവും സാമുദായിക സൗഹാർദവും ഈ ലക്ഷ്യത്തിലേക്കുള്ള മാർഗങ്ങളാണെന്നും പുത്തൂർ റഹ്മാൻ കൂട്ടിച്ചേർത്തു.

1. കുറ്റിപ്പുറം പഞ്ചായത്ത് യുഎഇ കെഎംസിസി 'ഈദിൻ ഇശൽ' പെരുന്നാൾ സംഗമത്തിൽ നിന്ന്.
2. സംഗമം യുഎഇ കെഎംസിസി പ്രസിഡന്റ് ഡോ.പുത്തൂർ റഹ്മാൻ ഉദ്ഘാടനം ചെയ്യുന്നു

ദീർഘകാലം പ്രവാസ ജീവിതം നയിച്ചവരാണ് ജീവിതത്തിലും സംഘടനാ പ്രവർത്തനത്തിലും യുവതലമുറക്ക് വഴികാട്ടികളെന്നും പ്രവാസ ജീവിതത്തിലെ വ്യത്യസ്ത അനുഭവങ്ങളുടെ അമൂല്യ സമ്പത്ത് വരുംതലമുറക്ക് പകർന്ന് നൽകാവുന്നതും പുതുതലമുറക്ക് പഠനവിധേയമാക്കാവുന്നതുമാണന്നും മുഖ്യപ്രഭാഷണം നടത്തിയ യുഎഇ കെഎംസിസി ജനറൽ സെക്രട്ടറി പി.കെ അൻവർ നഹ അഭിപ്രായപ്പെട്ടു.

പ്രവാസ ജീവിതത്തിൽ 35 വർഷം പൂർത്തിയാക്കിയ കുറ്റിപ്പുറം പഞ്ചായത്തിൽ നിന്നുള്ള 25 പേരെ ആദരിക്കുന്ന ചടങ്ങ് ഈദ് സംഗമത്തെ വേറിട്ടതാക്കി. അബുദാബി കെഎംസി.സി സംസ്ഥാന സെക്രട്ടറി മൊയ്തുട്ടി വേളേരി, ദുബൈ കെഎംസിസി ആക്ടിങ് സെക്രട്ടറി കെ.പി.എ സലാം, ജില്ലാ പ്രസിഡന്റ് സിദ്ദീഖ് കാലൊടി, ജനറൽ സെക്രട്ടറി നൗഫൽ വേങ്ങര,സെക്രട്ടറിമാരായ മുജീബ് കോട്ടക്കൽ, ലത്തീഫ് തെക്കഞ്ചേരി, വാണിജ്യ രംഗത്ത് പ്രാഗത്ഭ്യം തെളിയിച്ച കുറ്റിപ്പുറത്തെ പ്രമുഖ വ്യക്തിത്വങ്ങളായ ജമാൽ മുസ്തഫ, പ്രവീൺ തുടങ്ങിയവരും പ്രസംഗിച്ചു.

കുറ്റിപ്പുറം പഞ്ചായത്ത് യുഎഇ കെഎംസിസി പ്രസിഡന്റ് അസീസ് വേളേരിയുടെ അധ്യക്ഷതയിൽ നടന്ന ചടങ്ങിന് ജനറൽ സെക്രട്ടറിഫാറൂഖ്കൊനൂട്ടിൽ സ്വാഗതവും പി.കെ നിസാർ ഷാ നന്ദിയും പറഞ്ഞു. വിവിധ മേഖല കമ്മിറ്റികളുടെ കലാപരിപാടികളും, റിയാസ് മാണൂർ നേതൃത്വം നൽകിയ മുട്ടിപ്പാട്ട് ഉൾപ്പടെയുള്ള വർണാഭമായ കലാപരിപാടികളോട്കൂടി നടന്ന ഇശൽ വിരുന്നും ശ്രദ്ധേയമായിരുന്നു. പരിപാടിക്ക് ഷുക്കൂർ മാസ്റ്റർ, സലാം മാസ്റ്റർ, ഇർഫാദ് തങ്ങൾ, റഫീഖ് പോട്ടയിൽ, മേലതിൽ സക്കീർ,സി.കെ. മുസ്തഫ, റിയാസ് ചെമ്പിക്കൽ, വി.എ. ഹുജ്ജത്ത്, ജഹ്സിർ വി.ടി., യാഹു പേരശന്നൂർ തുടങ്ങിയവർ നേതൃത്വം നൽകി.

പെരുമ്പാവൂർ സ്വദേശി മക്കയിൽ മരിച്ചു

മക്ക: ഓണമ്പള്ളി സ്വദേശി കണേലി വീട്ടിൽ പരേതനായ ഉണ്ണിയുടെ മകൻ ഹസൻ ഹജ്ജ് കർമത്തിനിടെ മരിച്ചു. ഖബറടക്കം മക്കയിൽനടന്നു. ഭാര്യ സാജിത. മക്കൾ യാസിർ, സാദിഖ് (അബുദാബി), റസീന

കെഎംസിസി ബുറൈദ സെൻട്രൽ കമ്മിറ്റി സംഘടിപ്പിച്ച ഏഴാമത് സെവൻസ് ഫുട്ബോൾ ടൂർണമെന്റിൽ ജേതാക്കളായ ബ്ലാസ്റ്റേഴ്സ് റിയാദ് ടീം

ബുറൈദ കെഎംസിസി ഫുട്ബോൾ ബ്ലാസ്റ്റേഴ്സ് റിയാദ് ജേതാക്കൾ

ബുറൈദ: കെഎംസിസി ബുറൈദ സെൻട്രൽ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ബലിപെരുന്നാൾ ദിനത്തിൽ സംഘടിപ്പിച്ച മർഹൂം മുസ്തഫ സാഹിബ് മെമ്മോറിയൽ ഏഴാമത് സെവൻസ് ഫുട്ബോൾ ടൂർണമെന്റിൽ ബ്ലാസ്റ്റേഴ്സ് റിയാദ് ജേതാക്കളായി. സൗദി അറേബ്യയിലെ മികച്ച 8 ടീമുകൾ പങ്കെടുത്ത വാശിയേറിയ മത്സരത്തിലെ കലാശപ്പോരാട്ടത്തിൽ ബുറൈദ യിലെ ആയിരക്കണക്കിന് ഫുട്ബാൾ ആസ്വാദകരെ സാക്ഷിനിർത്തി മജ്മ കെഎംസിസി സ്പോൺസർ ചെയ്ത റോയൽ എഫ്സി മജ്മയെയാണ് ബ്ലാസ്റ്റേഴ്സ് റിയാദ് പരാജയപ്പെടുത്തിയത്. നിശ്ചിത സമയം അവാസിനിച്ചപ്പോഴും ഓരോ ഗോൾവീതം നേടി ഇരു ടീമുകളും സമനില പാലിച്ചതിനെ തുടർന്ന് ടൈബ്രേക്കറിലൂടെ 4–2ഗോളിനാണ് വിജയികളെ തീരുമാനിച്ചത്.

കെഎംസിസി ബുറൈദ സെൻട്രൽ കമ്മിറ്റി പ്രസിഡന്റ് അനീസ് ചുഴലി, ട്രഷറർ ബാജി ബഷീർ,ചെയർമാൻ നവാസ് പള്ളിമുക്ക്, ഓർഗനൈസിങ് സെക്രട്ടറി റഫീഖ് ചെങ്ങളായി,സംഘാടക സമിതി ചെയർമാൻ അലിമോൻ ചെറുകര, കൺവീനർ നൗഫൽ പാലേരി, ട്രഷറർ യൂസുഫ് ചെറുമല, ശബീറലി ചാലാട്,ശരീഫ് മാങ്കടവ്, ലത്തീഫ് പള്ളിയാലി ൽ, ഇക്ബാൽ പാറക്കാടൻ,ശരീഫ് തലയാട് എന്നിവർ ട്രോഫികളും മെഡലുകളും വിതരണം ചെയ്തു., കുട്ടി എടക്കര, അലി പുതിയോട്ടിൽ, അഷ്റഫ് ഇരിട്ടി, റിയാസ് മണ്ണാർക്കാട്, സമദ് വയനാട് എന്നിവർ നേതൃത്വം നൽകി. വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് പ്രമോദ് കുര്യൻ(ഒഐസിസി), റഫീഖ് അരീക്കോട് (എസ്ഐസി),നിഷാദ് പാലക്കാട് (അൽ ഖസീം പ്രവാസി സംഘം),അബ്ദു കീച്ചേരി (ഇശൽ ബുറൈദ) എന്നിവർ പങ്കെടുത്തു.

അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ ഈദ് സംഗമം

അബുദാബി: ഇന്ത്യൻ ഇസ്‌ലാമിക് സെന്ററിന്റെ ആഭിമുഖ്യത്തിൽ ബലി പെരുന്നാൾ ദിനത്തിൽ സംഘടിപ്പിച്ച 'ഈദ് ഇശൽ' വിരുന്നിൽ ആയിരത്തോളം ആളുകൾ പങ്കെടുത്തു. ആക്ടിങ് പ്രസിഡന്റ് യു.അബ്ദുല്ല ഫാറൂഖിയുടെ അധ്യക്ഷതയിൽ വി.പി. കെ അബ്ദുല്ല ഉദ്ഘടനം ചെയ്തു. ഇസ്ഹാഖ് നദ്‌വി ഈദ് സന്ദേശം നൽകി. സി. സമീർ സ്വാഗതവും മൊയ്തീൻകുട്ടി കയ്യും നന്ദിയും പറഞ്ഞു. കെഎംസിസി സുന്നി സെന്റർ,ഇസ്‌ലാമിക് സെന്റർ ഭാരവാഹികളായ അബ്ദുൽ റഷീദ് പട്ടാമ്പി, അബ്ദുല്ല നദ്‌വി, അഡ്വ. കെ.വി മുഹമ്മദ് കുഞ്ഞി, അൻവർ ചുള്ളിമുണ്ടം, കൊയ തിരുവത്ര എന്നിവർ ആശംസകൾ നേർന്നു. അഷ്റഫ് നജാത്ത്, ഫത്താഹ് മട്ടൂൽ എന്നിവരുടെ നേതൃത്വത്തിലാണ് കലാപരിപാടികൾ നടന്നത്.

അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്ററിൽ നടന്ന ഈദ് ഇശൽ സംഗമം വി.പി.കെ അബ്ദുല്ല ഉദ്ഘടനം ചെയ്യുന്നു

ദുബൈയിൽ ഇ സ്കൂട്ടറുകളുടെ മരണപ്പാച്ചിൽ

ആറു മാസത്തിനിടെ നാലു അപകട മരണങ്ങൾ

ദുബൈ: നഗരത്തിലൂടെ ചീറിപ്പാഞ്ഞു പോകുന്ന ഇ സ്കൂട്ടറുകളും സൈക്കിളുകളും മരണം വിതയ്ക്കുന്നതായി ദുബൈ പൊലീസ്. ഈ വർഷം ഇതുവരെ ഇവ മൂലമുണ്ടായ അപകടങ്ങളിൽ നാലു പേർക്ക് ജീവൻ നഷ്ടപ്പെട്ടതായി ദുബൈ പൊലീസ് പറഞ്ഞു. ഇ സ്കൂട്ടർ, സൈക്കിൾ അപകടങ്ങളിൽ 25 പേർക്ക് പരിക്കേറ്റിട്ടുണ്ട്. ഈ ആറ് മാസത്തിനുള്ളിൽ 7,800ലധികം ട്രാഫിക് നിയമലംഘനങ്ങൾ രേഖപ്പെടുത്തിയതായും 4,474 ഇസ്കൂട്ടറുകളും സൈക്കിളുകളും കണ്ടുകെട്ടിയതായും പൊലീസ് അറിയിച്ചു. അതേസമയം പ്രതിദിനം ശരാശരി 43 ട്രാഫിക് ലംഘനങ്ങൾ രേഖപ്പെടുത്തുകയും 24 ഇ സ്കൂട്ടറുകളോ സൈക്കിളുകളോ അധികൃതർ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

60 കിലോ മീറ്ററിൽ കൂടുതൽ വേഗപരിധിയുള്ള റോഡുകളിൽ വാഹനമോടിക്കുക, അപകടകരമായ രീതിയിൽ സ്കൂട്ടർ ഉപയോഗിക്കുക,യാത്രക്കാരെ കയറ്റുക, ട്രാഫിക്കിനെതിരെ സ്കൂട്ടർ ഓടിക്കുക തുടങ്ങിയ നിയമലംഘനങ്ങൾക്ക് 300 ദിർഹം വരെ പിഴ ചുമത്തുമെന്നും പൊലീസ് പറഞ്ഞു.

ബഹ്റൈൻ ക്യാപിറ്റൽ ഗവർണറേറ്റ് ഡയറക്ടർ ഓഫ് ഇൻഫർമേഷൻ ആന്റ് ഫോളോഅപ്പ് യൂസഫ് ലോറിക്ക് ബഹ്റൈൻ കെഎംസിസി സ്വീകരണം നൽകിയപ്പോൾ

യൂസഫ് ലോറിക്കു സ്വീകരണം

മനാമ: ബഹ്റൈൻ ക്യാപിറ്റൽ ഗവർണറേറ്റ് ഡയറക്ടർ ഓഫ് ഇൻഫർമേഷൻ ആന്റ് ഫോളോഅപ്പ് യൂസഫ് ലോറിയെ ബഹ്റൈൻ കെഎംസിസി ആസ്ഥാനത്ത് കെഎംസിസി ആക്ടിങ് പ്രസിഡന്റ് എ.പി ഫൈസലിന്റെയും ജനറൽ സെക്രട്ടറി അസൈനാർ കളത്തിങ്കലിന്റെയും നേതൃത്വത്തിൽ സ്വീകരിച്ചു. വൺ ബഹ്റൈൻ ഹോസ്പിറ്റൽ ജനറൽ മാനേജർ ആന്റണി പൗലോസ്, സാമൂഹിക പ്രവർത്തക അനാട്ട, ജംഇയ്യത്തുൽ ബോറ ഇസ്‌ലാമിയ ബഹ്റൈൻ പ്രസിഡന്റ് ഹുസൈഫ നൊമാനി,അബ്ബാസ് സാകിയുദ്ദീൻ, സംസ്ഥാന ഭാരവാഹികളായ കെ.പി മുസ്തഫ, ശംസുദ്ദീൻ വെള്ളികുളങ്ങര, ഷാഫി പാറക്കട്ടെ, ഗഫൂർ കൈപ്പമംഗലം, ഒ.കെ ഖാസിം, സലീം തളങ്കര, റഫീഖ് തോട്ടക്കര, ശരീഫ് വില്ല്യാപ്പള്ളി എന്നിവർ പങ്കെടുത്തു.

കെഎംസിസി ഭാരവാഹികൾക്ക് സ്വീകരണം

ദുബൈ: ഹ്രസ്വ സന്ദർശനത്തിന് ദുബൈയിൽ എത്തിയ ഖത്തർ കെഎംസിസി തലക്കാട് പഞ്ചായത്ത് പ്രസിഡന്റ് സുഹൈൽ കുറ്റൂർ,ഭാരവാഹികളായ ഇ.വി ശബീർ,സലാം എന്നിവർക്ക് ദുബൈ കെഎംസിസി ഓഫീസിൽ സ്വീകരണം നൽകി. മലപ്പുറം ജില്ലാ പ്രസിഡന്റ് സിദ്ദീഖ് കാലൊടി ഷാൾ അണിയിച്ചു. മലപ്പുറം ജില്ലാ വൈസ് പ്രസിഡന്റ് നാസർ കുറുമ്പത്തൂർ, തിരൂർ മണ്ഡലം പ്രസിഡന്റ് സഫ്‌വാൻ പറവണ്ണ, ജനറൽ സെക്രട്ടറി സുബൈർ കുറ്റൂർ, ട്രഷറർ ശിഹാബ് മുട്ടിക്കാടൻ, നൗഷാദ് പറവണ്ണ, ദുബൈ തലക്കാട് പഞ്ചായത്ത് കമ്മറ്റി ഭാരവാഹികളായ അസ്കർ പൂക്കൈത, സി.കെ സലാം, യാസർ അറഫാത്ത്, വി.പി നൗഫൽ, ആബിദ് ബി.പി അങ്ങാടി, ടി.പി സലാം,കെ.പി സമദ് പങ്കെടുത്തു.

ദുബൈയിൽ എത്തിയ ഖത്തർ കെഎംസിസി തലക്കാട് പഞ്ചായത്ത് ഭാരവാഹികൾക്ക് കെഎംസിസി ഓഫീസിൽ നൽകിയ സ്വീകരണം

അൽ ഐനിൽ ഹൃദയാഘാതത്തെ തുടർന്ന് മരിച്ചു

ചങ്കരത്ത് റഷീദ്

അൽഐൻ: മാരായംകുന്ന് കൊടിക്കാംകുന്ന് സ്വദേശിയും അൽ ഐൻ ടൗണിലെ അൽ റായ ഹോട്ടൽ ജീവനക്കാരനുമായ ചങ്കരത്ത് റഷീദ് നിര്യാതനായി. താമസ സ്ഥലത്ത് ഹൃദയാഘാതത്തെ തുടർന്ന് ഇന്നലെ വൈകീട്ടായിരുന്നു മരണം. നാട്ടിലും പ്രവാസ ലോകത്തും പൊതു സേവനത്തിൽ സജീവമായിരുന്നു. പിതാവ്: ചങ്കരത്ത് അബൂബക്കർ (ഇപ്പക്ക). ജോലിക്കിടെ അൽപ സമയം റൂമിലേക്ക് വിശ്രമത്തിന് പോയതായിരുന്നു. തിരിച്ചു വരാത്തതിനെ തുടർന്ന് കൂടെയുള്ള സുഹൃത്ത് വിളിച്ചപ്പോഴാണ് മരണ വിവരം അറിയുന്നത്. അടുത്ത മാസം 17ന് നടക്കുന്ന ഇളയ മകളുടെ വിവാഹത്തിന് നാട്ടിലേക്ക് പോകാനുള്ള തയ്യാറെടുപ്പിലായിരുന്നു. സഹോദരൻ മുസ്തഫ റാസൽ ഖൈമയിലുണ്ട്. അൽ ഐൻ ജീമി ഹോസ്പിറ്റൽ മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുന്ന മൃതദേഹം നടപടി ക്രമങ്ങൾക്ക് ശേഷം നാട്ടിലത്തിച്ച് മാരായംകുന്ന് ജുമാമസ്ജിദ് ഖബർസ്ഥാനിൽ മറവ് ചെയ്യും. അൽ ഐൻ കെഎംസിസി പ്രവർത്തകർ നടപടി ക്രമങ്ങൾക്ക് നേതൃത്വം നൽകുന്നുണ്ട്.

35 വർഷത്തെ പ്രവാസ ജീവിതം പൂർത്തിയാക്കിയ അബുദാബി കെഎംസിസി സെക്രട്ടറി മൊയ്തുട്ടി വെളേരിയെ യുഎഇ കെഎംസിസി പ്രസിഡന്റ് ഡോ. പുത്തൂർ റഹ്മാൻ ഉപഹാരം നൽകി ആദരിക്കുന്നു

നിരീക്ഷണം

ഇബ്രാഹീം യഹൂദനോ ക്രിസ്ത്യനോ ആയിരുന്നില്ല. എന്നാൽ അദ്ദേഹം ശുദ്ധമനസ്ഥിതിക്കാരനും (അല്ലാഹുവിന്ന്) കീഴ്പെട്ടവനും ആയിരുന്നു. അദ്ദേഹം ബഹുദൈവാരാധകരിൽപെട്ടവനായിരുന്നിട്ടുമില്ല.

(വിശുദ്ധ ഖുർആൻ: 03: 67)

ഗൾഫ് ചന്ദ്രിക
1445 ദുൽഹജ്ജ് 15 • 1199 മിഥുനം 07 • 1946 ജ്യേഷ്ഠം 31

വിശ്വാസ്യത നഷ്ടപ്പെടുന്ന കേന്ദ്ര പരീക്ഷകൾ

നീറ്റിനു പിന്നാലെ കോളജ് അധ്യാപക യോഗ്യതാ പരീക്ഷയായ നെറ്റിലും (നാഷണൽ എലിജിബിലിറ്റി ടെസ്റ്റ്) ക്രമക്കേട് നടന്നതായി കണ്ടെത്തിയെന്ന വിവരമാണ് ബുധനാഴ്ച രാത്രി പുറത്തുവന്നത്. നീറ്റിൽ തുടങ്ങി നെറ്റിലും ക്രമക്കേട് കണ്ടെത്തിയതോടെ കേന്ദ്ര സർക്കാരിനെ പിടിച്ചുകുലുക്കുകയാണ് പരീക്ഷാവിവാദം. നെറ്റ് പരീക്ഷയും വിവാദത്തിലായതോടെ സർക്കാരിനെതിരായ നീക്കം പ്രതിപക്ഷം ശക്തമാക്കിയിരിക്കുകയാണ്. രാജ്യവ്യാപകമായി അരങ്ങേറുന്ന വിദ്യാർത്ഥി പ്രതിഷേധത്തെ കൂടുതൽ ആളിപ്പടർത്താനുള്ള പ്രേരകശക്തിയായി മാറിയിരിക്കുകയാണ് പരീക്ഷാക്രമക്കേടുകൾ. നീറ്റ് പരീക്ഷയിൽ നടന്ന ക്രമക്കേടിൽ അന്വേഷണം പുരോഗമിക്കുന്നതിനിടെയാണ് നെറ്റിലും ക്രമക്കേട് നടന്നതായി വാർത്ത പുറത്തുവരുന്നത്. ഇതേതുടർന്ന് യു.ജി.സി നെറ്റ് പരീക്ഷ കേന്ദ്ര സർക്കാർ റദ്ദാക്കിയിരിക്കുകയാണ്. ചൊവ്വാഴ്ച നടന്ന പരീക്ഷ വീണ്ടും നടത്തുമെന്നാണ് കേന്ദ്രം അറിയിച്ചിരിക്കുന്നത്. പരീക്ഷയുടെ ചോദ്യങ്ങൾ ചോർന്നെന്ന സംശയത്തെ തുടർന്ന് ബുധനാഴ്ച രാത്രിയോടെയാണ് നെറ്റ് പരീക്ഷ റദ്ദ് ചെയ്ത് കേന്ദ്രം പ്രസ്താവന ഇറക്കിയത്. അന്വേഷണം സി.ബി.ഐക്ക് ഏൽപ്പിച്ചതായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചു. ആഭ്യന്തര മന്ത്രാലയത്തിലെ സുരക്ഷാ വിഭാഗത്തിന്റെ റിപ്പോർട്ട് പരിഗണിച്ചാണ് പരീക്ഷ റദ്ദാക്കാൻ കേന്ദ്രം തീരുമാനിച്ചത്. യു.ജി.സി നെറ്റ് പരീക്ഷയിലെ ചോദ്യങ്ങൾ ദിവസങ്ങൾക്ക് മുമ്പേ ചില ടെലിഗ്രാം ചാനലുകളിൽ ചോർന്നതായാണ് വിവരം. സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനുള്ള സുരക്ഷാ വിഭാഗത്തിന്റെ അന്വേഷണത്തിൽ ഇത് കണ്ടെത്തിയതോടെയാണ് പരീക്ഷ റദ്ദാക്കാൻ തീരുമാനിച്ചത്. രണ്ട് ഷിഫ്റ്റുകളിലായി 11 ലക്ഷം വിദ്യാർത്ഥികളാണ് നെറ്റ് പരീക്ഷ എഴുതിയത്. എൻ.ടി.എക്ക് കീഴിൽ ഈ മാസം നടന്ന നാലാമത്തെ പരീക്ഷയാണ് ഇപ്പോൾ വിവാദത്തിലകപ്പെട്ടത്. നേരത്തെ നാല് വർഷ ബി.എഡ് പ്രോഗ്രാമിലേക്ക് ജൂൺ 12ന് നടത്തിയ നാഷണൽ കോമൺ എൻട്രൻസ് ടെസ്റ്റും (എൻ.സി.ഇ.ടി) റദ്ദാക്കിയിരിക്കുകയാണ്. സാങ്കേതിക കാരണങ്ങളാൽ പരീക്ഷ പൂർത്തിയാക്കാൻ കഴിയാതായതോടെയാണ് പരീക്ഷ റദ്ദാക്കിയത്. കോളജ് അധ്യാപക തസ്തികയിലേക്കും ജൂനിയർ റിസർച്ച് ഫെലോഷിപ്പിനും പി.എച്ച്.ഡി പ്രവേശനത്തിനും യോഗ്യത നിർണയിക്കുന്ന നെറ്റ് അടുത്ത കാലത്താണ് ഓൺലൈൻ ടെസ്റ്റിൽ നിന്ന് ഒ.എം.ആർ രീതിയിലേക്ക് മാറിയത്.

നീറ്റ് പരീക്ഷാക്രമക്കേടുമായി ബന്ധപ്പെട്ട് എൻ.ടി.എക്കു നേരെ രാജ്യത്തെ പരമോന്നത കോടതിയും രൂക്ഷവിമർശനമുന്നയിച്ച പശ്ചാത്തലത്തിൽ ഏജൻസിയെ ഉടച്ചുവാർക്കാനുള്ള നടപടി സ്വീകരിക്കാൻ കേന്ദ്രം തയാറാകേണ്ടിയരിക്കുന്നു. ആൾബലവും പണക്കൊഴുപ്പിനുമപ്പുറം പഠിച്ച് നേടാമെന്ന വിദ്യാർഥികളുടെ വിശ്വാസത്തിനുകൂടിയാണ് മങ്ങലേറ്റിരിക്കുന്നത്. ഉറക്കമൊഴിച്ച് കഷ്ടപ്പെട്ട് നന്നായി പഠിച്ച് പരീക്ഷയെഴുതുന്ന എത്രയോ വിദ്യാർഥികളുടെ സ്വപ്നങ്ങളാണ് ഓരോ പരീക്ഷക്കുശേഷവും സഫലമാകുന്നത്. എന്നാൽ മോദി സർക്കാറിനുകീഴിൽ രാജ്യത്തെ വിദ്യാഭ്യാസ മേഖല കുത്തഴിഞ്ഞ അവസ്ഥയിലേക്ക് മാറിയിട്ടുണ്ട്. വൈസ് ചാൻസലർമാരെ നിയമിക്കുന്നത് യോഗ്യത നോക്കിയല്ല, സംഘ് പരിവാര സംഘടനകളുമായുള്ള ബന്ധം നോക്കിയായി മാറിയിട്ടുണ്ട്. പാഠപുസ്തകങ്ങൾ കാവിവത്കരിക്കാൻ തുടങ്ങിയിട്ട് നാളേറെയായി. ബി.ജെ.പി ഭരണത്തിലുള്ള സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ചാണ് തട്ടിപ്പുകളെല്ലാം അരങ്ങേറുന്നത്. രാജ്യത്തെ വിദ്യാഭ്യാസ സമ്പ്രദായത്തെ തന്നെ ഒരു സംഘടന കൈലാക്കിയിരിക്കുന്നു. ബി.ജെ.പി ലബോറട്ടറികളാണ് തട്ടിപ്പിന്റെ പ്രഭവകേന്ദ്രം. വിദ്യാർത്ഥികൾ ഇത് കാരണം വല്ലാതെ ബുദ്ധിമുട്ടനുഭവിക്കുന്നു.

ഗുണ നിലവാരത്തോടെ സമയബന്ധിതമായി പരീക്ഷ നടത്താനാണ് 2017 ൽ കേന്ദ്ര സർക്കാർ പാർലമെന്റിൽ നിയമം പാസാക്കി എൻ.ടി.എക്ക് രൂപം നൽകിയത്. രാജ്യത്തെ വിവിധ പ്രവേശന പരീക്ഷകൾ, യോഗ്യതാ പരീക്ഷകൾ, റിക്രൂട്ട്മെന്റ് ടെസ്റ്റുകൾ എന്നിവയെല്ലാം ഒറ്റ സ്ഥാപനത്തിനുകീഴിൽ കൊണ്ടുവരികയായിരുന്നു ലക്ഷ്യം. അഖിലേന്ത്യാ പ്രവേശന പരീക്ഷകളുടെ സുതാര്യത ഒന്നുകൂടി ഉറപ്പിക്കുകയെന്ന ഉദ്ദേശ്യവും എൻ.ടി.എ സ്ഥാപിക്കപ്പെടുന്നതിനു പിന്നിലുണ്ടായിരുന്നു. തുടക്കത്തിൽ ഏതാനും പരീക്ഷകൾ മാത്രം നടത്തിയിരുന്ന ഏജൻസി, നിലവിൽ രാജ്യത്തെ ഒട്ടുമിക്ക പ്രവേശന പരീക്ഷകളുടെയും നടത്തിപ്പിന് നേതൃത്വം നൽകുന്നു. എത്രയോ വലിയ സന്നാഹങ്ങളോടെയാണ് ഓരോ പരീക്ഷയും നടത്തുന്നത്. കോടിക്കണക്കിനു രൂപയാണ് ഇതിനായി ചെലവാകുന്നത്. ആയിരക്കണക്കിന് ഉദ്യോഗസ്ഥരാണ് ഇതിനുപിന്നിൽ പ്രവർത്തിക്കുന്നത്. പരീക്ഷയുടെ ഗൗരവം നന്നായി ഉൾക്കൊള്ളാൻ പ്രവേശന പരീക്ഷ നടത്തുന്ന ദേശീയ ടെസ്റ്റിങ് ഏജൻസിക്കു കഴിയേണ്ടതുണ്ട്. എവിടെയും പരാതിക്ക് അവസരം നൽകാത്ത വിധം പരീക്ഷ നടന്നുകാണാനാണ് രാജ്യവും ലക്ഷക്കണക്കിന് വിദ്യാർത്ഥികളും രക്ഷിതാക്കളും ആഗ്രഹിക്കുന്നത്. സ്വപ്നം സാക്ഷാത്കരിക്കാൻ കഠിനാധ്വാനം മാത്രം മതിയെന്ന ലക്ഷക്കണക്കിന് വിദ്യാർഥികളുടെ വിശ്വാസമാണ് പരീക്ഷാ ക്രമക്കേടിലൂടെ ഇല്ലാതാകുന്നത്. യുവതലമുറയുടെ സ്വപ്നങ്ങൾ തല്ലിത്തകർക്കുന്നവർ ഇല്ലാതാക്കുന്നത് രാജ്യത്തിന്റെ ഭാവിയെ കൂടിയാണ്. കുറ്റക്കാർക്ക് കർശന ശിക്ഷ ഉറപ്പാക്കുന്നതോടൊപ്പം, ഭാവിയിൽ ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടിയും സർക്കാർ സ്വീകരിക്കേണ്ടതുണ്ട്.

അടിക്കുറിപ്പ്

പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും നളന്ദയിലുണ്ടായിരിക്കുമ്പോഴാണ് ഒരു ഗുണ്ട സ്കൂളിലേക്ക് അതിക്രമിച്ചു കയറി പ്രധാനാധ്യാപകനെ വെടിവെച്ചു കൊന്നത്. കുറ്റവാളി യഥേഷ്ടം വിഹരിക്കുകയാണ്. പ്രതിയുടെ തൂവാലയും ധരിച്ച വസ്ത്രത്തിന്റെ നിറവും കണ്ട് പ്രധാനമന്ത്രി ഇത് രാമരാജ്യമാണെന്ന് പറയാമോ? തിരഞ്ഞെടുപ്പ് മാമാങ്കം കഴിഞ്ഞല്ലോ. 25 വർഷം മുമ്പത്തെ ജംഗിൾ രാജിനെ കുറിച്ച് തിരഞ്ഞെടുപ്പ് റാലികളിൽ സംസാരിക്കുന്ന പ്രധാനമന്ത്രി ഇത് കണ്ടുകാണില്ല. എൻ.ഡി.എക്കാരനായ മുഖ്യമന്ത്രിക്കും സമാന മനസായതിനാൽ സർക്കാർ ചെലവിൽ കുറ്റവാളികൾ സംസ്ഥാനത്ത് യഥേഷ്ടം വിഹരിക്കുകയാണ്.

തേജസ്വി യാദവ്

ചരിത്രത്തിൽ ഇന്ന്

2002 ലോകാരോഗ്യസംഘടന യുറോപ്പിനെ പോളിയോവിമുക്തമായി പ്രഖ്യാപിച്ചു.
2004 സ്പേസ്ഷിപ്പ്‌വൺ ശൂന്യാകാശയാത്ര നടത്തുന്ന ആദ്യ സ്വകാര്യ ശൂന്യാകാശവാഹനമായി.
2006 പ്ലൂട്ടോയുടെ പുതിയതായി കണ്ടെത്തിയ രണ്ട് ഉപഗ്രഹങ്ങൾക്ക് നിക്സ് എന്നും ഹൈഡ്ര എന്നും പേരിട്ടു.

വിശ്വാസം തന്നെയാണ് എല്ലാം

വെള്ളിത്തെളിച്ചം

ടി.എച്ച് ദാരിമി

പലപ്പോഴും, പ്രത്യേകിച്ച് പരിഷ്കരണ ചിന്ത തലയിൽ ചുമന്ന് നടക്കുന്നവരിൽനിന്ന് കേൾക്കുന്ന വാചകമാണ്, 'ആദ്യം നമ്മൾ മനുഷ്യരാകണം, പിന്നെയാവാം മതങ്ങൾ' എന്ന്. മറ്റു ചിലർ ഇത്തിരി ഗർവോടെ തന്നെ പറയാറുണ്ട്, 'ഞാൻ ഒന്നാമതായും രണ്ടാമതായും മനുഷ്യനാണ്, പിന്നെയാണ് എനിക്ക് മറ്റെല്ലാം' എന്ന്. ഇതൊക്കെ പറയുന്നവരുടെ അതേ ചിന്ത തലക്കുപിടിച്ച ചിലർ വലിയ ഫിലോസഫറായി ചമഞ്ഞു എഴുതുകയും പറയുകയും ചെയ്യാറുണ്ട്, ഏറ്റവും വലിയ മതവും ഏറ്റവും ശരിയായ മതവും മനുഷ്യനാവുക എന്നതാണ് എന്ന്. ഒറ്റവാക്കിൽ കേൾക്കുമ്പോൾ ശരി തന്നെയല്ലേ എന്ന് തോന്നിപ്പോകും. ഈ തോന്നൽ തെറ്റിദ്ധാരണയാണ്. മനുഷ്യത്വം എന്ന് പറയുമ്പോൾ അത് അർഥമാക്കുന്നത് മനുഷ്യനിലെ നല്ല ഗുണങ്ങൾ എന്നാണ് എന്ന തെറ്റായ ധാരണയിൽനിന്നാണ് ഈ പിശക് പറ്റുന്നത്. പറയുന്നതിലും പ്രയോഗിക്കുന്നതിലും എല്ലാം അമിതമായ വൈകാരികത കലരുകയും എന്താണ് അർത്ഥം എന്ന് ആലോചിക്കാതിരിക്കുകയും ചെയ്യുന്ന പുതിയ തിരക്കുകൾ കിടയിൽനിന്ന് ഉണ്ടായതാണ് ഇത്തരം പിശകുകൾ. സത്യത്തിൽ അത് അർത്ഥമാക്കുന്നത് മനുഷ്യനിലെ വെറും ഭാവങ്ങളും ഗുണങ്ങളും എന്നിവ മാത്രമാണ്. അത് ചിലപ്പോൾ നന്മയാവാം ചിലപ്പോൾ തിന്മയും ആവാം. ഒന്നുകൂടി വിശദമായി പറഞ്ഞാൽ മനുഷ്യജീവിതം അഭിമുഖീകരിക്കുന്ന ഏതു നന്മയെയും ഏതു തിന്മയെയും സ്വീകരിക്കാനുള്ള കാലിയായ മൂശ മാത്രമാണ് സത്യത്തിൽ മനുഷ്യത്വം. ഇത് ധൈര്യത്തോടെ പറയാനും തെളിയിക്കാനും ഇതപര്യന്തമുള്ള മനുഷ്യന്റെ ചെയ്തികൾ മാത്രം മതി. കാരണം അവൻ പ്രപഞ്ചത്തിൽ വന്നു കാലുറക്കുന്നതിന് മുമ്പ് സ്വന്തം സഹോദരനെ നിഷ്കരുണം വധിച്ചവനാണ്. തന്നെപ്പോലുള്ള സഹജീവിയെ തന്റെ ഒരു താൽപര്യ നിവർത്തിക്കുവേണ്ടി ആരെയും കൊല്ലാനും കൊള്ളയടിക്കാനും അപമാനിക്കാനും ഒന്നും അവൻ മടിക്കില്ല. ലോകത്തെ ഏറ്റവും വലിയ വംശ നാശങ്ങൾ അവൻ വരുത്തിയിട്ടുണ്ട്. ഇനിയിപ്പോൾ അവന് ദീർഘായുസ്സോ നിത്യ ജീവിതമോ സാമ്പത്തിക നേട്ടമോ ജീവിതസൗകര്യമോ കിട്ടുമെന്ന് വെച്ചാൽ അവൻ ഏലിയൻസിനോട് വരെ യുദ്ധം ചെയ്യാൻ തയ്യാറാണ്. അതിൽ ഒരുപക്ഷേ അവൻ തന്നെ ഇല്ലാതെയാകും എന്നവൻ അറിയാമെങ്കിൽ പോലും അവൻ മുന്നോട്ടുപോകാൻ ശങ്കിച്ചു നിൽക്കില്ല. ഇതു മാത്രമാണ് അവന്റെ പ്രകൃതം എന്ന് പറയുന്നില്ല മറിച്ചുള്ള അനുഭവങ്ങളും ധാരാളമുണ്ട്.

ഇതുകൊണ്ടുതന്നെയാവണം വിശുദ്ധ ഖുർആൻ മനുഷ്യൻ എന്ന വാക്ക് പ്രയോഗിക്കുന്നിടത്തൊന്നും അത്രതന്നെ ശ്ലാഘനീയമോ ഔന്നത്യപൂർണമോ ആയ ആശയങ്ങൾ ഒപ്പം പറയാത്തത്. ഏതാനും ഉദാഹരണങ്ങൾ നോക്കാം. അല്ലാഹു പറയുന്നു: 'മനുഷ്യന് മഹാനാശം എന്തൊരു കൃതഘ്നനാണവൻ!' (അബസ: 17). ഈ ആയത്തിൽ ഇൻസാൻ അഥവാ മനുഷ്യൻ എന്ന പദം കൃത്യമായി അല്ലാഹു പ്രയോഗിച്ചിട്ടുണ്ട്. പക്ഷേ അതിൽ അവനെ വിശേഷിപ്പിച്ചിരിക്കുന്നത് നിഷേധി അഥവാ നന്ദി കെട്ടവൻ എന്നെല്ലാമാണ്. ഇത് ഇവിടെ മാത്രമല്ല ഇൻസാൻ എന്ന വാക്ക് പ്രയോഗിച്ചിരിക്കുന്ന പല ആയത്തുകളിലും ഇതു കാണാം. മറ്റൊരിടത്ത് അല്ലാഹു പറയുന്നു: 'നിശ്ചയം മനുഷ്യൻ തന്റെ നാഥനോട് നന്ദികെട്ടവൻ തന്നെ' (ആദിയാത്ത്: 6) ഇവിടെയും മനുഷ്യൻ പുകഴ്ത്തപ്പെടുകയല്ല ഇകഴ്ത്തപ്പെടുകയാണ്. ഇനി മറ്റൊരു ഉദാഹരണം. അല്ലാഹു പറയുന്നു: 'ഗുണത്തിനുവേണ്ടി എന്നതുപോലെ ദോഷത്തിനുവേണ്ടി പ്രാർഥിക്കുകയാണു മനുഷ്യർ. ഏറെ തത്രപ്പാട് കാണിക്കുന്നവനത്രേ അവൻ' (ഇസ്റാഅ്: 11) ഇവിടെ അനാവശ്യമായ വെപ്രാളവും തത്രപ്പാടും കാണിക്കുന്നവനാണ് മനുഷ്യൻ. ഇനിയുമുണ്ട് ഉദാഹരണങ്ങൾ മറ്റൊരിടത്ത് ഇങ്ങനെ കാണാം: 'ഈ ഖുർആനിൽ മാനവതക്കായി സർവവിധ ഉപമകളും നാം പ്രതിപാദിച്ചിരിക്കുന്നു. എന്നാൽ വലിയ താർക്കികനത്രേ മനുഷ്യൻ (അൽ കഹ്ഫ് : 54). ഈ ആയത്തിൽ പറയപ്പെടുന്ന ഇൻസാൻ എന്ന മനുഷ്യൻ താർക്കികനാണ്. ഇനി മറ്റൊരു ഉദാഹരണം: 'അതല്ല താൻ സ്വയം പര്യാപ്തനാണെന്നുകണ്ട് ആ മനുഷ്യൻ അഹങ്കാരിയായിരിക്കയാണ്' (അൽ അലഖ്: 6). ഈ വ്യത്യാസം വളരെ പ്രകടമായി കാണാവുന്ന ഒരു സ്ഥലമാണ് സൂറത്തുത്തീൻ. അതിൽ ഇൻസാൻ എന്ന മനുഷ്യനെപ്പറ്റി രണ്ടു കാര്യങ്ങൾ പറഞ്ഞിരിക്കുന്നു ഒന്നാമത്തേത് ഇങ്ങനെയാണ്: 'നിശ്ചയം മനുഷ്യനെ നാം ഏറ്റവും ഉദാത്തമായ ആകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നു' (അത്തീൻ: 5). ഇങ്ങനെ അവനെ പുകഴ്ത്തി പറഞ്ഞതിനുശേഷം തൊട്ടുടനെ അതിന്റെ തൂക്കം ഒപ്പിക്കാൻ എന്ന രൂപത്തിൽ അല്ലാഹു പറയുന്നു: അനന്തരം അവനെ നാം ഏറ്റം അധഃപതിച്ചവനാക്കി' (അത്തീൻ: 6).

മതമേതായാലും മനുഷ്യനായാൽ മാത്രം മതി എന്ന നിലപാട് തികച്ചും മാന്യമായി മാത്രം വ്യാഖ്യാനിക്കാൻ പ്രയാസമുണ്ട്. നന്മയിലേക്കും തിന്മയിലേക്കും അവനെ തിരിച്ചുവിടാനുള്ള കാര്യകാരണങ്ങളെ പുൽകുകയും അവയെ അവലംബിച്ചും പിന്തുടർന്നും ജീവിക്കുമ്പോഴാണ് മനുഷ്യൻ എന്ന മൂശയിൽ നന്മയും തിന്മയും നിറയുക. ഈ രണ്ടിനെയും സ്വീകരിക്കാൻ പാകപ്പെട്ടുകൊണ്ടാണ് മനുഷ്യൻ ജന്മം കൊള്ളുന്നത്. അവന്റെ മനസ്സിനെ വിവിധ ചിന്തകളിലേക്ക് തിരിച്ചുവിട്ടുകൊണ്ടാണ് പിന്നീട് അവന്റെ ഗതി നിശ്ചയിക്കപ്പെടുന്നത്. ഈ കാര്യം വിശുദ്ധ ഖുർആനിൽ പറയുന്നുണ്ട്. അല്ലാഹു പറയുന്നു: 'നിശ്ചയം മാനവനെ നാം സൃഷ്ടിച്ചുണ്ടാക്കി; അവന്റെ മാനസമന്ത്രങ്ങൾ നാമറിയുന്നുണ്ട്; കണ്ഠനാഡിയേക്കാൾ അവനുമായി സമീപസ്ഥനാണ് നാം. രണ്ട് സ്വീകർത്താക്കൾ അവന്റെ ഇടത്തും വലത്തുമിരുന്ന് എല്ലാം ഏറ്റുവാങ്ങുന്നത് സ്മരണീയമത്രേ' (ഖാഫ് 16–18). ഈ ആയത്തിൽ പറയുന്ന മാനസമന്ത്രങ്ങൾ സത്യത്തിൽ അവന്റെ മനസ്സിലേക്ക് സന്നിവേശിക്കുന്ന നന്മയുടെയോ തിന്മയുടെയോ പ്രേരകങ്ങളാണ്. ഇങ്ങനെ പ്രേരകങ്ങളെ ഇട്ടുകൊടുക്കുകയും മനുഷ്യൻ അതിൽ ഏതിനെ പുണരുന്നു എന്ന് നോക്കുകയും ചെയ്യുക എന്നതാണ് ഐഹിക ജീവിതത്തിൽ ദൈവം നടത്തുന്ന പരീക്ഷയും പരീക്ഷണവും. നമുക്കിടയിൽ എപ്പോഴും ഉയർന്നു കേൾക്കുന്ന മൊഴിയാണ് ശ്രീ നാരായണഗുരുവിന്റെത്. അദ്ദേഹം പറയുന്നത് മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്നാണ്. ഇവിടെ ഗുരു മതത്തെ നിരാകരിക്കുന്നു എന്ന് ചിലർ വ്യാഖ്യാനിക്കാറുണ്ട്. അത് ഒരിക്കലും ശരിയല്ല. നാം പറഞ്ഞുവരുന്ന ആശയത്തെ പിന്തുണയ്ക്കുകയാണ് ഈ ഗുരുവചനം. കാരണം അദ്ദേഹം പറയുന്നത് മനുഷ്യനായാൽ മതി എന്നല്ല മനുഷ്യൻ നന്നായാൽ മതി എന്നാണ്. അഥവാ നന്മയിലേക്ക് അവനെ തിരിച്ചുവിട്ടാൽ മതി എന്നർത്ഥം. അത് തന്നെയാണ് പറഞ്ഞുവരുന്നത്. വെറും മനുഷ്യനായത് കൊണ്ട് കാര്യമില്ല, മറിച്ച് അവനെ നന്മയിലേക്ക് തിരിച്ചുവിടാനുള്ള വഴി ഉണ്ടാവണം. അതിന് ഇനിയും മറ്റൊരു കടമ്പ കടക്കേണ്ടതുണ്ട്. അഥവാ നന്മ, തിന്മ എന്നിവ രണ്ടും ഏറെക്കുറെ ആപേക്ഷികമാണ്. അതായത് ചിലർ നന്മയെ നന്മയായി കാണുന്നത് ചില അടിസ്ഥാനങ്ങളുടെ വെളിച്ചത്തിലോ ചില വാദങ്ങളുടെ പിൻബലത്തിലോ ആണ്. തിന്മയുടെ കാര്യവും അപ്രകാരം തന്നെ. അപ്പോൾ നമ്മുടെ മുമ്പിൽ ഇപ്പോൾ കാണുന്ന ഓരോ സംഗതിയെയും നമ്മുടെ മനോഗതത്തിനനുസരിച്ച് നന്മയോ തിന്മയോ ആക്കി വേർതിരിക്കാൻ കഴിയില്ല. അങ്ങനെ വേർതിരിച്ചാൽ അത് പരിപൂർണമാവുകയുമില്ല. കാരണം വേർതിരിക്കുന്നത് മനുഷ്യൻ തന്നെയാകുമ്പോൾ അവന്റെ താൽപര്യങ്ങൾ അതിൽ പ്രതിഫലിക്കും. അത് ശരിയായിക്കൊള്ളണമെന്നില്ല. അതിനാൽ നന്മയെയും തിന്മയെയും പുൽകാൻ ആദ്യം നന്മയെ നന്മയായി വിശ്വസിക്കാനും തിന്മയെ തിന്മയായി വിശ്വസിക്കാനും മനുഷ്യന്റെ മനസ്സ് തയ്യാറാവണം. ആ വിശ്വാസം ഉറപ്പുള്ളത് തന്നെയാണ് എന്ന് ഉറപ്പിക്കാൻ പര്യാപ്തമായിരിക്കുകയും വേണം.

ഇതുകൊണ്ടാണ് ഇസ്‌ലാം ഏറ്റവും ആദ്യം വിശ്വാസത്തെക്കുറിച്ച് സംസാരിക്കുന്നത്. കർമങ്ങൾ, നിലപാടുകൾ, വ്യവഹാരങ്ങൾ തുടങ്ങിയവയെല്ലാം പിന്നെ മാത്രമാണ് കടന്നുവരുന്നത്. വിശുദ്ധ ഖുർആനിന്റെയും ഇസ്‌ലാമിക സംഹിതയുടെയും അവതരണവും സംസ്ഥാപനവും ഈ പ്രാധാന്യം പരിഗണിച്ചതായി കാണാൻ കഴിയും. വിശുദ്ധ ഖുർആനിൽ ആദ്യമായി അവതരിച്ച അൽ അലഖ് അധ്യായത്തിലെ ആദ്യത്തെ അഞ്ച് സൂക്തങ്ങളും സർവശക്തനായ ഒരു സ്രഷ്ടാവിനെ പരിചയപ്പെടുത്തുകയാണ്. ഭ്രൂണത്തിൽ നിന്നും അവിശ്വസനീയമായ കഴിവുകളുള്ള ഒരു മനുഷ്യനായി മനുഷ്യനെ പടച്ചടുത്ത കാര്യമാണ് ആദ്യം പറയുന്നത്. ഇത് ഒരു മനുഷ്യനും നിഷേധിക്കാനാവാത്ത കാര്യമാണ്. കാരണം അത് അവൻ സ്വയം അനുഭവിച്ചുകൊണ്ടിരിക്കുന്ന സത്യമാണ്. ഇസ്‌ലാമിക സംഹിതയിലും ആരാധനാകർമങ്ങളും നിയമങ്ങളും പിന്നീടാണ് വരുന്നത്. പ്രവാചകൻ തിരുമേനി (സ) യുടെ ജീവിതത്തിലെ ഏതാണ്ട് മക്ക ഘട്ടം മുഴുവനും വിശ്വാസം എന്ന കേന്ദ്ര ബിന്ദുവിനെ വലയം ചെയ്യുന്നതായിരുന്നു. അതിൽ നിന്നെല്ലാം മനുഷ്യത്വം ലഭിക്കുമ്പോൾ അതിനെ നന്മയിലേക്ക് തിരിച്ചുവിടാൻ പര്യാപ്തമായ ഒരു വിശ്വാസത്തെ സ്വാംശീകരിക്കുകയാണ് ആദ്യം വേണ്ടത് എന്ന് മനസ്സിലാക്കാം.

ഈ ആശയം കാരണമായിരിക്കാം നേരത്തെ മനുഷ്യൻ എന്ന ഇൻസാനിനെ കുറിച്ച് പറഞ്ഞിടത്തെല്ലാം ശ്ലാഘനീയമോ ഔന്നത്യ പരമോ ആയ കാര്യങ്ങൾ ഒന്നും പരാമർശിക്കുന്നില്ലാത്ത അല്ലാഹു അവൻ വിശ്വാസിയായി തീരുന്നതോടെ അവനെ നിരന്തരമായി പുകഴ്ത്തുകയും ശ്ലാഘിക്കുകയും ചെയ്യുന്നത് കാണാം. ഉദാഹരണമായി അല്ലാഹു പറയുന്നു: 'സത്യവിശ്വാസികൾ വിജയം വരിക്കുക തന്നെ ചെയ്തിരിക്കുന്നു' (അൽ മുഅ്മിനൂൻ: 1). മറ്റൊരിടത്ത് അല്ലാഹു പറയുന്നു: 'നിങ്ങളിൽനിന്ന് സത്യവിശ്വാസം വരിച്ചവരെയും അറിവു നൽകപ്പെട്ടവരെയും അല്ലാഹു ഏറെ പദവികൾ ഉയർത്തുന്നതാണ് ' (മുജാദില: 11). ഇത്തരം സൂക്തങ്ങൾ വിശുദ്ധ ഖുർആനിൽ ധാരാളമായി കാണാം. ഈ ആയത്തിൽ അല്ലാഹു വിശ്വാസംകൊണ്ട് ജീവിതത്തെ നന്മയിലേക്ക് തിരിച്ചുവിട്ട വിശ്വാസികൾക്ക് സന്തോഷവാർത്ത നൽകുന്നു: 'സത്യവിശ്വാസികൾക്ക് അല്ലാഹുവിങ്കൽനിന്ന് മഹത്തായ ഔദാര്യമുണ്ട് എന്ന് ശുഭവാർത്ത നൽകുക' (അഹ്സാബ്: 47). ഈ ആശയം വളരെ പ്രകടമായി വേർതിരിച്ച് കാണാവുന്ന ഒരു സ്ഥലമാണ് സൂറത്തുൽ അസർ. അതിൽ മനുഷ്യൻ നഷ്ടത്തിലും കഷ്ടത്തിലുമാണ് എന്ന് ആദ്യത്തെ സൂക്തത്തിൽ ഇങ്ങനെ പറയുന്നു: 'കാലം തന്നെ ശപഥം, നിശ്ചയം മനുഷ്യരാശി മഹാനഷ്ടത്തിൽ തന്നെയാകുന്നു' (അസ്വർ: 1). എന്നാൽ തുടർന്നുള്ള സൂക്തത്തിൽ പറയുന്നത് വിശ്വാസവും അതനുസൃതമായ സുകൃതവും ചെയ്യുന്നവൻ ആ കഷ്ട നഷ്ടങ്ങളിൽ നിന്ന് മുക്തനും മോചിതനുമാണ് എന്നാണ്. അല്ലാഹു പറയുന്നു: കാലം തന്നെ ശപഥം, നിശ്ചയം മനുഷ്യരാശി മഹാനഷ്ടത്തിൽ തന്നെയാകുന്നു.സത്യവിശ്വാസം കൈക്കൊള്ളുകയും സൽകർമങ്ങളനുഷ്ഠിക്കുകയും സത്യം മുറുകെപ്പിടിക്കാനും സഹനം കൈക്കൊള്ളാനും പരസ്പരം ഉപദേശിക്കുകയും ചെയ്തവരൊഴികെ (അസ്വർ: 1–3). മാത്രമല്ല, പരിശുദ്ധ ഖുർആൻ മുഴുവനും ആ വിശ്വാസത്തിലേക്ക് മനുഷ്യനെ പ്രചോദിപ്പിക്കാനും അതിൽ തന്നെ നിലനിൽക്കാൻ അവനെ സഹായിക്കാനും വേണ്ടിയുള്ളതാണ്. മതമേതായാലും മനുഷ്യനായാൽ മതി എന്നത് അബദ്ധവും വിഡ്ഢിത്തവും ആണ്. വേണ്ടത് മനുഷ്യൻ നന്നാവുകയാണ്. അതിന് നന്മ ചെയ്യണം. നന്മയെ ഈ ലോകം പട്ടികവത്കരിച്ചു വെച്ചിട്ടില്ല. മനുഷ്യൻ വ്യത്യസ്ത അഭിരുചിക്കാരനായതിനാൽ അത് സാധ്യവുമല്ല. അതിനാൽ അത് നന്മയെ നിശ്ചയിക്കുന്ന സ്രഷ്ടാവിൽ നിന്ന് വരണം, ലഭിക്കണം. അതിനാൽ സ്രഷ്ടാവിൽ ഉള്ള വിശ്വാസമാണ് ആദ്യം വേണ്ടത്. അപ്പോൾ വിശ്വാസം തന്നെയാണ് എല്ലാം.

തളരുന്ന സിവിൽ സർവീസ്, തകരുന്ന കേരളം

സിബി മുഹമ്മദ്

ലോകത്തിന് മാതൃകയായിരുന്ന കേരളത്തിന്റെ ആരോഗ്യ വിദ്യാഭ്യാസ മേഖലകൾ ഇന്ന് തകർച്ചയുടെ വക്കിലാണ്. സംസ്ഥാനം മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത തരത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നു. അമിത അധികാരപ്രയോഗം കൊണ്ടും തുടർഭരണത്തിന്റെ ആവേശത്തിൽ അണികൾ കാണിച്ചുകൂട്ടുന്ന അതിക്രമങ്ങളും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പരിധി വിട്ടുള്ള ലഭ്യതയും ഉപയോഗവും വിദ്യാസമ്പന്നരായ യുവാക്കൾക്ക് പോലും അനുഭവപ്പെടുന്ന അരക്ഷിതാവസ്ഥയും എല്ലാം ചേർന്ന് കേരളത്തിന്റെ സാമൂഹ്യ അന്തരീക്ഷം തന്നെ കലുഷിതമായിരിക്കുന്നു.

ഏറ്റവും സുരക്ഷിതമായ തൊഴിൽ മേഖല എന്നതിൽനിന്നും അനുദിനം ഉണ്

ക്രമസമാധാനനില തകർന്നു

പറ്റ്ന: ബി.ജെ.പി- ജെ.ഡി.യു ഭരണത്തിൽ ബിഹാറിലെ ക്രമസമാധാന നില പൂർണമായി തകർന്നുവെന്ന് ആർ.ജെ.ഡി നേതാവ് തേജസ്വി യാദവ്. നളന്ദ ജില്ലയിലെ ഹൈസ്കൂളിൽ ക്ലാസ് നടന്നുകൊണ്ടിരിക്കെ പ്രധാനാധ്യാപകനെ 19 കാരൻ വെടിവെച്ചു കൊന്നത് ഇതിന് തെളിവാണ്. പ്രധാനമന്ത്രി മോദിയും മുഖ്യമന്ത്രി നിതീഷ് കുമാറും നളന്ദയിലുണ്ടായിരിക്കുമ്പോഴാണ് നാടിനെ ഞെട്ടിച്ച ഈ സംഭവം. സംസ്ഥാനത്ത് കുറ്റവാളികൾ യഥേഷ്ടം വിഹരിക്കുകയാണ്. സർക്കാർ ക്രിമിനലുകൾക്ക് ഒത്താശ ചെയ്യുകയാണ്. പ്രതിയുടെ തൂവാലയും ധരിച്ച വസ്ത്രത്തിന്റെ നിറവും കണ്ട് പ്രധാനമന്ത്രി ഇത് രാമരാജ്യമാണെന്ന് പറയാമോ?.

സർക്കാർ വൈകാതെ വീഴും

മുംബൈ: ജൂൺ ഒമ്പതിന് അധികാരമേറ്റ മോദി സർക്കാർ തകരുമെന്നും ഇന്ത്യാ സഖ്യം സർക്കാർ രൂപവത്കരിക്കുമെന്നും ശിവസേന അധ്യക്ഷൻ ഉദ്ധവ് താക്കറെ. തന്റെ പാർട്ടിയെ ഇല്ലാതാക്കാൻ ശ്രമിച്ച ബി.ജെ.പിക്കൊപ്പം ഒരിക്കലും പോകില്ല. ബി.ജെ.പി അവരുടെ പരാജയം മറച്ചുവെക്കാനായി ശിവസേന എൻ.ഡി.എ സഖ്യത്തിൽ ചേരുമെന്ന വാർത്ത പ്രചരിപ്പിക്കുകയാണ്. ശിവസേനയെ ഇല്ലാതാക്കാൻ ശ്രമിച്ചവർക്കൊപ്പം ഞങ്ങൾ പോകില്ല. ടി.ഡി.പിയും ജെ.ഡി.യുവുമായുള്ള ബി.ജെ.പിയുടെ സഖ്യത്തിന് അധികം ആയുസ്സുണ്ടാകില്ല. ബി.ജെ.പിയുടെ ഹിന്ദുത്വ ആശയം യാഥാസ്തികമാണ്. ശിവസേനയുടേത് പുരോഗമനപരവും.

ഇന്ത്യ വാർത്തകൾ

ചുരുക്കത്തിൽ

ഉഷ്ണ തരംഗം; ഡൽഹിയിൽ 24 മണിക്കൂറിനിടെ 17 മരണം

ന്യൂഡൽഹി: ഉഷ്ണ തരംഗത്തെ തുടർന്ന് ഡൽഹിയിൽ 24 മണിക്കൂറിനിടെ 17 പേർ മരിച്ചതായി റിപ്പോർട്ട്. രാം മനോഹർ ലോഹ്യ (ആർ.എം.എൽ), സഫ്ദർജംഗ് ആശുപത്രികളിൽ ചികിൽസയിലുള്ളവരാണ് മരിച്ചത്. ഉഷ്ണ തരംഗവുമായി ബന്ധപ്പെട്ട അസുഖത്തെ തുടർന്ന് 33 പേരാണ് സഫ്ദർജംഗ് ആശുപത്രിയിൽ ചികിത്സയിലുണ്ടായിരുന്നത്. ഇവരിൽ 13 പേർ കഴിഞ്ഞ 24 മണിക്കൂറിനിടെ മരിച്ചതായി ആശുപത്രി വൃത്തങ്ങൾ അറിയിച്ചു. ആർ.എം.എൽ ചികിത്സയിലുണ്ടായിരുന്ന 22 രോഗികളിൽ നാലു പേരും മരിച്ചു. ചുടുമായി ബന്ധപ്പെട്ട് ഡൽഹിയിലെ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന രോഗികളുടെ എണ്ണത്തിൽ വർധനവുണ്ടായിട്ടുണ്ട്. അതേസമയം, ഡൽഹിയിലെ പ്രധാന ശ്മശാനമായ നിഗംബോധ് ഘട്ടിൽ ബുധനാഴ്ച 142 മൃതദേഹങ്ങളാണ് സംസ്കരിക്കാനെത്തിച്ചതെന്ന് അധികൃതർ അറിയിച്ചു. പ്രതിദിനം ശരാശരി 50-60 മൃതദേഹങ്ങളാണ് ഇതുവരെ എത്തിയിരുന്നത്. എന്നാൽ ചൂട് കൂടിയതോടെ സംസ്കരിക്കാനെത്തിക്കുന്നത് 136 ശതമാനം വർധിച്ചെന്ന് നിഗംബോധ് ഘട്ട് സഞ്ചലൻ സമിതി ജനറൽ സെക്രട്ടറി സുമൻ ഗുപ്ത പറഞ്ഞു. ചൊവ്വാഴ്ച 97 മൃതദേഹങ്ങളാണ് ഇവിടെ എത്തിച്ചത്. വ്യാഴാഴ്ച രാവിലെ മാത്രം 35 ശവസംസ്കാരങ്ങൾ നടന്നു. എന്നാൽ ഈ മരണങ്ങളെല്ലാം ചൂടിനെ തുടർന്നാണോയെന്ന് സ്ഥിരീകരിക്കാൻ അധികൃതർക്ക് കഴിഞ്ഞിട്ടില്ല. അതേസമയം ദിവസങ്ങളായി തുടരുന്ന കനത്ത ചൂടിന് നേരിയ ആശ്വസമായി രാജ്യതലസ്ഥാനത്ത് ഇന്നലെ രാവിലെ ചെറിയ തോതിൽ മഴ പെയ്തു.

രേണുകസ്വാമി കൊലക്കേസ്: ദർശന് ജാമ്യമില്ല

ബെംഗളൂരു: രേണുകാസ്വാമി കൊലക്കേസിൽ പ്രതിയായ കന്നഡ സൂപ്പർ താരം ദർശൻ തൂഗുദീപയ്ക്ക് ജാമ്യമില്ല. ബെംഗളൂരുവിലെ അഡീഷണൽ മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് കോടതി ദർശനെയും മറ്റ് മൂന്ന് പ്രതികളെയും രണ്ട് ദിവസത്തേക്ക് കൂടി പൊലീസ് കസ്റ്റഡിയിൽ വിട്ടു. ശനിയാഴ്ച വരെ ഇവർ പൊലീസ് കസ്റ്റഡിയിൽ തുടരും. ദർശന്റെ പങ്കാളിയും നടിയുമായ പവിത്ര ഗൗഡ അടക്കം മറ്റ് 13 പ്രതികളെ കോടതി ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. ദർശന്റെ ഭാര്യ വിജയലക്ഷ്മിയെ നേരത്തേ അന്വേഷണസംഘം ചോദ്യം ചെയ്തിരുന്നു. രേണുകാസ്വാമിയെ കൊലപ്പെടുത്തിയ ഷെഡിലേക്ക് പോകുമ്പോൾ ദർശൻ ധരിച്ച ഷൂ വിജയലക്ഷ്മിയുടെ ഫ്ലാറ്റിൽ നിന്ന് കണ്ടെടുത്തിരുന്നു. കൊല നടന്ന ദിവസം ദർശൻ ധരിച്ച വസ്ത്രങ്ങൾ കോസ്റ്റ്യൂം അസിസ്റ്റന്റെ പക്കൽ നിന്നും പിടിച്ചെടുത്തു. ഇത് രണ്ടും കേസിലെ നിർണായകമായ തെളിവുകളെന്ന് പൊലീസ് വ്യക്തമാക്കുന്നു. രേണുകാസ്വാമിയെ ക്രൂരമായ മർദ്ദനത്തിനിരയാക്കിയ ശേഷം ദർശൻ പോയത് ഹൊസകെരെഹള്ളിയിലെ വിജയലക്ഷ്മിയുടെ ഫ്ളാറ്റിലേക്കാണ്. പുലർച്ചെ ഫ്ളാറ്റിൽ ഒരു പൂജ നടത്താൻ തീരുമാനിച്ചിരുന്നതിനാൽ അതിൽ പങ്കെടുത്ത ശേഷമാണ് ദർശൻ മൈസുരുവിലേക്ക് പോയത്. അവിടെ വച്ചാണ് ജൂൺ 11ന് ദർശനെ പൊലീസ് അറസ്റ്റ് ചെയ്യുന്നത്. ബുധനാഴ്ച വൈകിട്ട് അഞ്ച് മണിക്കൂറോളമാണ് അന്വേഷണസംഘം വിജയലക്ഷ്മിയെ ചോദ്യം ചെയ്തത്. ദർശന്റെ പെരുമാറ്റത്തിൽ അസ്വാഭാവികതയുണ്ടായിരുന്നോ, സംഭവത്തെക്കുറിച്ച് വല്ലതും പറഞ്ഞിരുന്നോ എന്ന് വിജയലക്ഷ്മിയോട് പൊലീസ് ചോദിച്ചു. ദർശൻ ഉപയോഗിച്ച ഷൂവും വസ്ത്രങ്ങളും എന്ത് ചെയ്തുവെന്ന് ഓർക്കുന്നുണ്ടോ എന്നതും ചോദിച്ചു. കണ്ടെടുത്ത ഷൂവും വസ്ത്രങ്ങളും ഫോറൻസിക് പരിശോധനയ്ക്ക് അയക്കും.

നീറ്റ് പരീക്ഷാ ക്രമക്കേട്; നിലപാട് കടുപ്പിച്ച് സുപ്രീം കോടതി

കേന്ദ്രത്തിനും എൻ.ടി.എക്കും വീണ്ടും നോട്ടീസ്

നീറ്റ് പരീക്ഷാ ക്രമക്കേടിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ രാജിവെക്കണമെന്നാവശ്യപ്പെട്ട് ഉത്തർപ്രദേശിലെ ലക്നൗവിൽ പ്രതിഷേധിച്ച വിദ്യാർത്ഥികളെ പൊലീസ് അറസ്റ്റ് ചെയ്ത് നീക്കുന്നു

ന്യൂഡൽഹി: നീറ്റ് പരീക്ഷാ ക്രമക്കേടുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാറിനും പരീക്ഷാ നടത്തിപ്പുകാരായ നാഷണൽ ടെസ്റ്റിങ് ഏജൻസിക്കും (എൻ.ടി.എ) വീണ്ടും സുപ്രീം കോടതി നോട്ടീസ്. അടുത്ത മാസം ആറിന് തുടങ്ങുന്ന നീറ്റ് കൗൺസലിങ് തടയണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയിലാണ് കോടതി നോട്ടീസ് അയച്ചത്.

അതേസമയം കൗൺസലിങ് ഈ ഘട്ടത്തിൽ തടയുന്നില്ലെന്ന് പറഞ്ഞ കോടതി, അന്തിമ വാദത്തിനു ശേഷം പരീക്ഷയും റാങ്ക്ലിസ്റ്റും സാധുവെങ്കിൽ മാത്രം കൗൺസലിങും സാധുവായിരിക്കുമെന്നും വ്യക്തമാക്കി. ജസ്റ്റിസുമാരായ വിക്രം നാഥ്, എസ്.വി.എൻ ഭാട്ടി എന്നിവരുൾപ്പെട്ട ബെഞ്ചാണ് ഹർജി പരിഗണിച്ചത്. വേലനലവധിക്കു ശേഷം കോടതി ചേരുന്ന ജൂൺ എട്ടിന് കേസ് വീണ്ടും പരിഗണിക്കുമെന്നും ഇതിനു മുമ്പ് നിലപാട് അറിയിക്കാനും കേന്ദ്രത്തിനും എൻ.ടി.എക്കും കോടതി നിർദേശം നൽകി. ക്രമക്കേട് നടന്നുവെന്ന് കണ്ടെത്തിയ പശ്ചാത്തലത്തിൽ നീറ്റ് പരീക്ഷയും റാങ്ക് ലിസ്റ്റും റദ്ദാക്കണമെന്നാവശ്യപ്പെട്ടും സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ടും രണ്ട് വ്യത്യസ്ത ഹർജികൾ നേരത്തെ തന്നെ കോടതിയുടെ പരിഗണനയിലുണ്ട്. രണ്ട് ഹർജികളിലും കോടതി കേന്ദ്രത്തിന് നോട്ടീസ് അയക്കുകയും ചെയ്തിരുന്നു. ഈ കേസുകൾക്കൊപ്പമാകും ജൂലായ് എട്ടിന് പുതിയ ഹർജിയും പരിഗണിക്കുക. ഇതിനിടെ നീറ്റ് ക്രമക്കേടുമായി ബന്ധപ്പെട്ട് വിവിധ ഹൈക്കോടതികളുടെ പരിഗണനയിലുള്ള കേസുകൾ സുപ്രീംകോടതി സ്റ്റേ ചെയ്തു. മുഴുവൻ കേസുകളും സുപ്രീംകോടതിയിലേക്ക് മാറ്റാനും രണ്ടംഗ ബെഞ്ച് ഉത്തരവിട്ടു. എൻ.ടി.എ അഭിഭാഷകന്റെ ആവശ്യം അംഗീകരിച്ചാണ് കോടതി ഉത്തരവ്. മെയ് അഞ്ചിനു നടന്ന നീറ്റ് യു.ജി പരീക്ഷയുടെ നടത്തിപ്പിലും മൂല്യനിർണയത്തിലും വ്യാപക ക്രമക്കേട് നടന്നെന്നാണ് ആരോപണം.

ബിഹാർ കേന്ദ്രീകരിച്ച് ചോദ്യപേപ്പർ ചോർന്നതും മൂല്യ നിർണയത്തിനിടെ ഗ്രേസ് മാർക്കിന്റെ മറവിൽ മാർക്ക് വാരിക്കോരി നൽകിയതുമാണ് വിനയായത്. അട്ടിമറിക്കു പിന്നിൽ വൻ റാക്കറ്റ് തന്നെ പ്രവർത്തിക്കുന്നുണ്ടെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിലാണ് സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജി കോടതി പരിഗണിക്കുന്നത്.

കള്ളക്കുറിച്ചി വിഷമദ്യ ദുരന്തത്തിൽ മരിച്ചവരുടെ സംസ്കാരച്ചടങ്ങിനിടെ വിലപിക്കുന്ന ബന്ധുക്കൾ

തമിഴ്നാട് വ്യാജമദ്യ ദുരന്തം; മരണം 42 ആയി

അന്വേഷണത്തിന് ഏകാംഗ കമ്മീഷൻ

ചെന്നൈ: തമിഴ്നാട്ടിലെ കള്ളക്കുറിച്ചി ജില്ലയിൽ കരുണാപുരത്തുണ്ടായ വ്യാജമദ്യ ദുരന്തത്തിൽ മരണം 42 ആയി. നൂറിലേറെ പേർ ചികിത്സയിലാണ്. പലരുടെയും നില അതീവ ഗുരുതരമാണ്. വ്യാജമദ്യം വിറ്റയാൾ ഉൾപ്പെടെ പത്ത് പേർ അറസ്റ്റിലായി. പിടിച്ചെടുത്ത മദ്യത്തിന്റെ സാംപിളിൽ മെഥനോളിന്റെ അംശം കണ്ടെത്തിയിട്ടുമുണ്ട്.

വിഷയത്തിൽ ഉടനടി ഇടപെട്ട സർക്കാർ അന്വേഷണത്തിന് ഏകാംഗ കമ്മീഷനെ നിയോഗിച്ചു. റിട്ട. ഹൈക്കോടതി ജഡ്ജി ബി. ഗോകുൽദാസാണ് അന്വേഷണം നടത്തുക. അതോടൊപ്പം കൈംബ്രാഞ്ച് അന്വേഷണവും നടക്കുന്നുണ്ട്. ജില്ലാ കലക്ടർ ശ്രാവൺ കുമാർ ജഥാവത്തിനെ കഴിഞ്ഞ ദിവസം തന്നെ സ്ഥലം മാറ്റിയിരുന്നു. ജില്ലാ പൊലീസ് സൂപ്രണ്ട്, ലഹരി നിർമാർജന വിഭാഗം ഡി.എസ്.പി എന്നിവരെയും സസ്പെൻഡ് ചെയ്തിട്ടുണ്ട്. മരിച്ചവരുടെ കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതവും ചികിത്സയിലുള്ളവർക്ക് 50,000 രൂപ വീതവും മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ ധനസഹായം പ്രഖ്യാപിച്ചു. ചൊവ്വാഴ്ച രാത്രി മദ്യപിച്ച് വീട്ടിലെത്തിയ ചിലർക്ക് തലകറക്കം, തലവേദന, ഛർദി, വയറുവേദന തുടങ്ങിയ പ്രശ്നങ്ങൾ അനുഭവപ്പെടുകയും നാല് പേർ മരിക്കുകയും ചെയ്തതോടെയാണ് ദുരന്ത സൂചനകൾ ലഭിച്ചത്. പിന്നാലെ, പുതുച്ചേരി ജിപ്മെറിലും കള്ളക്കുറിച്ചി, സേലം, വില്ലുപുരം മെഡിക്കൽ കോളജുകളിലുമായി സമാന അസ്വാസ്ഥ്യങ്ങളോടെ ഒട്ടേറെപ്പേരെ പ്രവേശിപ്പിച്ചു.

ബുധനാഴ്ച രാത്രിയോടെ 13 പേർ കൂടി മരിച്ചു. പ്രാദേശിക വിൽപനക്കാരിൽ നിന്നു മദ്യം വാങ്ങിയവരാണു ദുരന്തത്തിൽ പെട്ടത്. വിദഗ്ധ ചികിത്സ നൽകാനായി വില്ലുപുരം, സേലം, തിരുച്ചിറപ്പള്ളി എന്നിവിടങ്ങളിൽ നിന്നുള്ള ഡോക്ടർമാരുടെ സംഘം കള്ളക്കുറിച്ചി മെഡിക്കൽ കോളജിലെത്തിയിട്ടുണ്ട്. ആരോഗ്യമന്ത്രി എം.സുബ്രഹ്മണ്യന്റെ നേതൃത്വത്തിലുള്ള മന്ത്രി സംഘവും സംഭവ സ്ഥലത്തുണ്ട്. കഴിഞ്ഞ വർഷവും വില്ലുപുരം, ചെങ്കൽപെട്ട് ജില്ലകളിൽ വ്യാജമദ്യം കഴിച്ച് ഒട്ടേറെപ്പേർ മരിച്ചിരുന്നു.

വേദനാജനകമെന്ന് മുഖ്യമന്ത്രി; 10 ലക്ഷം വീതം സഹായധനം

ചെന്നൈ: കള്ളക്കുറിച്ചി വിഷമദ്യ ദുരന്തം വേദനാജനകമാണെന്ന് മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ. കുറ്റക്കാർക്കെതിരെ കർശന നടപടിയെടുക്കും. ആശുപത്രിയിൽ കഴിയുന്നവർക്ക് ഉയർന്ന നിലവാരത്തിലുള്ള ചികിത്സ നൽകാൻ നിർദേശിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. തുടർന്നടപടികളെല്ലാം താൻ നിരീക്ഷിക്കുന്നുണ്ട്. ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾക്ക് എല്ലാ സഹായവും നൽകും. അവരുടെ ദുഃഖത്തിൽ പങ്കു ചേരുന്നു. മന്ത്രിമാർ, ആഭ്യന്തര സെക്രട്ടറി, ഡി.ജി.പി തുടങ്ങിയവർ സ്ഥലത്ത് നേരിട്ടെത്തി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ട്.

ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകാൻ റിട്ട. ഹൈക്കോടതി ജഡ്ജി ബി. ഗോകുൽദാസിനെ ചുമതലപ്പെടുത്തി- മുഖ്യമന്ത്രി വ്യക്തമാക്കി.

അതേസമയം വിഷയം രാഷ്ട്രീയവത്കരിക്കാനുള്ള ബി.ജെ.പി അടക്കമുള്ള പ്രതിപക്ഷ പാർട്ടികൾക്കെതിരെ ഡി.എം.കെ രംഗത്തെത്തി. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനാണ് മുൻഗണന നൽകേണ്ടതെന്ന് ഡി.എം.കെ നേതാവ് കെ.വീരമണി പറഞ്ഞു. സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ ഏകാംഗ കമ്മീഷനെ നിയോഗിച്ച് സർക്കാർ അതിവേഗം നടപടിയെടുത്തു. എന്നാൽ ബി.ജെ.പിയും അണ്ണാ ഡി.എം.കെയും രാഷ്ട്രീയ മുതലെടുപ്പ് നടത്തുകയാണ്. അവർ ജനങ്ങളുടെ ജീവനെക്കാൾ വിലകൽപ്പിക്കുന്നത് വോട്ടിനാണെന്നും അദ്ദേഹം പ്രതികരിച്ചു.

ചോദ്യപേപ്പർ ചോർന്നുകിട്ടിയെന്ന് സമ്മതിച്ച് അറസ്റ്റിലായവർ

പറ്റ്ന: മെയ് അഞ്ചിന് നടന്ന നീറ്റ് യു.ജി പരീക്ഷയുടെ ചോദ്യപേപ്പർ തലേ ദിവസം തന്നെ ചോർന്നു കിട്ടിയിരുന്നുവെന്ന് സമ്മതിച്ച് ബിഹാർ പൊലീസ് അറസ്റ്റു ചെയ്ത നാലു പരീക്ഷാർത്ഥികൾ. 30 ലക്ഷം രൂപ നൽകിയാണ് ചോദ്യേപ്പർ സംഘടിപ്പിച്ചതെന്ന ഒരു പരീക്ഷാർത്ഥിയുടെ മൊഴിയും പുറത്തുവന്നിട്ടുണ്ട്.

നീറ്റ് പരീക്ഷാ നടത്തിപ്പിൽ വ്യാപക ക്രമക്കേട് നടന്നുവെന്നും പരീക്ഷാ അട്ടിമറിക്കു പിന്നിൽ വൻ റാക്കറ്റ് തന്നെ പ്രവർത്തിക്കുന്നുണ്ടെന്നുമുള്ള ആരോപണങ്ങൾ ശരിവക്കുന്നതാണ് അറസ്റ്റിലായ വിദ്യാർത്ഥികളുടെ മൊഴി. അമ്മാവൻ വഴിയാണ് തനിക്ക് ചോദ്യപേപ്പർ ലഭിച്ചതെന്ന് അനുരാഗ് യാദവ് എന്ന വിദ്യാർത്ഥി മൊഴി നൽകി. രാജസ്ഥാനിലെ കോട്ടയിലാണ് താൻ നീറ്റ് പരീക്ഷാ കോച്ചിങ് നടത്തിയിരുന്നത്. തലേദിവസം അമ്മാവൻ വിളിച്ച് ആവശ്യപ്പെട്ടതിനുസരിച്ചാണ് സമസ്തിപൂരിലെ വീട്ടിലെത്തിയത്. തുടർന്ന് തനിക്ക് കുറേ ചോദ്യങ്ങൾ നൽകി. ഈ ചോദ്യങ്ങളെല്ലാം തൊട്ടടുത്ത ദിവസത്തെ നീറ്റ് പരീക്ഷയുടെ ചോദ്യപേപ്പറിലും അതേപടി ആവർത്തിച്ചിരുന്നു- അനുരാഗിന്റെ മൊഴിയിൽ പറയുന്നു. ഇയാളുടെ അമ്മാവനേയും പൊലീസ് അറസ്റ്റു ചെയ്തിട്ടുണ്ട്. നീറ്റ് പരീക്ഷയുടെ വിവിധ പേപ്പറുകളിൽ അനുരാഗ് യാദവിന് ലഭിച്ച സ്കോർ കാർഡും സംശയം ജനിപ്പിക്കുന്നതാണ്.

ഫിസിക്സിന് 85.8 ശതമാനവും ബയോളജിക്ക് 51 ശതമാനവും മാർക്ക് ലഭിച്ച ഇയാൾക്ക് കെമിസ്ട്രിയിൽ ലഭിച്ചിരിക്കുന്നത് കേവലം അഞ്ചു ശതമാനം മാത്രം മാർക്കാണ്. ആൾ ഇന്ത്യാ റാങ്ക് പട്ടികയിൽ 10,51,525ാം സ്ഥാനത്തും ഒ.ബി.സി ക്വാട്ടയിൽ 4,67,824ാം സ്ഥാനത്തുമാണ് അനുരാഗ് യാദവ്. 30 ലക്ഷം രൂപ നൽകിയാണ് ചോദ്യപേപ്പർ സംഘടിപ്പിച്ചതെന്നാണ് അമിത് നിതീഷ് എന്ന മറ്റൊരു പരീക്ഷാർത്ഥി പൊലീസിന് നൽകിയ മൊഴി.

40 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടതെങ്കിലും 30-32 ലക്ഷം രൂപക്ക് ഡീൽ ഉറപ്പിക്കുകയായിരുന്നുവെന്നും ഇയാളുടെ മൊഴിയിൽ പറയുന്നു. 720ൽ 300 മാർക്ക് ലഭിച്ച ഇയാൾക്ക് ബയോളജിയിൽ 87.8 ശതമാനം മാർക്ക് ലഭിച്ചപ്പോൾ, ഫിസിക്സിനും കെമിസ്ട്രിക്കും യഥാക്രമം 15.5, 15.3 ശതമാനം മാർക്കുകളാണ് ലഭിച്ചത്. അതേസമയം മറ്റു രണ്ടുപേരുടെ സ്കോർകാർഡ് താരതമ്യേന ഭേദപ്പെട്ടതാണ്. 720ൽ 581ഉം 483ഉം മാർക്ക് ലഭിച്ച ഇരുവർക്കും ഓരോ വിഷയങ്ങൾക്കും ലഭിച്ച മാർക്കും ഏറെക്കുറെ ഒരേ നിലയിലുള്ളതാണ്.

പ്രധാനമന്ത്രി ജമ്മു കശ്മീരിൽ

ലഡാക്ക്: രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ജമ്മു കശ്മീരിലെത്തി. മൂന്നാമതും പ്രധാനമന്ത്രി പദത്തിലെത്തിയതിന് ശേഷമുള്ള മോദിയുടെ ആദ്യ സന്ദർശനമാണിത്. ഇന്ന് ശ്രീനഗറിൽ നടക്കുന്ന അന്താരാഷ്ട്ര യോഗ ദിന ചടങ്ങിലും മോദി പങ്കെടുക്കും. ജമ്മു കശ്മീരിലെ വിവിധ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കം കുറിക്കും. ഇന്നലെ വൈകുന്നേരം ശ്രീനഗറിൽ എത്തിയ പ്രധാനമന്ത്രി ഷേർ ഇ കശ്മീർ ഇന്റർനാഷണൽ കോൺഫറൻസ് സെന്റർ സന്ദർശിച്ചു. ജമ്മു കശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചതായും കേന്ദ്രഭരണ പ്രദേശത്തിന് സംസ്ഥാന പദവി ഉടൻ തിരികെ നൽകുമെന്നും മോദി പറഞ്ഞു.

വോട്ടിങ് യന്ത്രത്തിനെതിരെ പരാതിയുമായി ബി.ജെ.പി സ്ഥാനാർത്ഥികളും

ന്യൂഡൽഹി: ലോക്സഭാ തിരഞ്ഞെടുപ്പിന് ഉപയോഗിച്ച വോട്ടിങ് യന്ത്രത്തിന്റെ ബേൺഡ് മെമ്മറിയും വിവിപാറ്റും തമ്മിൽ ഒത്തുനോക്കാൻ ഇതുവരെ എട്ടു അപേക്ഷകൾ ലഭിച്ചതായി കേന്ദ്രതിരഞ്ഞെടുപ്പ് കമ്മിഷൻ. മൂന്നു വീതം ബി.ജെ.പി കോൺഗ്രസ് സ്ഥാനാർത്ഥികളും ഓരോ ഡി.എം.ഡി.കെ, വൈ.എസ്.ആർ. കോൺഗ്രസ് സ്ഥാനാർത്ഥികളുമാണ് കമ്മിഷനെ സമീപിച്ചത്. ബി.ജെ.പിയുടെ മഹാരാഷ്ട്രയിലെ അഹമ്മദ്നഗർ, തമിഴ്നാട്ടിലെ വെല്ലൂർ, തെലങ്കാനയിലെ സഹിറാബാദ് സ്ഥാനാർത്ഥികളാണ് ആവശ്യമുന്നയിച്ചത്. കോൺഗ്രസിന്റെ ഛത്തിസ്ഗഢിലെ കൻകർ, ഹരിയാനയിലെ ഫരീദാബാദ്, കർണാൽ സ്ഥാനാർത്ഥികളും വൈ.എസ്.ആർ. കോൺഗ്രസിന്റെ വിഴിയനഗരം സ്ഥാനാർത്ഥിയും വിരുദുനഗറിലെ ഡി.എം.ഡി.കെ സ്ഥാനാർത്ഥിയും ഇതേ ആവശ്യമുന്നയിച്ചിട്ടുണ്ട്.

നിയമസഭാ തിരഞ്ഞെടുപ്പ്നടന്ന ആന്ധ്രപ്രദേശിലെ രണ്ട് മണ്ഡലങ്ങളിലും ഒഡീഷയിലെ ഒരിടത്തും വിവിപാറ്റ് പരിശോധനയ്ക്ക് സ്ഥാനാർത്ഥികൾ അപേക്ഷ നൽകി. തിരഞ്ഞെടുപ്പുകളിൽ രണ്ടുമൂന്നും സ്ഥാനത്തെത്തിയ സ്ഥാനാർത്ഥികൾക്ക് യന്ത്രത്തിന്റെ പ്രോഗ്രാമിൽ സംശയംതോന്നിയാൽ പരിശോധിക്കാൻ അവസരം നൽകണമെന്ന് സുപ്രീംകോടതി നിർദേശിച്ചിരുന്നു. ഒരു നിയമസഭാ മണ്ഡലത്തിലെ അഞ്ചുശതമാനം ഇ.വി.എമ്മുകൾ പരിശോധിക്കാം.

അപേക്ഷ ലഭിച്ചാൽ ഇ.വി.എം. നിർമാതാക്കളുടെ എൻജിനിയർമാർ ബന്ധപ്പെട്ട യന്ത്രങ്ങൾ പരിശോധിക്കണം. പോളിങ് ബൂത്തുകളുടെ സീരിയൽ നമ്പറുകൾ ഉപയോഗിച്ച് സ്ഥാനാർത്ഥികൾ ഇ.വി.എമ്മുകൾ തിരഞ്ഞെടുക്കണം. പരിശോധന നടക്കുമ്പോൾ സ്ഥാനാർത്ഥികൾക്കും പ്രതിനിധികൾക്കും ഹാജരായിരിക്കാം. പരിശോധനയ്ക്കുശേഷം ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ പ്രോഗ്രാമിന്റെ ആധികാരികത വിജ്ഞാപനം ചെയ്യണം. പരിശോധനയ്ക്കു ചെലവാകുന്ന തുക അപേക്ഷനൽകുന്ന സ്ഥാനാർത്ഥി നൽകണം. ക്രമക്കേട് കണ്ടെത്തിയാൽ തുക തിരിച്ചുകൊടുക്കണമെന്നും സുപ്രീംകോടതി നിർദേശിച്ചിരുന്നു. മുഴുവൻ വി.വിപാറ്റ് സ്ലിപ്പുകളും ഒത്തുനോക്കണം, വോട്ടെടുപ്പിന് ശേഷം വി.വി.പാറ്റ് സ്ലിപ്പ് ബാലറ്റുപെട്ടിയിൽ നിക്ഷേപിക്കാൻ വോട്ടർമാരെ അനുവദിക്കണമെന്നും നിർദേശമുണ്ട്.

ആംടെക് ഗ്രൂപ്പ് സ്ഥാപനങ്ങളിൽ ഇ.ഡി റെയ്ഡ്

ന്യൂഡൽഹി: 20,000 കോടിയിലധികം രൂപയുടെ ബാങ്ക് വായ്പാ തട്ടിപ്പ് നടത്തിയെന്ന കേസിൽ ആംടെക് ഗ്രൂപ്പിന്റെ സ്ഥാപനങ്ങളിൽ ഇ.ഡി റെയ്ഡ്. ഡൽഹി, ഗുരുഗ്രാം, നോയിഡ, മുംബൈ, നാഗ്പൂർ എന്നിവിടങ്ങളിലെ 35 ഓളം സ്ഥാപനങ്ങളിലാണ് പരിശോധന നടന്നത്. ആംടെക് ഗ്രൂപ്പിനും ഡയറക്ടർമാരായ അരവിന്ദ് ധാം, ഗൗതം മൽഹോത്ര എന്നിവർക്കുമെതിരെ കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമപ്രകാരമാണ് അന്വേഷണം നടക്കുന്നത്.

ബിഹാറിലെ 65 ശതമാനം പിന്നാക്ക സംവരണം റദ്ദാക്കി ഹൈക്കോടതി

പറ്റ്ന: സർക്കാർ ജോലികളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പിന്നാക്ക വിഭാഗത്തിന് 65 ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ട് ബിഹാർ സർക്കാർ കൊണ്ടുവന്ന നിയമം പറ്റ്ന ഹൈക്കോടതി റദ്ദാക്കി.

ചീഫ് ജസ്റ്റിസ് കെ. വിനോദ് ചന്ദ്രന്റെ അധ്യക്ഷതയിലുള്ള ഡിവിഷൻ ബെഞ്ചിന്റേതാണ് ഉത്തരവ്. തുല്യതക്കുള്ള അവകാശം ഉറപ്പാക്കുന്ന ഭരണഘടനാ അനുച്ഛേദം 14, 15, 16 എന്നിവയുടെ ലംഘനമാണ് നിയമത്തിലൂടെയുണ്ടായതെന്ന് കോടതി നിരീക്ഷിച്ചു. ജാതി സർവേക്ക് പിന്നാലെ ഒ.ബി.സി, എസ്.സി, എസ്.ടി വിഭാഗങ്ങൾക്കുള്ള സംവരണം 50ൽനിന്ന് 65 ആക്കി ഉയർത്തുന്ന നിയമം കഴിഞ്ഞ നവംബറിലാണ് ബിഹാർ നിയമസഭയിൽ പാസായത്. നിയമം നിലവിൽവന്നതോടെ ഒ.ബി.സി- 43 ശതമാനം, എസ്.സി- 20 ശതമാനം, എസ്.ടി- 2 ശതമാനം എന്നിങ്ങനെ സംവരണം പുനർ നിശ്ചയിക്കപ്പെട്ടു.

ഇ.ഡബ്ല്യു.എ

അഫിലിയേറ്റഡ് കോളജുകളിലെ ഇന്റഗ്രേറ്റഡ് പി.ജി. ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാലാ അഫിലിയേറ്റഡ് കോളജുകളിലെ 2024 2025 അധ്യയന വർഷത്തേക്കുള്ള ഇന്റഗ്രേറ്റഡ് പി.ജി. പ്രോഗ്രാമുകളുടെ ഒന്നാമത്തെ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ജൂൺ 22 ന് നാലു മണിക്ക് മുൻപായി മാൻഡേറ്ററി ഫീസടച്ച് സ്ഥിരപ്രവേശനം നേടേണ്ടതാണ്. എസ്.സി. / എസ്.ടി. / ഒ.ഇ.സി. / ഒ.ഇ.സിക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർഥികൾ : 135/ രൂപയും മറ്റുള്ളവർ : 540/ രൂപയുമാണ് അടയ്ക്കേണ്ടത്. പേയ്മെന്റ് നടത്തിയവർ അവരുടെ സ്റ്റുഡന്റസ് ലോഗിനിൽ പേയ്മെന്റ് ഡീറ്റെയിൽസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ മാൻഡേറ്ററി ഫീസടച്ച് സ്ഥിരപ്രവേശനം നേടാത്തവർക്ക് നിലവിൽ ലഭിച്ച അലോട്ട്മെന്റ് നഷ്ടമാകുന്നതും തുടർന്നുള്ള അലോട്ട്മെന്റ് പ്രക്രിയയിൽ നിന്നും പുറത്താകുന്നതുമാണ്. ലഭിച്ച ഓപ്ഷനിൽ തൃപ്തരായവർ ഹയർ ഓപ്ഷനുകൾക്ക് പരിഗണിക്കേണ്ടതില്ലെങ്കിൽ 22ന് നാലുമണിക്ക് മുൻപായി ഹയർ ഓപ്ഷൻ റദ്ദ് ചെയ്യണം.

അഫ്സലുൽ ഉലമ പ്രവേശനം 2024

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാലാ 2024 2025 അധ്യയന വർഷത്തിലേക്കുള്ള അഫ്സലുൽഉലമ (പ്രിലിമിനറി) കോഴ്സിലേക്ക് (പ്ലസ്ടു ഹ്യൂമാനിറ്റീസ് തത്തുല്ല്യ കോഴ്സ്) ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി ജൂൺ 30 ന് വൈകിട്ട് അഞ്ചു മണിവരെ നീട്ടി. അപേക്ഷ ഫീസ്: എസ്.സി./എസ്.ടി. 195/ രൂപ, മറ്റുള്ളവർ 470/രൂപ. കൂടുതൽ വിവരങ്ങൾ പ്രവേശന വിഭാഗം വെബ്സൈറ്റിൽ. ഫോൺ: 0494 2407016, 2407017, 2660600.

കേരള വാർത്തകൾ

യോഗ രാഗം

ഇന്ന് ലോക സംഗീത ദിനവും യോഗാ ദിനവുമാണ്. യോഗയും സംഗീതവും മനുഷ്യമനസ്സിന് പകർന്നു നൽകുന്ന ഊർജം ചെറുതല്ല. രണ്ടു ദിനങ്ങളെക്കുറിച്ചും കൂട്ടുകാർക്ക് സ്കൂളുകളിൽ പ്രവർത്തനങ്ങൾ തയാറാക്കാനുണ്ടാകുമല്ലോ... ഈ രണ്ട് ദിനങ്ങളെക്കുറിച്ചും കൂടുതലറിയാം...

യോഗയും മനസ്സും

കേവലമൊരു വ്യായാമം മാത്രമല്ല, മനസ്സിനും ശരീരത്തിനും സമാധാനം പ്രധാനം ചെയ്യുന്ന ഒന്നാണ് യോഗ. യോഗ ചെയ്യുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിനാൽ മനുഷ്യശരീരത്തിനുണ്ടാകുന്ന ഗുണങ്ങളെക്കുറിച്ചും അവബോധം വളർത്തുന്നതിനായാണ് എല്ലാ വർഷവും ജൂൺ 21ന് യോഗാ ദിനം ആചരിക്കുന്നത്. ആയിരകണക്കിന് വർഷങ്ങൾക്കു മുമ്പ് ഇന്ത്യയിൽ ഉത്ഭവിച്ച ഒരു പരിശീലനമാണ് യോഗ.

2014 സെപ്തംബർ 27ന് ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലിയിലാണ് യോഗ ദിനമാചരിക്കാൻ തീരുമാനമായത്. യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നീ എട്ടു വിഭാഗങ്ങളാണ് യോഗക്കുള്ളത്. വിഷാദവും ഉത്കണ്ഠയുമകറ്റുന്നതിന് യോഗ ഏറെ ഉത്തമമാണെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. കൂടാതെ രോഗപ്രതിരോധ സംവിധാനം ശക്തിപ്പെടുത്താനും യോഗ സഹായിക്കും. യോഗ കൊണ്ടുള്ള മറ്റൊരു വലിയ പ്രയോജനം മാനസിക സമ്മർദ്ദം കുറയ്ക്കാൻ സഹായിക്കുന്നുവെന്നതാണ്. ഹൃദയാരോഗ്യം വർധിപ്പിക്കുന്നതോടൊപ്പം എല്ലുകളുടെയും സന്ധികളുടെയും ബലം ശക്തിപ്പെടുത്തുകയും ചെയ്യുന്നു. യോഗ സ്വന്തം ആരോഗ്യത്തിനും സമൂഹത്തിനും എന്നതാണ് ഈ വർഷത്തെ പ്രമേയം.

സംഗീതസാന്ദ്രം

സംഗീതം ദൈവികമായ അനുഗ്രഹമാണ്. മനസ്സിന് ശാന്തി നൽകാനും ദുഃഖമകറ്റാനും സപ്തസ്വരങ്ങൾക്ക് സാധിക്കുമെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. സംഭാഷണം പരാജയപ്പെടുന്നിടത്ത് ആഗോള ഭാഷയായ സംഗീതം സംസാരിക്കുമെന്ന് പറയപ്പെടുന്നത് വാക്കുകൾക്ക് വിവരിക്കാനാവാത്ത സന്ദർഭങ്ങളിൽ ഹൃദയഗീതങ്ങളിലേക്ക് ആഴ്ന്നിറങ്ങാൻ പ്രാപ്തിയുള്ളതുകൊണ്ടാണ്. സിംഫണിയുടെ മാസ്മരികത നമുക്ക് സമ്മാനിച്ച ബീതോവൻ ഉൾപ്പെടെ എണ്ണിയാലൊടുങ്ങാത്ത പേരുകളാൽ സമ്പന്നമാണ് ലോക സംഗീത വേദി.

ദിനാചരണം

അമേരിക്കൻ സംഗീതജ്ഞനായ ജോയൽ കോയന്റെ മനസ്സിലാണ് ലോക സംഗീത ദിനാചരണമെന്ന ആശയമുദിച്ചത്. 1976-ലായിരുന്നു ഇത്. ദിനാചരണത്തിന്റെ ഭാഗമായി ഈ ദിനം ആർക്കും എവിടെയും ആടിപ്പാടാമെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ ഇത്തരമൊരു ദിനാചരണം അമേരിക്കയിൽ യാഥാർത്ഥ്യമാക്കാൻ സാധിച്ചില്ല. പിന്നീട് ഫ്രാൻസിലാണ് ജോയലിന്റെ ആശയം പ്രാബല്യത്തിൽ വരുന്നത്. അതും ആറു വർഷങ്ങൾക്കു ശേഷം 1982-ൽ. ഫ്രഞ്ച് സാംസ്കാരിക മന്ത്രിയായ ജാക്ക് ലാങ്ങാണ് സംഗീത ദിനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് ആദ്യമായി വിഭാവനം ചെയ്തത്. 1982-ൽ പാരീസിൽ ഫെറ്റെ ഡി ലാ മ്യൂസിക് എന്ന പേരിൽ ആദ്യത്തെ സംഗീത ദിനാചരണം നടത്തി. തുടർന്ന് മറ്റു രാജ്യങ്ങളും ഇത് ഏറ്റെടുത്തു. അമേചർ സംഗീകാരന്മാർക്ക് അവസരങ്ങൾ ഉണ്ടാക്കുകയെന്നതായിരുന്നു ഈ ആശയത്തിനു പിന്നിലെ ലക്ഷ്യം. നൂറിലേറെ രാജ്യങ്ങൾ ഇന്ന് സംഗീത ദിനം അവരുടേതായ രീതികളിൽ പലവിധത്തിൽ ആചരിക്കുന്നു. ഫ്രാൻസിൽ ഇപ്പോഴും ഫെറ്റെ ഡി ലാ മ്യൂസിക് എന്ന സംഗീതോത്സവമായാണ് ആഘോഷിക്കുന്നത്.

പ്രമുഖവചനങ്ങൾ

സംഗീതം പ്രപഞ്ചത്തിന് ആത്മാവും മനസ്സിന് ചിറകുകളും ഭാവനകളിലേക്കുള്ള പറക്കലും സമ്മാനിക്കുന്നു -പ്ലേറ്റോ

വാക്കുകൾ പരാജയപ്പെടുന്നിടത്ത് സംഗീതം സംസാരിക്കുന്നു -ഹാൻസ് ആൻഡേഴ്സൺ

മനുഷ്യരാശിയുടെ സാർവത്രിക ഭാഷയാണ് സംഗീതം-ഹെൻറി വാഡ്സ്വർത്ത് ലോംഗ്ഫെല്ലോ

ചന്ദ്രിക പാഠമുദ്ര

ജൂൺ 21
ലോക ജിറാഫ് ദിനം

ഉയരത്തിൽ ഞാനൊരു കേമൻ

മൃഗങ്ങളിൽ ഏറ്റവും ഉയരം കൂടുതലുള്ളത് ആർക്കാണെന്ന് കൂട്ടുകാർക്കറിയാമോ? ജിറാഫ്. മൃഗശാലകളിലും മറ്റും കൂട്ടുകാർ ഇവയെ കണ്ടിരിക്കാമെങ്കിലും ജിറാഫിനെ ആഫ്രിക്കയിലാണ് സുലഭമായി കാണപ്പെടുന്നത്. ഇരട്ട കുളമ്പുള്ള സസ്തനിയായ ജിറാഫിനെക്കുറിച്ച് കൂടുതലറിയാം...

മൃഗരാജ്യത്തിലെ പ്രമുഖ അംഗമാണ് ജിറാഫ്. നീളമുള്ള കഴുത്തും മെലിഞ്ഞ കാലുകളും ശരീരത്തിൽ മനോഹരമായ പാടുകളുമുള്ള ഈ മൃഗത്തിന് അതിശയകരവും അവിശ്വസനീയവുമായ രൂപഭാവമാണുള്ളത്. ആൺ ജിറാഫിന് 4.8 മുതൽ 5.5 മീറ്റർ വരെ ഇയരവും 1700 കിലോഗ്രാം ഭാരവുമുണ്ടാകും. വേഗതയാവട്ടെ മണിക്കൂറിൽ 35 മുതൽ 60 കിലോമീറ്റർ വരെയും. അകേഷ്യ സസ്യങ്ങൾ വളരുന്ന ഇടങ്ങളിൽ കഴിയാനാണ് ഇവക്കേറെയിഷ്ടം. രസകരമെന്നു പറട്ടെ, അകേഷ്യ ഇലകൾ ഭക്ഷിക്കാൻ ഇഷ്ടപ്പെടുന്ന ഇവ ദിവസത്തിൽ 134 കിലോഗ്രാം ഭക്ഷണം വരെ അകത്താക്കും. പരമാവധി 20 മിനുട്ട് മാത്രം ഉറക്കമുള്ള ഈ ജീവി വർഗത്തിന്റെ ശരാശരി ആയുസ്സ് 25 വയസ്സുവരെയാണ്. നീളമേറിയ കഴുത്തിനു പുറമെ നീളമേറിയ വാലുള്ള ജീവിയും ജിറാഫാണ്. ഒന്നര കിലോമീറ്റർ അകലെ വരെ ദൂരകാഴ്ചയുള്ള ഇവക്ക് ശബ്ദമുണ്ടാക്കാൻ കഴിവില്ല. അതിനാൽ ആശയവിനിമയം നടത്തുന്നത് കണ്ണുകൊണ്ടാണ്. കഴുത്തിന്റെ നീളം കാരണം മസ്തിഷ്കത്തിലെ രക്തസമ്മർദ്ദം കൂടുന്നതിനാൽ കഴുത്തു അധികനേരം താഴ്ത്തിപിടിക്കാനും ഈ ജന്തുജാലത്തിന് സാധിക്കില്ല. നാലു തരം ജിറാഫുകളാണുള്ളത്. മസായി, തെക്കൻ, വടക്കൻ, റെറ്റിക്യുലേറ്റഡ് ജിറാഫുകൾ. ഇവയെല്ലാം ആഫ്രിക്കൻ ഭൂഖണ്ഡത്തിലാണുള്ളത്. ഇതൊക്കെയാണെങ്കിലും ജിറാഫിനും ഒരു ദിനമുണ്ട്. ജിറാഫ് കൺസർവേഷൻ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ എല്ലാവർഷവും ജൂൺ 21ന് ലോക ജിറാഫ് ദിനമായി ആചരിക്കുന്നു. ഈ അത്ഭുതകരമായ മൃഗത്തിന്റെ സംരക്ഷണം സംബന്ധിച്ച് ലോകജനതക്ക് അവബോധം വളർത്തുന്നതിനായാണ് ഇത്തരമൊരു നീക്കം. ഇവ വംശനാശ പട്ടികയിലാണുള്ളത്. എണ്ണത്തിൽ കാര്യമായ കുറവാണ് ഓരോ വർഷവുമുണ്ടാവുന്നതെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്.

ശബരിമല വിമാനത്താവളം: ഭൂമി ഏറ്റെടുക്കാനുള്ള വിജ്ഞാപനം പിൻവലിക്കുമെന്ന് സർക്കാർ

കൊച്ചി: ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം പദ്ധതിക്ക് ഭൂമി ഏറ്റെടുക്കാനുള്ള വിജ്ഞാപനം പിൻവലിക്കുമെന്ന് സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ അറിയിച്ചു. ഭൂമി ഏറ്റെടുക്കുന്നതിനായി പുതിയ വിജ്ഞാപനം പുറത്തിറക്കുമെന്നും സർക്കാർ കോടതിയിൽ ബോധിപ്പിച്ചു. സാമൂഹിക ആഘാത പഠനം അടക്കം പുതിയ ഏജൻസിയെ കൊണ്ട് നടത്തിക്കുമെന്നും സർക്കാർ വ്യക്തമാക്കി. നിലവിലെ വിജ്ഞാപനം നേരത്തെ ഹൈക്കോടതി സ്റ്റേ ചെയ്ത സാഹചര്യത്തിലാണ് സർക്കാർ നിലപാട് മാറ്റിയത്. ബിലീവേഴ്സ് ചർച്ചിന് കീഴിലുള്ള അയന ചാരിറ്റബിൾ ട്രസ്റ്റ് നൽകിയ ഹർജിയിലാണ് ഹൈക്കോടതി വിജ്ഞാപനം സ്റ്റേ ചെയ്തത്. 441 കൈവശക്കാരുടെ 1000.28 ഹെക്ടർ ഭൂമി ഏറ്റെടുക്കാനാണ് ഇക്കഴിഞ്ഞ മാർച്ചിൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത്. എന്നാൽ സാമൂഹികാഘാത പഠനം നടത്തിയതിലും ഭൂമിയുടെ ഉടമസ്ഥാവകാശം നിർണ്ണയിച്ചതും ചട്ടവിരുദ്ധമായാണെന്ന വാദം അംഗീകരിച്ചാണ് നടപടികൾ ഹൈക്കോടതി സ്റ്റേ ചെയ്തത്. ബിലീവേഴ്സ് ചർച്ചിന് കീഴിലുള്ള ചെറുവള്ളി എസ്റ്റേറ്റിലെ ഭൂമിയുടെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട് തർക്കം നിലനിൽക്കുന്നുണ്ട്. എന്നാൽ സർക്കാറിന് ഉടമസ്ഥാവകാശമുള്ള ഭൂമി എന്ന പേരിലാണ് വിജ്ഞാപനമെന്നായിരുന്നു ഹർജിക്കാരുടെ വാദം. കൂടാതെ സാമൂഹികാഘാത പഠനം നടത്തിയത് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് ആണ്. ഇത് സർക്കാറിന് കീഴിലുള്ള ഏജൻസിയാണെന്നും കേന്ദ്രസംസ്ഥാന ചടങ്ങൾക്ക് വിരുദ്ധമാണെന്ന വാദം പരിഗണിച്ച് കോടതി ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനം സ്റ്റേ ചെയ്തത്.

എം.ബി.എ. (ഫുൾ ടൈം / പാർട്ട് ടൈം) പ്രവേശനം 2024

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാലാ കൊമേഴ്സ് ആന്റ് മാനേജ്മെന്റ് സ്റ്റഡീസ് പഠനവകുപ്പ്, സ്വാശ്രയ സെന്ററുകൾ (ഫുൾ ടൈം / പാർട്ട് ടൈം), സ്വാശ്രയ കോളജുകൾ (ഓട്ടോണമസ് ഒഴികെ) എന്നിവയിൽ 2024 വർഷത്തെ എം.ബി.എ. പ്രവേശനത്തിന് CMAT 2024 യോഗ്യത നേടിയവർക്ക് ഉൾപ്പെടെ ഓൺലൈനായി ജൂൺ 29 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾ പ്രവേശന വിഭാഗം വെബ്സൈറ്റിൽ. ഫോൺ: 0494 2407017, 2407016.

പാക്കറ്റ് പൊറോട്ടയുടെ നികുതിയിളവ് കുറച്ച സിംഗിൾ ബെഞ്ച് ഉത്തരവിന് ഡിവിഷൻ ബഞ്ചിന്റെ സ്റ്റേ

കൊച്ചി: പാക്കറ്റ് പൊറോട്ടയുടെ നികുതിയിളവ് കുറച്ച സിംഗിൾ ബെഞ്ച് ഉത്തരവ് ഡിവിഷൻ ബഞ്ച് സ്റ്റേ ചെയ്തു. പൊറോട്ടയ്ക്ക് മലബാർ പൊറോട്ട 'അപ്പം' പോലെയാണെന്നും 18 ശതമാനം ജി.എസ്.ടി നിരക്കിൽ അല്ല, 5 ശതമാനം ജി.എസ്.ടി നിരക്കിൽ പ്രാബല്യത്തിൽ വരുമെന്നും വിധിച്ച സിംഗിൾ ബെഞ്ചിന്റെ ഉത്തരവാണ് കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് സ്റ്റേ ചെയ്തത്. മലബാർ 'പൊറോട്ട'ക്കും ഹോൾ വീറ്റ് മലബാർ പൊറോട്ടക്കും 18 ശതമാനം അല്ല 5 ശതമാനം ജി.എസ്.ടി നിരക്കിൽ ബാധകമാണെന്ന സിംഗിൾ ബെഞ്ചിന്റെ ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ സമർപ്പിച്ച അപ്പീലാണ് സ്റ്റേ.

റിട്ട് ഹർജി തീർപ്പാക്കിക്കൊണ്ട്, മലബാർ പൊറോട്ട, ഹോൾ ഗോതമ്പ് മലബാർ പൊറോട്ട എന്നിവക്ക് ജി.എസ്.ടി നിയമങ്ങളും ജി.എസ്.ടിക്ക് കീഴിലുള്ള ചട്ടങ്ങളും അവയുടെ വിതരണത്തിന്റെ 5 ശതമാനം നിരക്കിൽ നികുതി ചുമത്താൻ ബാധ്യസ്ഥരാണെന്ന് കോടതി വ്യക്തമാക്കിയത്. ക്ലാസിക് മലബാർ പൊറോട്ട, ഹോൾ വീറ്റ് മലബാർ പൊറോട്ട തുടങ്ങിയ ഭക്ഷ്യ ഉത്പന്നങ്ങൾ നിർമിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന മോഡേൺ ഫുഡ് എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡാണ് ഹർജി സമർപ്പിച്ചത്. ഹരജിക്കാരന്റെ ഉത്പന്നങ്ങൾ 'അപ്പം' എന്നതിന് അർഹതയുള്ളതാണെന്ന് മനസ്സിലാക്കി അതിന്റെ ഉത്പന്നങ്ങളുടെ വർഗീകരണവും ജി.എസ്.ടി നിരക്കും ആവശ്യപ്പെട്ട് റിട്ട് ഹർജി സമർപ്പിച്ചു.

റൊട്ടിയെ പൊറോട്ടയുമായി തുലനം ചെയ്യാനോ ബ്രെഡ് എന്ന് തരംതിരിക്കാനോ കഴിയില്ലെന്ന കേരള അതോറിറ്റി ഫോർ അഡ്വാൻസ് റൂളിങ്ങിന്റെയും അപ്പലേറ്റ് അതോറിറ്റി ഫോർ അഡ്വാൻസ് റൂളിംഗിന്റെയും ഉത്തരവാണ് സ്റ്റേ ചെയ്യുന്നതിന് ഉപോൽബലകമായത്. പൊറോട്ട ഒരു ബേക്കറി ഉത്പന്നമോ മനുഷ്യ ഉപഭോഗത്തിന് തയ്യാറോ ആയിരുന്നില്ല, കാരണം അത് ചൂടാക്കുകയോ കൂടുതൽ പ്രോസസ്സ് ചെയ്യുകയോ വേണം. എൻട്രി 1905 പ്രകാരം പൊറോട്ടയെ ബ്രെഡായി വർഗീകരിക്കാൻ കഴിയില്ലെന്ന് അപ്പലേറ്റ് അതോറിറ്റി ഫോർ അഡ്വാൻസ് റൂളിംഗ് വ്യക്തമാക്കിയിട്ടുണ്ട്. ഇത് ചോദ്യം ചെയ്താണ് ഹർജി നൽകിയത്.

എൽ.ഡി.എഫിൽ നിന്നിട്ട് ഗുണമില്ലെന്ന് സി.പി.ഐ ഇടുക്കി ജില്ലാ കൗൺസിലിൽ വിമർശനം

തൊടുപുഴ: ഇടതുമുന്നണിയിൽ നിന്നിട്ട് സി.പി.ഐക്ക് ഗുണമുണ്ടായില്ലെന്നും മുന്നണി മാറ്റം ആലോചിക്കണമെന്നും സി.പി.ഐ ഇടുക്കി ജില്ലാ കൗൺസിൽ യോഗം. തിരഞ്ഞെടുപ്പ് ഫലം വിലയിരുത്താൻ രണ്ടു ദിവസമായി ചേർന്ന യോഗത്തിൽ സി.പി.എമ്മിനും കേരളാ കോൺഗ്രസിനും എതിരെ രൂക്ഷ വിമർശനമുയർന്നു. ദേശീയ തലത്തിൽ കോൺഗ്രസിനൊപ്പം ഇന്ത്യാ മുന്നണിയിലാണ് സി.പി.ഐ. അത് കൊണ്ട് കോൺഗ്രസിനൊപ്പം ചേർന്നാലും കുഴപ്പമില്ല. സി.പി.എമ്മിനൊപ്പം നിൽക്കുമ്പോൾ കഴിഞ്ഞ രണ്ട് ലോക്സഭാ തിരഞ്ഞെടുപ്പിലും ഒരു സീറ്റ്പോലും ലഭിക്കാത്തത് അംഗങ്ങൾ ചൂണ്ടിക്കാട്ടു.

കേരളാ കോൺഗ്രസിന്റെ വരവ് മുന്നണിക്ക് ഗുണം ചെയ്തില്ല. മന്ത്രി റോഷി അഗസ്റ്റിന്റെ മണ്ഡലത്തിൽ പോലും ലീഡ് നേടാനായില്ല. കേരളാ കോൺഗ്രസിന് അമിത പ്രാധാന്യം നൽകി സി.പി.ഐയെ ഒതുക്കുകയാണന്ന് സി.പി.എമ്മെന്ന് വിമർശനമുയർന്നു. സി.പി.ഐ മന്ത്രിമാർക്കെതിരെയും അംഗങ്ങൾ വിമർശനമുന്നയിച്ചു. ഇടുക്കിയിലെ ഭൂ പ്രശ്നങ്ങൾ പരിഹരിക്കാത്തതിൽ റവന്യൂ മന്ത്രിക്ക് ഉത്തരവാദിത്വമുണ്ട്. ഭൂ പ്രശ്നങ്ങൾ ദയനീയ പരാജയത്തിന് കാരണമായെന്നും വിമർശനമുയർന്നു. സി.പി. ഐ വിമർശനങ്ങൾ ജില്ലയിൽ ഇടതുമുന്നണിയിലെ കലഹം രൂക്ഷമാക്കും.

മലപ്പുറം വാഹനാപകടം

ഞെട്ടൽ മാറാതെ മുട്ടിപ്പടി; ഫിദ പ്ലസ്‌വൺ വിഷയത്തിൽ മലപ്പുറത്തോട് സർക്കാർ കാണിച്ച വിവേചനത്തിന്റെ മറ്റൊരു ഇര

മലപ്പുറം: മകൾക്ക് പ്ലസ് വൺ അലോട്ട്മെന്റ് ലഭിച്ചതിന്റെ സന്തോഷം ഹൃദയത്തിലേറ്റി പ്രവേശനം നേടാൻ മലപ്പുറത്തേക്ക് പുറപ്പെട്ട കുടുംബത്തിന്റെ ദാരുണാന്ത്യത്തിന്റെ ഞെട്ടൽ മാറാതെ മലപ്പുറം മുട്ടിപ്പടി. മികച്ച മാർക്കുണ്ടായിട്ടും, അടുത്ത പ്രദേശങ്ങളിലെല്ലാം ഹയർസെക്കന്ററി സ്കൂളുകളുണ്ടായിട്ടും സീറ്റിനായി 15 കിലോമീറ്ററുകൾ താണ്ടി മലപ്പുറത്തെത്തേണ്ടിവന്ന ഫിദമോൾ ഇടതു സർക്കാറിന്റെ ക്രൂരതയുടെ മറ്റൊരു ഇരകൂടിയാണ്.

മലപ്പുറം ഗേൾസ് സ്കൂൾ ഫിദമോൾ 11-ാമത് നൽകിയ ഒപ്ഷനായിരുന്നു. രണ്ടാം അലോട്ട്മെന്റിലും സീറ്റ് ലഭിക്കാതിരുന്ന ഫിദമോളുടെ സങ്കടം സഹിക്കവയ്യാതെയാണ് മലപ്പുറത്ത് ലഭിച്ച സീറ്റിൽ ചേരാൻ ഇന്നലെ പുറപ്പെട്ടത്. എന്നാൽ ആയാത്ര ഒരു കുടുംബത്തിന്റെ തന്നെ അന്ത്യയാത്രയായി എന്നതാണ് യാഥാർത്ഥ്യം.

പുൽപറ്റ ഒളമതിൽ അക്കരമ്മൽ വീട്ടിൽ മണ്ണിങ്ങച്ചാലിൽ മുഹമ്മദ് അഷ്റഫ് (45), ഭാര്യ സാജിദ കുമ്മിണിപറമ്പ് (37), മകൾ ഫിദ (15) എന്നിവരാണ് നാടിനെ നടുക്കിയ ദുരന്തത്തിന് ഇരയായത്. കുടുംബം സഞ്ചരിച്ച സ്വകാര്യ ഓട്ടോറിക്ഷ പെരിന്തൽമണ്ണ ഡിപ്പോയിൽനിന്ന് വള്ളുവമ്പ്രത്തെ സർവീസ് സെന്ററിലേക്കു പോവുകയായിരുന്ന കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് ബസുമായി കൂട്ടിയിടിക്കുകയായിരുന്നു. അപകടസമയത്ത് കനത്ത മഴയുമുണ്ടായിരുന്നു. അഷ്റഫ് ഓടിച്ചിരുന്ന ഓട്ടോറിക്ഷ നിയന്ത്രണം വിടുകയായിരുന്നു എന്നാണു പൊലീസിൽ നിന്നും ലഭിക്കുന്ന പ്രാഥമിക വിവരം. സമീപത്തെ കടകളിൽ നിന്നും സി.സി.ടി.വി ദൃശ്യങ്ങളിൽ ഇത് വ്യക്തമാണ്.

അപകടത്തെ കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ മലപ്പുറം പൊലീസ് അന്വേഷിച്ച് വരികയാണ്. ഇടിയുടെ ആഘാതത്തിൽ ഓട്ടോ പൂർണമായും തകർന്നിട്ടുണ്ട്. വളരെ പ്രയാസപ്പെട്ടാണ് മൂന്ന് മൃതദേഹങ്ങൾ നാട്ടുകാരും പൊലീസും ചേർന്നു പുറത്തെടുത്തത്. രക്തം തളംകെട്ടി നിൽക്കുന്ന അപകട പ്രദേശം നൊമ്പരകാഴ്ചയായി. അപകടത്തിന്റെ ഞെട്ടലിൽ നിന്നും ഒരു നാട് ഇനിയും മുക്തമായിട്ടില്ല.

മൂന്ന് മക്കളെ അനാഥമാക്കിയാണ് അഷ്റഫും സാജിദയും ഈ ലോകത്ത് നിന്നും യാത്രയാകുന്നത്. മൂത്ത മകൾ ഫഹ്മിദ ഷെറിൻ മോങ്ങം അൻവാറിൽ ഡിഗ്രി വിദ്യാർഥിനിയാണ്. രണ്ടാമത്തെ മകളാണ് മരിച്ച ഫിദ. മൂന്നാമത്തെ മകളായ ഫാത്തിമ ഹൈഫ ഒളമതിൽ എൽ.പി സ്കൂളിലെ നാലാം ക്ലാസ് വിദ്യാർഥിനിയാണ്. ഇളയ മകൻ മുഹമ്മദ് അഷ് ഫഖ് യു.കെ.ജി വിദ്യാർഥിയാണ്. ഇൻക്വസ്റ്റ് നടപടികൾ പൂർത്തീകരിച്ച് മഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിട്ടുള്ള മൃതദേഹങ്ങൾ ഇന്ന് രാവിലെയോടെ പോസ്റ്റ് മോർട്ടം ചെയ്ത് കുടുംബങ്ങൾക്ക് വിട്ട് കൊടുക്കും. തുടർന്ന് ഒളമതിൽ ജുമുഅത്ത് പള്ളി ഖബർസ്ഥാനിൽ ഖബറടക്കും.

ഉപ്പക്കും ഉമ്മക്കും മകൾക്കും വീടിന്റെ വിളിപ്പാടകലെയാണ് ഖബർ ഒരുങ്ങിയിരിക്കുന്നത്.

പാർലമെന്റിലെ പ്രതിമ വിവാദം

സ്പീക്കർക്കും രാജ്യസഭാ ചെയർമാനും കത്തയച്ച് ഖാർഗെ

ന്യൂഡൽഹി: പഴയ പാർലമെന്റ് മന്ദിരത്തിൽ നിന്ന് ഗാന്ധിജിയുടെയും അംബേദ്ക്കറുടെയുമടക്കം പ്രതിമകൾ മാറ്റി സ്ഥാപിച്ച സംഭവത്തിൽ ലോക്സഭാ സ്പീക്കർക്കും രാജ്യസഭാ ചെയർമാനും കത്തയച്ച് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ. പ്രതിമകൾ യഥാർത്ഥ സ്ഥലങ്ങളിൽ പുനഃസ്ഥാപിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഇത്തരം തീരുമാനങ്ങളെടുക്കുന്നതിന് ഇരുസഭകളിലെയും എം.പിമാർ അടങ്ങിയ സ്മാരക സമിതി നിലവിലുണ്ടെന്നും എന്നാൽ സമിതി അറിയാതെയാണ് പുതിയ നീക്കമെന്നും ഖാർഗെ കത്തിൽ ചൂണ്ടിക്കാട്ടി.

'ഒരു കൂടിയാലോചനയും കൂടാതെ ഏകപക്ഷിയമായാണ് മഹാരഥൻമാരുടെ പ്രതിമകൾ നീക്കം ചെയ്തത്. ജനാധിപത്യത്തിന്റെ അടിസ്ഥാന തത്വങ്ങളുടെ ലംഘനമാണിത്- അദ്ദേഹം വ്യക്തമാക്കി. ഗാന്ധിജിയുടേതടക്കം 14 പ്രതിമകളാണ് പഴയ പാർലമെന്റിന്റെ ഏഴാം നമ്പർ ഗേറ്റിന് സമീപത്തേക്ക് മാറ്റി സ്ഥാപിച്ചത്. കഴിഞ്ഞ ദിവസം ഉപരാഷ്ട്രപതി ജഗ്ദീപ് ദൻകർ ആണ് പുതിയ പ്രാണ സ്ഥലം ഉദ്ഘാടനം ചെയ്തത്. ധ്യാനനിമഗ്നനായി ഇരിക്കുന്ന ഗാന്ധിയുടെ പ്രതിമ പഴയ പാർലമെന്റിന്റെ മുന്നിൽ തന്നെയായിരുന്നു സ്ഥിതി ചെയ്തിരുന്നത്. ഇന്ത്യയുടെ ജനാധിപത്യ മൂല്യങ്ങളുടെ പ്രധാന്യം വിളിച്ചോതുന്നതായിരുന്നു അത്. പാർലമെന്റ് അംഗങ്ങൾ തങ്ങളുടെ ആദരം ഗാന്ധി പ്രതിമയ്ക്ക് മുന്നിൽ അർപ്പിച്ചിരുന്നു. സമാധാനപരമായും ജനാധിപത്യപരമായും പാർലമെന്റ് അംഗങ്ങൾ അവരുടെ സാന്നിധ്യത്തിൽ നിന്ന് ശക്തി ആർജിച്ച് സമരം നയിച്ചിരുന്നതും ഈ പ്രതിമയ്ക്ക് അടുത്തായിരുന്നു. 2021 ൽ പുതിയ പാർലമെന്റ് മന്ദിരത്തിന്റെ നിർമാണത്തിന് വേണ്ടി ഗാന്ധി പ്രതിമ താൽക്കാലികമായി മാറ്റിയിരുന്നു. മോദി സർക്കാർ ഏകപക്ഷിയമായാണ് പ്രതിമ മാറ്റി സ്ഥാപിക്കാൻ തീരുമാനമെടുത്തതെന്ന് കോൺഗ്രസ് വക്താവ് ജയറാം ര

കരിപ്പൂരിൽ 1.9 കോടി രൂപയുടെ സ്വർണവും 1.44 ലക്ഷം രൂപയുടെ സിഗററ്റുകളും പിടികൂടി

കൊണ്ടോട്ടി : കരിപ്പൂർ വിമാനത്താവത്തിൽ 1.9 കോടി രൂപയുടെ സ്വർണവും 1.44 ലക്ഷം രൂപയുടെ 1200 പേക്കറ്റ് സിഗററ്റുകളും പിടികൂടി. ആറു യാത്രക്കാരിൽ നിന്നാണ് 2.65 കിലോഗ്രാം സ്വർണം കസ്റ്റംസ് വിഭാഗം കണ്ടെടുത്തത്. റിയാദ്, റാസൽഖൈമ എന്നിവിടങ്ങളിൽ നിന്നും വന്ന മലപ്പുറം പൈക്കന്നൂർ, പുറത്തൂർ സ്വദേശികളിൽ നിന്നാണ് യഥാക്രമം 884 ഗ്രാം, 646 ഗ്രാം സ്വർണം വീതം കണ്ടെടുത്തത്. ശരീരത്തിൽ ഒളിപ്പിച്ചാണ് ഇരുവരും സ്വർണം കടത്തിയത്. കൂടാതെ റാസൽ ഖൈമയിൽ നിന്നെത്തിയ കോഴിക്കോട്, ഓമശ്ശേരി സ്വദേശി ഷൂവിനകത്തും ജീൻസ് പാന്റിനകത്തും പേസ്റ്റ് രൂപത്തിൽ ഒളിപ്പിച്ച 49 ലക്ഷം രൂപയുടെ 687ഗ്രാം സ്വർണം കണ്ടെടുത്തു. ഷാർജ, ദുബായ് എന്നിവിടങ്ങളിൽ നിന്നെത്തിയ മലപ്പുറം, കാസർ കോട്, വയനാട് സ്വദേശികളിൽ നിന്നും 23.94 ലക്ഷം രൂപയുടെ 333 ഗ്രാം സ്വർണവും പിടികൂടി. ഷാർജയിൽ നിന്നും വന്ന രണ്ട് യാത്രക്കാരിൽ നിന്നാണ് 1200 പാക്കറ്റ് നിഗററ്റ് കണ്ടെടുത്തത്.

ഹാരിസ് ബീരാന് കെ.എം.ഇ.എ സ്വീകരണം നൽകും

കൊച്ചി: രാജ്യസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ട അഡ്വ. ഹാരിസ് ബീരാന് കേരള മുസ്‌ലിം എഡ്യൂക്കേഷണൽ അസോസിയേഷന്റെ (കെ.എം.ഇ.എ) ആഭിമുഖ്യത്തിൽ സ്വീകരണം നൽകും. നാളെ വൈകീട്ട് 4 മണിക്ക് എറണാകുളം എംജി റോഡിലുള്ള ഹോട്ടൽ അബാദ് പ്ലാസയിൽ വെച്ചാണ് പരിപാടി. കെ.എം.ഇ.എ പ്രസിഡന്റ് സയ്യിദ് ബഷീർ അലി ശിഹാബ് തങ്ങൾ അധ്യക്ഷത വഹിക്കും. സുപ്രീംകോടതി മുൻ ജഡ്ജി സിറിയക് ജോസഫ് മുഖ്യാതിഥിയായിരിക്കും. കോർപ്പറേഷൻ മേയർ എം. അനിൽകുമാർ, കെ.എം.ഇ.എ വൈസ് പ്രസിഡന്റുമാരായ കെ. കുട്ടി അഹമ്മദ്കുട്ടി, ടി.എ അഹമ്മദ് കബീർ, ടിഎച്ച് അബ്ദുൽ അസീസ്, ട്രഷറർ എച്ച്.ഇ. മുഹമ്മദ് ബാബു സേട്ട് എന്നിവർ സംസാരിക്കും. ജനറൽ സെക്രട്ടറി റിയാസ് അഹമ്മദ് സേട്ട് സ്വാഗതവും, സെക്രട്ടറി പി.എ. അബ്ദുൽ മജീദ് പറക്കാടൻ നന്ദിയും പറയും.

മരണപ്പൊഴിയായി വീണ്ടും മുതലപ്പൊഴി; ഒരു മരണം കൂടി

തിരുവനന്തപുരം: മരത്തുരുത്തായി വീണ്ടും മുതലപ്പൊഴി. മണിക്കൂറുകൾക്കിടയിൽ അപകടത്തിൽ പെട്ടത് രണ്ട് മത്സ്യബന്ധന വള്ളങ്ങൾ. ഒരു മത്സ്യതൊഴിലാളി മരിച്ചു. ഒരാൾക്ക് പരിക്കേറ്റു. അഞ്ചുതെങ്ങ് മാമ്പള്ളി പുതുമണൽ പുരയിടം വീട്ടിൽ വിക്ടർ തോമസ്(50) ആണ് മരിച്ചത്.

വിക്ടർ തോമസ്

വ്യാഴാഴ്ച അർദ്ധരാത്രി ഒന്നര മണിയോടെയാണ് ആദ്യ അപകടം. മത്സ്യബന്ധനം കഴിഞ്ഞ് മടങ്ങി വരവേ അഴിമുഖത്ത് ശക്തമായ തിരയിൽപ്പെട്ട് നിയന്ത്രണം നഷ്ടപ്പെട്ട വള്ളം പുലിമുട്ടിലേക്ക് കയറിയാണ് അപകടം. വള്ളത്തിൽ നിന്നും തെറിച്ച് വീണ മറ്റ് തൊഴിലാളികൾ നീന്തി രക്ഷപ്പെട്ടെങ്കിലും വിക്ടറിനെ കാണാതായി. തുടർന്ന് മത്സ്യത്തൊഴിലാളികൾ നടത്തിയ തിരച്ചിലിൽ വിക്ടറിനെ കണ്ടെത്തി ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. നാല് പേരാണ് വള്ളത്തിലുണ്ടായിരുന്നത്. ഒപ്പം ഉണ്ടായിരുന്ന ഫ്രാൻസിസ്, സുരേഷ്, യേശുദാസ് എന്നിവർ നീന്തി രക്ഷപ്പെട്ടു. അഞ്ചുതെങ്ങ് സ്വദേശി ജോബോയുടെ ഉടമസ്ഥതയിലുള്ള 'ചിന്തധിര' വള്ളമാണ് അപകടത്തിൽപ്പെട്ടത്. വള്ളം പൂർണമായി തകർന്നു. എഞ്ചിനും വലയും നഷ്ടമായി. പത്തിനാറ് ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കുന്നു. പോസ്റ്റുമോർട്ടത്തിനുശേഷം ഉച്ചയോടെ വിക്ടറിന്റെ മൃതദേഹം അഞ്ചുതെങ്ങ് മാമ്പള്ളി ഹോളി സ്പിരിറ്റ് ദേവാലയത്തിൽ സംസ്കരിച്ചു. ഭാര്യ: മേരി പുഷ്പം. മക്കൾ: ജീവ, ദിവ്യ, വിനീത്. മരുമക്കൾ: അലക്സ്, ഗിൽബർട്ട്, ലക്ഷ്മി.

രാവിലെ അഞ്ചരയോടെയാണ് രണ്ടാമത്തെ അപകടം നടന്നത്. മത്സ്യ ബന്ധനത്തിനായി കടലിലേക്ക് പോകവേ ശക്തമായ തിരയിൽപ്പെട്ട വള്ളം തലകീഴായി മറിയുകയായിരുന്നു. വള്ളത്തിലുണ്ടായിരുന്ന സ്റ്റാലിൻ തെറിച്ച് കടലിലേക്ക് വീണെങ്കിലും മറ്റു മത്സ്യത്തൊഴിലാളികൾ ഇയാളെ രക്ഷപ്പെടുത്തി. അപകടത്തിന് പിന്നാലെ കടലിലേക്ക് ഒഴുകിപ്പോയ വള്ളം മത്സ്യത്തൊഴിലാളികൾ കരക്കെത്തിച്ചു. പരിക്കേറ്റ സ്റ്റാ ലിൻ താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടി. അശാസ്ത്രീയ തുറമുഖ നിർമ്മാണത്തിനു പിന്നാലെ അപകടങ്ങൾ പെരുകിയ മുതലപ്പൊഴിയിൽ ഇതുവരെ 70ലധികം മത്സ്യത്തൊഴിലാളി ജീവനുകളാണ് പൊലിഞ്ഞത്.

വി.സിയുടെ ചേംബറിലേക്ക് എസ്.എഫ്.ഐക്കാരെ കടത്തിവിട്ടത് സെക്യൂരിറ്റിക്കാർ

ചേമ്പറിൽ ഒന്നരമണിക്കൂർ മുദ്രാവാക്യം വിളിച്ചിട്ടും കേസില്ല

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാല വൈസ്ചാൻസലറുടെ ചേംബറിലേക്ക് കഴിഞ്ഞ ബുധനാഴ്ച എസ്.എഫ്.ഐക്കാരെ കടത്തിവിട്ടത് സെക്യൂരിറ്റിക്കാർ തന്നെയായിരുന്നു. ഭരണകാര്യാലയത്തിലേക്ക് ഒരാൾക്ക് കടക്കണമെങ്കിൽ സെക്യൂരിറ്റിയുടെ അടുത്തുള്ള രജിസ്റ്ററിൽ പേരും ഫോൺ നമ്പറും എഴുതി ഒപ്പിട്ടതിനുശേഷമേ അകത്തേക്ക് കടത്തിവിടൂ. കൂടുതൽ ആളുകൾ ഒന്നിച്ചെത്തിയാൽ സമരമാണെന്ന് സെക്യൂരിറ്റിക്കാർക്ക് അറിയാം. ഇതോടെ ഇവർ കൊളാപ്സബിൾ ഗേറ്റ് അടക്കും. എസ്.എഫ്.ഐക്കാർ ഒഴികെയുള്ള മറ്റ് വിദ്യാർഥി സംഘടനാ പ്രവർത്തകരെ ബലം പ്രയോഗിച്ച് തള്ളിമാറ്റി ഗേറ്റ് അടക്കുന്ന സെക്യൂരിറ്റിക്കാരാണ് ഇരുപത്തിയഞ്ചോളം എസ്.എഫ്.ഐക്കാരെ അകത്തേക്ക് കയറ്റിവിട്ടത്. വി.സിയുടെ ചേംബറിലേക്ക് പ്രവേശിക്കുന്നതിന് മുമ്പായി വീണ്ടും സെക്യൂരിറ്റി ഉണ്ട്. എന്തെങ്കിലും സംശയം തോന്നിയാൽ ഇവർ ഗേറ്റ് അടക്കും. ഇവരും എസ്.എഫ്.ഐക്കാരെ അകത്തേക്ക് കയറ്റുകയായിരുന്നു. തുടർന്ന് വി.സിയുടെ ചേംബറിൽ അകത്തുകയറി മുദ്രാവാക്യം വിളിച്ച് ഫോട്ടോയെടുത്ത് പുറത്തേക്ക് പ്രചരിപ്പിച്ചു. ചേംബറിൽ പൂട്ടിയിട്ടു എന്ന രീതിയിലായിരുന്നു പുറത്തേക്കുള്ള പ്രചാരണം. പൊലീസ് ഭരണകാര്യാലയത്തിനുള്ളിൽ എത്തിയിരുന്നെങ്കിലും ഒരാളെയും അറസ്റ്റ് ചെയ്യാനോ വി.സിയുടെ ചേംബറിൽ കയറി മുദ്രാവാക്യം വിളിച്ചതിന് കേസെടുക്കാനോ തേഞ്ഞിപ്പലം പൊലീസ് തയ്യാറായിട്ടില്ല. സർവകലാശാലയിൽ നിന്ന് വൈസ് ചാൻസലറോ രജിസ്ട്രാറോ ഇത് സംബന്ധിച്ച് ഒരു പരാതിയും നൽകിയിട്ടില്ലെന്നാണ് തേഞ്ഞിപ്പലം പൊലീസിന്റെ വിശദീകരണം. ഇതേസമയം സമരം അറിഞ്ഞ് ബ്ലോക്കിന് പുറത്തെത്തിയ മാധ്യമപ്രവർത്തകരെ സെക്യൂരിറ്റിക്കാർ തടഞ്ഞുവെക്കുകയും ചെയ്തു.

ഉള്ളിലുള്ള കാര്യങ്ങൾ ഒന്നും പുറത്തറിയാതിരിക്കാൻ വേണ്ടിയായിരുന്നു സെക്യൂരിറ്റിയുടെയും സർവകലാശാല അധികൃതരുടെയും ആസൂത്രിത നീക്കം. എം.എസ്.എഫുകാർക്കെതിരെ ജാമ്യമില്ലാ വകുപ്പനുസരിച്ച് കേസെടുക്കാൻ പരാതി നൽകുന്ന രജിസ്ട്രാറും വി.സിയും രാഷ്ട്രീയ നിറം നോക്കി എസ്.എഫ്.ഐയുടെ സമര നാടകത്തിന് സൗകര്യമൊരുക്കുകയായിരുന്നു എന്നാണ് എം.എസ്.എഫ് കെ.എസ്.യു സംഘടനകളുടെ ആരോപണം.

പൊതുവാർത്തകൾ

ഭർതൃഹരി മഹ്താബ് പ്രോട്ടെം സ്പീക്കർ

കൊടിക്കുന്നിലിനെ തഴഞ്ഞു

ന്യൂഡൽഹി: പതിനെട്ടാം ലോക്സഭയുടെ പ്രോട്ടെം സ്പീക്കറായി ബി.ജെ.ഡി വിട്ട് ബി.ജെ.പിയിലെത്തിയ മുതിർന്ന ലോക്സഭാംഗം ഭർതൃഹരി മെഹ്താബിനെ രാഷ്ട്രപതി ദ്രൗപതി മുർമു നിയമിച്ചു. പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജുവാണ് ഇക്കാര്യം അറിയിച്ചത്. ലോക്സഭാ സെക്രട്ടറിയേറ്റ് നൽകിയ മുതിർന്ന അംഗങ്ങളുടെ പട്ടികയിൽ നിന്നാണ് നിയമനം. എട്ടു തവണ എം.പിയായ കേരളത്തിൽ നിന്നുള്ള കൊടിക്കുന്നിൽ സുരേഷിനെ തഴഞ്ഞാണ് ഭർതൃഹരി മെഹ്താബിന്റെ നിയമനം. കൊടിക്കുന്നിൽ പ്രോട്ടെം സ്പീക്കറായേക്കുമെന്ന നേരത്തെ റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. എട്ടു തവണ എം.പിയായ കൊടിക്കുന്നിലാണ് നിലവിൽ ഏറ്റവും മുതിർന്ന അംഗം. ഭർതൃഹരി മഹ്താബ് ഏഴാം തവണയാണ് സഭയിലെത്തുന്നത്. നിയുക്ത എം.പിമാരുടെ സത്യപ്രതിജ്ഞക്കും തുടർന്ന് നടക്കുന്ന സ്പീക്കർ തിരഞ്ഞെടുപ്പിനും ചുക്കാൻ പിടിക്കുക പ്രോട്ടെം സ്പീക്കറായിരിക്കും. ഭരണഘടനയുടെ അനുഛേദം 95)1) പ്രകാരമാണ് നടപടി. 1998ലും 1999ലും 2004ലും 2009ലും 2014ലും 2019ലും ഒഡീഷയിലെ കട്ടക്ക് ലോക്സഭാ മണ്ഡലത്തിൽ നിന്ന്

ബി.ജെ. ഡി ടിക്കറ്റിൽ ലോക്സഭയിലെത്തിയ ബർത്രുഹാരി മഹ്താബ്, 2024ലെ ലോക്സഭാ തിരഞ്ഞെടുപ്പിനു തൊട്ടു മുമ്പാണ് പാർട്ടി വിട്ട് ബി.ജെ.പിയിൽ ചേർന്നത്. കട്ടക്കിൽ നിന്നു തന്നെയാണ് ഇത്തവണയും ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. 2017, 18, 19 വർഷങ്ങളിൽ മികച്ച പാർലമെന്റേറിയനുള്ള ബഹുമതിയും 2017ൽ സൻസദ് രത്ന അവാർഡും സ്വന്തമാക്കിയ ഭർതൃഹാരി മെഹ്താബ് സഭാ പ്രവർത്തനങ്ങളിൽ ഏറെ പരിചയ സമ്പത്തുള്ള അംഗമാണ്. അംഗങ്ങളുടെ സത്യപ്രതിജ്ഞയിൽ പ്രോട്ടെം സ്പീക്കറെ സഹായിക്കുന്നതിനായി കേരളത്തിൽ നിന്നുള്ള അംഗം കൊടിക്കുന്നിൽ സുരേഷ്, മുൻ കേന്ദ്രമന്ത്രിമാരായ ടി.ആർ ബാലു(ഡി.എം.കെ), രാധാ മോഹൻ സിങ്, ഫഗൻസിങ് കുലസ്തെ (ഇരുവരും ബി.ജെ.പി), സുദീപ് ബാന്ധോപാധ്യായ (തൃണമൂൽ കോൺഗ്രസ്) എന്നിവരെ ഭരണഘടനയുടെ അനുഛേദം 99 പ്രകാരവും രാഷ്ട്രപതി നിയമിച്ചതായി കിരൺ റിജിജു എക്സിലൂടെ അറിയിച്ചു. ജൂൺ 24 മുതൽ ജൂലായ് മൂന്നു വരെയാണ് 18ാം ലോക്സഭയുടെ പ്രഥമ സമ്മേളനം നടക്കുന്നത്.

കണ്ണൂർ ഗവ.മെഡിക്കൽ കോളജിൽ ഹൃദയ ശസ്ത്രക്രിയകൾ മുടങ്ങി രോഗികൾ പെരുവഴിയിൽ

തളിപ്പറമ്പ്: കണ്ണൂർ ഗവ.മെഡിക്കൽ കോളജ് ഹൃദയാലയയിൽ ശസ്ത്രക്രിയകൾ മുടങ്ങി. രണ്ട് കാത്ത് ലാബുകളിൽ ഒന്നിന് യന്ത്രത്തകരാറും മറ്റൊന്ന് നവീകരണ പ്രവർത്തനങ്ങളുടെ പേരിലും അടച്ചതാണ് ശസ്ത്രക്രിയ മുടങ്ങുന്നതിനിടയാക്കിയത്. കാത്ത് ലാബിന്റെ പ്രവർത്തനവും പൂർണമായും നിലച്ചിരിക്കുകയാണ്. കഴിഞ്ഞ ദിവസം മാത്രം 50ലധികം രോഗികളാണ് ശസ്ത്രക്രിയ നടത്താനാവാതെ ആശുപത്രി വിട്ടത്.

നേരത്തെ ശസ്ത്രക്രിയയ്ക്ക് നിർദേശിച്ചവരാണിവർ. ആഞ്ജിയോഗ്രാം ചെയ്യുന്നതിന് മുന്നോടിയായി നടത്തേണ്ട ടിഎംടി സംവിധാനവും നിലച്ചിരിക്കുകയാണ്. ഇതോടെ ഹൃദയ ശസ്ത്രക്രിയ പൂർണമായും നിലക്കുകയായിരുന്നു. സ്വകാര്യ ആശുപതികളിൽ രണ്ട് മുതൽ മൂന്ന് ലക്ഷം രൂപയാണ് ഇവിടെ നടക്കുന്ന ശസ്ത്രക്രിയയ്ക്ക് ചെലവ് വരിക. ഉത്തരമാലബാറിലെ വിവിധ മേഖലകളിലുള്ളവരുടെ പ്രധാന ആശ്രയമായ കണ്ണൂർ ഗവ.മെഡിക്കൽ കോളജിൽ അടിയന്തിര ശസ്ത്രക്രിയയ്ക്കുൾപ്പെടെ നിർദേശിച്ചവരുടേതടക്കം ശസ്ത്രക്രിയയാണ് മുടങ്ങിയത്. ഇതോടെ ദുരിതത്തിലായത് സാധാരണക്കാരായ രോഗികളാണ്.

മലബാർ നാച്ചറൽ സൊസൈറ്റിയുടെ സർവേ

ഐ.ഐ.എം കാംപസ് അപൂർവ ജൈവവൈവിധ്യമേഖല

കോഴിക്കോട് : ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട് ക്യാംപസ് അപൂർവ്വ ജൈവവൈവിധ്യങ്ങളുടെ കലവറ. മലബാർ നാചറൽ ഹിസ്റ്ററി സൊസൈറ്റി നടത്തിയ സർവേയിലാണ് പശ്ചിമഘട്ടത്തിൽ മാത്രം കാണപ്പെടുന്ന സസ്യങ്ങളും പക്ഷികളുമടക്കം 668 സ്പീഷീസുകൾ ഇവിടെ കണ്ടെത്തിയത്. 350-ൽ അധികം സസ്യങ്ങൾ കണ്ടെത്തിയതിൽ ഇന്ത്യയിലും ശ്രീലങ്കയിലും മാത്രം കാണുന്ന ആലുകൾ, മെഡഗാസ്കറിൽ കാണുന്ന പന, ആഫ്രിക്കയിൽ കാണപ്പെടുന്ന കൈഗേലിയ ആഫ്രിക്ക (ശിവകുണ്ഠലം) തുടങ്ങിയവയുണ്ട്.

69 പക്ഷികളിൽ ഒൻപതെണ്ണം ദേശാടനപ്പക്ഷികളാണെന്നതും ശ്രദ്ധേയമാണ്. മൂന്നെണ്ണം പശ്ചിമഘട്ടത്തിൽമാത്രം കാണപ്പെടുന്നവയും. 19 ഉഭയജീവികളിൽ നാൽപത് ശതമാനവും പശ്ചിമഘട്ടത്തിൽ മാത്രമുള്ളവയാണ്. വംശനാശഭീഷണി നേരിടുന്ന അർബൻ ഗോൾഡൻ ബാക്ക് ഫ്രോഗ്, കേരള സ്കിറ്ററിങ് ഫ്രോഗ് എന്നിവയുമുണ്ട്.22 തരം ഉരഗങ്ങളിൽ നേരത്തേ ചെങ്ങോടുമലയിൽ കണ്ടെത്തിയ അപൂർവ ഇനം പല്ലികളായ ചെങ്ങോടുമല ഗെക്കോല്ല, ചെങ്ങോടു മലെൻസിസ് എന്നിവയുണ്ട്. ഷെഡ്യൂൾ ഒന്ന് വിഭാഗത്തിൽപ്പെട്ട ബംഗാൾ മോണിറ്റർ (ഉടുമ്പ്), ഇന്ത്യൻ റോക്ക് പൈത്തൺ (പെരുമ്പാമ്പ്), റസൽ വൈപ്പർ (അണലി), ചെക്കേഡ് കീൽബാക്ക് (നീർക്കോലി), സ്പെക്ടാക്കിൾഡ് കോബ്ര (മൂർഖൻ) തുടങ്ങിവയുമുണ്ട്.

കുറുനരി, കാട്ടുപൂച്ച, കീരി, കുരങ്ങ്, മുള്ളൻപന്നി, കാട്ടുപന്നി തുടങ്ങി 19 തരം സസ്തനികളാണുള്ളത്. ഇന്ത്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ ചിത്രശലഭമായ ട്രോയിഡ്സ് മൈനോസ്, കേരളത്തിന്റെ ചിത്രശലഭമായ പാപ്പിലിയോ ബുദ്ധ, മലബാർ ബാൻഡിഡ് പീക്കോക്ക്, കർണാടകയുടെ ചിത്രശലഭമായ സതേൺ ബേർഡ് വിങ് എന്നി ചിത്രശലഭങ്ങളെയും കണ്ടെത്തിയിട്ടുണ്ട്. 113 ഏക്കറിലാണ് ഇത്രയും വൈവിധ്യങ്ങൾ കണ്ടെത്തിയത്. ഐ.ഐ.എം ഡയറക്ടർ പ്രൊഫ. ദേബഷിഷ് ചാറ്റർജിക്ക് നൽകി പക്ഷിനിരീക്ഷകൻ സത്യൻ മേപ്പയ്യൂർ സർവേ റിപ്പോർട്ട് പ്രകാശനംചെയ്തു.

മുതലപ്പൊഴി: സർക്കാരിനെതിരെ ലത്തിൻസഭ

തിരുവനന്തപുരം: മുതലപ്പൊഴിയിൽ ഇന്നലെയും ഉണ്ടായ മരണം സർക്കാരിന്റെ തുടരുന്ന അനാസ്ഥ തുറന്നുകാട്ടുന്നുവെന്നും നിയമസഭ നിർത്തിവച്ച് വിഷയം ചർച്ച ചെയ്യണമെന്നും തിരുവനന്തപുരം ലത്തീൻ അതിരൂപതാ വികാരി ജനറൽ മോൺ. യൂജിൻ പേരേര ആവശ്യപ്പെട്ടു. മുതലപൊഴിയിൽ അശാസ്ത്രീയമായ പുലിമുട്ട് നിർമ്മാണം മൂലം അപകട മരണങ്ങൾ നടന്നിട്ടും സുരക്ഷ ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ചു കേരള ലാറ്റിൻ കാത്തലിക്ക് അസോസിയേഷന്റെ (കെ.എൽ.സി.എ) നേതൃത്വത്തിൽ നടത്തിയ നിയമസഭാ മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ ജൂലൈ 30ന് പ്രഖ്യാപിച്ച ഏഴ് ഉറപ്പുകൾ പാലിക്കപ്പെട്ടിട്ടില്ലെന്നും സഭ കുറ്റപ്പെടുത്തി.

ഉംറവിസകൾ അനുവദിച്ചു തുടങ്ങി

അഷ്റഫ് വേങ്ങാട്ട്
റിയാദ്

ഹജ്ജ് കർമ്മത്തിന് സമാപനം കുറിച്ച ഉടനെ ഉംറക്കുള്ള അനുമതി നൽകി ഹജ്ജ് ഉംറ മന്ത്രാലയം .വ്യാഴാഴ്ച്ച മുതൽ പുതിയ ഉംറ വിസകൾക്ക് അനുമതി നൽകി തുടങ്ങിയതായി മന്ത്രാലയം അറിയിച്ചു. മുൻകാലങ്ങളിൽ ദുൽഹജ്ജ് കഴിഞ്ഞു മുഹറം ഒന്ന് മുതലായിരുന്നു ഉംറ വിസകൾ അനുവദിച്ചിരുന്നത്. ഇത്തവണ ഹജ്ജിന്റെ കർമ്മങ്ങൾ കഴിഞ്ഞ ഉടനെ തന്നെ പുതിയ ഉംറ സീസൺ ആരംഭിക്കാൻ മന്ത്രാലയം നടപടികൾ നീക്കുകയായിരുന്നു. കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ നൽകുമെന്നും ഉംറ കർമ്മം നിർവഹിക്കാനെത്തുന്നവർക്ക് അനായാസം കാര്യങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നും മന്ത്രാലയം അറിയിച്ചു.

ഹജ്ജിനൊടനുബന്ധിച്ച് നുസൂക്കിന്റെ കാർഡ് ഇല്ലാത്തവർക്ക് മക്കയിലേക്ക് പ്രവേശിക്കാനുള്ള നിരോധനവും ഇന്നലെ അവസാനിച്ചു. നേരത്തെ ദുൽഹജ്ജ് ഇരുപതിന് ശേഷം മാത്രമേ നുസൂക് കാർഡില്ലാതെ ഹാജിമാരെ സന്ദർശിക്കാൻ സാധിക്കുകയുള്ളൂവെന്ന് പൊതു സുരക്ഷാ വകുപ്പ് അറിയിച്ചിരുന്നു. സന്ദർശന വിസയിലുള്ളവരും മക്കയിൽ പ്രവേശിക്കരുതെന്ന് കർശന നിർദേശമുണ്ടായിരുന്നു. ഇന്നലെ മുതൽ സന്ദർശകർക്കും മക്കയിലേക്ക് പ്രവേശിക്കാൻ അനുമതിയുണ്ട്. ഉംറ സീസണിൽ കാലോചിതമായ മാറ്റങ്ങൾ ഓരോ വർഷവും കൊണ്ടുവരാൻ മന്ത്രാലയം ജാഗ്രത പാലിക്കാറുണ്ട്. അതുകൊണ്ട് തന്നെ ഉംറക്കെത്തുന്നവരുടെ എണ്ണം ക്രമാതീതമായി വർധിച്ചിട്ടുമുണ്ട്.

2030 വിഷൻ അനുസരിച്ച് മൂന്ന് കോടിയിലേറെ ഉംറ തീർത്ഥാടകർക്ക് അനുമതി ലഭിക്കുന്ന വിധത്തിലാണ് നടപടികൾ നീക്കുന്നത്. കഴിഞ്ഞ വർഷം ഇത് ഒരു കോടി മുപ്പത്തി അഞ്ച് ലക്ഷത്തോളമായിരുന്നു. നടപടികൾ ഉദാരമാക്കിയതോടെയാണ് തീർത്ഥാടകരുടെ എണ്ണത്തിൽ ക്രമാതീതമായ വർധനവുണ്ടായത്. ഉംറ നിയമങ്ങൾ ലഘൂകരിക്കുന്നതിൽ വിവിധ രാജ്യങ്ങളിൽ നിന്ന് അഭിപ്രായങ്ങൾ തേടി സഊദി ഹജ്ജ് ഉംറ മന്ത്രി ഡോ. തൗഫീഖ് അൽ റബീഅ നിരവധി രാജ്യങ്ങൾ സന്ദർശിച്ചിരുന്നു . കോവിഡിന് ശേഷം എല്ലാ നിയന്ത്രണങ്ങളും എടുത്തു മാറ്റിയതോടെ ഉംറ നിർവഹിക്കാൻ വിദേശത്ത് നിന്ന് വരുന്ന തീർത്ഥാടകർക്ക് സഊദിയിലെ എല്ലാ വിമാനത്താവളങ്ങളിലും ഇറങ്ങാവുന്നതാണെന്ന് രണ്ട് വർഷം മുമ്പ് തന്നെ ഹജ്ജ് ഉംറ മന്ത്രാലയം പ്രഖ്യാപിച്ചിരുന്നു . നേരത്തെ ജിദ്ദ , മദീന വിമാനത്താവളങ്ങളിൽ മാത്രമേ ഉംറ വിസയിൽ വരുന്നവർക്ക് രാജ്യത്തേക്ക് പ്രവേശിക്കാനും മടങ്ങാനും അനുമതി ഉണ്ടായിരുന്നുള്ളൂ. നടപടികൾ കോവിഡിന് ശേഷമുള്ള ആദ്യ ഉംറ സീസണിലായിരുന്നു ഹജ്ജ് മന്ത്രാലയത്തിന്റെ ഈ പ്രഖ്യാപനം. അതോടൊപ്പം ഉംറക്കെത്തുന്നവർക്ക് രാജ്യത്താകമാനം സഞ്ചരിക്കാൻ നേരത്തെ അനുമതി നൽകിയിരുന്നു. തീർത്ഥാടകർക്ക് മൂന്ന് മാസം വരെ രാജ്യത്ത് തങ്ങാനുള്ള അനുമതിയും നൽകി. ഉംറ കഴിഞ്ഞു നാട്ടിലേക്ക് തിരിച്ചു പോകാനും രാജ്യത്തെ ഇഷ്ടമുള്ള വിമാനത്താവളങ്ങൾ തിരഞ്ഞെടുക്കാവുന്നതാണെന്ന് മഅന്ന് ന്ത്രാലയം വ്യക്തമാക്കിയിരുന്നു . വിദേശികൾക്ക് ഉംറക്കെത്തുന്നതിൽ എണ്ണത്തിലെ പരിധിയും ഒഴിവാക്കിയിരുന്നു.

ബോംബ് രാഷ്ട്രീയം അപലപനീയം എസ്.വൈ.എഫ്

മലപ്പുറം : ജനകീയ വിഷയങ്ങളും നാടിന്റെ പ്രശ്നങ്ങളും ചർച്ച ചെയ്തു പരിഹാര നടപടികൾ സ്വീകരിക്കാൻ ഉത്തരവാദിത്വമുള്ള രാഷ്ട്രീയ പാർട്ടികൾ ബോംബുകളും മറ്റ് ആയുധങ്ങളും സൂക്ഷിച്ചു വച്ച് എതിരാളികളെ വകവരുത്തി നാടിന്റെ സമാധാന അന്തരീക്ഷം തകർക്കാനുള്ള ശ്രമങ്ങൾ അപലപനീയമാണെന്നും വർധിച്ചുവരുന്ന ബോംബ് നിർമാണത്തിനു പിന്നിലെ ഗൂഢ ശക്തികളെ പുറത്തുകൊണ്ടു വന്നു കുറ്റവാളികൾക്കെതിരെ മുഖം നോക്കാതെ നടപടി സ്വീകരിക്കാൻ പൊലീസ് തയ്യാറാകണമെന്നും കേരള സംസ്ഥാന സുന്നി യുവജന ഫെഡറേഷൻ (എസ്.വൈ.എഫ്) ജില്ലാ സഭ ആവശ്യപ്പെട്ടു.

സഭ സംസ്ഥാന ജനറൽ സെക്രട്ടറി ഇ.പി അശ്റഫ് ബാഖവി ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് സി.എ ജലീൽ വഹബി അധ്യക്ഷനായി. യു ജഅഫറലി മുഈനി മുഖ്യപ്രഭാഷണം നടത്തി. ജില്ലാ ജനറൽ സെക്രട്ടറി സയ്യിദ് ഹസൻ സഖാഫ് തങ്ങൾ റിപ്പോർട്ട് അവതരിപ്പിച്ചു. എ.വി മൊയ്തീൻ മന്നാനി കർമ പദ്ധതി അവതരിപ്പിച്ചു.

സയ്യിദ് മുസമ്മിൽ ജിഫ്രി, എഞ്ചിനീയർ മൊയ്തീൻകുട്ടി, കെ.കെ മൊയ്തീൻകുട്ടി വഹബി, സയ്യിദ് ത്വാഹിർ തങ്ങൾ, എൻ.പി അശ്റഫ് വഹബി, എ.കെ മൊയ്തീൻ സൈനി, ഇ അബ്ദുല്ല ദാറാനി, റഫീഖ് മൗലവി, മുനീർ വഹബി, ബശീർ വഹബി പ്രസംഗിച്ചു.

സി.ഇ.ഒ സംസ്ഥാന കമ്മിറ്റി യോഗം 25ന്

പാലക്കാട്: കോഓപ്പറേറ്റീവ് എംപ്ലോയീസ് ഓർഗനൈസേഷൻ (സി.ഇ.ഒ) സംസ്ഥാന ഭാരവാഹികളുടെ യോഗം 25ന് ഉച്ചക്ക് ഒരുമണിക്ക് തിരുവനന്തപുരം നന്ദാവനത്തുള്ള പാണക്കാട് ഹാളിൽ നടക്കും.

സൗഹൃദം ഊട്ടിയുറപ്പിച്ച് പുടിൻ വിയറ്റ്നാമിൽ

ഹാനോയ്: പാശ്ചാത്യ ബഹിഷ്കരണങ്ങളെയും ഉപരോധങ്ങളെയും തകർക്കുകയെന്ന ലക്ഷ്യത്തോടെ വിദേശ പര്യടനം തുടർന്ന് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ. ഉത്തരകൊറിയയിൽ കിം ജോങ് ഉന്നുമായുള്ള കൂടിക്കാഴ്ചക്കുശേഷം വിയറ്റ്നാമിലേക്കാണ് അദ്ദേഹം പോയത്. അമേരിക്കയുടെ എതിർപ്പുകളും അമർഷവും വകവെക്കാതെ പുടിന് സ്വാഗതമരുളിയ വിയറ്റ്നാം ഭരണകൂടം ഊഷ്മള വരവേൽപ്പൊരുക്കിയിരുന്നു. പ്രസിഡന്റ് ടോ ലാം അദ്ദേഹത്തെ സ്വീകരിച്ചു. കിമ്മുമായി പ്രതിരോധ കരാറുണ്ടാക്കിയാണ് പുടിൻ ഉത്തരകൊറിയ വിട്ടതെങ്കിൽ വിയറ്റ്നാമിൽ വിദ്യാഭ്യാസം, ആരോഗ്യം, ശാസ്ത്രം, സാങ്കേതികവിദ്യ, ഊർജം തുടങ്ങിയ മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുന്ന നിരവധി ഉടമ്പടികളിൽ ഒപ്പുവെച്ചു. ആയുധങ്ങൾ

ജോൺസൺ ഓർമ

മുൻ ഇന്ത്യൻ സീമർ വീണ് മരിച്ചു

ബെംഗളൂരു:മുൻ ഇന്ത്യൻ ക്രിക്കറ്റർ ഡേവിഡ് ജോൺസൺ (52) കെട്ടിടത്തിൽ നിന്നും വീണു മരിച്ചു. വിഷാദ രോഗത്തിന് ചികിൽസയിലുള്ള ജോൺസൺ ആത്മഹത്യ ചെയ്തതാണന്നും കരുതപ്പെടുന്നു. ബെംഗളൂരു നദഗരപ്രാന്തത്തിലെ കോത്തന്നൂരിലുള്ള സ്വന്തം ഫ്ളാറ്റിലെ നാലാം നിലയിലെ ബാൽക്കണിയിൽ നിന്നുമാണ് ജോൺസൺ താഴോട്ട് വീണത്. ഇന്നലെ രാവിലെ 10-30 നായിരുന്നു സംഭവം. മദ്യാസക്തിയുമായി ബന്ധപ്പെട്ട ചികിൽസക്കായി ഡി അഡിക്ഷൻ സെന്ററിൽ ജോൺസൺ ആറ് മാസം മുമ്പ് ചികിൽസ തേടിയിരുന്നു. അതിനിടെ കഴിഞ്ഞ ദിവസം പനി ബാധിതനായി അദ്ദേഹം ചികിൽസ തേടിയതായും റിപ്പോർട്ടുണ്ട്. 1996 ൽ ഇന്ത്യക്കായി രണ്ട് ടെസ്റ്റ് കളിച്ചിരുന്നു ജോൺസൺ. ആഭ്യന്തര ക്രിക്കറ്റിൽ കർണാടക്കക്കായി ഗംഭീര പ്രകടനം നടത്തിയതിനെ തുടർന്നായിരുന്നു 96-ൽ ഓസ്ട്രേലിയക്കെതിരെ മുഖ്യസീമർ ജവഗൽ ശ്രീനാഥിന് പരുക്കേറ്റതിനെ തുടർന്ന് ജോൺസണ് അവസരം കിട്ടിയത്. 95-96 രഞ്ജി സീസണിൽ കേരളത്തിനെതിരെ കർണാടക്കായി 152 റൺസ് മാത്രം പത്ത് വിക്കറ്റും നേടിയിരുന്നു. മുൻ നായകൻ സച്ചിൻ ടെണ്ടുൽക്കർ ഉൾപ്പെടെ പ്രമുഖർ ജോൺസിന്റെ വിയോഗത്തിൽ അനുശോചിച്ചു.

ഭീഷണി

മ്യൂണിച്ച്: യൂറോയിൽ നിന്നും പിന്മാറുമെന്ന് സെർബിയൻ ഭീഷണി. തങ്ങൾക്കെതിരായ മുദ്രാവാക്യം അവസാനിപ്പിക്കാത്തപക്ഷം ചാമ്പ്യൻഷിപ്പിൽ നിന്നും പിൻവാങ്ങുന്ന കാര്യം ആലോചിക്കുമെന്ന് പറഞ്ഞിരിക്കുന്നത് സെർബിയൻ ഫുട്ബോൾ അസോസിയേഷൻ ജനറൽ സെക്രട്ടറി ജോവാൻ സുർബറ്റോവിച്ച്. ഗ്രൂപ്പ് ബി-യിൽ ക്രൊയേഷ്യയും അൽബേനിയയും തമ്മിൽ നടന്ന മൽസരത്തിനിടെ ഉയർന്ന മുദ്രാവാക്യങ്ങളാണ് സെർബിയയെ ചൊടിപ്പിച്ചിരിക്കുന്നത്. സെർബിയ ഗ്രൂപ്പ് സി-യിലാണ് കളിക്കുന്നത്. ആദ്യ മൽസരത്തിൽ ഇംഗ്ലണ്ടിനോട് തോറ്റ അവർ ഇന്നലെ സ്ലോവേനിയക്കെതിരെ സമനില നേടിയിരുന്നു. സെർബുകാരും അൽബേനിയക്കാരും രാഷ്ട്രീയമായി ശത്രുതയിലാണ്. അൽബേനിയൻ പിന്തുണക്കാരായ ചിലരാണ് തങ്ങളെ പരിഹസിക്കുന്ന തരത്തിൽ മുദ്രാവാക്യം മുഴക്കിയതെന്നാണ് സെർബ് ആരോപണം. ഇവർക്കെതിരെ നടപടിയെടുക്കണമെന്ന് പറഞ്ഞ സെർബ് പ്രതിനിധി ഒരു മാധ്യമ പ്രവർത്തകനെതിരെയും പരാതി നൽകിയിട്ടുണ്ട്.

ചന്ദ്രിക സ്പോർട്സ്

നിലവിൽ ലോക ചാമ്പ്യന്മാരാണ് അർജന്റീന. കോപ്പയിലും നിലവിലെ ലോക ചാമ്പ്യന്മാർ. ഈ കിരീടം നിലനിർത്താനാണ് ഞങ്ങൾ എത്തിയിരിക്കുന്നത്. കാര്യങ്ങൾ എളുപ്പമാണെന്ന് കരുതുന്നില്ല. പക്ഷേ സമീപകാലത്ത് ഞങ്ങൾ പ്രകടിപ്പിച്ച ആത്മവിശ്വാസം ചെറുതല്ല. എല്ലാവരും ഫോമിൽ കളിക്കുമ്പോൾ ആദ്യ മൽസരം മുതൽ കരുത്ത് പ്രകടിപ്പിച്ച് മുന്നേറും

–ലിയോ മെസി

www.chandrikadaily.com

BREAKING യൂറോ 2024: മുഖാവരണവുമായി കിലിയൻ എംബാപ്പേ, ഡച്ചുകാർക്കെതിരെ കളിക്കാൻ റെഡിയെന്ന് നായകൻ

ഇന്ന്

യൂറോ 2024
സ്ലോവാക്യ-യുക്രെയിൻ
(വൈകീട്ട് 6-30)
പോളണ്ട്-ഓസ്ട്രിയ
(രാത്രി 9-30)
നെതർലൻഡ്സ്- ഫ്രാൻസ്
(രാത്രി 12-30)
സോണി സ്പോർട്സ്
സോണി ലിവ്

ടി-20 ലോകകപ്പ്
സൂപ്പർ 08
ഓസീസ്-ബംഗ്ലാദേശ്
(രാവിലെ 6-00 മുതൽ)
ഇംഗ്ലണ്ട്-
ദക്ഷിണാഫ്രിക്ക
(രാത്രി 8-00 മുതൽ)
സ്റ്റാർ സ്പോർട്സ്
ലൈവ്

കോപ്പ അമേരിക്ക
അർജൻറീന-
കാനഡ
(രാവിലെ 5-30)
പെറു-ചിലേ
(നാളെ പുലർച്ചെ 5-30)
ലൈവ് ഇല്ല

ഇന്ന് ഫ്രാൻസും ഡച്ചും

മ്യൂണിച്ച്: യൂറോയിൽ ഇന്നും കിടിലനങ്കം. പുലർച്ചെ 12-30ന് മുഖാമുഖം വരുന്നത് മുൻ ചാമ്പ്യന്മാരായ ഫ്രാൻസും കരുത്തരായ നെതർലൻഡ്സും. പരുക്കേറ്റ നായകൻ കിലിയൻ എംബാപ്പേ കളിക്കില്ല എന്നത് ഫ്രാൻസിന് തിരിച്ചടിയാണ്. ആദ്യ മൽസരത്തിൽ ഓസ്ട്രിയക്കെതിരെ കഷ്ടിച്ച് കടന്നു കയറിയ ഫ്രാൻസിന് ഇന്ന് ജയിച്ചാൽ നോക്കൗട്ട് ഉറപ്പിക്കാം. പോളണ്ടിനെ തോൽപ്പിച്ച ആത്മവിശ്വാസം ഡച്ച് സംഘത്തിനുമുണ്ട്. ഇന്ന് നടക്കുന്ന ആദ്യ മൽസരത്തിൽ യുക്രെയിന് നിലനിൽപ്പിന്റെ അങ്കമാണ്. ബെൽജിയത്തെ അട്ടിമറിച്ച സ്ലോവാക്യക്കാരാണ് പ്രതിയോഗികൾ. രണ്ട് പേരും ആദ്യ മൽസരം തോറ്റവരാണ്. രണ്ടാം മൽസരം രാത്രി 9-30ന് പോളണ്ടും ഓസ്ട്രിയയും തമ്മിലാണ്. ഇരുവരും ആദ്യ കളികൾ തോറ്റവർ.

കോപ്പാ ഡേയ്സ്

മെസിപ്പട ഫേവറിറ്റ്സ്

നാല് ഗ്രൂപ്പുകളിലായി പതിനാറ് ടീമുകളാണ് അങ്കത്തട്ടിൽ. ഗ്രൂപ്പ് എ-യിൽ ലോക ചാമ്പ്യന്മാരായ അർജൻറീനക്ക് കാര്യമായ വെല്ലുവിളിയില്ല. പെറുവും ചിലേയും കാനഡയുമാണ് പ്രതിയോഗികൾ. ഈ ഗ്രൂപ്പിൽ നിന്നും മെസിയുടെ സംഘത്തിനൊപ്പം ചിലേയും ക്വാർട്ടർ കളിക്കാനാണ് സാധ്യത. ഗ്രൂപ്പ് ബി-യിൽ മെക്സിക്കോ, ഇക്വഡോർ, വെനിസ്വേല, ജമൈക്ക എന്നിവരാണ് പന്ത് തട്ടുന്നത്. മെക്സിക്കോയും ഇക്വഡോറും ക്വാർട്ടറിലെത്താനാണ് സാധ്യത. ആതിഥേയരായ അമേരിക്ക ഗ്രൂപ്പ് സി-യിലാണ്. യുറഗ്വായി, പാനമ, ബൊളീവിയ എന്നിവർ പ്രതിയോഗികൾ. അമേരിക്കക്കൊപ്പം യുറഗ്വായിയും കടന്നു കയറും. ബ്രസീൽ കളിക്കുന്നത് ഡി-ഗ്രൂപ്പിലാണ്. കൊളംബിയയും പാരഗ്വേയും കോസ്റ്ററിക്കയും പ്രതിയോഗികൾ. മഞ്ഞപ്പടക്കൊപ്പം കൊളംബിയക്കാണ് സാധ്യത.

നെയ്മറില്ലാതെ മഞ്ഞപ്പട

പൂർണമായും അമേരിക്കയിലാണ് ഇത്തവണ മൽസരങ്ങൾ. ഇന്ന് മുതൽ ജൂലൈ 15 വരെയാണ് അങ്കങ്ങൾ. അമേരിക്ക എന്ന വലിയ രാജ്യത്തിലെ പതിനാല് നഗരങ്ങളിലായി നടക്കുന്ന മൽസരങ്ങളിൽ രണ്ട് വൻകരക്കാരുണ്ട്. ഉത്തര-ദക്ഷിണ അമേരിക്കക്കൾ. ലാറ്റിനമേരിക്കയിലെ പത്ത് രാജ്യങ്ങളും കളിക്കുമ്പോൾ കോൺകാകാഫിലെ ആറ് രാജ്യങ്ങളും പന്ത് തട്ടുന്നു. ജോർജ്ജിയൻ സംസ്ഥാനത്തെ അറ്റ്ലാന്റ നഗരത്തിലെ മെർസിഡസ് ബെൻസ് സ്റ്റേഡിയത്തിൽ ഇന്ന് പുലർച്ചെ 5-30ന് നടക്കുന്ന ഉദ്ഘാടന മൽസരത്തിൽ നിലവിലെ ചാമ്പ്യന്മാരായ അർജൻറീന കാനഡയുമായി കളിക്കും. അർജൻറീനക്കാണ് എല്ലാവരും ഇത്തവണയും സാധ്യത കൽപ്പിക്കുന്നത്. ബ്രസീൽ സാധ്യതകളിൽ രണ്ടാമതാണ്. നെയ്മർ ഇല്ലാതെ കളിക്കുന്ന മഞ്ഞപ്പടയുടെ പ്രതീക്ഷകൾ സ്പാനിഷ് ലീഗിൽ റയൽ മാഡ്രിഡിനായി കളിക്കുന്ന ഗോൾ വേട്ടക്കാരായ വിനീഷ്യസ് ജൂനിയർ-റോഡ്രിഗോ സഖ്യത്തിലാണ്.

ഫിക്സ്ച്ചർ

ഇന്ന് അർജൻറീന-കാനഡ രാവിലെ 5-30
നാളെ: പെറു-ചിലേ. രാവിലെ 5-30
23: ഇക്വഡോർ-വെനിസ്വേല. പുലർച്ചെ 3-30
മെക്സിക്കോ-ജമൈക്ക. രാവിലെ 6-30
24: അമേരിക്ക-ബൊളീവിയ. പുലർച്ചെ 3-30
യുറഗ്വായി-പാനമ. രാവിലെ 6.30
25:കൊളംബിയ-പാരഗ്വ. പുലർച്ചെ 3-30
ബ്രസീൽ-കോസ്റ്ററിക്ക. രാവിലെ 6-30
26: പെറു-കാനഡ. പുലർച്ചെ 3-30
ചിലേ-അർജൻറീന. രാവിലെ 6-30
27: ഇക്വഡോർ-ജമൈക്ക. പുലർച്ചെ 3-30
വെനിസ്വേല- മെക്സിക്കോ. രാവിലെ 6-30
28: പാനമ-അമേരിക്ക. പുലർച്ചെ 3-30
യുറഗ്വായി-ബൊളീവിയ. രാവിലെ 6-30
29:കൊളംബിയ-കോസ്റ്ററിക്ക. പുലർച്ചെ 3-30
പാരഗ്വായി-ബ്രസീൽ. രാവിലെ 6-30
30: അർജൻറീന-പെറു. രാവിലെ 5-30
കാനഡ-ചിലേ. രാവിലെ 5-30
ജൂലൈ 01: മെക്സിക്കോ-ഇക്വഡോർ. പുലർച്ചെ 5-30
ജമൈക്ക-വെനിസ്വേല. പുലർച്ചെ 5-30
02:ബൊളീവിയ-പാനമ. രാവിലെ 6-30
അമേരിക്ക-യുറഗ്വായി. രാവിലെ 6-30
03:ബ്രസീൽ-കൊളംബിയ. രാവിലെ 6-30
കോസ്റ്ററിക്ക-പാരഗ്വേ. രാവിലെ 6-30
ക്വാർട്ടർ ഫൈനലുകൾ ജൂലൈ 05 മുതൽ
സെമി ഫൈനലുകൾ ജൂലൈ 10 മുതൽ
ഫൈനൽ ജൂലൈ 14ന്

ലൈവ് പ്രശ്നമാണ്

ഇന്ത്യയിൽ, വിശിഷ്യാ കേരളത്തിലാണ് കോപ്പ മൽസരങ്ങൾക്ക് ഏറ്റവുമധികം കാണികൾ ഉള്ളത്. വലിയ സ്ക്രീൻ പ്രദർശനവുമായി കോപ്പ ആഘോഷമാക്കുന്നവരുടെ നാട്. എന്നാൽ പത്തിലധികം സ്പോർട്സ് ചാനലുകൾ ഉള്ള ഇന്ത്യയിൽ കോപ്പ അമേരിക്ക മൽസരങ്ങളും സംപ്രേക്ഷണാവകാശം ആർക്കുമില്ല. അതിനാൽ തന്നെ കളി കാണുന്ന കാര്യത്തിൽ തികഞ്ഞ ആശങ്കയാണ്. സോണി ചാനലിൽ സംപ്രേഷണം ഉണ്ടെന്ന റിപ്പോർട്ടുകൾക്ക് സ്ഥിരീകരണമില്ല. പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കോഴിക്കോട്ടെ നൈനാംവളപ്പ് ഫുട്ബോൾ ഫാൻസ് അസോസിയേഷൻ കത്തയച്ചിട്ടുണ്ട്. വിവിധ സ്പോർട്സ് ചാനലുകളുമായി ബന്ധപ്പെട്ടപ്പോൾ വ്യക്തമായ ഉത്തരം ആരിൽ നിന്നുമില്ല. ചില ആപ്പുകളിൽ കളിയുണ്ടെന്ന് പറയുന്നു.

ഇന്ത്യയിൽ ഉള്ളവർക്ക് ഫോണിലും Smart ടി.വിയിലും ഫ്രീ ആയി കാണാൻ പറ്റുന്ന ആപ്പ് ആണ് Hdstreamz. ആപ്പ് ഡൗൺലോഡ് ചെയ്ത് Send to Tv Fil es എന്ന ആപ്പിലൂടെ സ്മാർട്ട് ടി.വിയിൽ ഇൻസ്റ്റാൾ ചെയ്യാം. ആപ്പ് ലിങ്ക്: https://hdstreamzs.com/downloads-apkx/

കരുത്ത് കാട്ടി രോഹിത് സംഘം

അഫ്ഗാനെതിരായ ലോകകപ്പ് സൂപ്പർ 08 പോരാട്ടത്തിൽ തകർപ്പൻ ബൗളിംഗ് നടത്തിയ ജസ്പ്രീത് ബുംറയെ അഭിനന്ദിക്കുന്ന ഇന്ത്യൻ നായകൻ രോഹിത് ശർമയും സുര്യകുമാർ യാദവും

ബ്രിഡ്ജ്ടൗൺ: അഫ്ഗാനെ വീഴ്ത്തി രോഹിത് ശർമയും സംഘവും ടി-20 ലോകകപ്പ് സൂപ്പർ എട്ടിന് വിജയത്തുടക്കമിട്ടു. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ എട്ട് വിക്കറ്റിന് 181 റൺസ് നേടിയപ്പോൾ അഫ്ഗാൻ പതറി. 47 റൺസിനായിരുന്നു ഇന്ത്യൻ വിജയം. മോശം തുടക്കത്തിന് ശേഷം 28 പന്തിൽ 53 റൺസ് നേടിയ സുര്യകുമാർ യാദവും 24 പന്തിൽ 32 റൺസ് നേടിയ ഹാർദിക് പാണ്ഡ്യയുമാണ് ഇന്ത്യൻ സ്ക്കോറിന് മാന്യത നൽകിയത്. രോഹിത് ശർമയും വിരാത് കോഹ്ലിയുമാണ് ഇന്നിംഗ്സിന് തുടക്കമിട്ടത്. എന്നാൽ മൂന്നാം ഓവറിൽ തന്ന രോഹിത് (8) ഫസൽഹഖ് ഫാറൂഖിക്ക് വിക്കറ്റ് നൽകി. റിഷാഭ് പന്ത് (20) പുറത്താവുമ്പോൾ സ്ക്കോർ ബോർഡിൽ 54 റൺസ്. 62 ൽ വിരാതും മടങ്ങിയപ്പോൾ സമ്മർദ്ദമായി. ചാമ്പ്യൻഷിപ്പിൽ തപ്പിതടയുന്ന വിരാത് ഒരു സിക്സർ നേടിയത് മാത്രമായിരുന്നു ഗ്യാലറിക്ക് ആവേശമായത്. ശിവം ദുബേ (10) വീണ്ടും നിരാശപ്പെടുത്തിയ ശേഷമാണ് സുര്യകുമാറും ഹാർദികും ഒരുമിച്ചത്. പതിവ് സ്റ്റൈലിലായിരുന്നു സുര്യകുമാർ. അഞ്ച് ബൗണ്ടറികളും മൂന്ന് തകർപ്പൻ സിക്സറുകളും. ഹാർദികും ഉറച്ച പന്തുണ നൽകി. എന്നാൽ അവസാനത്തിൽ രണ്ട് പേരും വേഗം മടങ്ങിയപ്പോൾ വാലറ്റക്കാർക്ക് കൂറ്റനടികൾക്കായില്ല. മറുപടിയിൽ അഫ്ഗാനെ ജസ്പ്രീത് ബുംറ വിറപ്പിച്ചു. തന്റെ ആദ്യ ഓവറിലെ രണ്ടാം പന്തിൽ തന്നെ ബുംറ റഹ്മത്തുല്ല ഗുർബാസിനെ മടക്കി. ഇബ്രാഹിം സദ്രാനെ (8) അക്സർ പട്ടേൽ പുറത്താക്കിയപ്പോൾ ഹസ്റത്തുല്ല സസാസിയെ തന്റെ രണ്ടാം ഓവറിൽ ബുംറ മടക്കി. മുഹമ്മദ് സിറാജിന് പകരം ടീമിലെത്തിയ കുൽദീപ് യാദവ് രണ്ട് വിക്കറ്റ് നേടിയപ്പോൾ രണ്ടാം വരവിൽ അർഷദീപ് സിംഗും രണ്ട് പേരെ പുറത്താക്കിയപ്പോൾ അഫ്ഗാൻ വീര്യം ഇല്ലാതായി. 134 റൺസാണ് അഫ്ഗാനികൾ നേടിയത്.

ഇന്നലെ ബ്രിഡ്ജ്ടൗണിൽ ഇന്ത്യ-അഫ്ഗാൻ ടി-20 പോരാട്ടത്തിന് മുമ്പ് ലോകകപ്പുമായി മൈതാനത്തെത്തുന്ന മുൻ ഇന്ത്യൻ താരം ഇർഫാൻ പത്താൻ. ഓരോ മൽസരത്തിന് മുമ്പും മുൻകാല താരങ്ങളാണ് ട്രോഫി മൽസര മൈതാനത്തേക്ക് കൊണ്ട് വരുക. 2007 ൽ മഹേന്ദ്രസിംഗ് ധോണിയുടെ ഇന്ത്യ പ്രഥമ ടി-20 ലോകകപ്പ് സ്വന്തമാക്കിയപ്പോൾ പാക്കിസ്താനെതിരായ ഫൈനലിലെ പ്ലെയർ ഓഫ് ദ മാച്ച് മൂന്ന് വിക്കറ്റ് നേടിയ ഇർഫാനായിരുന്നു. നിലവിൽ ടെലിവിഷൻ കമന്റേറ്ററാണ് അദ്ദേഹം

ഇംഗ്ലണ്ടിന് സമനില

ഇംഗ്ലണ്ടിനെതിരെ ഡെന്മാർക്കിന്റെ സമനില ഗോൾ നേടിയ ഹുൽമാൻഡിനെ അഭിനന്ദിക്കുന്ന സഹതാരങ്ങൾ

ഫ്രാങ്ക്ഫർട്ട്: യൂറോപ്പിലെ രണ്ട് പ്രബലർ മുഖാമുഖം വന്നപ്പോൾ മൽസരം 1-1 ൽ. ഫ്രാങ്കഫർട്ട് അറീനയിൽ നായകൻ ഹാരി കെയിൻ പതിനെട്ടാം മിനുട്ടിൽ ഇംഗ്ലണ്ടിന് ലീഡ് സമ്മാനിച്ചപ്പോൾ മുപ്പത്തിനാലാം മിനുട്ടിൽ ഹുൽമാൻഡ് ഡെന്മാർക്കിനെ ഒപ്പമെത്തിച്ചു. ആദ്യ മൽസരത്തിൽ സെർബിയക്കാരെ ഒരു ഗോളിന് വീഴ്ത്തിയ ഇംഗ്ലീഷുകാർ ഇന്നലെയും പോരിനൊത്ത പെരുമ പ്രകടിപ്പിച്ചില്ല. കൃസ്റ്റ്യൻ എറിക്സണും ഡാനിഷുകാരും പലവട്ടം അവരെ വിറപ്പിച്ചു. ഹാരി ആദ്യ ഗോൾ നേടിയ ശേഷം പ്രതിരോധത്തിലേക്ക് മടങ്ങിയതാണ് ഇംഗ്ലണ്ടിന് ആഘാതമായത്. എഴുപതാം മിനുട്ടിൽ ഗ്യാരത്ത് സൗത്ത്ഗെയിറ്റ് ഹാരി ഉൾപ്പെടെ മൂന്ന് പേരെ മാറ്റി.

സെർബിയക്കാർ രക്ഷപ്പെട്ടു

യൂറോയിൽ ഇന്നലെ നടന്ന ആദ്യ മൽസരത്തിൽ സെർബിയക്കെതിരെ ഗോൾ നേടിയ ആഹ്ലാദത്തിൽ സ്ലേവേനിയയുടെ കാർനിസ്നിക്ക്

മ്യൂണിച്ച്: സ്ലോവേനിയക്കാർ യൂറോയിലെ ആദ്യ ജയം സ്വപ്നം കണ്ടതാണ്. യൂറോയിലെ വാശിയേറിയ പോരാട്ടം 94 മിനുട്ട് പിന്നിടുമ്പോഴും അവർ ആ സ്വപ്നം സത്യമാവുന്നതിന് അരികിലായിരുന്നു. രണ്ടാം പകുതിയിൽ എൽസ്നിക് സ്വന്തമാക്കിയ മനോഹര ഗോളിൽ ലീഡ് ചെയ്ത് വിജയം ഉറപ്പാക്കിയ സ്ലോവേനിയക്കാരുടെ നെഞ്ച് പിളർത്തി ലോംഗ് വിസിലിന് സെക്കൻഡുകൾക്ക് മുമ്പ് സെർബിയക്കാർ തിരിച്ചടിച്ച കാഴ്ച്ചയിൽ ഗ്രൂപ്പ് സി അങ്കം 1-1 ൽ അവസാനിച്ചു. ഫുൾബാക്ക് സാൻ കാർനിസ്നിക്കായിരുന്നു സ്ലോവേനിയക്കാരുടെ ഹീറോ. സുന്ദരമായ ഗോൾ നേടി ടീമിന് കരുത്തേകിയ താരത്തിന് പക്ഷേ റയൽ മാഡ്രിഡ് നിരയിലുണ്ടായിരുന്ന ജോവിച്ച് എന്ന സെർബുകാരന്റെ അവസാന മിനുട്ട് ഹെഡ്ഡറിൽ തല താഴ്ത്തേണ്ടി വന്നു. സമനില വഴി സ്ലോവേനിയക്കാർ പ്രികാർട്ടർ സാധ്യത നിലനിർത്തി. ആദ്യ മൽസരത്തിൽ ഡെന്മാർക്കിനെ അവർ സമനിലയിൽ തളച്ചിരുന്നു. ഇംഗ്ലണ്ടിനോട് ഒരു ഗോളിന് തോറ്റ സെർബുകാർക്ക് സമനില നേരിയ ആശ്വാസമാണ്.

സ്ക്കോട്ടിഷ് വീര്യത്തിൽ സ്വിസ് നിർവീര്യം

ഹാംബർഗ്: യൂറോ ഗ്രൂപ്പ് എയിൽ വിലപ്പെട്ട പോയിന്റുമായി സ്ക്കോട്ട്ലൻഡ്. ഇന്നലെ നടന്ന മൽസരത്തിലവർ കരുത്തരായ സ്വിറ്റ്സർലൻഡുകാരെ 1-1 ൽ തളച്ചു. ആദ്യ രണ്ട് മൽസരങ്ങളും സ്വന്തമാക്കി ആതിഥേയരായ ജർമനി പ്രികാർട്ടർ ഉറപ്പാക്കിയ ഗ്രൂപ്പ് എ-യിൽ സ്വിസുകാർ നാല് പോയിന്റുമായി രണ്ടാമതാണ്. സ്ക്കോട്ട്ലൻഡ് ഒരു ഗോളുമായി മൂന്നാമതും. ഹംഗറിക്കാർക്കാണ് രണ്ട് കളികളിൽ ഒരു പോയിന്റുമില്ലാത്തത്. സ്വിസുകാരെ ഞെട്ടിക്കുന്ന പ്രകടനമായിരുന്നു സ്ക്കോട്ടുകാരുടേത്. സ്കോട്ട് മക്ടോമിനേയിലുടെ പതിമൂന്നാം മിനുട്ടിൽ തന്നെ തകർപ്പൻ ഗോൾ. എന്നാൽ സൂപ്പർ താരം ഷെർദാൻ ഷാക്കിരിയിലൂടെ സ്വിസുകാർ ഇരുപത്തിയാറാം മിനുട്ടിൽ മാനം കാത്തു. രണ്ടാം പകുതിയിൽ വിജയത്തിനായി സ്വിസുകാർ രണ്ടും കൽപ്പിച്ച് മുന്നേറിയെങ്കിലും സ്ക്കോട്ടിഷ് പ്രതിരോധം തല താഴ്ത്തിയില്ല.

ഇംഗ്ലണ്ട് വിൻഡീസിനെ മറിച്ചിട്ടു

സെന്റ് ലൂസിയ:ടി-20 ലോകകപ്പിൽ ആതിഥേയരായ വിൻഡീസിന് ആദ്യ തോൽവി. സൂപ്പർ 08 ൽ തകർപ്പൻ പ്രകടനം നടത്തിയ നിലവിലെ ചാമ്പ്യന്മാരായ ഇംഗ്ലണ്ടാണ് വിൻഡീസിനെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തിയത്. ബാറ്റിംഗിന് അനുകൂലമായ ട്രാക്കിൽ ആദ്യം ബാറ്റ് ചെയ്ത വിൻഡീസ് നാല് വിക്കറ്റിന് 180 റൺസാണ് സ്വന്തമാക്കിയത്. എന്നാൽ 15 പന്ത് ബാക്കിനിൽക്കെ ഇംഗ്ലണ്ട് ലക്ഷ്യത്തിലെത്തി. വിൻഡീസിന് നല്ല തുടക്കം കിട്ടിയിരുന്നു. ബ്രാൻഡൻ കിംഗും ജോൺസൺ ചാൾസും ചേർന്ന് ആദ്യ വിക്കറ്റിൽ 94 റൺസ് വരെ നേടി. കിംഗ് പരുക്കുമായി പുറത്തായപ്പോൾ പകരമെത്തിയ നിക്കോളാസ് പൂരാൻ അവസാന മൽസരത്തിലെന്ന പോലെ അതിവേഗം റൺസ് നേടി. 32 പന്തിൽ 36 റൺസിലെത്തിയ പുരാനൊപ്പം തന്നെ നായകൻ റോവ്മാൻ പവലും 36 ലെത്തി. എന്നാൽ വാലറ്റത്തിൽ ആർക്കും കൂറ്റനടികൾക്കായില്ല. റുഥർഫോർഡ് 15 പന്തിൽ 28 റൺസ് നേടി. ഇംഗ്ലണ്ടിനായി ഫിൽസാൾട്ട് അതിഗംഭീരമായാണ് തുടങ്ങിയത്. 47 പന്തിൽ നിന്നും 87 റൺസ്. അഞ്ച് തവണയാണ് ഓപ്പണർ പന്ത് ഗ്യാലറിയിൽ എത്തിച്ചത്. നായകൻ ജോസ് ബട്ലറും മോശമാക്കിയില്ല. സാൾട്ടിനൊപ്പം ഇന്നിംഗ്സിന് തുടക്കമിട്ട ബട്ലർ 22 പന്തിൽ 25 റൺസ് നേടിയപ്പോൾ അതിവേഗ ഇന്നിംഗ്സിൽ ജോണി ബെയർസ്റ്റോ വിജയം ഉറപ്പാക്കി. 26 പന്തിൽ അദ്ദേഹം പുറത്താവാതെ 48 റൺസ് നേടി.

ബി.ജെ.പി ആരെ സ്ഥാനാർഥിയാക്കിയാലും പാലക്കാട് യു.ഡി.എഫ് പിടിക്കും. പാലക്കാട് നഗരസഭയിൽ മാത്രമാണു ബി.ജെ.പിയും യു.ഡി.എഫും തമ്മിലുള്ള മത്സരം. ബാക്കി മൂന്ന് പഞ്ചായത്തുകളിലും യു.ഡി.എഫിനു വ്യക്തമായ മേൽക്കൈയുണ്ട്. മണ്ഡല പുനർനിർണയം വന്നതോടെ പാലക്കാടിനു വലിയ തോതിലുള്ള മാറ്റം വന്നിട്ടുണ്ട്. പാലക്കാട്, ചേലക്കര മണ്ഡലങ്ങളിൽ ചെറുപ്പക്കാരെ മത്സരിപ്പിക്കണം.

– കെ. മുരളീധരൻ

കാർഷിക വിളകളുടെ താങ്ങുവില വർധനയിൽ നിന്നും റബർ ഒഴിവാക്കപ്പെട്ടത് അംഗീകരിക്കാനാവില്ല. കർഷകരുടെ ദീർഘനാളത്തെ ആവശ്യമായിരുന്ന നെല്ല് ഉൾപ്പടെ 14 വിളകളുടെ വില ഉയർത്തിയെങ്കിലും വില തകർച്ചയിൽ വീർപ്പുമുട്ടുന്ന റബർ മേഖല ഒഴിവാക്കപ്പെട്ടു. ഏറ്റവും കൂടുതൽ റബ്ബർ ഉത്പാദിപ്പിക്കുന്ന സംസ്ഥാനം എന്ന നിലയിൽ ഈ മേഖലയിൽ ഉണ്ടാവുന്ന തീരുമാനങ്ങൾ കേരളത്തിൽ ചലനം സൃഷ്ടിക്കും. നാലു സംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പു മുന്നിൽ കണ്ടുള്ള രാഷ്ട്രീയ നീക്കമാണ് ഇതെന്ന വിമർശനം ഇതിനകം തന്നെ ഉയർന്നിട്ടുണ്ട്.

– ഫ്രാൻസിസ് ജോർജ്

കേരള വാർത്തകൾ

പാവങ്ങളെ ദുരിതത്തിലാക്കി ക്ഷേമ പെൻഷൻ കുടിശിക

‘പിണറായിയെ രക്ഷിക്കാൻ പാവം റിയാസ് മാത്രം’

പരിഹാസവുമായി പ്രതിപക്ഷ നേതാവ്

തിരുവനന്തപുരം: ക്ഷേമ പെൻഷൻ കുടിശിക സംബന്ധിച്ച് പ്രതിപക്ഷം അവതരിപ്പിച്ച അടിയന്തര പ്രമേയത്തിന് കൃത്യമായ മറുപടി പറയാനില്ലാതെ, കെ.പി.സി.സി പ്രസിഡന്റ് കെ. സുധാകരനെതിരെ തിരിഞ്ഞ ധനമന്ത്രി കെ.എൻ ബാലഗോപാൽ പ്രതിപക്ഷ നേതാവിന്റെ മറുപടിയിൽ കുടുങ്ങി. മുഖ്യമന്ത്രിയെ ‘അവൻ’ എന്ന് വിളിച്ച കെ.പി.സി.സി പ്രസിഡന്റിന്റെ അണികളല്ലേ നിങ്ങളെന്നായിരുന്നു ധനമന്ത്രിയുടെ ആക്ഷേപം. ഇതിന് മറുപടി നൽകിയ വി.ഡി സതീശൻ ഇക്കാലമത്രയും മുഖ്യമന്ത്രി പിണറായി പ്രയോഗിച്ചിട്ടുള്ള പദങ്ങൾ ഇവിടെ പറയാൻ കൊള്ളാത്തതാണെന്ന് തിരിച്ചടിച്ചതോടെ ധനമന്ത്രിയും ഭരണപക്ഷവും നിശബ്ദരായി.

ഇടതുസഹയാത്രികനായ ബിഷപ്പിനെയല്ലേ നിങ്ങളുടെ മുഖ്യമന്ത്രി വിവരദോഷിയെന്നു വിളിച്ചതെന്ന് സതീശൻ ചോദിച്ചു. കേരളത്തിലെ മുഖ്യമന്ത്രി പലകാലത്തായി ഉപയോഗിച്ച മൂന്നു നാല് വാക്കുകളുണ്ട്. അൺപാർലമെന്ററി ആയതിനാൽ അതൊന്നും ഇവിടെ പറയുന്നില്ല. വിവരദോഷിയെന്ന് അഭിവന്ദ്യനായ പിതാവിനെ വിളിച്ചപ്പോൾ ആ പാവം പൊതുമരാമത്ത് മന്ത്രി മുഹമ്മദ് റിയാസ് അല്ലാതെ മുഖ്യമന്ത്രിയെ സംരക്ഷിക്കാൻ നിങ്ങളെ ആരെയും കണ്ടില്ലല്ലോ. പാവം റിയാസ് വന്നു പറഞ്ഞു, മുഖ്യമന്ത്രി പറഞ്ഞത് ശരിയാണെന്നും വിവരദോഷിയെന്ന് വിളിച്ചതിൽ തെറ്റില്ലെന്നും. മുഖ്യമന്ത്രിയെ രക്ഷിക്കാൻ മന്ത്രി റിയാസ് മാത്രമെ ഉണ്ടായിരുന്നുള്ളൂ. മന്ത്രിമാരെയോ എം.എൽഎമാരെയോ ആരെയും കണ്ടില്ല. റിയാസെങ്കിലും ഉണ്ടായത് ഭാഗ്യം. അതുകൊണ്ട് വാക്കുകൾ സൂക്ഷിച്ച് ഉപയോഗിക്കുന്നതാണ് നല്ലതെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു.

ക്ഷേമപെൻഷൻ അടിയന്തര വിഷയമല്ലെന്ന് ധനമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്ത് ലക്ഷക്കണക്കിന് ആളുകൾ ക്ഷേമപെൻഷൻ കിട്ടാതെ ദുരിതമനുഭവിക്കുന്ന സാഹചര്യം നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് നിയമസഭയിൽ പ്രതിപക്ഷ പ്രതിഷേധം. വിഷയം അടിയന്തര പ്രമേയമായി സഭയിൽ കൊണ്ടുവന്നെങ്കിലും അടിയന്തര പ്രാധാന്യത്തോടെ ചർച്ച ചെയ്യേണ്ട വിഷയമല്ലെന്ന ധനമന്ത്രിയുടെ വിശദീകരണത്തെ തുടർന്ന് സ്പീക്കർ അനുമതി നിഷേധിക്കുകയായിരുന്നു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയി. പി.സി വിഷ്ണുനാഥാണ് അടിയന്തര പ്രമേയ നോട്ടീസ് അവതരിപ്പിച്ചത്. ലോക്സഭാ തെരഞ്ഞെടുപ്പിലെ തിരിച്ചടിയിൽ നിന്ന് സി.പി.എമ്മും സർക്കാരും ഒരു പാഠവും പഠിച്ചിട്ടില്ലെന്നതിന്റെ തെളിവാണ് ധനമന്ത്രിയുടെ മറുപടിയെന്ന് വിഷ്ണുനാഥ് പറഞ്ഞു.

ഈ വിഷയം ജനുവരിയിൽ ചർച്ച ചെയ്തതാണെന്നും അതിനാൽ ഇപ്പോൾ അടിയന്തരമായി അവതരിപ്പിക്കപ്പെടേണ്ട വിഷയമല്ലെന്നുമുള്ള ആമുഖത്തോടെയാണ് ധനമന്ത്രി മറുപടി ആരംഭിച്ചത്. സ്റ്റാറ്റ്യൂട്ടറി പെൻഷൻ അവകാശമല്ലെന്നും കൃത്യമായി കൊടുക്കണമെന്ന് എവിടെയും പറഞ്ഞിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി. പെൻഷന്റെ പേരിൽ പ്രതിപക്ഷം മുതലെടുപ്പ് നടത്തുകയാണ്. സമയബന്ധിതമായി പെൻഷൻ നൽകാമെന്നാണ് ബജറ്റിൽ പറഞ്ഞതെന്നും കേന്ദ്രത്തിൽ നിന്ന് കിട്ടാനുള്ള പണം കിട്ടണ്ടേയെന്നും മന്ത്രി ചോദിച്ചു. നാലുഗഡു പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെന്നും ജൂൺമാസത്തെ പെൻഷൻ അടുത്തയാഴ്ച വിതരണം തുടങ്ങുമെന്നും മന്ത്രി പറഞ്ഞു.

ഉമ്മൻ ചാണ്ടിയുടെ കാലത്ത് പെൻഷൻ 18 മാസം കുടിശികയായെന്ന നുണ ധനമന്ത്രി ആവർത്തിച്ചു കൊണ്ടിരിക്കുകയാണെന്ന് വിഷ്ണുനാഥ് പറഞ്ഞു. അദ്ദേഹം ഒരു രേഖയുമില്ലാതെയാണ് പറഞ്ഞത്. അദ്ദേഹത്തിന്റെ കയ്യിലുള്ളത് ശങ്കരാടി പറഞ്ഞ രേഖയാണ്. പക്ഷെ, തന്റെ കയ്യിൽ യഥാർത്ഥ രേഖയുണ്ട്. 2016ൽ ധനമന്ത്രിയായ തോമസ് ഐസക് പുറത്തിറക്കിയ ധവളപത്രമാണ് ആ രേഖ. സാമൂഹ്യ സുരക്ഷാ പെൻഷൻ മൂന്നുമാസത്തെ മാത്രം കുടിശികയായി എന്നാണ് ആ രേഖയിലുള്ളത്. 18 മാസത്തെ കുടിശികയുണ്ടെങ്കിൽ പിണറായി സർക്കാർ വന്നപ്പോൾ അത് ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് ആ കുടിശിക കൊടുത്തതെന്ന് ചോദിച്ച വിഷ്ണുനാഥ്, ഇക്കാര്യം ചോദ്യമായി ഉന്നയിച്ചിട്ട് അതിന് ധനമന്ത്രി മറുപടി പോലും നൽകിയില്ലെന്നും വ്യക്തമാക്കി.

പെൻഷൻ അവകാശമല്ല, സർക്കാരിന്റെ ഔദാര്യമാണെന്നാണ് ഇടതുസർക്കാർ ഹൈക്കോടതിയിൽ അറിയിച്ചിരിക്കുന്നത്. ഇത് പെൻഷൻ നൽകുന്നതിൽ നിന്നുള്ള പിൻമാറ്റത്തിന്റെ തുടക്കമാണ്. അവശ ജനവിഭാഗങ്ങൾക്ക് പെൻഷൻ നൽകുകയെന്നത് വെൽഫെയർ സ്റ്റേറ്റിന്റെ കടമയാണെന്ന് ഭരണഘടനയിലെ ആർട്ടിക്കിൾ 41ൽ പറഞ്ഞിട്ടുണ്ടെന്നും വിഷ്ണുനാഥ് ചൂണ്ടിക്കാട്ടി. പെൻഷൻ നൽകാനെന്ന പേരിലാണ് പെട്രോളിനും ഡീസലിനും രണ്ടു രൂപ സെസ് ഏർപ്പെടുത്തിയത്. ആ പണം ധൂർത്തടിച്ചിട്ടാണ് ഇപ്പോൾ പെൻഷൻ നൽകാനാവില്ലെന്ന് പറയുന്നത്. കെട്ടിട നിർമാണ തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, കശുവണ്ടി, കയർ, തയ്യൽ, ബീഡി തൊഴിലാളികളിൽ നിന്നും അംശാദായമായി കോടികൾ വാങ്ങിയെടുത്തിട്ടും അവർക്കുള്ള പെൻഷനുകൾ ഒരു വർഷമായി നൽകിയിട്ടില്ലെന്നും വിഷ്ണുനാഥ് ചൂണ്ടിക്കാട്ടി. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള പെൻഷന് പുറമേ സാമൂഹിക ക്ഷേമ പെൻഷനുകളും കിട്ടുമായിരുന്നത് ഇടതുസർക്കാർ നിർത്തലാക്കി ഒരൊറ്റ പെൻഷനാക്കി. ഇപ്പോൾ ഒരു പെൻഷൻ പോലും കിട്ടാതെ അവശ ജനവിഭാഗങ്ങൾ ദുരിതത്തിലാണ്. കിടപ്പുരോഗികളെ ചികിൽസിക്കുന്നവർ, കോക്ലിയർ ഇംപ്ലാന്റേഷൻ, ഹീമോഫീലിയ രോഗികൾ തുടങ്ങിയവർക്കെങ്കിലും പെൻഷൻ നൽകാനുള്ള കനിവുണ്ടാകണമെന്ന് വിഷ്ണുനാഥ് ധനമന്ത്രിയോട് കൈകൂപ്പി പറഞ്ഞു.

കുടിശിക പെൻഷൻ കൊടുത്തപ്പോൾ ചരിത്രത്തിലാദ്യമായി നാട്ടിലെങ്ങും ഫ്ളക്സ് ബോർഡുകൾ വെച്ച് ആഘോഷം നടത്തിയ സർക്കാരാണിത്. ആ ഫ്ളക്സ് ബോർഡിൽ അന്ന് ചിരിച്ചു നിന്ന അമ്മമാർ ഇപ്പോൾ പിച്ചച്ചട്ടിയെടുത്ത് തെരുവിലിറങ്ങി പെൻഷന് വേണ്ടി യാചിക്കുകയാണെന്നും വിഷ്ണുനാഥ് കൂട്ടിച്ചേർത്തു.

ക്ഷേമപെൻഷൻ നൽകാൻ പണമില്ലെങ്കിൽ എന്താണ് സർക്കാരിന്റെ മുൻഗണന: കുഞ്ഞാലിക്കുട്ടി

തിരുവനന്തപുരം: ക്ഷേമപെൻഷൻ നൽകാത്ത സർക്കാരിനോട് എന്താണ് നിങ്ങളുടെ മുൻഗണനയെന്ന ചോദ്യമുന്നയിച്ച് പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി. പണമില്ലാത്ത സാഹചര്യമാണെന്നറിയാം, ഇത്രകാലമായിട്ടും എന്തുകൊണ്ട് സർക്കാർ വ്യക്തമായൊരു സാമ്പത്തിക നിലപാട് സ്വീകരിക്കുന്നില്ലെന്നും അദ്ദേഹം ചോദിച്ചു. നിയമസഭയിൽ വാക്കൗട്ട് പ്രസംഗം നടത്തുകയായിരുന്നു കുഞ്ഞാലിക്കുട്ടി.

പണമില്ലാത്ത സാഹചര്യം എല്ലാ സർക്കാരുകളുടെ കാലത്തും ഉണ്ടായിട്ടുണ്ട്. കേന്ദ്രസർക്കാർ ഫണ്ട് തടഞ്ഞുവെച്ചത് സംസ്ഥാനത്തിന് പ്രതിസന്ധിയാണ്. അതെല്ലാം സമ്മതിക്കുന്നു. എന്നാൽ ഉള്ള പണം എങ്ങനെ വിനിയോഗിക്കണം എന്ന കാര്യത്തിൽ മുൻഗണനാ മാനദണ്ഡം ഉണ്ടാകാത്തത് എന്തുകൊണ്ടാണ്. അതിൽ എന്താണ് ധനമന്ത്രിക്ക് മറുപടിയില്ലാത്തത്. കേന്ദ്രത്തിനെതിരെ സമരം ചെയ്യാൻ പോകുന്നതിന് മുൻപ് സംസ്ഥാന സർക്കാർ ചെയ്യേണ്ട കാര്യം ചെയ്യണം. കാര്യങ്ങൾ അത്ര പംക്തിയല്ലെന്ന് ധനമന്ത്രിയുടെയും ഭരണനിരയിലെ അംഗങ്ങളുടെ ഭാവത്തിൽ നിന്ന് മനസിലാകുന്നുണ്ട്. പല രംഗത്തും ചെലവ് ചുരുക്കാൻ കഴിയുന്നില്ല. എത്ര പണമാണ് അനാവശ്യമായി ചെലവഴിക്കുന്നത്. അതിന് നിയന്ത്രണം ഉണ്ടാകണം. വിലക്കയറ്റത്തിന്റെ കാലത്ത് പാവപ്പെട്ടവരുടെ കയ്യിൽ പണമില്ലാത്ത സ്ഥിതിയാണ്. ധനമന്ത്രിയുടെ മറുപടി നിർഭാഗ്യകരമാണ്. യു.ഡി.എഫ് സർക്കാരിന്റെ കാലത്തെ കുടിശികയെ കുറിച്ചാണ് ധനമന്ത്രി പറയുന്നത്. ഉമ്മൻചാണ്ടി സർക്കാരിന്റെ അവസാനകാലത്ത് കുറച്ച് കുടിശികയുണ്ടായതിനെയാണ് മുഴുവൻ കുടിശികയെന്ന് പ്രചരിപ്പിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

മെഡിക്കൽ വിദ്യാർഥികളെ കടിച്ച തെരുവുനായക്കു പേവിഷബാധ

കോട്ടയം: കോട്ടയം മെഡിക്കൽ കോളജ് ക്യാംപസിനുള്ളിൽ 6 മെഡിക്കൽ വിദ്യാർഥികളെ കടിച്ച തെരുവുനായയ്ക്കു പേവിഷബാധ സ്ഥിരീകരിച്ചു. ചത്ത നിലയിൽ കണ്ടെത്തിയ നായയുടെ മൃതദേഹം തിരുവല്ലയിലെ ഏവിയൻ ഡിസീസ് ഡയഗ്നോസ്റ്റിക് ലബോറട്ടറിയിൽ എത്തിച്ചു നടത്തിയ പരിശോധനയിലാണു നായയ്ക്കു പേവിഷ ബാധ സ്ഥിരീകരിച്ചത്.

മെഡിക്കൽ കോളജ് ക്യാംപസിൽ മെൻസ് ഹോസ്റ്റലിൽ താമസിക്കുന്ന 5 എംബിബിഎസ് വിദ്യാർഥികൾക്കും ഒരു ബിഫാം വിദ്യാർഥിക്കുമാണു ചൊവ്വാഴ്ച വൈകിട്ടും രാത്രിയിലുമായി കടിയേറ്റത്. ഇവരെല്ലാം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്.

ക്യാംപസിനുള്ളിൽ ഹോസ്റ്റലിലേക്കുള്ള വഴിയിലാണ് ഇവരെ നായ ആക്രമിച്ചത്. കാലിലാണു കടിയേറ്റിരിക്കുന്നത്. 5 വിദ്യാർഥികൾക്കു സാരമായ രീതിയിൽ കടിയേറ്റു. ബുധനാഴ്ച രാവിലെയാണു നായയെ ചത്ത നിലയിൽ കണ്ടെത്തിയത്.പരിസര പ്രദേശങ്ങളിലും അലഞ്ഞുനടക്കുന്ന തെരുവുനായ്ക്കളെ ആർപ്പൂക്കര പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പിടികൂടി കൂട്ടിലടച്ചു തുടങ്ങി.

ഏകീകൃത കുർബാന: കടുത്ത നടപടി പാടില്ലെന്ന് ബിഷപ്പുമാരുടെ കത്ത്

കൊച്ചി: സിറോ മലബാർ സഭയിലെ കുർബാന തർക്കത്തിൽ കടുത്ത നടപടി പാടില്ലെന്ന് ബിഷപ്പുമാരുടെ കത്ത്. എറണാകുളം–അങ്കമാലി അതിരൂപയിൽ ഉൾപ്പെട്ട അഞ്ച് ബിഷപ്പുമാരാണ് സിറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് റാഫേൽ തട്ടിലിന് കത്ത് നൽകിയത്. ജൂലൈ നാലാം തീയതിക്ക് ശേഷം ഏകീകൃത കുർബാന ചൊല്ലാത്ത വൈദികരെ പുറത്താക്കുമെന്ന് കാണിച്ച് സർക്കുലർ ഇറക്കിയത് ശരിയായില്ലെന്നും കത്തിൽ പറയുന്നു. ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതിന് വേണ്ടിയാണ് സഭ സിനഡ് വിളിച്ചത്. സിനഡ് ചേരും മുമ്പ് ഇത്തരമൊരു സർക്കുലർ പുറത്തിറക്കിയതിന് പിന്നിൽ ആരെണെന്നും, ഇതിന് പിന്നിൽ ആരുടെ നിഗൂഢ തന്ത്രമാണെന്നും ബിഷപ്പുമാർ കത്തിൽ ചോദിക്കുന്നു. സിനഡാണ് ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടതെന്ന് നേരത്തെ മാർപ്പാപ്പ തന്നെ മേജർ ആർച്ച് ബിഷപ്പിനോട് പറഞ്ഞിരുന്നു. എന്നാൽ സിനഡ് ചേരും മുമ്പ് ഏകപക്ഷീയമായ തീരുമാനമെടുത്തത് ശരിയായില്ല. ഏകീകൃത കുർബാന ചൊല്ലണമെന്നാവശ്യപ്പെട്ട് രൂപതക്ക് നൽകിയ കത്തിൽ തങ്ങളും ഒപ്പിട്ടിരുന്നതാണ്. മേജർ ആർച്ച് ബിഷപ്പ് കാഴ്ചക്കാരനായി നിൽക്കുകയാണോ എന്നും ബിഷപ്പുമാർ ചോദിക്കുന്നു. അതേസമയം, ഏകീകൃത കുർബാന നടപ്പാക്കണമെന്ന സിനഡ് തീരുമാനത്തിൽ ഒപ്പ് വച്ചതിന് ശേഷം അതിന് ഘടക വിരുദ്ധമായി പ്രവർത്തിക്കുന്ന മെത്രാൻമാരെ സഭയിൽ നിന്ന് പുറത്താക്കണമെന്ന് കാത്തലിക്ക് നസ്രാണി അസോസിയേഷൻ ആവശ്യപ്പെട്ടു. അതിരൂപതയിൽ നിലവിൽ ഉണ്ടായിരുന്ന ഐക്യം തകർക്കാൻ പദ്ധതിയിട്ടവരെ വിശ്വാസി സമൂഹം ബഹിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ട് ഇന്ന് രാവിലെ 10.30ന് എറണാകുളം ബിഷപ്പ് ഹൗസിന് മുന്നിൽ ബിഷപ്പുമാരുടെ ഫോട്ടോ പതിച്ച ചിത്രങ്ങളിൽ പ്രതീകത്മാകമായി മഹോറൺ ചൊല്ലൽ സമരം നടത്തുമെന്നും സംഘടന അറിയിച്ചു.

പെലീസുകാർക്കിടയിലെ ആത്മഹത്യ: ഡി.ജി.പി റിപ്പോർട്ട് സമർപ്പിക്കണം

കൊച്ചി: വിശ്രമമില്ലാത്ത ജോലിയും മേലുദ്യോഗസ്ഥരുടെ സമ്മർദവും കാരണം പൊലീസിൽ ആത്മഹത്യകൾ പെരുകുകയാണെന്ന പരാതി പരിശോധിച്ച് അടിയന്തര ഇടപെടൽ നടത്തണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കും സംസ്ഥാന പൊലീസ് മേധാവിക്കുമാണ് കമ്മീഷൻ ആക്റ്റിങ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ കെ. ബൈജുനാഥ് നിർദേശം നൽകിയത്. 30 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണം. ജൂലൈ 24ന് കോഴിക്കോട് നടക്കുന്ന സിറ്റിങിൽ കേസ് പരിഗണിക്കും. പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി. കഴിഞ്ഞ ഒരാഴ്ചക്കിടയിൽ 5 പൊലീസുകാർ ആത്മഹത്യ ചെയ്തെന്നാണ് പരാതി. പൊലീസിന്റെ വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ സഹപ്രവർത്തകരുടെ ആത്മഹത്യ സജീവ ചർച്ചയാണെന്ന് വാർത്തകളിൽ പറയുന്നു. പൊലീസ് സ്റ്റേഷന്റെ ഭരണം സി.ഐമാർ ഏറ്റെടുത്തതോടെയാണ് പ്രശ്നം രൂക്ഷമായത്. എസ്.ഐമാർ എസ്.എച്ച്.ഒമാർ ആയിരുന്നപ്പോൾ പൊലീസുകാരുടെ കുടുംബ പശ്ചാത്തലം മനസിലാക്കിയാണ് ഡ്യൂട്ടി നിശ്ചയിച്ചിരുന്നത്. ആത്മഹത്യ ചെയ്ത പൊലീസുകാർ അച്ചടക്ക നടപടിക്ക് വിധേയരായവരാണ്. ഐ.പി.എസ് ഉദ്യോഗസ്ഥരാണ് അച്ചടക്ക നടപടികളെടുക്കുന്നതെന്നും പരാതിയുണ്ട്.

ക്ഷേമ പെൻഷൻ കൊടുക്കാതിരിക്കാൻ സർക്കാരിന്റെ തന്ത്രം: വി.ഡി സതീശൻ

തിരുവനന്തപുരം: ഭിന്നശേഷിക്കാരും വിധവകളും വാർധക്യം ബാധിച്ചവരും അഗതികളും പാവപ്പെട്ടവരുടെ ഉൾപ്പെടെ 55 ലക്ഷം പേർ ക്ഷേമ പെൻഷന് കിട്ടാതെ ആറുമാസമായി കാത്തിരിക്കുമ്പോഴും അത് കൊടുക്കാതെ അവരുടെ പെൻഷൻ നിഷേധിക്കാനുള്ള തന്ത്രമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. ഈ മാസം മുതൽ പെൻഷൻ കൊടുത്തു തുടങ്ങിയെന്നാണ് മന്ത്രി തന്ത്രപൂർവം പറഞ്ഞത്. നേരത്തെ സർക്കാർ ഇറക്കുന്ന ഉത്തരവുകളിൽ ഏത് മാസത്തെ പെൻഷനാണ് നൽകുന്നതെന്ന് വ്യക്തമാക്കുമായിരുന്നെന്നും നിയമസഭയിൽ നടത്തിയ വാക്കൗട്ട് പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു.

ഇപ്പോൾ ഇറക്കിയ ഉത്തരവിൽ ഏത് മാസത്തെ പെൻഷനാണ് നൽകുന്നതെന്ന് കൃത്യമായി പറഞ്ഞിട്ടില്ല. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ പെൻഷൻ നൽകിയെന്നാണ് ഇപ്പോൾ പറയുന്നത്. എന്നാൽ യഥാർത്ഥത്തിൽ കൊടുത്തത് കൊടുക്കാനുള്ള ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലേതാണ്. അതായത് ആറ് മാസത്തെ പെൻഷൻ ഇനി ഒരിക്കലും കിട്ടില്ലെന്ന രീതിയിലാണ് ഇപ്പോൾ ഉത്തരവ് ഇറക്കിയിരിക്കുന്നത്. ഏത് മാസത്തെയാണെന്ന് പറയാതെ നിങ്ങൾ പെൻഷൻ ഉത്തരവ് ഇറക്കുന്നത് ആരെ കബളിപ്പിക്കാനാണ്? ഈ പാവപ്പെട്ടവരും സാധാരണക്കാരുമായവരെയാണോ നിങ്ങൾ കബളിപ്പിക്കുന്നത്. പെൻഷൻ കുടിശിക നൽകാതിരിക്കാനുള്ള നീക്കമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

മസ്റ്ററിങ് നിർബന്ധമാക്കിയതോടെ ആയിരക്കണക്കിന് കിടപ്പു രോഗികൾക്കും ഭിന്നശേഷിക്കാർക്കുമാണ് പെൻഷൻ നഷ്ടമാകുന്നത്. മസ്റ്ററിങ് വൈകിയാൽ ആ മാസങ്ങളിലെ പെൻഷൻ റദ്ദാക്കും. പാവങ്ങളോടാണ് സർക്കാർ ഇങ്ങനെയൊക്കെ ചെയ്യുന്നത്. തളർന്നു കിടക്കുന്ന പാവങ്ങളോടാണ് ജീവിച്ചിരിക്കുന്നു എന്നതിന് തെളിവ് നൽകിയത് വൈകിപ്പോയെന്നു പറഞ്ഞ് പെൻഷൻ നിഷേധിക്കുന്നത്. മരുന്നു വാങ്ങാനും ജീവിക്കാനും നിവൃത്തിയില്ലാത്ത പാവങ്ങൾക്കു വേണ്ടി നിയമസഭയിൽ അല്ലാതെ എവിടെ പോയി സംസാരിക്കുമെന്ന് പ്രതിപക്ഷ നേതാവ് ചോദിച്ചു. പെൻഷൻ കമ്പനിയിൽ നിന്നും സർക്കാർ പിൻമാറുകാണ്. സർക്കാരിന്റെ മുൻഗണനകൾ എന്താണെന്ന് ഞങ്ങൾ ചോദിച്ചപ്പോഴും നിങ്ങൾ ബഹളം വയ്ക്കുകയും പരിഹസിക്കുകയും ചെയ്തു. ഇപ്പോൾ വരുന്ന പത്രവാർത്തകൾ ശരിയാണെങ്കിൽ ഇതാണോ നിങ്ങളുടെ മുൻഗണനകളെന്ന് രണ്ട് പാർട്ടികളുടെയും 14 ജില്ലാ കമ്മിറ്റികളിലേയും പ്രവർത്തകർ ചോദിക്കുന്നുണ്ട്. പ്രതിപക്ഷം ഈ നിയമസഭയിൽ നിങ്ങളുടെ മുഖത്തു നോക്കി ചോദിച്ച ചോദ്യങ്ങളാണ് നിങ്ങളുടെ ജില്ലാ കമ്മിറ്റികളിൽ സാധാരണക്കാരായ പ്രവർത്തകർ ചോദിക്കുന്നത്. അതു തന്നെയാണ് സംസ്ഥാന കമ്മിറ്റിയിൽ മുഖ്യമന്ത്രിയെ ഇരുത്തിയും ചോദിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിൽ ഫാസിസ്റ്റ്– മാർക്സിസ്റ്റ് കൂട്ടായ്മ: യു.എ ലത്തീഫ്

തിരുവനന്തപുരം: നാല് വോട്ടിന് വേണ്ടി സത്യവും നീതിയും കമ്യൂണിസ്റ്റ് ആശയങ്ങളും വലിച്ചെറിഞ്ഞെന്നും കേരളത്തിൽ ഫാസിസ്റ്റ് മാർക്സിസ്റ്റ് കൂട്ടായ്മയെന്നും യു.എ ലത്തീഫ്. വടകരയിലെ കാഫിർ സ്ക്രീൻ ഷോർട്ട് വ്യക്തമാക്കുന്നത് കേരളത്തിലെ കമ്യൂണിസത്തിന്റെ പതനമാണെന്നും അദ്ദേഹം പറഞ്ഞു. നിയമസഭയിൽ ധനാഭ്യർത്ഥന ചർച്ചയിൽ സംസാരിക്കുകയായിരുന്നു ലത്തീഫ്.

വിജയത്തിൽ മുസ്‌ലിം ലീഗ് മത്ത് പിടിച്ചിരിക്കുന്നെന്ന് മുഖ്യമന്ത്രി ആക്ഷേപിച്ചു. മുസ്‌ലിം ലീഗ് മത്സരിച്ച രണ്ട് മണ്ഡലങ്ങൾ– മലപ്പുറം, പൊന്നാനി. ഇവിടങ്ങളിൽ വോട്ടെടുപ്പ് കഴിഞ്ഞതിനു ശേഷം ആഹ്ലാദ പ്രകടനം നടത്തുമ്പോൾ എതിരാളികളെ പ്രകോപിപിക്കുന്ന വിധത്തിലുള്ള മുദ്രാവാക്യങ്ങൾ പോലും പാടില്ലെന്ന് നിർദേശിച്ച പ്രസിഡന്റാണ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ. മുഖ്യമന്ത്രിയും എം.വി ഗോവിന്ദനും തൃശൂരിലും ആറ്റിങ്ങലിലും രാജസ്ഥാനിലെ പല സീറ്റുകളിലും നിങ്ങൾക്ക് ലഭിച്ച വോട്ടുകൾ തലനാരിഴകീറി ഞങ്ങളെ പഠിപ്പിക്കുന്നത് കേട്ടു. 34 കൊല്ലം ഭരിച്ച ബംഗാളിൽ കെട്ടിവെച്ച പണം നഷ്ടമായി, എഴുന്നേൽക്കാൻ വയ്യാതെ അടിതെറ്റി വീണ ആനയെ പോലെ ആയി. ഇത് അധികാരത്തിന്റെ മത്ത് കൊണ്ട് സംഭവിച്ചതാണോ. ബംഗാളിലെയും തൃപുരയിലെയും ശക്തികണ്ട് ജ്യോതി ബസുവിനെ പ്രധാന മന്ത്രി സ്ഥാനത്തേക്ക് ക്ഷണിച്ച കാലമുണ്ടായിരുന്നു. ഇന്ന് സ്വപ്നത്തിൽ പോലും അതിന് സാധ്യതയില്ലാത്തത് സി.പി.എം പഠിക്കേണ്ടതാണെന്നും അദ്ദേഹം പരിഹസിച്ചു.

കേരളം വ്യാവസായികമായി വളരണമെങ്കിൽ യു.ഡി.എഫ് അധികാരത്തിൽ വരണമെന്ന തോന്നൽ ജനങ്ങൾക്കുണ്ട്. കേരളത്തിലെ അഭ്യസ്തവിദ്യരായ യുവാക്കളുടെ സ്വപ്നങ്ങൾക്ക് ചിറകേകാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. സംരംഭങ്ങൾ ആരംഭിക്കാൻ അവർക്ക് കഴിയുന്നില്ല. സാമ്പത്തിക ഞെരുക്കം, നോക്കുകൂലി, സമരങ്ങൾ എന്നിങ്ങനെ കേരളത്തിൽ വ്യവസായ അന്തരീക്ഷം നഷ്ടമായി. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയും പി.കെ കുഞ്ഞാലിക്കുട്ടി വ്യവസായ മന്ത്രിയുമായിരുന്ന കാലം കേരളത്തിന്റെ സുവർണ കാലമായിരുന്നു. ഡിജിറ്റൽ കേരള നടപ്പിലാക്കി, കേരളത്തെ രാജ്യത്തെ ആദ്യ ഡിജിറ്റൽ സ്റ്റേറ്റാക്കി മാറ്റി. ഇന്ന് അക്ഷയ കേന്ദ്രങ്ങൾ എല്ലാ കുടുംബങ്ങളും ഉപയോഗിക്കുന്നു. സ്റ്റാർട്ടപ്പ് വില്ലേജ് ആരംഭിച്ചു. മേയ്ക് ഇൻ കേരള നടപ്പിലാക്കി. ജീവനക്കാർക്ക് സ്പാർക്ക് പദ്ധതി നടപ്പിലാക്കി. കിൻഫ്രാ പാർക്ക്, ടെക്നോപാർക്ക്, സൈബ

സി.യു.എസ്.എസ്.പി. സർട്ടിഫിക്കറ്റ് സമർപ്പണം

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാലാ സെന്റർ ഫോർ ഡിസ്റ്റൻസ് ആന്റ് ഓൺലൈൻ എഡ്യൂക്കേഷൻ വിഭാഗത്തിൽ 2021 വർഷത്തിൽ UG – CBCSS റഗുലേഷൻ പ്രകാരം പ്രവേശനം നേടിയ ബി.എ. / ബി.കോം. / ബി.ബി.എ. വിദ്യാർഥികൾ കോഴ്സ് പൂർത്തീകരണത്തിന്റെ ഭാഗമായി സോഷ്യൽ സർവീസ് പ്രോഗ്രാം നിർവഹിച്ചതിന്റെ (സി.യു.എസ്.എസ്. പി.) സർട്ടിഫിക്കറ്റ് സ്റ്റുഡന്റ്സ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുള്ളവയിൽ വെരിഫിക്കേഷനു ശേഷം റിജക്ട് ചെയ്തവ സ്റ്റുഡന്റ്സ് പോർട്ടലിൽ കാരണ സഹിതം കാണാവുന്നതാണ്.

സർട്ടിഫിക്കറ്റിൽ അപാകം കണ്ടെത്തിയവരുടെ പുതുക്കിയ സർട്ടിഫിക്കറ്റ് ഇതുവരെ സ്റ്റുഡന്റ്സ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യാത്തവരും, സ്റ്റുഡന്റ്സ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ സ്റ്റാറ്റസ് " Not Verified " എന്ന് കാണിക്കുന്ന വിദ്യാർഥികളും സെന്റർ ഫോർ ഡിസ്റ്റൻസ് ആന്റ് ഓൺലൈൻ എഡ്യൂക്കേഷൻ വിഭാഗത്തിൽ (മുൻ എസ്.ഡി.ഇ.) നേരിട്ടെത്തി സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. ഫോൺ: 0494 2400288, 2407356.

മേൽമുറി അപകടത്തിൽ കണ്ണീർകടലായി

സങ്കടമടക്കാനാവാതെ ഒളമതിൽ ഗ്രാമം

വള്ളുവമ്പ്രം: ഇന്നലെ അക്ഷരാർത്ഥത്തിൽ തന്നെ എല്ലാ ഹൃദയങ്ങളും പിടഞ്ഞു പോയ ദിനമായിരുന്നു. ഒരു കുടുംബത്തിലെ മൂന്ന് പേരുടെ വിടവാങ്ങലാണ് നാടിന് നൊമ്പരമായത്. പാലക്കാട് – കോഴിക്കോട് ദേശീയപാതയിലെ മേൽമുറി മുട്ടിപ്പടിയിൽ ഒട്ടോറിക്ഷയും കെ.എസ് .ആർ.ടി.സി ബസും കൂട്ടിയിടിച്ച് അപകടത്തിൽ പൊലിഞ്ഞ് പോയ മൂന്ന് ജീവനുകൾ പുൽപ്പറ്റ ഒളമതിലെന്ന കൊച്ചു ഗ്രാമം അക്ഷരാർത്ഥത്തിൽ വിറങ്ങലിച്ചു പോയി.

എസ്.എസ്.എൽ.സി പഠനത്തിന് ശേഷം തന്റെ രണ്ടാമത്തെ മകൾ ഫിദയുടെ പ്ലസ് ടു അഡ്മിഷൻ എടുക്കുന്നതിനായി മലപ്പുറത്തേക്ക് ഉമ്മയോടൊപ്പം പോകും വഴിയാണ് മൂവരും സഞ്ചരിച്ച ഓട്ടോറിക്ഷ അപകടത്തിൽ പെട്ടത്. ഇടിയുടെ ആഘാതത്തിൽ ഇവർ സഞ്ചരിച്ച ഓട്ടോറിക്ഷ പാടെ തകർന്നു.

കുടുംബത്തിലെ ഏക ആശ്രയമായ അഷ്റഫ് നാട്ടിൽ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ പൊതുരംഗത്ത് സജീവമാണ്. ഏവരോടും പുഞ്ചിരിച്ചും സൗഹൃദം ഊട്ടിയുറപ്പിച്ചുമാണ് അഷ്റഫ് പെരുമാറിയിരുന്നത്. ഏറെക്കാലം പ്രവാസ ജീവിതം നയിച്ച അഷ്റഫ് ഒന്നര വർഷം മുമ്പാണ് നാട്ടിലെത്തിയത്. പിതാവിന്റ മരണശേഷം നാട്ടിൽ തന്നെ കൂലി പണിയെടുത്ത് കുടുംബത്തോടൊപ്പം കഴിയുകയായിരുന്നു അദ്ദേഹം. നാട്ടിലെ പള്ളി മദ്രസ കാര്യങ്ങളിലും സജീവമായിരുന്ന അദ്ദേഹം നാട്ടിലെ പൊതുപ്രവർത്തനങ്ങൾക്കും കൂടെ നിന്നിരിന്നു.

അപകടത്തിൽ മരിച്ച ഭാര്യ സാജിദ തന്റെ കൊണ്ടോട്ടി കുമ്മിണിപ്പറമ്പ് വീട്ടിൽ നിന്നും പെരുന്നാൾ ആഘോഷങ്ങൾക്കിടെ ഭർത്താവ് അഷ്റഫും കുടുംബവുമൊന്നിച്ച് മൂന്നാറിലേക്ക് വിനോദയാത്ര പോയി ഇന്നലെ പുലർച്ചയാണ് തിരിച്ചെത്തിയത്. ആ പെരുന്നാൾ സന്തോഷം ഏറെ നീണ്ട് നിന്നില്ല. ശേഷമായിരുന്നു തന്റെ മകൾ ഫിദയ്ക്ക് അഡ്മിഷനെടുക്കാൻ മലപ്പുറത്തേക്ക് തിരിച്ചത്. ഇക്കഴിഞ്ഞ എസ്.എസ്.എൽ. സി പരീക്ഷയിൽ സി.എച്ച്.എം.എച്ച്.എസ്.എസ് പൂക്കളൊത്തൂരിൽ നിന്നും ഉന്നത വിജയം കരസ്ഥമാക്കിയിരുന്നു ഫിദ ഏവർക്കും പ്രിയങ്കരിയായിരുന്നു. പെരുമാറ്റം കൊണ്ടും അച്ചടക്കത്തിലും ഫിദ ഒരു പടി മുമ്പിലായിരുന്നു. പ്ലസ് വൺ തേർഡ് അലോട്ട്മെന്റ് അഡ്മിഷൻ എടുക്കുതിന് ഏറെ പ്രതീക്ഷയോടെ അവർ വീട്ടിൽ നിന്നിറങ്ങിയത് മരണത്തിലേക്കാണന്ന് അവർ നിനച്ചിരുന്നില്ല. ഏതായാലും കൂട്ടുകാർക്ക് മുമ്പിൽ ആ കളി ചിരി ഓർമകൾ ഇനിയില്ല. അപകടത്തിൽപെട്ട ഇവരുടെ ആകസ്മിക വിയോഗം വിശ്വസിക്കാനാവുന്നില്ല ബന്ധുക്കൾക്കും നാട്ടുകാർക്കും.

നൂറുകണക്കിനാളുകളാണു നാടിന്റെ നാനാ ഭാഗങ്ങളിൽ നിന്നും മരണവീടുകളിൽ എത്തിച്ചേർന്നത്. മൃതദേഹം മഞ്ചേരി മെഡിക്കൽ കോളജിലെ പോസ്റ്റ് മോർട്ടം നടപടികൾക്ക് ശേഷം ഒളമതിൽ മഹല്ല് ജുമുഅത്ത് പള്ളിയിൽ ഖബറടക്കും.

മലപ്പുറം മേൽമുറി മുട്ടിപ്പടിയിൽ ഓട്ടോ കെ.എസ്.ആർ.ടി.സി ബസിൽ ഇടിച്ചുണ്ടായ അപകടത്തിൽ തകർന്ന ഓട്ടോറിക്ഷ. ഓട്ടോയിലുണ്ടായിരുന്ന മൂന്ന് പേർ മരണപ്പെട്ടു

അഡ്മിഷനെടുക്കാനാകാതെ ഫിദ മടങ്ങി

മലപ്പുറം: മൂന്നാം അലോട്ട്മെന്റിൽ ലഭിച്ച സീറ്റിൽ അഡ്മിഷൻ എടുക്കാനാകാതെ എം.സി ഫിദ പാതിവഴിയിൽ മടങ്ങി.

കാത്തിരുന്നു ലഭിച്ച സീറ്റിൽ അഡ്മിഷനെടുക്കാൻ ഇന്നലെ മലപ്പുറം ഗവ. ഗേൾസ് ഹയർസെക്കന്ററി സ്കൂളിലേക്ക് മാതാവ് സാജിതയുടെയും പിതാവ് അഷ്റഫിന്റെയും കൂടെ പോകുംവഴിയാണ് മൂവരുടെയും ജീവൻ കവർന്ന അപകടം നടക്കുന്നത്. ആദ്യ രണ്ട് അലോട്ട്മെന്റുകളിലും പ്രവേശനം ലഭിക്കാതിരുന്ന വിദ്യാർഥിക്ക് മൂന്നാം അലോട്ട്മെന്റിലാണ് ഗേൾസ് സ്കൂളിൽ കൊമേഴ്സിന് അവസരം ലഭിച്ചത്.

ജനറൽ വിഭാഗത്തിൽ 1121 –ാം റാങ്കോടെയായിരുന്നു പ്രവേശനം. ഏകജാലക അപേക്ഷയിൽ 11 –ാമത് ഓപ്ഷനിനാണ് അവസരം ലഭിച്ചത്. പ്രവേശനത്തിന് അവസരം ലഭിച്ചതോടെ സ്കൂളിൽ ചേരാനായി വരുമ്പോഴാണ് മേൽമുറി മുട്ടിപ്പടിയിൽ വെച്ച് സഞ്ചരിച്ചിരുന്ന ഓട്ടോ കെ.എസ്.ആർ.ടി.സിയിൽ ഇടിച്ച് അപകടം നടക്കുന്നത്.

പൂക്കൊളത്തൂർ സി.എച്ച്.എം.എച്ച്.എസ്.എസിൽ നിന്നാണ് ഫിദ പത്താംതരം പാസായത്. മൂന്ന് എ പ്ലസ്, മൂന്ന് എ, രണ്ട് ബി പ്ലസ്, ഒരു ബി, ഒരു സി പ്ലസ് അടക്കം മികച്ച ഗ്രേഡ് കരസ്ഥമാക്കിയാണ് പ്രവേശനം ഉറപ്പിച്ചിരുന്നത്.

ഇന്നലെ പ്രവേശനം ഉറപ്പിച്ച് പുതിയ സ്കൂളിലേക്ക് കടന്ന് വരാനിരിക്കെയാണ് ദാരുണ സംഭവം നടന്നത്.

ഗേൾസിൽ മൂന്നാം അലോട്ട്മെന്റിൽ ബുധൻ, വ്യാഴം ദിവസങ്ങളിലായി സയൻസ്, കൊമേഴ്സ്, ന്യൂമാനിറ്റീസ് എന്നിവയിലായി 300 ഓളം വരുന്നവർ പ്രവേശനം നേടിയിട്ടുണ്ട്.

പ്രവേശനത്തിനായി സ്കൂളിൽ കാത്തിരിക്കുന്ന വിദ്യാർഥികളും രക്ഷിതാക്കളുടേയും ഇടയിലേക്ക് കടുന്നു വരേണ്ട വിദ്യാർഥിയും രക്ഷിതാക്കളുമാണ് പാതിവഴിയിൽ യാത്ര അവസാനിപ്പിച്ച് മടങ്ങിയത്.

അപകടത്തിൽപെട്ട കെ.എസ്.ആർ.ടി.സി ബസ്

ഇൻക്വസ്റ്റ് നടപടികൾ വൈകി; പോസ്റ്റ്മോർട്ടം ഇന്ന്

മേൽമുറി അപകടത്തിൽ മരിച്ചവരുടെ മൃതദേഹങ്ങൾ ഇൻക്വസ്റ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് മഞ്ചേരി മെഡിക്കൽ കോളജിലെത്തിയ ഡി.വൈ.എസ്.പി ടി.മനോജ് ബന്ധുക്കളും പൊലീസ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നു

മഞ്ചേരി: വനിതാ പൊലീസുകാരുടെയും എസ്.ഐ തലത്തിലുള്ള ഉദ്യോഗസ്ഥരുടെയും കുറവ് മൂലം ഇൻക്വസ്റ്റ് നടപടികൾ വൈകി. ഇന്നലെ ഉച്ചക്ക് 12.25ന് നടന്ന അപകടത്തിൽ മരിച്ചവരുടെ മൃതദേഹം 2.15ഓടെ മഞ്ചേരി മെഡിക്കൽ കോളജിൽ എത്തിയിട്ടും ഇൻക്വസ്റ്റ് നടപടികൾ നടത്താൻ സാധിക്കാതെ വന്നതോടെ പോസ്റ്റ്മോർട്ടം ഇന്നത്തേക്ക് മാറ്റേണ്ടി വരികയായിരുന്നു.

മേൽമുറിയിൽ അപകടം നടന്ന ഉടനെ നാട്ടുകാർ ഗുരുതരമായി പരിക്കേറ്റ മൂന്നുപേരെയും സ്വകാര്യ ആശുപത്രിയിലും തുടർന്ന് മലപ്പുറം താലൂക്ക് ആശുപത്രിയിലും എത്തിച്ചിരുന്നു. മരണം സ്ഥിരീകരിച്ചതോടെ മൃതദേഹങ്ങൾ മഞ്ചേരി മെഡിക്കൽ കോളജിലേക്ക് മാറ്റി. 2.15 ഓടെ മഞ്ചേരി മെഡിക്കൽ കോളജിലെത്തിച്ച മൃതദേഹങ്ങൾ ഇൻക്വസ്റ്റ് നടപടികൾക്കായി മോർച്ചറിയിലേക്ക് മാറ്റി. എന്നാൽ ഇൻക്വസ്റ്റ് നടപടികൾക്ക് മലപ്പുറം പൊലീസ് സ്റ്റേഷനിൽ നിന്നുമാണ് പൊലീസ് എത്തേണ്ടിയിരുന്നത്.

മരിച്ചതിൽ രണ്ട് പേർ വനിതകളായതിനാൽ വനിതാ പൊലീസിന്റെ സാന്നിധ്യത്തിലാണ് ഇൻക്വസ്റ്റ് ചെയ്യേണ്ടത്. മലപ്പുറം പൊലീസ് സ്റ്റേഷനിൽ ഡ്യൂട്ടിയിൽ ആവശ്യത്തിന് പൊലീസ് ഉണ്ടായിരുന്നില്ല.

വൈകീട്ട് 4.30ഓടെയാണ് പൊലീസ് മഞ്ചേരിയിലേക്ക് തിരിച്ചത്. തുടർന്ന് 5.30ഓടെയാണ് ഇൻക്വസ്റ്റ് നടപടികൾ തുടങ്ങിയത്. ഏഴരയോടെയാണ് ഇൻക്വസ്റ്റ് പൂർത്തിയായത്. ഇന്നലെ തന്നെ പോസ്റ്റ്മോർട്ടം നടപടികൾ പൂർത്തീകരിക്കുവാൻ ബന്ധുക്കളും നാട്ടുകാരും മെഡിക്കൽ കോളജ് അധികൃതരോടും പൊലീസിനോടും അഭ്യർഥിക്കുന്നുണ്ടായിരുന്നു.

വൈകീട്ട് നാലരവരെ മെഡിക്കൽ കോളജിലെ ഫോറൻസിക് വിഭാഗത്തിലെ ഡോക്ടർമാർ കാത്തുനിന്നെങ്കിലും ഇൻക്വസ്റ്റ് നടക്കാത്തതിനാൽ ഇന്നത്തേക്ക് മാറ്റുകയായിരുന്നു. ഇന്ന് രാവിലെ 8 മണിക്ക് പോസ്റ്റ്മോർട്ടം തുടങ്ങും.

11.30ഓടെ മൃതദേഹങ്ങൾ ബന്ധുക്കൾക്ക് വിട്ടുകൊടുക്കും.

അതിനുള്ള ക്രമീകരണങ്ങൾ മെഡിക്കൽ കോളജിൽ ഒരുക്കിയിട്ടുണ്ട്. ഇൻക്വസ്റ്റ് നടപടികൾക്ക് എസ്.ഐ.മാരായ പി.ആർ.ദിനേഷ്കുമാർ, കെ.എൻ മുകുന്ദൻ, കെ.അജയൻ നേതൃത്വം നൽകി. എസ്കോർട്ടിങ് ഡ്യൂട്ടിയിൽ സി.പി.ഒമാരായ എ.എ.രശ്മി, പി.ഗീത, ശൈലേഷ്കുമാർ എന്നിവരും ഉണ്ടായിരുന്നു. മലപ്പുറം ഡിവൈ.എസ്.പി ടി വിനോദ് മെഡിക്കൽ കോളജിലെത്തി സ്ഥിതിഗതികൾ വിലയിരുത്തി.

പ്ലസ് വൺ സീറ്റ് പ്രതിസന്ധി; പ്രതിഷേധത്തിൽ മുങ്ങി മലപ്പുറം

ആർ.ഡി.ഡി ഓഫീസ് പൂട്ടിയിട്ട് എം.എസ്.എഫ്

മലപ്പുറം: പ്ലസ് വൺ പ്രവേശത്തിനുള്ള മൂന്നാംഘട്ട അലോട്ട്മെന്റ് കഴിഞ്ഞിട്ടും 32410 വിദ്യാർഥികൾ പുറത്തിരിക്കുന്ന സാഹചര്യത്തിൽ മലപ്പുറത്തോടുള്ള ഇടത് അവഗണന അവസാനിപ്പിക്കണെന്നാവശ്യപ്പെട്ട് എം.എസ്.എഫ് നടത്തുന്ന ആർ.ഡി. ഡി ഓഫീസ് പൂട്ടിയിടൽ സമരം ഇന്നലേയും തുടർന്നു.

ജില്ലാ പ്രസിഡന്റ് കബീർ മുതുപറമ്പിന്റെയും ജനറൽ സെക്രട്ടറി വി.എ വഹാബിന്റെയും നേതൃത്വത്തിൽ പ്രകടനമായെത്തി ആർ.ഡി.ഡി ഓഫീസ് പൂട്ടിയിട്ട് പ്രവർത്തകർ ഓഫിസിന് മുന്നിൽ മുദ്രാവാക്യങ്ങളുമായി നിലയുറപ്പിച്ചു. മലപ്പുറത്തെ കുട്ടികൾക്ക് പഠിക്കാനുള്ള സാഹചര്യം ഒരുക്കണമെന്നും അധിക ബാച്ചുകൾ നൽകണമെന്നും നേതാക്കൾ പറഞ്ഞു.

മന്ത്രിക്ക് തെറ്റായ കണക്ക് നൽകുന്ന ആർ.ഡി.ഡി വിദ്യാർഥികളുടെ അവകാശങ്ങളാണ് ഇല്ലാതാക്കുന്നതെന്നും നേതാക്കൾ കുറ്റപ്പെടുത്തി. മലപ്പുറത്തെ സീറ്റ് പ്രതിസന്ധി തീരുന്നത് വരെയും എം.എസ്.എഫ് ആർ.ഡി.ഡി ഓഫീസ് പൂട്ടിയിടൽ സമരം തുടരുമെന്നും നേതാക്കൾ അറിയിച്ചു. അരമണിക്കൂറോളം ആർ.ഡി. ഡി ഓഫീസ് പൂട്ടിയിട്ട പ്രവർത്തകരെ പൊലീസെത്തി അറസ്റ്റു ചെയ്തു നീക്കി.

എം.എസ്.എഫ് ജില്ലാ പ്രസിഡന്റ് കബീർ മുതുപറമ്പ്, ജനറൽ സെക്രട്ടറി വി.എ വഹാബ്, ഭാരവാഹികളായ കെ.എം ഇസ്മായിൽ, ടി.പി നബീൽ, എം.ടി മുർഷിദ് എന്നിവരാണ് അറസ്റ്റിലായത്. പിന്നീട് ഇവരെ സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചു.

ജില്ലയിലെ പ്ലസ് വൺ പ്രവേശനത്തിനുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതുവരെ ശക്തമായ സമരം നടത്തുമെന്ന് എം.എസ്.എഫ് അറിയിച്ചിരുന്നു.

കഴിഞ്ഞ ശനിയാഴ്ച്ച എം.എസ്.എഫ് സംസ്ഥാന പ്രസിഡന്റ് പി.കെ നവാസിന്റെ നേതൃത്വത്തിൽ ആർ.ഡി.ഡി ഓഫീസ് പൂട്ടിയിട്ടാണ് എം.എസ്.എഫ് സമരം ശക്തമാക്കിയത്. അന്ന് 10 പ്രവർത്തകരെയാണ് പൊലീസ് അറസ്റ്റു ചെയ്തത്.

പ്ലസ് വൺ സീറ്റിന് അപേക്ഷിച്ച മുഴുവൻ വിദ്യാർഥികൾക്കും സീറ്റ് നൽകണമെന്ന് ആവശ്യപ്പെട്ട് എം.എസ്.എഫ് ജില്ലാ കമ്മിറ്റി മലപ്പുറം ആർ.ഡി.ഡി ഓഫീസിലേക്ക് നടത്തിയ മാർച്ചിൽ നേതാക്കളെ പൊലീസ് അറസ്റ്റ് ചെയ്ത് നീക്കുന്നു

മുഴുവൻ വിദ്യാർഥികൾക്കും തുടർപഠന സൗകര്യം ഒരുക്കും വരെ സമരം: എം.എസ്.എഫ്

മലപ്പുറം: പ്ലസ് വൺ പ്രവേശനത്തിന് യോഗ്യത നേടി അപേക്ഷിച്ച മുഴുവൻ വിദ്യാർഥികൾക്കും പഠന സൗകര്യം ഒരുക്കുന്നതുവരെ സമരം തുടരുമെന്ന് എം.എസ്.എഫ് ജില്ലാ കമ്മിറ്റി അറിയിച്ചു. ജില്ലയുടെ കണക്ക് തെറ്റായിട്ടാണ് മന്ത്രിവരെ നിയമസഭയിൽ അവതരിപ്പിക്കുന്നത്. ഈ കണക്ക് ആർ.ഡി.ഡി ഓഫീസിൽ നിന്ന് പോയതാണെന്നാണ് എം.എസ്.എഫ് കരുതുന്നത്. ഇക്കാര്യത്തിൽ ആർ.ഡി.ഡിക്കെതിരെയുള്ള പ്രതിഷേധം തുടരും. ഇത് ജില്ലയിലെ വിദ്യാർഥികൾക്ക് വേണ്ടിയുള്ള സമരമാണ്. അറസ്റ്റ് കൊണ്ട് എം.എസ്.എഫിനെ പിന്തിരിപ്പിക്കാനാകില്ലെന്നും ജില്ലാ കമ്മിറ്റി പറഞ്ഞു.

ഡി.ഡി.ഇ ഓഫീസ് ഉപരോധിച്ച് കെ.എസ്.യു

മലപ്പുറം ഡി.ഡി.ഇ ഓഫീസ് ഉപരോധിച്ച കെ.എസ്.യു പ്രവർത്തകരെ പൊലീസ് അറസ്റ്റ് ചെയ്ത് നീക്കുന്നു

മലപ്പുറം: പ്ലസ് വൺ സീറ്റ് വിഷയവുമായി ബന്ധപ്പെട്ട് മലപ്പുറം ഡി.ഡി.ഇ ഓഫീസ് കെ.എസ്.യു ജില്ല കമ്മിറ്റി ഉപരോധിച്ചു. കെ.എസ്.യു ജില്ല പ്രസിഡന്റ് ഇ.കെ അൻഷിദ്, സംസ്ഥാന കൺവീനർ കെ.കെ.ബി ആദിൽ എന്നിവരുടെ നേതൃത്വത്തിൽ ഡി.ഡി ഓഫീസിലേക്ക് ഇടിച്ചു കയറി. തുടർന്ന് ഇരുവരേയും പൊലീസ് അറസ്റ്റു ചെയ്തു നീക്കി.

കൂടെയുണ്ടായിരുന്ന കെ.എസ്.യു ജില്ല ഭാരവാഹികളായ ഷമീർ, നിയാസ്, രോഹിത്ത്, റിനോ, ഓജസ്, ശ്രീജിത്ത് എന്നിവരെയും പിന്നീട് അറസ്റ്റ് ചെയ്തു. തുടർന്നു നടന്ന പ്രതിഷേധത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി കണ്ണൻ നമ്പ്യാർ, റഹ്മത്തുല്ല, കെ.എസ്.യു സംസ്ഥാന ഭാരവാഹികൾ ഷംലിക്, ഷഫ്രിൻ, ജില്ല ഭാരവാഹികൾ റാഷിദ്, ശരത്ത്, അനൂജ്, അജിത്ത്, ഫയാസ്, ജവാദ്, ശ്യാം, ഷിബിൽ എന്നിവരും അറസ്റ്റിലായി.

പൊതുസമൂഹം സമുദായ മൈത്രിക്കൊപ്പം: സമദാനി

ദ കംപാഷൻ സെന്റർ സംഘടിപ്പിച്ച ഈദ് സൗഹൃദ സംഗമം ഡോ. എം.പി അബ്ദുസ്സമദ് സമദാനി ഉദ്ഘാടനം ചെയ്യുന്നു

കോട്ടക്കൽ: പൊതുസമൂഹവും വിശേഷിച്ച് സാധാരണ മനുഷ്യരും എപ്പോഴും സമുദായമൈത്രിയുടെയും സമൂഹികസൗഹൃദത്തിന്റെയും കൂടെയാണെന്ന് ഡോ. എം.പി അബ്ദുസ്സമദ് സമദാനി എം.പി പറഞ്ഞു.

മതങ്ങളെല്ലാം വർഗീയതക്കെതിരായ മനുഷ്യസ്നേഹത്തിന്റെ സന്ദേശമാണ് നൽകുന്നത്. അതുപോലെ മനുഷ്യരും വർഗീയതക്കും വൈര വിദ്വേഷങ്ങൾക്കും തീർത്തും എതിരാണ്.

ഈ അടിസ്ഥാന തത്വം ഉൾക്കൊള്ളാതെ വിരോധവും വെറുപ്പും വെച്ചുപുലർത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവർക്കെതിരെ പൊതുസമൂഹം തന്നെ പ്രതിരോധം തീർക്കണമെന്ന് കംപാഷൻ സെന്റർ സംഘടിപ്പിച്ച ഈദ് സൗഹൃദ സംഗമം ഉദ്ഘാടനം ചെയ്തു കൊണ്ട് അദ്ദേഹം പറഞ്ഞു.

മാനവരാശിയുടെ അടിസ്ഥാനഭാവം സമാധാനമാണ്, കലഹവും, കലാപവുമല്ല. സംഘർഷ സംഘട്ടനങ്ങൾ ആ പൊതുസ്വഭാവത്തിന്റെ ലംഘനമായി കാണണം.

അതുപോലെ നമ്മുടെ ഇന്ത്യാ രാജ്യം ഏതുകാലത്തും സമാധാനത്തിലും സൗഹൃദത്തിലും അധിഷ്ഠിതമായിക്കൊണ്ടാണ് നിലകൊള്ളുകയുണ്ടായത്.

ഇപ്പോഴും ഇന്ത്യൻ ജനത അതിൽത്തന്നെ ഉറച്ചുനിൽക്കുന്നു. ഇന്ത്യയുടെ ഹൃദയം എന്നും ബഹുസ്വരമാണ്. ഓണം, വിഷു അടക്കമുള്ള ആഘോഷങ്ങളെന്ന പോലെ ബലിപെരുന്നാളിനും മദ്രസയിലാണ് പ്രദേശവാസികളുടെ സൗഹൃദ സദസ് സംഘടിപ്പിച്ചത്.

കെ ഫൈസൽ മുനീർ, അബ്ദുൽ ഗഫൂർ മാസ്റ്റർ, ഉണ്ണികൃഷ്ണൻ പി, കൃഷ്ണ ടീച്ചർ, നസീറ കോയാപ്പു, ശോഭികുമാർ, ഫൈസൽ മൗലവി, ബഷീർ വെട്ടം, എൻ.സി ജലീൽ, സിദ്ദീഖ് വളാഞ്ചേരി, സിൽവി ടീച്ചർ, വാഹിദ് പുളിക്കൽ, രവീന്ദ്രൻ പി, സുബൈർ തയ്യിൽ, നാസർ തയ്യിൽ, ഇണ്ണീരി പ്രസംഗിച്ചു.

പുതിയ മന്ത്രിയായി മാനന്തവാടി എം.എൽ.എ എ.കെ കേളു തെരഞ്ഞെടുക്കപ്പെട്ടതറിഞ്ഞ് മധുരം പങ്കിടുന്ന കുടുംബാംഗങ്ങൾ

തൊഴിൽ നൈപുണ്യ സൗജന്യ വിദ്യാഭ്യാസ പദ്ധതി

പാലക്കാട്: കുടുംബശ്രീ മിഷനിലൂടെ നടത്തുന്ന തൊഴിൽ നൈപുണ്യ സൗജന്യ വിദ്യാഭ്യാസ പദ്ധതിയായ ഡി.ഡി.യു.ജി.കെ.വൈ യിലേക്ക് 18നും 35നും ഇടയ്ക്ക് പ്രായമുള്ളവർക്ക് അപേക്ഷിക്കാം. ആറുമാസം കാലാവധിയുള്ള കേന്ദ്രസർക്കാർ അംഗീകൃത എൻ.എസ്.ഡി.സി സർട്ടിഫിക്കേഷനുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് (ഫുഡ് പ്രൊഡക്ഷൻ ആൻഡ് കിച്ചൺ സ്റ്റീവാർഡിങ്), ഏവിയേഷൻ (കസ്റ്റമർ സർവീസ്) മേഖലയുള്ള കോഴ്സുകളാണ് നിലവിലുള്ളത്. വിദ്യാഭ്യാസ യോഗ്യത: പ്ലസ്ടു. തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് സൗജന്യ പഠനം, ഭക്ഷണം, താമസം, പ്രായോഗിക പരിശീലനവും ജോലിയും കുടുംബശ്രീ ഉറപ്പുവരുത്തുന്നു. വർ ലവ് ഗ്രീൻ അസോസിയേഷൻ, ഗവ ഐടിഐ ക്ക് സമീപം പുളിയാർമല, കൽപ്പറ്റ, വയനാട് എന്ന സ്ഥാപനത്തിലേക്ക് ജൂലൈ 20ന് മുൻപായി നേരിട്ട് എത്തണമെന്ന് ജില്ലാ മിഷൻ കോഡിനേറ്റർ അറിയിച്ചു. ഫോൺ:9539376000, 9497486000,

കിണറ്റിൽ വീണപോത്തുക്കുട്ടിയെ അഗ്നി രക്ഷാ സേന രക്ഷപ്പെടുത്തി

ചിറ്റൂർ: നല്ലേപ്പിള്ളിയിൽ കാൽവഴുതി കിണറ്റിൽ വീണ പോത്തുക്കുട്ടിയെ ചിറ്റൂർ അഗ്നിരക്ഷാസേനയും നാട്ടുകാരും ചേർന്ന് സാഹസികമായി രക്ഷപ്പെടുത്തി. കുറ്റിപ്പള്ളം കൃഷ്ണകുമാറിന്റെ വീട്ടുകിണറ്റിലാണ് അയൽവാസി ശിവകുമാറന്റെ രണ്ടുവയസുപ്രായമുള്ള പോത്തുകുട്ടി അറുപതടി താഴ്ചയുള്ള കിണറ്റിലേക്ക് വീണത്. എഫ്.ആർ.ഒ മനീഷ് കിണറ്റിലിറങ്ങി പോത്തുക്കുട്ടിയെ ബന്ധിച്ചു. പിന്നീട് അഗ്നിരക്ഷസേനാംഗങ്ങളും നാട്ടുകാരും ഒരുമിച്ച് നാൽക്കാലിയെ വലിച്ച് മുകളിൽ കയറ്റുന്നതിനിടെ ഇടയ്ക്കിടെ മണ്ണിടിച്ചലുണ്ടായത് രക്ഷാപ്രവർത്തനം ഏറെ ശ്രമകരമായി. എന്നാൽ ഏറെ നേരത്തെ ശ്രമത്തിനൊടുവിലാണ് കന്നുകാലിയെ പുറത്തെടുത്തത്.

പാലക്കാട് വാർത്തകൾ

നിയന്ത്രണം വിട്ട് പൊലീസ് ജീപ്പ് കടയിലേക്ക് പാഞ്ഞുകയറി

എസ്.ഐ അടക്കം രണ്ടു പേർക്ക് പരിക്ക്

നിയന്ത്രണം വിട്ട് ആര്യമ്പാവിലെ കടയിലേക്ക് പാഞ്ഞുകയറിയ ശ്രീകൃഷ്ണപുരം പൊലീസ് സ്റ്റേഷനിലെ ജീപ്പ്

മണ്ണാർക്കാട്: നിയന്ത്രണം വിട്ട പൊലീസ് ജീപ്പ് പാതയോരത്തെ കടയിലേക്ക് പാഞ്ഞുകയറി. സബ് ഇൻസ്പെക്ടർ അടക്കം രണ്ട് പൊലീസുകാർക്ക് പരിക്കേറ്റു. ശ്രീകൃഷ്ണപുരം പൊലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറായ കുന്നംകുളം പുതുശ്ശേരി കണിപയൂർ കെ.കെ ശിവദാസ് (51), സീനിയർ സിവിൽ പൊലീസ് ഓഫീസർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഓട്ടൂർക്കാട് ശാന്തിനഗർ ഷമീർ (40) എന്നിവർക്കാണ് പരിക്കേറ്റത്. ഇന്നലെ പുലർച്ചെ ഒന്നര മണിയോടെ കോട്ടോപ്പാടം ആര്യമ്പാവിന് സമീപം നായാടിപ്പാറയിൽ വെച്ചായിരുന്നു അപകടം. രാത്രികാല പരിശോധനയുടെ ഭാഗമായി മണ്ണാർക്കാട് പോയി തിരിച്ചുവരുന്ന വരികയായിരുന്നു. ഈ സമയം കാറ്റും മഴയുണ്ടായിരുന്നു. വാഹനം നായാടിപ്പാറയെത്തിയപ്പോൾ റോഡിൽ മരക്കൊമ്പ് പൊട്ടിവീണത് കണ്ട് വെട്ടിച്ചതോടെ ജീപ്പ് നിയന്ത്രണം വിടുകയായിരുന്നുവെന്നാണ് പറയപ്പെടുന്നത്. നിയന്ത്രണം വിട്ട ജീപ്പ് സമീപത്തെ മരത്തിലിടിച്ച് കടയിലേക്ക് ഇടിച്ചുകയറിയാണ് നിന്നത്. അപകടവിവരം സ്റ്റേഷനിൽ അറിയിച്ചപ്രകാരം പൊലീസുകാരെത്തി ഇരുവരേയും വട്ടമ്പലത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. എസ്.ഐക്ക് അരക്കെട്ടിന് പൊട്ടലുണ്ട്. പൊലീസുകാരന് ശരീരത്തിൽ ക്ഷതമേൽക്കുകയും ചെയ്തു. അപകടത്തെ തുടർന്ന് ജീപ്പിന്റെയും കടയുടെയും മുൻഭാഗം തകർന്നു.

വിവാഹ സൽക്കാരത്തിൽ പങ്കെടുത്ത 150 പേർക്ക് ഭക്ഷ്യവിഷബാധ

കാറ്ററിങ് സ്ഥാപന ഉടമക്ക് നോട്ടീസ് നൽകി എൽ.എസ്.ജി.ഡി ആരോഗ്യവിഭാഗം

ഷൊർണൂർ: വിവാഹ സൽക്കാരത്തിനിടെ ഭക്ഷ്യ വിഷബാധയേറ്റ് 150 ഓളം പേർ വിവിധ ആശുപത്രികളിലായി ചികിത്സയിൽ. കുളപ്പുള്ളി കണയം റോഡിലുള്ള ഓഡിറ്റോറിയത്തിൽ ഞായറാഴ്ച നടന്ന വിവാഹ സൽക്കാരത്തിൽ പങ്കെടുത്തവരിൽ വരനും വധുവും ഉൾപ്പെടെ ഏതാണ്ടെല്ലാവരുമാണ് ഭക്ഷ്യവിഷബാധക്ക് ചികിത്സ തേടിയത്.കോഴിക്കോട് നിന്നെത്തിയവർ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലും പാലക്കാട് നിന്നെത്തിയവർ പാലക്കാട്ടെ വിവിധ ആശുപത്രികളിലും ഷൊർണൂരിലും പരിസരങ്ങളിലുമുള്ളവർ സമീപങ്ങളിലെ ആശുപത്രികളിലും ചികിത്സക്കെത്തി. സൽക്കാരത്തിൽ പങ്കെടുത്തവർക്കു വയറിളക്കവും ഛർദ്ദിയുമാണ് അനുഭവപ്പെട്ടത്. ആർക്കും ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. സംഭവത്തിൽ ഷൊർണൂർ നഗരസഭ ആരോഗ്യ വിഭാഗം നടത്തിയ അന്വേഷണത്തിൽ ഓങ്ങല്ലൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു കാറ്ററിങ് സ്ഥാപനമാണ് വിവാഹ സൽക്കാരത്തിൽ പുറത്ത് നിന്ന് പാകം ചെയ്ത ഭക്ഷ്യ വിഭവങ്ങൾ വിതരണം ചെയ്തതെന്ന് കണ്ടെത്തി. സ്ഥാപനത്തിൽ നടത്തിയ പരിശോധനയിൽ വൃത്തിഹീനമായ സാഹചര്യത്തിൽ ഉപയോഗയോഗ്യമല്ലാത്ത ഐസ് ബ്ലോക്കുകൾ ചാക്കിൽ കെട്ടി സൂക്ഷിക്കുന്നതായി കണ്ടെത്തി. സൽക്കാരത്തിന് ഉപയോഗിച്ച കുടിവെള്ളത്തിലൂടെയോ ഐസിലൂടെയോ വിഷബാധ ഏറ്റിട്ടുണ്ടാകാമെന്ന നിഗമനത്തിലാണ് നഗരസഭ ആരോഗ്യ വിഭാഗം. യോഗ്യമല്ലാത്ത ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്തതിന് കാറ്ററിങ് സ്ഥാപനത്തിന്റെ ഉടമക്ക് നഗരസഭ ആരോഗ്യ വിഭാഗം കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട സ്ഥാപനം പരിശോധിച്ച് ആരോഗ്യ ശുചിത്വ നിലവാരം ഉറപ്പ് വരുത്തുന്നതിന് ഓങ്ങല്ലൂർ പഞ്ചായത്ത് സെക്രട്ടറിക്ക് ഷൊർണൂർ നഗരസഭാ സെക്രട്ടറി കത്ത് നൽകി. നഗരസഭ ഹെൽത്ത് ഇൻസ്പെക്ടർ കെ.ടി.വിനോദ് കുമാർ, ക്ലീൻസിറ്റി മാനേജർ ടി.കെ. പ്രകാശൻ പരിശോധനയിൽ പങ്കെടുത്തു.

കാറിലെത്തിയ സംഘം യുവാവിനെ തട്ടിക്കൊണ്ടു പോകാൻ ശ്രമിച്ചതായി പരാതി

ഒറ്റപ്പാലം: കാറിലെത്തിയ സംഘം യുവാവിനെ തട്ടിക്കൊണ്ടുപോകാൻ ശ്രമിച്ചതായി പരാതി. അമ്പലപ്പാറ പൊട്ടച്ചിറ സന്തോഷിനെയാണ് (43)വീടിന് സമീപത്ത് നിന്ന് തട്ടിക്കൊണ്ടുപോകാൻ ശ്രമിച്ചത്. ഇന്നലെ രാവിലെയാണ് സംഭവം നടന്നത്. വീട്ടിൽ നിന്ന് സ്കൂട്ടറിൽ പുറത്തിറങ്ങിയതായി രുന്നു സന്തോഷ്. ഇതിനിടയിൽ സ്കോർപ്പിയോ കാർ സന്തോഷിന്റെ വാഹനത്തിന് കുറുകെ നിർത്തി. ആക്രമിച്ച് ബലമായി കാറിൽ പിടിച്ചു കയറ്റാൻ ശ്രമിക്കുകയായിരുന്നു. കാറിൽ അഞ്ച് പേരാണ് ഉണ്ടായിരുന്നതെന്ന് സന്തോഷ് പറയുന്നു. വീട്ടിൽ നിന്ന് തന്റെ തിരുണ്ടിക്കലിലുള്ള സ്ഥാപനത്തിലേക്കുള്ള യാത്രക്കിടെയാണ് തട്ടിക്കൊണ്ട് പോകൽ ശ്രമം നടന്നത്. അയ്യപ്പൻകാവ് റോഡിന് സമീപം നിർത്തിയിട്ടിരുന്ന സ്കോർപ്പിയോ കാർ സ്കൂട്ടറിനെ തടഞ്ഞ് വണ്ടിയിൽ നിന്ന് രണ്ട് പേരിറങ്ങി സന്തോഷിനെ ബലമായി തള്ളി കയറ്റാൻ ശ്രമിക്കുകയായിരുന്നുവെന്ന് പരാതിയിൽ പറയുന്നു. പിടിവലിക്കിടെ സന്തോഷിന്റെ കയ്യിലും മുഖത്തും തല്ലി പരിക്കേൽപ്പിക്കുകയും ചെയ്തു.

ഇതെല്ലാം ചെറുത്ത സന്തോഷ് നിലവിളിച്ച് ആളെ കൂട്ടുകയും സമീപത്തെ വീട്ടിലേക്ക് ഓടി കയറി രക്ഷപ്പെടുകയുമായിരുന്നു. വെള്ള നിറത്തിലുള്ള കാർ ഉടൻ തന്നെ അതിവേഗത്തിൽ ഓടിച്ചു പോയതായി സന്തോഷ് പറയുന്നു. സംഭവസ്ഥലത്തു നിന്നും കാർ ഒറ്റപ്പാലം ഭാഗത്തേക്കാണ് ഓടിച്ച് പോയതെന്നുള്ള നിരീക്ഷണ ക്യാമറ ദൃശ്യങ്ങൾ പൊലീസിന് ലഭിച്ചിട്ടുണ്ട്.സന്തോഷ് കുമാറിന്റെ പരാതിയിൽ കേസെടുത്ത ഒറ്റപ്പാലം പൊലീസ് അന്വേഷണം തുടങ്ങി. സംഭവത്തിൽ ദുരൂഹതയുണ്ടോ എന്നതും പരിശോധിക്കുമെന്ന് പൊലീസ് അറിയിച്ചു.

കുവൈത്ത് കെ.എം. സി.സി അംഗത്തിന്റെ കുടുംബത്തിനുള്ള സാമൂഹിക സുരക്ഷാ സ്കീം തുക മുസ്‌ലിംലീഗ് സംസ്ഥാന വൈസ്പ്രസിഡന്റ് സി.എ.എം.എ കരീം വിതരണം ചെയ്യുന്നു

കുവൈത്ത് കെ.എം.സി.സി സാമൂഹിക സുരക്ഷാ സ്കീം വിതരണം

തൃത്താല: കുവൈത്തിൽ മരണമടഞ്ഞ തൃത്താല സ്വദേശിയായ കുവൈത്ത് കെ.എം.സി.സി അംഗത്തിന്റെ കുടുംബത്തിനുള്ള സാമൂഹിക സുരക്ഷാസ്കീം തുക വിതരണം ചെയ്തു. മുസ്‌ലിംലീഗ് സംസ്ഥാന വൈസ്പ്രസിഡന്റ് സി.എ.എം.എ കരീം വിതരണോദ്ഘാടനം നിർവഹിച്ചു. തിരുമുറ്റിക്കോട് പഞ്ചായത്ത് മുസ്‌ലിംലീഗ് ആക്ടിംഗ് പ്രസിഡന്റ് എം.ബി.എ തങ്ങൾ, ജനറൽസെക്രട്ടറി പി.കെ.എം ഹനീഫ, ഇരുമ്പകശ്ശേരി ശാഖാ പ്രസിഡന്റ് ഹൈദ്രോസ് എന്ന കുഞ്ഞുമണി കുടുംബത്തിന് വേണ്ടി സ്കീം തുകയുടെ ചെക്ക് ഏറ്റുവാങ്ങി.

കുവൈത്ത് കെ.എം.സി.സി സംസ്ഥാന ഉപാധ്യക്ഷൻ ഫാറൂഖ് ഹമദാനി അധ്യക്ഷത വഹിച്ചു. മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് മരക്കാർ മാരായ മംഗലം മുഖ്യപ്രഭാഷണം നടത്തി. ജില്ലാ ജനറൽസെക്രട്ടറി അഡ്വ.ടി.എ സിദ്ധീഖ്, ട്രഷറർ പി.ഇ.എ സലാം മാസ്റ്റർ, ജില്ലാ യൂത്ത്‌ലീഗ് പ്രസിഡന്റ് മുസ്തഫ തങ്ങൾ, കുവൈത്ത് കെ.എം.സി.സി സംസ്ഥാന ഭാരവാഹികളായ എം.ആർ നാസർ, ഡോ.മുഹമ്മദലി, ഷാഹുൽ ബേപ്പൂർ, മുസ്‌ലിംലീഗ് നേതാക്കളായ എസ്.എം.കെ തങ്ങൾ, ടി.എ അസീസ്, ടി.കെ ചേക്കുട്ടി പ്രസംഗിച്ചു. കുവൈത്ത് കെ.എം.സി.സി ഭാരവാഹികളായ താഹിർ ഫൈസി, നാസർ കരിപ്പമണ്ണ, സൈദലവി സിപി,അഷറഫ് വല്ലപ്പുഴ, ബഷീർ ചെരിപ്പൂർ, ശിഹാബ് മൂക്കിലപ്പീടിക, മൊയതീൻകുട്ടി കുമരനല്ലൂർ, ഷബീർ, ഷാഫി പള്ളിമൂല, സൈദലവി, സിപി ഉമൈർ ആമയൂർ, റഷീദ് കാരക്കാട് സംബന്ധിച്ചു. ബഷീർ അൻവരി ഖിറാഅത്ത് നടത്തി. കുവൈത്ത് കെ.എം.സി.സി പാലക്കാട് ജില്ലാ ജനറൽ സെക്രട്ടറി ബഷീർ തെങ്കര സ്വാഗതവും തൃത്താല മണ്ഡലം വൈസ്പ്രസിഡന്റ് കെ.വി അൻസാർ നന്ദിയും പറഞ്ഞു.

ഉപരോധിച്ചു

പാലക്കാട്: ആറാം വാർഡ് തോണിപ്പാളയം പ്രദേശത്തെ വെള്ളക്കെട്ട് പരിഹരിക്കണമെന്നാവശ്യപ്പെട്ട് ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി മുനിസിപ്പൽ എഞ്ചിനീയറെ ഉപരോധിച്ചു. കൂടാതെ മാട്ടുമന്ത വലിയപാറം കാരക്കാട്ട്പറമ്പ് എന്നീ പ്രദേശങ്ങളിലെ ഡ്രൈനേജ് ഈപ്രദേശത്താണ് തങ്ങിനിൽക്കുന്നത്. മുനിസിപ്പൽ എഞ്ചിനീയറും മറ്റു ഉദ്യോഗസ്ഥരും സ്ഥലം സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഉപരോധ സമരം അവസാനിപ്പിച്ചത്. ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് സി.വി സതീഷ്, മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് പുത്തൂർ രമേശ് നഗരസഭ പാർലമെന്ററി പാർട്ടി ഉപനേതാവ് എ.കൃഷ്ണൻ കൗൺസിലർ ഡി.ഷജിത്ത്കുമാർ, ആർ.രാമകൃഷ്ണൻ, സുരേഷ് സുധാ ദേവി, മണികണ്ഠൻ, സരസ്വതി സഞ്ജയ് നേതൃത്വം നൽകി.

യോഗം മാറ്റിവച്ചു

പാലക്കാട്: ജില്ലയിലെ വിദ്യാർത്ഥികളുടെ യാത്രാപ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ജൂൺ 22ന് നടത്താനിരുന്ന സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റിയോഗം മറ്റൊരു ദിവസത്തേക്ക് മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുമെന്ന് കൺവീനർ അറിയിച്ചു.

റോഡിന് പ്രഖ്യാപിച്ചത് അഞ്ചുകോടി നടന്നത് ഓട്ടയടക്കൽ മാത്രം

പേഴുംപാറ പൂവച്ചോട് പൊതുമരാമത്ത് റോഡിൽ മഴയെത്തിയതോടെ ഓട്ടയടച്ച് പേപ്പറൊട്ടിക്കുന്ന കരാർ തൊഴിലാളികൾ

നെന്മാറ: സംസ്ഥാന ബജറ്റിൽ പുനർനിർമാണത്തിന് അഞ്ചുകോടി വകയിരുത്തിയ റോഡിൽ വർഷകാലത്ത് ഓട്ടയടക്കൽ പരിപാടി. നെന്മാറ പൂവച്ചോട് റോഡിലെ പേഴുംപാറ കരിമ്പാറ പൂവച്ചോട് പൊതുമരാമത്ത് റോഡിലാണ് ഓട്ടയടയ്ക്കൽ യജ്ഞവുമായി പൊതുമരാമത്ത് വകുപ്പ് എത്തിയത്. 2022 മുതൽ രണ്ടു കോടി, മൂന്നര ക്കോടി, അഞ്ചുകോടി രൂപയാണ് റോഡ് നവീകരണത്തിന് ബജറ്റുകളിൽ പ്രഖ്യാപിച്ചിരുന്നത്.

ഇരുചക്രവാഹന യാത്രപോലും ദുസഹമായ സ്ഥലത്ത് പൊതുമരാമത്ത് വകുപ്പ് അനുവദിച്ച റെഡിമെയ്ഡ് ടാർ മിശ്രിതവുമായാണ് കരാറുകാർ വർഷകാലമായപ്പോൾ ഓട്ട അടയ്ക്കാൻ എത്തിയത്. മഴയത്ത് കുഴികളിലെ മണ്ണ് അടിച്ചുമാറ്റിയ ശേഷം ടാർ മിശ്രിതം കുഴിയിൽ ഇട്ട് ഇടിമുട്ടി കൊണ്ട് ഇടിച്ച് വാഹനചക്രങ്ങളിൽ ഒട്ടിപ്പിടിക്കാതിരിക്കാൻ കടലാസ് കഷണവും ഒട്ടിക്കുന്നതാണ് ഇപ്പോഴത്തെ റോഡ് പാച്ച് വർക്ക്. കൂടുതൽ കുഴികളുള്ളതിനാൽ തുടർച്ചയായി മൂന്നാംതവണയാണ് റെഡിമെയ്ഡ് ടാർ മിശ്രിതവുമായി കുഴി നികത്തൽ നടന്നത്. ഉപരിതലത്തിലെ ആഴം കുറഞ്ഞ കുഴികൾ അടക്കാത്തതിനാൽ മഴക്കാലത്തെ ഓട്ടയടയ്ക്കൽ പാഴ്‌വേലയെന്ന് നാട്ടുകാർ ആക്ഷേപമുന്നയിക്കുന്നുണ്ട്. ഇപ്പോഴത്തെ ഓട്ട അടയ്ക്കൽ നടക്കുന്നതോടെ റോഡ് മുഴുവൻ നേരത്തെ ഉണ്ടായിരുന്ന കുഴികൾക്ക് പകരം മുഴകളായി മാറി. ഇതോടെ ഇരുചക്ര വാഹനക്കാർ ഉൾപ്പടെയുള്ളവർ കുഴിയടച്ച ഭാഗം വെട്ടിച്ച് വാഹനം ഓടിക്കുന്നതിനാൽ അപകടം ക്ഷണിച്ചു വരുത്തുന്ന രീതിയിലായി. റോഡ് കുഴിയടയ്ക്കൽ തുടങ്ങിയതോടെ കഴിഞ്ഞ മൂന്നു വർഷവും തുടർച്ചയായി റോഡ് നവീകരണ പ്രഖ്യാപനം ബഡ്ജറ്റ് പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങിയെന്ന് പ്രദേശവാസികൾ പരാതി പറഞ്ഞു.

പോത്തുണ്ടി ഡാമിൽ ജലനിരപ്പ് 11 അടിയായി ഉയർന്നു

നെന്മാറ: പോത്തുണ്ടി ഡാമിലെ ജലനിരപ്പ് 11അടി. മിഥുന മാസമായിട്ടും പോത്തുണ്ടി ഡാമിന്റെ വൃഷ്ടിപ്രദേശങ്ങളിൽ മഴ ശക്തമായില്ല. ഒന്നിടവിട്ട ദിവസങ്ങളിൽ മഴ പെയ്യുന്നുണ്ടെങ്കിലും വൃഷ്ടിപ്രദേശങ്ങളിൽ നിന്ന് ഡാമിലേക്കുള്ള നീരൊഴുക്ക് വർധിക്കുന്നില്ലെന്ന് ജലസേചന വകുപ്പ് അധികൃതർ പറഞ്ഞു. കഴിഞ്ഞ 10 ദിവസത്തിനിടെ പോത്തുണ്ടി ഡാമിൽ അരയടി വെള്ളം മാത്രമാണ് ഉയർന്നത്. കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ പോത്തുണ്ടിയിൽ മഴ രേഖപ്പെടുത്തിയില്ല. 55 അടി സംഭരണശേഷിയുള്ള പോത്തുണ്ടി ഡാമിൽ നിലവിൽ 11അടി വെള്ളമുണ്ട്. 2023 ജൂൺ 9ന് ഒന്നാം വിളയ്ക്കായി വെള്ളം തുറന്നതിനെ തുടർന്ന് ഡാമിൽ ജൂൺ 20ന് അരയടി വെള്ളമായി ചുരുങ്ങിയിരുന്നു. കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് പത്തര അടിയോളം വെള്ളം മാത്രമെ ജൂൺ പകുതിയാകുമ്പോഴേക്കും സംഭരിക്കാൻ കഴിഞ്ഞിട്ടുള്ളു. മിഥുനമാസം ആരംഭിച്ചതോടെ വരുംദിവസങ്ങളിൽ കാലവർഷം ശക്തമായി കാർഷിക മേഖലയ്ക്ക് ആശ്വാസമാകുമെന്ന പ്രതീക്ഷയിലാണ് കർഷകർ. ഈ വർഷം ഏപ്രിലിൽ ഡാമിൽ ഒന്നര അടി വെള്ളമായി ചുരുങ്ങിയ സ്ഥാനത്തുനിന്നാണ് 11 അടിയായി വെള്ളം ഉയർന്നത്.

ഓറിയന്റ് ആഗ്രോ ഡ്രയർ യൂണിറ്റ് മംഗലത്ത് പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗീത മണികണ്ഠൻ ഉദ്ഘാടനം ചെയ്യുന്നു

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് തൊഴിൽ സംരംഭം ഉദ്ഘാടനം ചെയ്തു

പട്ടാമ്പി: പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് 2023-24 വാർഷിക പദ്ധതിയുടെ ഭാഗമായി വ്യവസായ വികസന ഓഫീസർക്ക് കീഴിൽ നടത്തുന്ന വനിതാ ഗ്രൂപ്പ് സംരംഭക പ്രൊജക്ടിലൂടെ ആരംഭിച്ച ഓറിയന്റ് ആഗ്രോ ഡ്രയർ യൂണിറ്റ് എന്ന വനിതാഗ്രൂപ്പ് സംരംഭം പരുതൂർ ഗ്രാമപഞ്ചായത്തിലെ മംഗലത്ത് പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗീതാ മണികണ്ഠൻ ഉദ്ഘാടനം ചെയ്തു. പരുതൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.പി.എം സക്കരിയ അധ്യക്ഷത വഹിച്ചു. പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് വൈസ്പ്രസിഡന്റ് കെ.എ റഷീദ്, മെമ്പർമാരായ ഷൈമ ഉണ്ണികൃഷ്ണൻ, പി.ടി.എം ഫിറോസ്, വാർഡ് മെമ്പർ ശാന്തകുമാരി ടീച്ചർ, ബ്ലോക്ക് വ്യവസായ വികസന ഓഫീസർ സുഹൈൽ വി.എസ്, പട്ടാമ്പി ബ്ലോക്ക് എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ്സ് കെ.ഹരീഷ്, പി.ശ്രീജിത്ത്, സി.വർഷ, കെ.വൈശാഖ്, വി.നിതിൻ പങ്കെടുത്തു. 75 ശതമാനം സബ്സിഡി ധനസഹായം നൽകുന്ന പദ്ധതിയാണ്. പരുതൂർ ഗ്രാമപഞ്ചായത്തിലെ സമീർ, ശമ എന്നിവരാണ് സംരംഭകർ. സംരംഭം തുടങ്ങുന്നതിന് ആവശ്യമായ മൂലധന വായ്പ നൽകിയത് പഞ്ചാബ് നാഷണൽ ബാങ്ക് പള്ളിപ്പുറം ബ്രാഞ്ചാണ്.

ആറു പതിറ്റാണ്ടുമുമ്പ് നാട്ടുകാർക്ക് ആശ്രയമായിരുന്ന

പൊതുകിണറിന് ശാപമോക്ഷം

മുറിയംകണ്ണിയിൽ രണ്ട് ലക്ഷം രൂപ ചെലവിൽ നവീകരിച്ച പൊതുകിണർ

തച്ചനാട്ടുകര: ആറു പതിറ്റാണ്ടുമുമ്പ് നാട്ടുകാർക്ക് ആശ്രയമായിരുന്ന പൊതുകിണറിന് ഒടുവിൽ ശാപമോക്ഷം. തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിലെ ചാമപ്പറമ്പ് വാർഡിൽ മുറിയംകണ്ണിയിലാണ് സംരക്ഷിക്കാനാളില്ലാതെ കൈവരികൾ തകർന്ന് നാശോന്മുഖമായി കിടന്നിരുന്ന വഴിയരികിലെ കിണറിനാണ് വാർഡ് മെമ്പറുടെ ഇടപെടലിലൂടെ പുതുജന്മം കിട്ടിയത്. കാടുമൂടിക്കിടന്നിരുന്ന കിണറിൽ മാലിന്യങ്ങൾ വലിച്ചെറിയുന്ന അവസ്ഥ വരെയുണ്ടായിരുന്നു. വാർഡ് മെമ്പറും തച്ചനാട്ടുകര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമായ കെ.പി.എം സലീം പ്രത്യേക താത്പര്യമെടുത്ത് രണ്ടുലക്ഷത്തോളം രൂപചെലവഴിച്ചാണ് കിണർ നവീകരിച്ചത്. സ്മാർട്ട് ചാമപ്പറമ്പ് പദ്ധതിയുടെ ഭാഗമായി ആൾമറകെട്ടി ഇരുമ്പ് ഗ്രിൽകൊണ്ട് മുകൾഭാഗം സംരക്ഷിക്കുകയും ചെയ്തത് കൂടാതെ ആരെയും ആകർഷിക്കുന്ന വിധത്തിൽ ശുചിത്വ സന്ദേശങ്ങളും ചിത്രങ്ങളും വരച്ച് കിണറിനെ സുന്ദരിയാക്കി മാറ്റി. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.പി.എം സലീം നവീകരിച്ച കിണർ നാടിന് സമർപ്പിച്ചു. പി ടി സൈദ് മുഹമ്മദ്, ഇ.കെ അസ്കർ,റഷീദ് മുറിയംകണ്ണി,കെ ഹൈദറലി മൗലവി,കഹാർ നറുക്കോട്,നൗഫൽ മുറിയംകണ്ണി തുടങ്ങിയവർ പങ്കെടുത്തു.

കർഷക ആനുകൂല്യങ്ങൾ ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കണം

പാലക്കാട്: നെൽകർഷകർക്കുള്ള ഒന്നാം വിള ഉത്പാദന ബോണസ്, ഉഴവ് കൂലി തുടങ്ങിയ എല്ലാ കർഷക ആനുകൂല്യങ്ങളും ട്രഷറി നിയന്ത്രണം മൂലം നിലച്ചിരിക്കുകയാണെന്നും അതുകൊണ്ട് കർഷക ആനുകൂല്യങ്ങൾ ട്രഷറി നിയന്ത്രണങ്ങളിൽ നിന്ന് ഒഴിവാക്കണമെന്ന് ദേശീയ കർഷക സംരക്ഷണ സമിതി യോഗം സർക്കാറിനോടാവശ്യപ്പെട്ടു. രണ്ടാംവിളക്കുള്ള കാലവസ്ഥാധിഷ്ഠിത വിള ഇൻഷൂറൻസിന്റെ തുക ലഭിക്കാൻ വൈകുന്നതിൽ യോഗം പ്രതിഷേധിച്ചു. മലമ്പുഴ അണക്കെട്ടിലെ വെള്ളം തുറന്ന് വിടുന്നതിൽ അധികൃതർ വാട്ടർമാനേജ്മെന്റ് സിസ്റ്റം പാലിക്കാത്തതിനാൽ വെള്ളം പാഴായി കൊണ്ടിരിക്കുകയാണ്. അണക്കെട്ടിലെ വെള്ളം ഫെബ്രുവരി 15വരെ കൃഷിക്ക് ആവശ്യമാണെന്നും യോഗം ആവശ്യപ്പെട്ടു. പ്രസിഡന്റ് സി.ബാലകൃഷ്ണൻ കുനിശേരി അധ്യക്ഷത വഹിച്ചു. ജനറൽസെക്രട്ടറി പാണ്ടിയോട് പ്രഭാകരൻ, വി.ബാലകൃഷ്ണൻ, സി.ആർ രാജേഷ്, കെ.എ ജയരാമൻ, സി.ജയൻ, കെ.എസ് ശ്രീരാമകൃഷ്ണൻ, ശശികുമാർ കളപ്പക്കാട്, മാനസ്, എം.വിനോദ് സംസാരിച്ചു.

ഡെങ്കിപ്പനി ബോധവത്കരണം

പാലക്കാട്: നഗരസഭ തിരു നെല്ലായ് ഈസ്റ്റ് വാർഡിൽ ഡെങ്കിപ്പനി ബോധവത്ക്കരണവും ഗൃഹസന്ദർശനവും നടത്തി. നഗരസഭാ തിരുനെല്ലായ് ഈസ്റ്റ് വാർഡ് കൗൺസിലർ എ. കൃഷ്ണൻ,വി. മണികണ്ഠൻ, കെ.ആഷ, ആശാവർക്കർ എം.രാജലക്ഷ്മി എന്നിവർ നേതൃത്വം നൽകി.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 21 വെള്ളി
ഗൾഫ് ചന്ദ്രിക

ശ്രീകണ്ഠപുരത്ത് ഫയർസ്റ്റേഷൻ അനുവദിക്കണം: സജീവ് ജോസഫ്

ഉളിക്കൽ: ഇരിക്കൂർ മണ്ഡല ആസ്ഥാനമായ ശ്രീകണ്ഠപുരത്ത് ഫയർ സ്റ്റേഷൻ അനുവദിക്കണമെന്ന് സജീവ് ജോസഫ് എംഎൽഎ നിയമ സഭയിൽ സബ്മിഷനിലൂടെ ആവശ്യപ്പെട്ടു. പ്രഖ്യാപിച്ച വിവിധ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചശേഷം പുതിയവ പരിഗണിക്കുമെന്ന് മന്ത്രി വീണാ ജോർജ് മറുപടി നൽകി. സംസ്ഥാനത്ത് കൂടുതൽ പ്രകൃതി ദുരന്തങ്ങളും അപകടങ്ങളും അഗ്നിബാധയും ഉൾപ്പെടെ അപകടങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ട മേഖലകളിലൊന്നായ പ്രദേശത്ത് ഫയർ സ്റ്റേഷൻ അനിവാര്യമെന്നാണ് സർക്കാർ ഏജൻസികൾ തന്നെ റിപ്പോർട്ട് ചെയ്തതെന്ന് എംഎൽഎ സൂചിപ്പിച്ചു.

വിദ്യാലയ ക്ലബ്ബുകൾ തുടങ്ങി

ഇരിട്ടി: ഹയർസെക്കന്ററി സ്കൂൾ വിദ്യാരംഗം കലാസാഹിത്യവേദി വായന മാസാചരണവും വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനവും അവധിക്കാല വായനാനുഭവ പ്രകാശനവും എഴുത്തുകാരി അമൃത കേളകം ഉദ്ഘാടനം ചെയ്തു. പ്രധാനാധ്യാപകൻ എം പുരുഷോത്തമൻ അധ്യക്ഷനായി. കെ.എം ഉണ്ണികൃഷ്ണൻ, ഇരിട്ടി ഹയർ സെക്കന്ററി വിദ്യാലയ ചരിത്രം 'ചരിത്രനാദം' സ്കൂൾ മാനേജർ കെ.ടി അനൂപ് പ്രകാശനം ചെയ്തു. പി.ടി.എ പ്രസിഡന്റ് സന്തോഷ് കോയിറ്റി, സ്റ്റാഫ് സെക്രട്ടറി പി.എൻ ഷീബ, സീനിയർ ഗണിത അധ്യാപിക ജെ ശ്രീജ സംസാരിച്ചു. വിദ്യാരംഗം കലാസാഹിത്യ വേദി കൺവീനർ സരിമ ബാലകൃഷ്ണൻ വായനാദിന പ്രതിജ്ഞയ്ക്ക് നേതൃത്വം നൽകി.

സ്വതന്ത്ര കർഷക സംഘം യോഗം

പാനൂർ: നാളികേരം ഉൾപ്പെടെ കാർഷിക ഉൽപ്പന്നങ്ങൾക്ക് തറവില നിശ്ചയിച്ച് സംഭരിക്കണമെന്ന് സ്വതന്ത്ര കർഷകസംഘം പാനൂർ മേഖല കമ്മിറ്റി ആവശ്യപ്പെട്ടു. മണ്ഡലം സെക്രട്ടറി ടി.കെ ഹമീദ് ഉദ്ഘാടനം ചെയ്തു. മേഖല പ്രസിഡന്റ് കൊയപ്പള്ളി യൂസഫ് ഹാജി അധ്യക്ഷനായി. മഞ്ചേരി മുഹമ്മദലി, ബേങ്കിൽ ഹനീഫ, സി.കെ അബ്ദുല്ല, അഷ്റഫ് മാണിക്കോത്ത്, കെ.എം യൂസഫ്, കെ സുബൈർ പങ്കെടുത്തു.

കണ്ണൂർ വാർത്തകൾ

പൊന്നോണത്തിന് ഒരു കൊട്ടപൂവ്

കണ്ണൂർ കോർപ്പറേഷനിൽ തൈ വിതരണം തുടങ്ങി

പൊന്നോണത്തിന് ഒരുകൊട്ട പൂവ് പദ്ധതിക്ക് ആവശ്യമായ തൈകളുടെ വിതരണോദ്ഘാടനം മേയർ മുസ്‌ലിഹ് മഠത്തിൽ നിർവഹിക്കുന്നു

കണ്ണൂർ: ഓണത്തെ വരവേൽക്കാൻ ഒരുകൊട്ട പൂവ് പദ്ധതി വിജയിപ്പിക്കാൻ കണ്ണൂർ കോർപ്പറേഷൻ ഒരുങ്ങി. തൈവിതരണത്തിന് ആവേശതുടക്കം. ജനകീയാസൂത്രണം 14-ാം പഞ്ചവത്സര പദ്ധതി 2024-25 വാർഷിക പദ്ധതിയിൽ കോർപ്പറേഷൻ പരിധിയിലെ മുഴുവൻ വാർഡിലും ഈ വർഷം ഓണത്തിന് പൂക്കളം ഒരുക്കാൻ പൊന്നോണത്തിന് ഒരുകൊട്ട പൂവ് വിളവെടുപ്പിന് ആവശ്യമായ തൈകളുടെ വിതരണോദ്ഘാടനം മേയർ മുസ്‌ലിഹ് മഠത്തിൽ നിർവഹിച്ചു. ഡെപ്യൂട്ടി മേയർ പി ഇന്ദിര തൈകൾ ഏറ്റുവാങ്ങി.

കോർപ്പറേഷൻ സ്ഥിരം സമിതി അധ്യക്ഷന്മാരായ പി ഷമീമ, പി.കെ രാഗേഷ്, വി.കെ ശ്രീലത, കൃഷി ഡെപ്യൂട്ടി ഡയറക്ടർ തുളസി ചെങ്ങാട്ട്, കൃഷി ഓഫീസർമാരായ ടി.പി ശ്രീകുമാർ, ജേക്കബ് ജോർജ് പങ്കെടുത്തു. ഓണക്കാലത്ത് അയൽസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പൂക്കളെ ആശ്രയിക്കുന്നത് ഒഴിവാക്കാനും പൂക്കൾക്ക് അമിത വില ഈടാക്കുന്നത് ഒഴിവാക്കുകയുമാണ് പദ്ധതി ലക്ഷ്യമെന്ന് മേയർ പറഞ്ഞു. വരുംകാലങ്ങളിൽ നമ്മുടെ ഭൂമിയിൽ തന്നെ വിളവെടുത്ത പൂക്കൾ കൊണ്ട് പൂക്കളം ഒരുക്കി സമൃദ്ധമായ ഓണം ആഘോഷിക്കാൻ എല്ലാ മലയാളികൾക്കും സാധിക്കട്ടെയെന്നും മേയർ ആശംസിച്ചു.

സിംകാർഡ് തട്ടിപ്പ് രണ്ട് പേർ കൂടി അറസ്റ്റിൽ

മട്ടന്നൂർ: അന്യരുടെ പേരിൽ വ്യാപകമായി സിം കാർഡ് വാങ്ങി വിദേശത്തേക്ക് കടത്തി ഓൺലൈൻ തട്ടിപ്പുകൾക്ക് ഉപയോഗിക്കുന്ന സംഘത്തിലെ രണ്ട് പേർ കൂടി അറസ്റ്റിൽ. ഉരുവച്ചാലിലെ മൊബൈൽ ഷോപ്പുടമ കീച്ചേരി സ്വദേശി പി സിയാദ്(26), ശിവപുരം വെമ്പടിയിലെ മുഹമ്മദ് സാലിഹ് (19) എന്നിവരെയാണ് മട്ടന്നൂർ ഇൻസ്പെക്ടർ ബി.എസ് സജനും സംഘവും അറസ്റ്റ് ചെയ്തത്. നേരത്തെ മൂന്ന് പേരെ അറസ്റ്റ് ചെയ്തിരുന്നു.

കീച്ചേരി സ്വദേശിയുടെ പരാതി പ്രകാരമാണ് കേസെടുത്തത്. ഇദ്ദേഹത്തിന്റെ ആധാർ കാർഡ് ഉപയോഗിച്ച് ഏഴ് സിം കാർഡ് പ്രതികൾ വാങ്ങിയിരുന്നു. ഇവ പിന്നീട് തട്ടിപ്പുകൾ ഉപയോഗിക്കുന്നുണ്ടെന്ന സംശയത്തെ തുടർന്നാണ് പരാതി നൽകിയത്. വിദ്യാർഥികളുടെയും മറ്റും പേരിൽ വ്യാപകമായി സിം കാർഡ് വാങ്ങി വിദേശത്തേക്ക് കൈമാറി ഓൺലൈൻ തട്ടിപ്പിനുൾപ്പെടെ ഉപയോഗിക്കുകയായിരുന്നു സംഘം. സിം കാർഡ് നൽകുന്ന വകയിൽ പ്രതിഫലമായി ലഭിച്ച വൻതുക പ്രതികളുടെ അക്കൗണ്ടിൽ നിന്ന് കണ്ടെത്തിയിട്ടുണ്ട്. 918 സിംകാർഡ് ഇവരിൽ നിന്ന് കണ്ടെടുത്തതായി പൊലീസ് അറിയിച്ചു. നിയമം ലംഘിച്ച് സിം കാർഡ് എടുത്ത് നൽകിയതിനാണ് ഉരുവച്ചാലിലെ ഓർക്കുട്ട് മൊബൈൽ ഷോപ്പുടമ സിയാദിനെ അറസ്റ്റ് ചെയ്തത്. അന്വേഷണം പുരോഗമിക്കുകയാണെന്നും കൂടുതൽ പേർ പിടിയിലാകുമെന്നും പൊലീസ് അറിയിച്ചു. സ്വന്തം രേഖകൾ നൽകി മറ്റുള്ളവർക്ക് സിം കാർഡ് എടുത്ത് നൽകരുതെന്നും പൊലീസ് അറിയിച്ചു. പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു.

താൽക്കാലിക അധ്യാപക ഒഴിവ്

ഇരിട്ടി: തില്ലങ്കേരി കാവുംമ്പടി സി.എച്ച്.എം ഹയർസെക്കന്ററി സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ സോഷ്യൽ സയൻസിൽ താൽക്കാലിക അധ്യാപക ഒഴിവ്. അഭിമുഖം ഇന്ന് രാവിലെ 10.30 ന്

റിയാദ് കണ്ണൂർ ജില്ലാ കെ.എം.സി.സി ഈദ് സംഗമം. 'സ്പർശം' അബ്ദുറഹിമാൻ കല്ലായി ഉദ്ഘാടനം ചെയ്യുന്നു

പെരുന്നാൾ സംഗമമൊരുക്കി റിയാദ് കണ്ണൂർ ജില്ലാ കെ.എം.സി.സി

കണ്ണൂർ: 'സ്പർശം' ശീർഷകത്തിൽ തലശ്ശേരി മലബാർ കാൻസർ സെന്ററിനോട് ചേർന്ന് പ്രവർത്തിക്കുന്ന കോടിയേരി സി.എച്ച് സെന്ററിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമൊപ്പം പെരുന്നാൾ സന്തോഷം പങ്കിട്ട് റിയാദ് കണ്ണൂർ ജില്ലാ കെ.എം.സി.സി ഈദ് സംഗമം.

പുതിയ കമ്മിറ്റി നിലവിൽ വന്ന ശേഷം സംഘടിപ്പിക്കുന്ന ആദ്യ പൊതുപരിപാടി കാരുണ്യ പ്രവർത്തനത്തിലൂടെയാകണമെന്ന തീരുമാനത്തിന്റെ ഭാഗമായാണ് ഇത്തരമൊരു സംഗമം ഒരുക്കിയത്. മുസ്‌ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് അബ്ദുറഹിമാൻ കല്ലായി ഉദ്ഘാടനം ചെയ്തു.

സൗദി കെ.എം.സി.സി വൈസ് പ്രസിഡന്റ് വി.കെ മുഹമ്മദ് അധ്യക്ഷനായി. സംസ്ഥാനത്ത് അതിരുകളില്ലാത്ത കാരുണ്യ പ്രവർത്തനം നടത്തുന്ന കോടിയേരി സി.എച്ച് സെന്ററിന് റിയാദ് കെ.എം.സി.സി ഉപഹാരം മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് അബ്ദുൽ കരീം ചേലേരി സമ്മാനിച്ചു. സി.എച്ച് സെന്റർ സെക്രട്ടറി പി.പി ഹമീദ് ഉപഹാരം സ്വീകരിച്ചു. സി.എച്ച് സെന്ററിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും റിയാദ് കെ.എം.സി.സി ഹദിയ ജില്ലാ ജനറൽ സെക്രട്ടറി കെ.ടി സഹദുല്ല സി.എച്ച് സെന്റർ അഡ്മിനിസ്ട്രേറ്റർ ഖാലിദിന് കൈമാറി. കെ.എ ലത്തീഫ്, അഹമ്മദ് ചാലാട്, എ.കെ അബൂട്ടി ഹാജി, യാകൂബ് തില്ലങ്കേരി, കുഞ്ഞി മൂസ, പി.പി റഷീദ്, മുഹമ്മദ് കണ്ടക്കൈ, ബഷീർ നാലകത്ത്, ഷഫീക്ക് കയനി, റിയാദ് കണ്ണൂർ ജില്ലാ കെ.എം.സി.സി ജനറൽ സെക്രട്ടറി പി.ടി മുക്താർ, ഓർഗനൈസിംഗ് സെക്രട്ടറി മഹ്ബൂബ് ചെറിയവളപ്പ് സംസാരിച്ചു. റാഫി മണിയൂർ ഖിറാഅത്ത് നടത്തി.

ഐടിഐ അഡ്മിഷൻ

തളിപ്പറമ്പ്: കുറുമാത്തൂർ ഗവ.ഐടിഐയിൽ ഇലക്ട്രോണിക്സ് മെക്കാനിക്, മെക്കാനിക് അഗ്രികൾച്ചർ മെഷിനറി ദ്വിവത്സര എൻസിവിടി ട്രേഡ് പ്രവേശനത്തിന് അപേക്ഷകൾ ക്ഷണിച്ചു. ഫോൺ: 0460-2225450, 9497639626.

മാതംഗലം കവർച്ച സിസിടിവി ദൃശ്യം ലഭിച്ചു

പയ്യന്നൂർ: മാതമംഗലം-പാണപ്പുഴ റോഡിൽ താമസിക്കുന്ന റിട്ട.ബാങ്ക് ഉദ്യോഗസ്ഥന്റെ വീട് കുത്തിത്തുറന്ന് ആഭരണങ്ങൾ കവർന്ന സംഭവത്തിന് പിന്നിൽ വാഹനത്തിലെത്തിയ രണ്ടംഗ സംഘമെന്ന് സൂചന. പയ്യന്നൂർ ഡിവൈഎസ്പി.എ ഉമേഷിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തിന്റെ സഹായത്തോടെ പെരിങ്ങോം ഇൻസ്പെക്ടർ പി രാജേഷ്, എസ്.ഐ പി ഷമീർ എന്നിവരടങ്ങിയ സംഘം നടത്തിയ അന്വേഷണത്തിലാണ് കവർച്ച നടന്ന വീടിന് സമീപ നിരീക്ഷണ ക്യാമറയിൽ മോഷ്ടാക്കളുടെ ദൃശ്യം കണ്ടെത്തിയത്.

മഴക്കോട്ട് ധരിച്ച് വാഹനത്തിലെത്തിയ രണ്ടംഗ സംഘം പുലർച്ചെ 3.15ഓടെ വീട് കുത്തിതുറന്ന മോഷ്ടാക്കൾ അകത്തെ നാലു മുറികളിലെ അലമാരകൾ കുത്തിത്തുറന്ന് സ്വർണാഭരണങ്ങളും ഡയമണ്ട് ആഭരണങ്ങളും കവരുകയായിരുന്നു.

കവർച്ചയ്ക്ക് ശേഷം വാഹനത്തിൽ മഴക്കോട്ടിട്ട് ഓടിച്ചു പോകുന്ന ദൃശ്യവും ലഭിച്ചതായാണ് വിവരം. കഴിഞ്ഞ ദിവസം പുലർച്ചെയാണ് പാണപ്പുഴയിൽ റിട്ട. എസ്.ബി.ഐ ഉദ്യോഗസ്ഥൻ കുഞ്ഞിക്കണ്ണൻ എന്ന പി ജയപ്രസാദിന്റെ വീട് കുത്തിത്തുറന്ന് മോഷണം നടത്തിയത്.

തിരുവനന്തപുരത്ത് നടന്ന 50-ാമത് ജൂനിയർ കേരള സ്റ്റേറ്റ് അക്വാട്ടിക് നീന്തൽ ചാമ്പ്യൻഷിപ്പിൽ 50 മീറ്റർ ബ്രെസ്റ്റ് സ്ട്രോക്കിൽ വെള്ളിയും 200 മീറ്റർ ബട്ടർഫ്ളൈയിൽ വെങ്കലവും നേടിയ ദിയ പ്രജീഷ്. ദുബായിയിലെ ജെഎസ്എസ് പ്രൈവറ്റ് സ്കൂളിൽ പ്ലസ് വൺ വിദ്യാർഥിനിയാണ്. അഴീക്കോട് വായിപ്പറമ്പ് സ്വദേശി പ്രജീഷിന്റെയും ഗീതയുടെയും മകളാണ്.



കേരള സർവീസ് പെൻഷനേഴ്സ് ലീഗ് മണ്ഡലംതല അംഗത്വ കാമ്പയിൻ ഉദ്ഘാടനം വി.പി സീനത്തിന് അംഗത്വം നൽകി അബ്ദുൽകരീം ചേലേരി നിർവഹിക്കുന്നു

പെൻഷനേഴ്സ് ലീഗ് സെക്രട്ടറിയേറ്റ് സമരസംഗമം വിജയിപ്പിക്കാൻ ജില്ലയിലും ഒരുക്കം

കണ്ണൂർ: പെൻഷനേഴ്സ് ലീഗ് സെക്രട്ടറിയേറ്റ് സമര സംഗമം വിജയിപ്പിക്കാൻ ഒരുക്കങ്ങളുമായി ജില്ലാ ഘടകവും. സർവീസിൽ നിന്ന് വിരമിച്ച ജീവനക്കാരുടെയും അധ്യാപകരുടെയും സഹകരണ വകുപ്പ് ജീവനക്കാരുടെയും പെൻഷൻ അട്ടിമറിക്കെതിരെ 27നാണ് കേരള സർവീസ് പെൻഷനേഴ്സ് ലീഗ് സെക്രട്ടറിയേറ്റ് സമരസംഗമം നടത്തുന്നത്.

പെൻഷൻ അട്ടിമറി നീക്കം പിൻവലിക്കുക, സർവീസിലിരിക്കെ മരണപ്പെടുന്ന ജീവനക്കാരന്റെ ആശ്രിത പദ്ധതി ആശ്രിത നിയമനം പുനഃസ്ഥാപിക്കുക, പെൻഷൻ കുടിശിക വിതരണം ചെയ്യുക, ജീവാനന്ദം പദ്ധതി പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമര സംഗമം.

ജില്ലാ പ്രവർത്തക സമിതി അംഗങ്ങളുടെയും മണ്ഡലം ഭാരവാഹികളുടെയും യോഗം മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് അബ്ദുൽ കരീം ചേലേരി ഉദ്ഘാടനം ചെയ്തു. പെൻഷനേഴ്സ് ലീഗ് മണ്ഡലംതല അംഗത്വ കാമ്പയിൻ ഉദ്ഘാടനം കണ്ണൂർ ദീനുൽ ഇസ്‌ലാംസഭ ഹയർസെക്കന്ററി സ്കൂളിൽ നിന്ന് വിരമിച്ച അധ്യാപിക വി.പി സീനത്തിന് അംഗത്വം നൽകി അബ്ദുൽകരീം ചേലേരി നിർവഹിച്ചു. പെൻഷനേഴ്സ് ലീഗ് ജില്ലാ പ്രസിഡന്റ് കൊട്ടില മുഹമ്മദ് കുഞ്ഞി അധ്യക്ഷനായി. സംസ്ഥാന വൈസ് പ്രസിഡന്റ് എൻ.എ ഇസ്മായിൽ, ജില്ലാ ഭാരവാഹികളായ ഒ.പി മുസ്തഫ, മുഹമ്മദലി മഞ്ചേരി, കെ.എം സാബിറ, പി റഷീദ, ഇ.കെ ജമാൽ, കെ റഹൂഫ്, പി.പി മുഹമ്മദലി സംസാരിച്ചു.

ഗസ്റ്റ് അധ്യാപക നിയമനം

പെരിങ്ങത്തൂർ: എൻ.എ.എം ഹയർസെക്കന്ററി സ്കൂളിൽ പ്ലസ്ടു വിഭാഗത്തിൽ മാത്ത്മാറ്റിക്സ്, മലയാളം, ഫിസിക്സ്, കെമിസ്ട്രി ഇംഗ്ലീഷ് വിഷയങ്ങളിൽ ജൂനിയർ ഗസ്റ്റ് അധ്യാപകരെ നിയമിക്കുന്നു. ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകളും ബയോഡാറ്റയുമായി ഇന്ന് രാവിലെ 10ന് സ്കൂൾ ഓഫീസിൽ ഹാജരാകണം.

പൈപ്പിടാൻ കീറി അവരങ്ങ് പോയി

റോഡിൽ പൊലിയും ജീവനെ ഓർക്കാതെ

■ സ്വന്തം ലേഖകൻ
കണ്ണൂർ

ഒരുപണിയെടുത്താൽ അത് നേരാംവണ്ണം പൂർത്തിയാക്കാത്തവരുടെ പലതവണ കണ്ടതും കേട്ടതുമാണ്. ഇതാ ഇവിടെ കുടിവെള്ള പൈപ്പിടാൻ കീറിയിടത്ത് അപകടം പതിയിരിക്കുന്നതാണ് കാഴ്ച. പ്രവൃത്തി പൂർത്തിയാക്കി പഴയതുപോലെ മൂടാത്തതിനാൽ ഇരുചക്ര വാഹനങ്ങളാണേറെയും ഭീഷണി നേരിടുന്നത്.

നഗരത്തിൽ ഫുട്ബോൾ ഫ്രണ്ട് കോച്ചിംഗ് കേമ്പിന് മുന്നിൽ കുടിവെള്ള പൈപ്പിടാൻ വാട്ടർ അതോറിറ്റിക്കുവേണ്ടി കീറിയതാണ് റോഡ്. രണ്ട് ഭാഗത്തും റോഡ് കീറി പൈപ്പിട്ടതിന് ശേഷം പേരിനുമാത്രം കുഴിയടച്ചെങ്കിലും പഴയ ബസ് സ്റ്റാന്റിലേക്ക് വരുന്നഭാഗത്ത് നിളത്തിലെടുത്ത കുഴി കൃത്യമായി മൂടാത്തതാണ് അപകട ഭീഷണിയുയർത്തുന്നത്. ജില്ലയിലെ വിവിധ ഭാഗങ്ങളിൽനിന്ന് പഴയ ബസ്സ്റ്റാന്റിലേക്ക് എത്തുന്ന ബസുകൾ ഉൾപ്പെടെ ആയിരക്കണക്കിന് വാഹനങ്ങൾ കടന്നുപോകുന്ന പാതയാണിത്.

കുഴിയിൽ തടഞ്ഞ് കുലുങ്ങിയാണ് വാഹനങ്ങൾ ഇതുവഴി കടന്നുപോകുന്നത്. ഇരുചക്ര വാഹനങ്ങളുമായെത്തുന്നവർ കുഴിയിൽ കുടുങ്ങി മുന്നോട്ടുപോകാൻ സാധിക്കാതെ പ്രയാസപ്പെടുന്നുമുണ്ട്. റോഡിൽ കുഴിയുണ്ടെന്ന കാര്യമറിയാതെ ഓടിയെത്തിയാൽ റോഡിലേക്ക് തെറിച്ച് വീണേക്കാവുന്ന അവസ്ഥയാണ്. ഇരുചക്ര വാഹനയാത്രക്കാരെങ്ങാനും തിരക്കേറിയ റോഡിൽ തെറിച്ചുവീണാൽ പിന്നാലെയെത്തുന്ന വാഹനങ്ങൾ കയറിയിറങ്ങി ജീവഹാനിയും സംഭവിച്ചേക്കാം.

ഇന്നലെ രാവിലെ ഇരുചക്ര വാഹനവുമായി എത്തിയ യുവാവ് കുഴിയിൽ തടഞ്ഞ് വീണെങ്കിലും ഭാഗ്യത്തിനാണ് രക്ഷപ്പെട്ടത്. റോഡിൽ എന്ത് ആവശ്യത്തിനും വെട്ടിമുറിക്കേണ്ടി വന്നാൽ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് പൂർവസ്ഥിതിയിലാക്കണമെന്നാണ് യാത്രക്കാരുടെ ആവശ്യം. ഈ കാര്യത്തിൽ കരാറുകാരും ജോലിക്ക് നിയോഗിക്കുന്ന തൊഴിലാളികളും ശ്രദ്ധിക്കണമെന്നാണ് യാത്രക്കാരുടെ അപേക്ഷ. ഇത്തരത്തിൽ പണിപൂർത്തിയാക്കിതിടുക്കത്തിൽ പോകുമ്പോൾ റോഡിൽ പൊലിയുന്ന ജീവനുകളെ കുറിച്ചെങ്കിലും ഓർക്കണമെന്നാണ് ഇതുപോലെ അനാസ്ഥ കാണിക്കുന്നവരോട് പറയാനുള്ളതും.

ജീവനെടുക്കും കെണി
നഗരത്തിൽ കുടിവള്ള പൈപ്പിടാൻ റോഡ് മുറിച്ചിടത്തെ ഭാഗം പൂർവ സ്ഥിതിയിലാക്കാത്തതിനെ തുടർന്ന് ബൈക്കിൽ ശ്രദ്ധയോടെ കടന്നുപോകുന്ന യുവാവ്

കുറുമാത്തൂർ ഹയർസെക്കന്ററി മദ്രസയിൽ ചന്ദ്രിക നൂറുൽ മആരിഫ് ഇ.പി ജുനൈദ് എഞ്ചിനീയർ ഫവാസിന് ചന്ദ്രിക കൈമാറി ഉദ്ഘാടനം ചെയ്യുന്നു

ചന്ദ്രിക നൂറുൽ മആരിഫ് കുറുമാത്തൂർ ദാറുസലാം മദ്രസയിലും

കുറുമാത്തൂർ: 'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' പദ്ധതിയുടെ ഭാഗമായി മതഭൗതിക പാഠശാലകളിൽ നടപ്പിലാക്കുന്ന 'ചന്ദ്രിക നൂറുൽ മആരിഫ്' കുറുമാത്തൂർ പഞ്ചായത്തിൽ ഹയർസെക്കന്ററി മദ്രസയിലും തുടക്കം. ചൊറുക്കള മഹല്ല് സെക്രട്ടറി ഇ.പി ജുനൈദ് എഞ്ചിനീയർ

എസ്.ബി.വി യൂണിറ്റ് സെക്രട്ടറി ഫവാസിന് ചന്ദ്രിക കൈമാറി ഉദ്ഘാടനം ചെയ്തു.

മുസ്‌ലിംലീഗ് പഞ്ചായത്ത് പ്രസിഡന്റ് ഷൗക്കത്തലി പൂമംഗലം, ചന്ദ്രികാ കോ-ഓർഡിനേറ്റർ ടി.കെ ആരിഫ്, പ്രചാരണ സമിതി ചെയർമാൻ നൗഷാദ് പുതുക്കണ്ടം, കൺവീനർ സാമ അബ്ദുല്ല, മഹല്ല് ജനറൽ സെക്രട്ടറി ഹബീബ് തങ്ങൾ, ശാഖാ യൂത്ത് ലീഗ് പ്രസിഡന്റ് ഖാദർ ജീലാനി, എം.എസ്.എഫ് പഞ്ചായത്ത് ട്രഷറർ ഫാഹിം റഹ്മാൻ സദക്കത്തുല്ല, ഖത്തീബ് യാസർ അറഫാത്ത് അൽഅസ്ഹരി, നൗഫൽ ഹുദവി പങ്കെടുത്തു.

പെരുന്നാൾ സൗഹൃദ സംഗമം

പാനൂർ: മസ്ജിദ് റഹ്മ മഹല്ല് ഫെഡറേഷൻ ഒരുമ പെരുന്നാൾ സൗഹൃദ സംഗമം ഡോ.ഷഹീദ് ഉദ്ഘാടനം ചെയ്തു. യെസ് അക്കാദമി ചെയർമാൻ ബാലിയിൽ മഹമൂദ് ഹാജി അധ്യക്ഷനായി. ഗ്രന്ഥകാരൻ ടി.പി മുഹമ്മദ് ഷമീം പ്രഭാഷണം നടത്തി. നിസ്താർ കീഴുപറമ്പ് രചിച്ച ചില്ലുകുപ്പിയിലെ നാരങ്ങമിഠായി ബാല സാഹിത്യകാരൻ രാജു കാട്ടുപുനം പ്രകാശനം ചെയ്തു. കെ.പി ഇബ്രാഹിം ആദ്യ പ്രതി ഏറ്റുവാങ്ങി. ഫെഡറേഷൻ സെക്രട്ടറി എം

അബ്ദുറഹ്മാൻ, പി.കെ ഷാഹുൽ ഹമീദ്, വി സുരേന്ദ്രൻ, കെ.ടി ശ്രീധരൻ, യതീന്ദ്രൻ, കെ.കെ അസ്‌ലം, ജയപ്രകാശ്, ടി.പി മുസ്തഫ,

അബ്ദുല്ല പുത്തൂർ, എ രാജീവൻ, കെ മോഹനൻ, ,നാസർ, രാജേന്ദ്രൻ തായാട്ട്, ഷീബാ രാജീവ് നിസ്താർ കിഴുപറമ്പ് സംസാരിച്ചു.

ഏഴ് വയസുകാരിക്കു നേരെ ലൈംഗിക അതിക്രമം; പ്രതിക്ക് തടവും പിഴയും

തലശ്ശേരി: ഏഴ് വയസുകാരിക്ക് നേരെ ലൈംഗിക അതിക്രമം കാട്ടിയ കേസിൽ പ്രതിക്ക് തടവും പിഴയും.

പുന്നോൽ കരീക്കുന്നിലെ ഷാജി വില്യംസി(44)നെയാണ് രണ്ട് വർഷം തടവിനും 10,000 രൂപ പിഴയടക്കാനും തലശ്ശേരി അതിവേഗ കോടതി ജഡ്ജ് വി ശ്രീജ ശിക്ഷിച്ചത്. 2021 മേയ് 29 ന് രാവിലെ 11നാണ് സംഭവം. തിരുവങ്ങാട് താമസിച്ചുവരുന്ന ഏഴ് വയസുകാരിയെ വീടിന് മുന്നിൽ വെച്ച് പ്രതി ഉടുമുണ്ട് പൊക്കിക്കാണിച്ചും കൈകൊണ്ട് മാടിവിളിച്ചും ലൈംഗിക അതിക്രമം നടത്തിയെന്നാണ് കേസ്. തലശ്ശേരി സബ് ഇൻസ്പെക്ടർ ടി.കെ അഖിൽ, എം.പി മനോജ് കുമാർ എന്നിവരാണ് അന്വേഷണം നടത്തിയത്. പ്രോസിക്യൂഷന് വേണ്ടി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ പി.എ. ബാസുരി ഹാജരായി.

കണ്ണൂർ ഗവ.മെഡിക്കൽ കോളജിൽ ഹൃദയ ശസ്ത്രക്രിയകൾ മുടങ്ങി

രോഗികൾ പെരുവഴിയിൽ

തളിപ്പറമ്പ്: കണ്ണൂർ ഗവ.മെഡിക്കൽ കോളജ് ഹൃദയാലയയിൽ ശസ്ത്രക്രിയകൾ മുടങ്ങി. രണ്ട് കാത്ത് ലാബുകളിൽ ഒന്നിന് യന്ത്രത്തകരാറും മറ്റൊന്ന് നവീകരണ പ്രവർത്തനങ്ങളുടെ പേരിലും അടച്ചതാണ് ശസ്ത്രക്രിയ മുടങ്ങുന്നതിനിടയാക്കിയത്. കാത്ത് ലാബിന്റെ പ്രവർത്തനവും പൂർണമായും നിലച്ചിരിക്കുകയാണ്. കഴിഞ്ഞ ദിവസം മാത്രം 50ലധികം രോഗികളാണ് ശസ്ത്രക്രിയ നടത്താനാവാതെ ആശുപത്രി വിട്ടത്.

നേരത്തെ ശസ്ത്രക്രിയയ്ക്ക് നിർദേശിച്ചവരാണിവർ. ആഞ്ജിയോഗ്രാം ചെയ്യുന്നതിന് മുന്നോടിയായി നടത്തേണ്ട ടിഎംടി സംവിധാനവും നിലച്ചിരിക്കുകയാണ്. ഇതോടെ ഹൃദയ ശസ്ത്രക്രിയ പൂർണമായും നിലക്കുകയായിരുന്നു.

സ്വകാര്യ ആശുപതികളിൽ രണ്ട് മുതൽ മൂന്ന് ലക്ഷം രൂപയാണ് ഇവിടെ നടക്കുന്ന ശസ്ത്രക്രിയയ്ക്ക് ചെലവ് വരിക. ഉത്തരമാലബാറിലെ വിവിധ മേഖലകളിലുള്ളവരുടെ പ്രധാന ആശ്രയമായ കണ്ണൂർ ഗവ.മെഡിക്കൽ കോളജിൽ അടിയന്തിര ശസ്ത്രക്രിയയ്ക്കുൾപ്പെടെ നിർദേശിച്ചവരുടേതടക്കം ശസ്ത്രക്രിയയാണ് മുടങ്ങിയത്. ഇതോടെ ദുരിതത്തിലായത് സാധാരണക്കാരായ രോഗികളാണ്.

ബേക്കൽ കോട്ടയിൽ ഇന്ന് പ്രവേശനം സൗജന്യം

ബേക്കൽ: അന്താരാഷ്ട്ര യോഗ ദിനാചരണത്തിന്റെ ഭാഗമായി ബേക്കൽ കോട്ടയിൽ ഇന്ന് രാവിലെ പ്രവേശനം സൗജന്യം. ആഘോഷത്തിന്റെ ഭാഗമായി കണ്ണൂർ, കാസർകോട് ജില്ലകളിലെ എൻസിസി കേഡറ്റുകൾ ബേക്കൽ കോട്ടയിൽ മെഗാ യോഗ സംഘടിപ്പിക്കുമെന്ന് കേന്ദ്ര പുരാവസ്തു വകുപ്പ് അധികൃതർ അറിയിച്ചു.

ശിൽപശാല സംഘടിപ്പിച്ചു

പെരിയ: കേരള കേന്ദ്ര സർവ്വകലാശാലയിൽ ലൈബ്രറി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ അധ്യാപകർക്കും ഗവേഷക വിദ്യാർത്ഥികൾക്കുമായി ഏകദിന ശിൽപശാല സംഘടിപ്പിച്ചു. ടുവേർഡ്സ് സൊസൈറ്റൽ ഇംപാക്ട്: ഹാർനസ്സിംഗ് ദ പവർ ഓഫ് ഡിജിറ്റൽ പ്ലാറ്റ്ഫോംസ്, റിസർച്ച് ഐഡന്റി ഫയേഴ്സ് ആന്റ് പ്രൊഫൈൽസ് എന്ന വിഷയത്തിൽ നടന്ന ശിൽപശാല വൈസ് ചാൻസലർ ഇൻ ചാർജ്ജ് പ്രൊഫ. വിൻസെന്റ് മാത്യു ഉദ്ഘാടനം ചെയ്തു. ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി അസിസ്റ്റന്റ് പ്രൊഫസർ ഡോ. ടി കെ ഗിരീഷ് കുമാർ ക്ലാസ് നയിച്ചു. ഡപ്യൂട്ടി ലൈബ്രേറിയൻ ഡോ. പി. സെന്തിൽ കുമാരൻ, അസിസ്റ്റന്റ് ലൈബ്രേറിയൻ അമ്മാജി രജിത സംസാരിച്ചു.

കാസർകോട് വാർത്തകൾ

അവശ്യസാധനങ്ങളുടെ വിലക്കയറ്റവും കെഎസ്ഇബി ഡിപ്പോസിറ്റ് തുകയും സാധാരണക്കാർ വിയർക്കുന്നു

മൊഗ്രാൽ: മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാനാവുന്നില്ല, തൊഴിൽ മേഖലയാണെങ്കിൽ അന്യ സംസ്ഥാന തൊഴിലാളികളുടെ കൈകളിലും. ഇതിനിടയിൽ അവശ്യ സാധനങ്ങളുടെ വിലവർധനവ് വാനോളം, ഇരുട്ടടിയായി കെഎസ് ഇബി ബില്ലിനോടൊപ്പം ഡിപ്പോസിറ്റ് തുകയും. സാധാരണക്കാർക്ക് ഒരുതരത്തിലും ജീവിക്കാൻ കഴിയാത്ത അവസ്ഥ. കുടുംബ ബജറ്റുകളിൽ താളം തെറ്റി വീട്ടമ്മമാർ. യാതൊരു ഇടപെടലുകളും നടത്താതെ കേന്ദ്ര- സംസ്ഥാന സർക്കാരുകളും.

ദൈനംദിന ചിലവുകൾക്ക് പോലും കഷ്ടപ്പെടുകയാണ് ജനസമൂഹം. കാലവർഷം കൂടി കനത്തതോടെ കിട്ടാവുന്ന ജോലികൾക്ക് പോലും തടസമായി നിൽക്കുന്നു. വിപണികളെ ഉണർത്തിയിരുന്ന മത്സ്യമേഖല കഴിഞ്ഞ ഒരു വർഷമായി മീൻ ലഭ്യതയില്ലാതെ അടഞ്ഞുകിടക്കുന്നു.

ഒപ്പം ട്രോളിംഗ് നിരോധനവും. തൊഴിലാളികൾ മുഴുപ്പട്ടിണിയിലാണ്. മത്തിയുടെ വില 400 കടക്കാൻ ഇത് കാരണവുമായി.

അന്യസംസ്ഥാന തൊഴിലാളികളുടെ കടന്നുകയറ്റം മൂലം തൊഴിൽ മേഖലയിൽ വലിയ പ്രതിസന്ധി സൃഷ്ടി ക്കുന്നുണ്ട്. നാട്ടുകാർക്ക് ജോലിയില്ലാത്ത അവസ്ഥ. അന്യ സംസ്ഥാന തൊഴിലാളികളുടെ കണക്കെടുപ്പൊന്നും നടക്കുന്നില്ല, പോലീസിന് വേറെ ഒരു പാട് പണിയുമുണ്ട്. ദിവസേന ന്യൂറോളം എന്ന നിലക്കാണ് അന്യസംസ്ഥാന തൊഴിലാളികൾ വണ്ടി ഇറങ്ങുന്നത്.

അവശ്യസാധനങ്ങളുടെ വില നാൾക്കുനാൾ വർദ്ധിക്കുകയാണ്. തക്കാളി സെഞ്ചുറിയോടടുത്തെത്തി നിൽക്കുന്നു. കോഴി ഇറച്ചി കഴിഞ്ഞ രണ്ടുമാസമായി 165 രൂപയിൽ നിൽക്കുന്നു. പച്ചക്കറി വില കുത്തനെ ഉയരുന്നു. സാമ്പാറിനുള്ള പച്ചക്കറി വില 80ൽ നിന്ന് 100ലേക്ക് കടന്നു. സാധാരണക്കാരുടെ കൈ പൊള്ളിക്കുന്ന വിലക്കയറ്റമാണ് വിപണിയിലെങ്ങും.

ഇതിനിടയിലാണ് കെഎസ്. ഇബി ബില്ലിനോടൊപ്പം ഡിപ്പോസിറ്റ് തുക കൂടി അടക്കാനുള്ള നിർദ്ദേശവും. ബില്ല് കണ്ട് ഉപഭോക്താക്കൾ ഷോക്കടിച്ചു നിൽക്കുകയാണ്. വലിയ സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ട് ജനജീവിതം ദുസ്സഹമായി തുടരുമ്പോഴും കണ്ണടച്ചിരിക്കുകയാണ് കേന്ദ്ര-സംസ്ഥാന സർക്കാറുകൾ. വിപണിയിൽ യാതൊരുവിധ ഇടപെടലുകളും നടത്തുന്നില്ല. എങ്ങിനെയെങ്കിലും ജീവിച്ചു പോകട്ടെ എന്ന നിലപാടിലാണ് സർക്കാറുകളും ഉദ്യോഗസ്ഥരും. എങ്ങിനെ ജീവിക്കാനാണെന്ന ആശങ്കയിലാണ് സാധാരണക്കാർ.

ജീവിതം ചവിട്ടിക്കയറാൻ ആണ്ടി കൃഷ്ണന് കൂട്ട് സൈക്കിൾ

ഉദുമ: ആണ്ടികൃഷ്ണൻ എവിടെ പോയാലും അദ്ദേഹത്തിന്റെ സൈക്കിളും കൂടെയുണ്ടാകും. ഉദുമ ദിനേശ് ബീഡി കമ്പനിക്ക് സമീപം താമസിക്കുന്ന ആണ്ടി കൃഷ്ണന് നാലു പതിറ്റാണ്ട് കാലമായി ഇതാണ് രീതി.

സൈക്കിളില്ലാതെ എന്ത് ജീവിതമെന്നാണ് ഇദ്ദേഹം ചോദിക്കുക. 20 വർഷം മുമ്പ് വാങ്ങിയ ഹെർക്കുലീസ് സൈക്കിളിലാണ് ആണ്ടി കൃഷ്ണന്റെ സഞ്ചാരം. നാട്ടിലെ ചെറിയ യാത്രകൾക്ക് മാത്രമല്ല, ദീർഘ ദൂരയാത്രകൾക്കും ഇദ്ദേഹത്തിന് സൈക്കിൾ തന്നെ വേണം.

ഇരുപതാം വയസിലാണ് സൈക്കിളിനോട് കൂട്ടു കൂടിയത്. ഉദുമയിലെ കേരള ബീഡി കമ്പിയിൽ ബീഡി സപ്ലൈ ചെയ്യുന്ന ജോലി ഏറ്റെടുത്തപ്പോഴാണ് ആദ്യമായി സൈക്കിൾ ചവിട്ടാൻ തുടങ്ങിയത്. ബീഡി കമ്പനി ഉടമ നൽകിയ സൈക്കിൾ ചവിട്ടി പൊയിനാച്ചി, കുണ്ടം കുഴി എന്നിവിടങ്ങളിൽ കേരള ബീഡി സപ്ലൈ ചെയ്തു. പിന്നീട് കുറച്ചു വർഷം ഉദുമ പടിഞ്ഞാർ റോഡ് ജംഗ്ഷനിലെ രാഘവന്റെ ബേക്കറി കടയിൽ ജോലി ചെയ്തു. ഇവിടെ ചുട്ടെടുത്ത ബ്രഡ് സൈക്കിൾ പെട്ടിയിൽ വെച്ച് പെരിയ കല്ലിയോട്ട് വരെ സപ്ലൈ ചെയ്തു. ഈ ജോലി മതിയാക്കിയ ശേഷം ടിവി കുഞ്ഞി രാമന്റെ കടയിൽ കളക്ഷൻ ജോലിയിൽ കയറി. പള്ളിക്കര,ബേക്കൽ, തച്ചങ്ങാട്, കീക്കാനം വരെ സൈക്കിൾ ചവിട്ടി പോയി കളക്ഷൻ ജോലി എടുത്തു. ഈ ജോലി മതിയാക്കിയ ശേഷം ദിനേശ് ഫുഡ് സപ്ലൈ ചെയ്യുന്ന ജോലിഏറ്റെടുത്തു. രാവിലെ വീട്ടിൽ നിന്നും സാധനങ്ങൾ ബാഗിലാക്കി ഉദുമയിലെ പല പ്രദേശങ്ങളിൽ സൈക്കിൾ ചവിട്ടി കടകളിലും വീടുകളിലും എത്തിച്ചു. ഇപ്പോൾ പ്രായം 75 ആയിട്ടും ഇദ്ദേഹത്തിന് സൈക്കിൾ ചവിട്ടാൻ യാതൊരു മടിയുമില്ല.

എല്ലാ വർഷവും സൈക്കിൾ റിപ്പയർ ചെയ്യും. എത്ര സാമ്പത്തിക പ്രശ്നമുണ്ടായാലും ഇതൊന്നും മുടക്കാറില്ലെന്ന് ആണ്ടി കൃഷ്ണൻ പറഞ്ഞു. വീട്ടിലെകാര്യങ്ങൾ നോക്കുന്ന പോലെ സൈക്കിളിന്റെ കാര്യങ്ങളിൽ ഒരു കുറവും വരുത്തില്ല.

ദുബൈ കെഎംസിസി വെൽഫയർ സ്കീമിന്റെ ഭാഗമായുള്ള ചികിത്സാ ആനുകൂല്യം മുസ്ലിം ലീഗ് ബദിയടുക്ക പഞ്ചായത്ത് കമ്മിറ്റി ഭാരവാഹികളെ ദുബൈ കെഎംസിസി കാസർകോട് മണ്ഡലം വൈസ് പ്രസിഡന്റ് എംഎസ് ഹമീദ് കൈമാറുന്നു. മാഹിൻ കേളോട്ട്, അൻവർ ഓസോൺ, റസാക്ക് ബദിയടുക്ക, അബ്ദുല്ല ചാലക്കര,ഹമീദ് ഹാജി മാന്യ, കാലിദ് ബാപ്പാലിപ്പാനം സംബന്ധിച്ചു.

എസ്ടിയു ഓട്ടോ തൊഴിലാളി യൂണിയൻ തൃക്കരിപ്പൂർ പഞ്ചായത്ത് കൺവൻഷൻ മുസ്ലിം ലീഗ് ജില്ലാ സെക്രട്ടറി എജിസി ബഷീർ ഉദ്ഘാടനം ചെയ്യുന്നു

എസ്ടിയു ഓട്ടോ തൊഴിലാളി യൂണിയൻ തൃക്കരിപ്പൂർ പഞ്ചായത്ത് കൺവൻഷൻ

തൃക്കരിപ്പൂർ: എസ്ടിയു ഓട്ടോ തൊഴിലാളി യൂണിയൻ തൃക്കരിപ്പൂർ പഞ്ചായത്ത് കൺവെൻഷൻ മുസ്ലിം ലീഗ് ജില്ലാ സെക്രട്ടറി എജിസി ബഷീർ ഉദ്ഘാടനം ചെയ്തു. എസ്ടിയു സംസ്ഥാന ജനറൽ സെക്രട്ടറി കെപി മുഹമ്മദ് അഷ്റഫ്, വൈസ് പ്രസിഡന്റ് അഷ്റഫ് എടനീർ, സെക്രട്ടറി ശരീഫ് കൊടവഞ്ചി എന്നിവർക്ക് സ്വീകരണം നൽകി.

എസ്എസ്എൽസി,പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടിയ എസ്ടിയു തൊഴിലാളികളുടെ മക്കളെ അനുമോദിച്ചു. അകാലത്തിൽ വിട പറഞ്ഞ ഉടുമ്പുന്തലയിലെ പ്രവർത്തകൻ പിവി ഉമറുൽ ഫാറൂഖിന് വേണ്ടി പ്രാർത്ഥന സദസും പുതുതായി എസ്ടിയുവിൽ അംഗത്വം നേടിയ നാല് പ്രവർത്ത കർക്കുള്ള മെമ്പർഷിപ്പ് വിതരണവും നടന്നു.

തൃക്കരിപ്പൂർ ബാഫഖി സൗധത്തിൽ നടന്ന കൺവെൻഷനിൽ എസ്ടിയു പഞ്ചായത്ത് പ്രസിഡന്റ് ഷംസീർ മണിയനോടി അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി കെപി മുഹമ്മദ് അഷ്റഫ് മുഖ്യപ്രഭാഷണം നടത്തി. മുസ്ലിം ലീഗ് മണ്ഡലം ജനറൽ സെക്രട്ടറി സത്താർ വടക്കുമ്പാട്, പഞ്ചായത്ത് ജനറൽ സെക്രട്ടറി വിവി അബ്ദുല്ല ഹാജി, എസ്ടിയു ജില്ല പ്രസിഡന്റ് അഹമ്മദ് ഹാജി, ജനറൽ സെക്രട്ടറി മുത്തലിബ് പാറക്കെട്ട്, സെക്രട്ടറി അമീർ ഹാജി, തയ്യൽ തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് ശംസുദ്ധീൻ ആയിറ്റി, ടിഎസ് നജീബ്, അസ്ഹറുദ്ദീൻ മണിയനോടി, പഞ്ചായത്ത് ജനറൽ സെക്രട്ടറി ലത്തീഫ് മൗലവി, ട്രഷറർ കെ ബഷീർ പ്രസംഗിച്ചു.

കാഞ്ഞങ്ങാട് സിഎച്ച് സെന്റർ അബുദാബി ചാപ്റ്റർ കമ്മിറ്റി നൂറ് രോഗികളുടെ ഡയാലിസിസിന് വേണ്ടി മാസംതോറും നൽകിവരാറുള്ള സഹായത്തിന്റെ ജൂൺ മാസത്തെ സംഖ്യ അബുദാബി കാഞ്ഞങ്ങാട് സിഎച്ച് സെന്റർ സെക്രട്ടറി എംഎസ് കെ വി ഷരീഫ് കാഞ്ഞങ്ങാട് സിഎച്ച് സെന്റർ ജനറൽ കൺവീനർ വൺ ഫോർ അബ്ദുൽ റഹ്മാന് കൈമാറുന്നു

ജില്ലയിൽ മൂന്നു ദിവസം ഓറഞ്ച് അലർട്ട്

കാസർകോട്: ജില്ലയിൽ 22,23,24 തീയ്യതികളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. 24 മണിക്കൂറിൽ 64.5 മില്ലിമീറ്ററിൽ മുതൽ 115.5 മില്ലിമീറ്റർ വരെ മഴ ലഭിക്കുന്ന സാഹചര്യത്തെ യാണ് ശക്തമായ മഴ എന്നത് കൊണ്ട് കേന്ദ്ര കാലാവസ്ഥ വകുപ്പ് അർത്ഥമാക്കുന്നത്. ഇടിമിന്നലോടു കൂടിയ മഴയാണ് പ്രതീക്ഷിക്കുന്നത്.

പൊതുജനങ്ങൾക്കുള്ള പ്രത്യേക നിർദേശങ്ങൾ

വിവിധ തീരങ്ങളിൽ കടലാക്രമണം ശക്തമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണം. ആവശ്യമായ ഘട്ടത്തിൽ മാറി താമസിക്കണം. മൽസ്യബന്ധനോപധികൾ സുരക്ഷിതമാക്കിവെക്കണം.

അടച്ചുറപ്പില്ലാത്ത വീടുകളിൽ താമസിക്കുന്നവരും മേൽക്കൂര ശക്തമല്ലാത്ത വീടുകളിൽ താമസിക്കുന്നവരും വരും ദിവസങ്ങളിലെ മുന്നറിയിപ്പുകളുടെ അടിസ്ഥാനത്തിൽ സുരക്ഷയെ മുൻകരുതി മാറിത്താമസിക്കാൻ തയ്യാറാവേണ്ടതാണ്.

സ്വകാര്യ-പൊതു ഇടങ്ങളിൽ അപകടവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ,പോസ്റ്റുകൾ,ബോർഡുകൾ തുടങ്ങിയവ സുരക്ഷിതമാക്കേണ്ടതും മരങ്ങൾ കോതി ഒതുക്കുകയും ചെയ്യേണ്ടതാണ്. അപകടാവസ്ഥകൾ അധികൃതരുടെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്. ദുരന്ത സാധ്യത മേഖലയിലുള്ളവർ ഒരു എമെർജൻസി കിറ്റ് അടിയന്തരമായി തയ്യാറാക്കി വെക്കേണ്ടതാണ്.

ശക്തമായ മഴ പെയ്യുന്ന സാഹചര്യത്തിൽ ഒരു കാരണവശാലും നദികൾ മുറിച്ചു കടക്കാനോ, നദി കളിലോ മറ്റ് ജലാശയങ്ങ ളിലോ കുളിക്കാനോ മീൻപിടിക്കാനോ മറ്റ് ആവശ്യങ്ങൾക്കോ ഇറങ്ങാൻ പാടുള്ളതല്ല. ജലാശയങ്ങൾക്ക് മുകളിലെ മേൽപ്പാലങ്ങ ളിൽ കയറി കാഴ്ച കാണു കയോ സെൽഫിയെടു ക്കുകയോ കൂട്ടം കൂടി നിൽക്കുകയോ ചെയ്യാൻ പാടുള്ളതല്ല. അണക്കെട്ടുകളുടെ താഴെ താമസിക്കുന്നവർ അണക്കെട്ടുകളിൽ നിന്ന് വെള്ളം പുറത്തേക്ക് ഒഴുക്കി വിടാനുള്ള സാധ്യത മുൻകൂട്ടി കണ്ട് കൊണ്ടുള്ള തയ്യാറെടുപ്പുകൾ നടത്തുകയും അധികൃത രുടെ നിർദേശങ്ങൾക്ക് അനുസരിച്ച് ആവശ്യ മെങ്കിൽ മാറിത്താമസിക്കുകയും വേണം.

മലയോര മേഖലയിലേക്കുള്ള രാത്രി സഞ്ചാരം പൂർണ്ണമായി ഒഴിവാക്കുക. കാറ്റിൽ മരങ്ങൾ കടപുഴകി വീണും പോസ്റ്റുകൾ തകർന്നു വീണും ഉണ്ടാകാനിടയുള്ള അപകടങ്ങളെയും ശ്രദ്ധി ക്കേണ്ടതാണ്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിച്ച ശക്തമായ കാറ്റിൽ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ https://sdma.kerala.gov.in/windwarning/ എന്ന ലിങ്കിൽ നിന്ന് ലഭ്യമാണ്.

ബി ഇബ്രാഹിം നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ

ഉപ്പള: നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറായി ജിഎച്ച്എസ്എസ് പൈവളിക നഗർ സ്കൂൾ ഹെഡ്മാസ്റ്റർ ബി ഇബ്രാഹിമിന് പ്രൊമോഷൻ ലഭിച്ചു. മഞ്ചേശ്വരം മിയ്യ പദവ് സ്വദേശിയാണ്. തൊട്ടത്തോടി എൽപി സ്കൂൾ, മിയ്യ പദവ് സ്കൂൾ,സർക്കാർ പ്രീ യൂണിവേഴ്സിറ്റി മംഗളൂർ, ഗവ. ഡിഗ്രി കോളേജ് മംഗളൂർ, ഗവ. ബിഎഡ് സെന്റർ മംഗളൂർ എന്നിടങ്ങളിൽ പഠനം പൂർത്തിയാക്കി. 1996ൽ ജിഎച്ച്എസ്എസ് ബന്തടുക്ക സ്കൂളിൽ അധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. ജിഎച്ച്എസ്എസ് പൈവളിക കായർക്കട്ട, ജിഎച്ച്എസ്എസ് പൈവളിക നഗർ സ്കൂളിൽ സയൻസ് അധ്യാപകനായി സേവനമനുഷ്ഠിച്ചു. സർവ്വശിക്ഷാ കേരളയിൽ ട്രൈനറായി, ജില്ലാ പ്രോഗ്രാം ഓഫീസറായി ചുമതലകൾ നിർവഹിച്ചു. 2014 ൽ ഹെഡ്മാസ്റ്ററായി ജിഎച്ച്എസ് മൂടം ബയലിൽ പ്രമോഷൻ ലഭിച്ചു.

ജിഎച്ച്എസ്എസ് ചന്ദ്രഗിരി, ജിഎച്ച്എസ്എസ് പൈവളിക നഗർ സ്കൂളിൽ ഹെഡ് മാസ്റ്ററായി സ്കൂളിന്റെ വളർച്ചക്ക് നേതൃത്വം നൽകി. രണ്ടുവർഷം സർവീസ് ബാക്കി നിൽക്കെയാണ് തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറായി ബി ഇബ്രാഹിമിന് പ്രമോഷൻ ലഭിക്കുന്നത്. സ്നേഹവും, ലാളിത്യം കൊണ്ട് രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും ഇഷ്ടപ്പെട്ട ഒരാളായിരുന്നു ഇബ്രാഹിം. സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ മറ്റു ആവശ്യത്തിന് ഓഫീസിൽ എത്തുന്ന സധാരണ ക്കാർക്ക് സേവനം ചെയ്തു കൊടുക്കുന്നതിൽ പ്രത്യേക താൽപര്യം കാണിക്കുകയും എല്ലാവരുടെയും വിശ്വാസവും സ്നേഹവും നേടിയെടുക്കാൻ അദ്ദേഹത്തിന് സാധിച്ചു. ഭാര്യ: ഉമ്മലിമ (അധ്യാപിക). മക്കൾ: ഫാത്തിമത്ത് ജാസ്മിൻ, സൈനബത്ത് സമീന, സ്വാലിഹ, മുഹമ്മദ്.

ഇൻസിനറേറ്ററിൽ പ്ലാസ്റ്റിക് കത്തിക്കൽ ഹോസ്പിറ്റലിന് പിഴ ചുമത്തി എൻഫോഴ്സ്മെന്റ്

കാസർകോട്: മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട അപാകതകൾ പരിശോധി ക്കുന്നതിന് വിവിധ സ്ഥാപ നങ്ങളിൽ നടത്തിയ പരിശോധനയിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പല രീതികളിലുള്ള കുറ്റകൃത്യങ്ങൾ കണ്ടെത്തി. കാഞ്ഞങ്ങാട്ടെ ക്ലിനിക്കിൽ ദ്രവിച്ചു നശിക്കാറായ ഇൻസിനറേറ്റർ മാലിന്യങ്ങൾ കത്തിക്കാൻ ഉപയോഗിക്കുന്നത് കണ്ടെത്തിയതിനെ തുടർന്ന് സ്ഥാപന ഉടമയിൽ നിന്ന് 10000 രൂപ തത്സമയ പിഴ ഈടാക്കി.

അജാനൂരിലെ അപ്പാർട്ട് മെന്റിൽ കെട്ടി തയ്യാറാക്കിയ ഇൻസിനറേറ്റർ ഉപയോഗിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തി ക്കുന്നത് കണ്ടെത്തിയതിനെ തുടർന്ന് 5000 രൂപ തത്സമയം പിഴ ഈടാക്കിയിട്ടുണ്ട്. ഉപയോഗജലം തുറസ്സായ സ്ഥലത്തേക്കും തൊട്ടടുത്ത പറമ്പിലേക്കും ഒഴുക്കി വിട്ടതിനും പ്ലാസ്റ്റിക് മാലിന്യങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്തതിനും അജാനൂരിലെ ക്വാർട്ടേഴ്സ് ഉടമയ്ക്ക് പത്തായിരം രൂപ പിഴ നൽകിയിട്ടുണ്ട്.

നീലേശ്വരം മുനിസിപ്പാലിറ്റിയിലെ വിവിധ സ്ഥലങ്ങളിൽ നടത്തിയ പരിശോധനയിൽ മാലിന്യങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്തതിന് ഷോപ്പിംഗ് കോംപ്ലക്സുകൾ, കെട്ടിടങ്ങൾ എന്നിവയ്ക്ക് 5000 രൂപ വീതം തൽസമയ പിഴ ചുമത്തി. പരിശോധനയിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് ലീഡർ മുഹമ്മദ് മദനി,സ്ക്വാഡ് അംഗങ്ങളായ അമിഷ ചന്ദ്രൻ,ബിജു അന്നൂർ, ഇകെ ഫാസിൽ എന്നിവർ പങ്കെടുത്തു.

മനുഷ്യാവകാശ കമ്മീഷൻ സിറ്റിങ് നടത്തി

18 പരാതികൾ നടപടികൾ തീർപ്പാക്കി പൂർത്തീകരിച്ചു

കാസർകോട്: കാസർകോട് അതിഥി മന്ദിരത്തിൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ആക്ടിങ് ചെയർപേഴ്സൺ കെ. ബൈജുനാഥ് സിറ്റിങ് നടത്തി.

പട്ടയം നൽകിയ മിച്ചഭൂമിയുടെ സ്ഥലം അളന്ന് തിരിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും റിപ്പോർട്ടുകൾ സഹിതം അടുത്ത സിറ്റിങിൽ ഹാജരാകാനും കാഞ്ഞങ്ങാട് ആർ.ഡി.ഒയ്ക്കും വെള്ളരിക്കുണ്ട് താഹ്സിൽദാർക്കും കമ്മീഷൻ ആക്ടിങ് ചെയർപേഴ്സൺ കെ. ബൈജുനാഥ് നിർദ്ദേശം നൽകി. കാസർകോട് നഗരസഭയിലെ ഓടകൾ കൃത്യമായി ശുചീകരിക്കാ ത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും ഉടൻ ഓടകൾ ശുചീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. 49 പരാതികൾ പരിഗണിച്ചു സിറ്റിങിൽ 49 പരാതികൾ പരിഗണിച്ചു.

18 പരാതികൾ നടപടികൾ പൂർത്തീകരിച്ച് തീർപ്പാക്കി. ഒരു പരാതിയിൽ നടപടി റിപ്പോർട്ട് തേടി. 13 പരാതിക്കാർ ഹാജരായില്ല.

വിദ്യാർത്ഥി ബിപിഎൽ സ്കോളർഷിപ്പിന് അർഹൻ

കാസർകോട്: കാഞ്ഞങ്ങാട്ടെ വിദ്യാർത്ഥി മുഹമ്മദ് റാസിൽ മുൻ ഗണനാ വിഭാഗത്തിൽ സ്കോളർഷിപ്പിന് അർഹനാണെന്ന് ന്യൂനപക്ഷ കമ്മീഷൻ അറിയിച്ചു. കാസർകോട് കലക്ടറേറ്റ് മിനി കേൺഫറൻസ് ഹാളിൽ സിറ്റിങ്ങിൽ അധ്യക്ഷം വഹിച്ച് കമ്മീഷൻ അംഗം പി. റോസയാണ് വിവരം അറിയിച്ചത്.

മുഹമ്മദ് റാസിലിന്റെ കുടുംബം ബിപിഎൽ അല്ലെന്ന് കാണിച്ച് സ്വകാര്യ വ്യക്തി നൽകിയ പരാതിയിൽ പരിശോധന നടത്തി പരീക്ഷ കമ്മീഷണർ സ്കോളർഷിപ്പിന് അനർഹനാക്കിയിരുന്നു. തുടർന്ന് റാസിലിന്റെ മാതാവ് ന്യൂനപക്ഷ കമ്മീഷന് പരാതി നൽകി. പരാതിയിൽ വിശദമായ അന്വേഷണം നടത്തിയ ശേഷം മുഹമ്മദ് റാസിൽ സ്കോളർഷിപ്പിന് അർഹനാണെന്ന് കണ്ടെത്തുകയും പരീക്ഷ കമ്മീഷണറുടെ ഉത്തരവ് ഫി റെഗുലേറ്ററി കമ്മറ്റി റദ്ദാക്കുകയും ചെയ്തു.

മുഗു സർവ്വീസ് സഹകരണ ബാങ്കിൽ തന്റെ പേരിൽ നിക്ഷേപിച്ച സ്ഥിര നിക്ഷേപ 53,800രൂപ തിരികെ ആവശ്യപ്പെട്ടിട്ടും ബാങ്ക് നൽകുന്നില്ല എന്ന വണ്ടിച്ചാൽ സ്വദേശി ടി.എ മാത്യുവിന്റെ പരാതി കമ്മീഷൻ ഇടപെട്ട് പരിഹരിച്ചു. മാത്യുവിന് ലഭിക്കാനുള്ള പലിശ ഉൾപ്പെടെ 1,01544 രൂപ ബാങ്ക് തിരികെ നൽകി.

കാസർകോട് ഗവ. മെഡിക്കൽ കോളജിൽ അടിസ്ഥാന സൗകര്യങ്ങളും വികസന പ്രവർത്തനങ്ങളും ദ്രുതഗതിയിൽ നടത്തണമെന്നും കാസർകോട് ജനറൽ ആശു പത്രിയിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കണമെന്നും ആവശ്യപ്പെട്ട് തളങ്കരയിലെ എ.എം അബ്ദുൽ സത്താർ നൽകിയ പരാതികൾ സർക്കാറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുമെന്ന് കമ്മീഷൻ അംഗം പി. റോസ പറഞ്ഞു. സിറ്റിങ്ങിൽ എട്ട് പരാതികൾ പരിഗണിച്ചു. അഞ്ച് പരാതികൾ തീർപ്പാക്കി. ഒരു പരാതിയിൽ വിശദമായ പരിശോധനയ് ക്ക് ശേഷം റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടു. രണ്ട് പരാതികൾ അടുത്ത സിറ്റിങ്ങിലേക്ക് മാറ്റിവെച്ചു.

വിളംബരോത്സവം നടത്തി

ഇരിങ്ങാലക്കുട : നഗരസഭയുടെ നേതൃത്വത്തിൽ ഞാറ്റുവേല മഹോത്സവം സംഘടിപ്പിക്കുന്നതിൻറെ മുന്നോടിയായി കരുവന്നൂർ പ്രിയദർശിനി ഹാളിൽ നടന്ന ഞാറ്റുവേല വിളംബരോത്സവം ചെയർപേഴ്സൺ സുജ സഞ്ജീവ് കുമാർ ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം കമ്മിറ്റി ചെയർമാനും സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സണുമായ ഫെനി എബിൻ വെള്ളാനിക്കാരൻ അധ്യക്ഷത വഹിച്ചു.

വിവിധ സ്റ്റാൻറിംഗ് കമ്മറ്റി അധ്യക്ഷരായ സി.സി ഷിബിൻ, ജെയ്സൺ പാറേക്കാടൻ, അംബിക പള്ളിപ്പുറത്ത്, കൗൺസിലർമാരായ സോണിയ ഗിരി, പ്രവീൺ, മുൻസിപ്പൽ സെക്രട്ടറി എം.എച്ച് ഷാജിക്, ഷഹ താജ് എന്നിവർ പ്രസംഗിച്ചു.

ട്രഞ്ചിംഗ് ഗ്രൗണ്ട് പ്രശ്നം: നഗരസഭയ്ക്ക് പരാതി

ഇരിങ്ങാലക്കുട : ട്രഞ്ചിംഗ് ഗ്രൗണ്ടിലെ മാലിന്യപ്രശ്നം ശാസ്ത്രീയമായി പരിഹരിക്കുന്നതിന് പകരം നഗരസഭ ചെയർപേഴ്സൺ ദുരിത ജീവിതങ്ങളുടെ മുഖത്ത് നോക്കി രാഷ്ട്രീയം കളിക്കുകയാണെന്ന് സി.പി.എം ലോക്കൽ കമ്മിറ്റി സെക്രട്ടറി ആർ.എൽ ജീവൻലാൽ പറഞ്ഞു. വിഷയത്തിൽ നടപടിയെടുക്കണമെന്നാവശ്യപ്പെട്ടുള്ള മാസ് പെറ്റീഷൻ നഗരസഭയിൽ നൽകിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒരു ദിവസമെങ്കിലും ചെയർപേഴ്സണും ഭരണ സമിതി അംഗങ്ങളും ട്രഞ്ചിംഗ് ഗ്രൗണ്ടിനടുത്ത് വന്ന് താമസിക്കണം. അവിടുത്തെ മനുഷ്യർക്ക് ശ്വസിക്കാൻ പോലും കഴിയുന്നില്ല. 17ന് ഒപ്പുശേഖരണം നടത്തിയതറിഞ്ഞ ചെയർ പേഴ്സൺ 18ലെ കൗൺസിൽ യോഗത്തിൽ വിഷയമവതരിപ്പിക്കാൻ ശ്രമിച്ച പ്രതിപക്ഷനേതാവ് അഡ്വ.കെ.ആർ വിജയയെ സംസാരിക്കാൻ അനുവദിക്കാതിരിക്കാനാണ് ബിജെപിയെയും കൂട്ടുപിടിച്ച് ബഹളമുണ്ടാക്കിയത്. ജനങ്ങളെ അണിനിരത്തി അതിശക്തമായ പ്രക്ഷോഭമാരംഭിക്കുമെന്നും വേണ്ടിവന്നാൽ ട്രഞ്ചിങ്ങ് ഗ്രൗണ്ടിലെ മാലിന്യം നഗരസഭ ക്യാബിനിലെത്തിക്കുമെന്നും ജീവൻലാൽ പറഞ്ഞു.

അധ്യാപക നിയമനം

തൃശൂർ: ടൂറിസം വകുപ്പിന്റെ കീഴിൽ പൂത്തോളിൽ പ്രവർത്തിക്കുന്ന ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ 2023-24 അധ്യയന വർഷത്തേക്കായി മണിക്കൂർ വേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകരെ നിയമിക്കുന്നു. വിവരങ്ങൾക്ക് 0487 2384253.

തൃശൂർ വാർത്തകൾ

സി.പി.എം – സി.പി.ഐ തർക്കം മുറുകുന്നു; മേയറിൽ വിട്ടുവീഴ്ച വേണ്ടെന്ന് സി.പി.ഐ

തൃശൂർ: കോർപറേഷനിൽ സി.പി.ഐക്ക് അവകാശപ്പെട്ട ഒരുവർഷത്തെ മേയർസ്ഥാനം ആവശ്യപ്പെടാൻ ജില്ലാ എക്സിക്യൂട്ടീവ് യോഗത്തിൽ തീരുമാനം.

തൃശൂർ ലോകസഭ തിരഞ്ഞെടുപ്പിൽ വി.എസ് സുനിൽകുമാറിനുണ്ടായ പരാജയത്തിന് പിന്നാലെ എൻ.ഡി.എ സ്ഥാനാർത്ഥി സുരേഷ് ഗോപിക്ക് അനുകൂല പരാമർശങ്ങൾ നടത്തിയ മേയർ എം.കെ വർഗീസിനെതിരെ സി.പി.ഐ രൂക്ഷവിമർശനം ഉയർത്തിയിരുന്നു. ഇതിനുശേഷം തിരഞ്ഞെടുപ്പിലെ പ്രകടനം വിലയിരുത്താൻ ചേർന്ന ജില്ലാ എക്സിക്യൂട്ടീവ് യോഗത്തിലാണ് മേയർ പദവിയിൽ വിട്ടുവീഴ്ച ആവശ്യമില്ലെന്ന നിലപാടിലേക്ക് നേതാക്കൾ എത്തിയത്.

തിരഞ്ഞെടുപ്പിലെ ധാരണപ്രകാരം ഒരുവർഷം മേയർ സ്ഥാനത്തിനും രണ്ടുവർഷം ഡെപ്യൂട്ടി മേയർ സ്ഥാനത്തിനും സി.പി.ഐയ്ക്ക് അർഹതയുണ്ട്. എന്നാൽ ഒന്നിൽകൂടുതൽ പേർ അവകാശവാദവുമായി വന്നതോടെ അർഹതപ്പെട്ട ഡെപ്യൂട്ടി മേയർസ്ഥാനം നഷ്ടമായി. കോർപറേഷനിലെ സീറ്റുനിലയുടെ ബലത്തിൽ ധാർഷ്ഠ്യം തുടരുന്ന മേയറെ നിലയ്ക്കുനിർത്തണമെന്ന പൊതുവികാരത്തിന്റെ അടിസ്ഥാനത്തിലാണ് ഒരുവർഷത്തെ മേയർസ്ഥാനം ഏറ്റെടുക്കണമെന്ന ചർച്ച ഉയർന്നത്. ഇക്കാര്യം ഉന്നയിക്കുമ്പോൾ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ നേരിടും. നിലവിൽ മിനുട്സായി രേഖപ്പെടുത്തിയതിൽ നിന്നും എൽ.ഡി.എഫിനുള്ളിൽ നിർദ്ദേശമായി ഇക്കാര്യം ഉന്നയിക്കുമെന്നാണ് വിവരം.

സുരേഷ്ഗോപിയുമായി അടുപ്പം പുലർത്തുന്ന മേയർ എം.കെ വർഗീസിന്റെ നിലപാടുകളും ഇ.ഡി അന്വേഷണത്തിന്റെ നിഴലിൽ നിൽക്കുന്ന സി.പി.എം സംസ്ഥാനകമ്മിറ്റിയംഗവും കേരള ബാങ്ക് വൈസ് ചെയർമാനുമായ എം.കെ കണ്ണനെ എൽ.ഡി.എഫ് സ്ഥാനാർത്ഥിയുടെ പ്രചാരണസമിതി ചെയർമാനാക്കി നിയമിച്ചതും തിരഞ്ഞെടുപ്പിൽ തിരിച്ചടിയായെന്നാണ് എക്സിക്യൂട്ടീവിൽ ഉയർന്ന പൊതുവികാരം. മേയറെ നിലയ്ക്കുനിർത്താൻ സി.പി.ഐ ഉൾപ്പെട്ട എൽ.ഡി.എഫിന് കഴിയുന്നില്ലെന്ന സ്വയം വിമർശനവും യോഗത്തിൽ ഉയർന്നു.

എൽ.ഡി.എഫ് സ്ഥാനാർത്ഥിയായി മത്സരിച്ച് തോറ്റ വി.എസ് സുനിൽകുമാർ ഏറെ വൈകാരികമായാണ് യോഗത്തിൽ സംസാരിച്ചത്. മന്ത്രിയായിരിക്കുമ്പോൾ കോർപറേഷനുവേണ്ടി നിരവധി പദ്ധതികൾക്ക് അനുമതി നൽകിയിട്ടും ഉദ്ഘാടനമടക്കമുള്ള ചടങ്ങുകളിൽ നിന്ന് ഒഴിവാക്കി. മോഡൽബോയ്സ്, മോഡൽ ഗേൾസ് അടക്കമുള്ള സ്കൂളുകളിലെ വിവിധ പദ്ധതികൾക്ക് സുനിൽകുമാർ മന്ത്രിയായിരിക്കുമ്പോൾ ഫണ്ട് അനുവദിച്ചിരുന്നു. സുരേഷ്ഗോപിക്കുവേണ്ടി എപ്പോഴും വാചാലനായ മേയർ പദ്ധതികളുടെ ഉദ്ഘാടന ചടങ്ങുകളിൽനിന്ന് സുനിൽകുമാറിനെ പാടെ ഒഴിവാക്കി. മേയർ എന്തുപറഞ്ഞാലും കോർപറേഷനിലെ സീറ്റുനിലയുടെ പേരിൽ നേതാക്കളെ സമ്മർദ്ദത്തിലാക്കുന്നത് ഇനി യാതൊരു നിലയ്ക്കും അനുവദിക്കേണ്ടതില്ലെന്ന പൊതു നിലപാടും യോഗം അംഗീകരിച്ചു.

കരുവന്നൂർ ബാങ്ക് അഴിമതിയുമായി ബന്ധപ്പെട്ട് ഇ.ഡിയുടെ ചോദ്യം ചെയ്യലിന് വിധേയനായ എം.കെ കണ്ണന് പ്രചാരണ ചുമതല നൽകിയത് തിരഞ്ഞെടുപ്പിൽ തിരിച്ചടിയായി. സി.പി.എം ജില്ലാ സെക്രട്ടറിയേറ്റംഗവും മുൻ ഗുരുവായൂർ എം.എൽ.എയുമായ കെ.വി അബ്ദുൾഖാദറിനെ ചെയർമാനാക്കണമെന്നായിരുന്നു സി.പി.ഐയുടെ നിർദ്ദേശം. എന്നാൽ സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദന്റെ സാന്നിധ്യത്തിൽ എടുത്ത തീരുമാനമായതിനാൽ മാറ്റാൻ കഴിയില്ലെന്നാണ് സി.പി.എം ചൂണ്ടിക്കാട്ടിയത്. ഇത് ദുരുദ്ദേശ്യപരമായിരുന്നോ എന്നും ചില നേതാക്കൾ സംശയം പ്രകടിപ്പിച്ചു. കരുവന്നൂർ ബാങ്ക് തട്ടിപ്പ്, ശ്രീരാമനെകുറിച്ചുള്ള പി. ബാലചന്ദ്രൻ എം.എൽ.എയുടെ ഫെയ്സ്ബുക്ക് പോസ്റ്റ്, തൃശൂർ പൂര വിവാദം, സർക്കാരിനെതിരെയുള്ള ഭരണവിരുദ്ധ വികാരം എന്നിവയെല്ലാം ലോകസഭാ തിരഞ്ഞെടുപ്പിൽ തിരിച്ചടിയായെന്ന് യോഗം വിലയിരുത്തി.

വായനാദിനത്തോടനുബന്ധിച്ച് യൂത്ത് ലീഗ് കടപ്പുറം പഞ്ചായത്ത് കമ്മിറ്റി കടപ്പുറം പുതിയങ്ങാടി ഫിഷറീസ് സ്കൂളിന് പുസ്തകങ്ങൾ യൂത്ത് ലീഗ് പഞ്ചായത്ത് പ്രസിഡന്റ് പി.എ.അഷ്ക്കർ അലി നൽകുന്നു.

കടപ്പുറം പുതിയങ്ങാടി ഫിഷറീസ് സ്കൂളിലേക്ക് യൂത്ത് ലീഗ് പുസ്തകങ്ങൾ കൈമാറി

കടപ്പുറം: വായനാദിനത്തോടനുബന്ധിച്ച് മുസ്ലിം യൂത്ത് ലീഗ് കടപ്പുറം പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ പുതിയങ്ങാടി ഗവൺമെന്റ് ഫിഷറീസ് യു.പി സ്കൂളിലേക്ക് പുസ്തകങ്ങൾ കൈമാറി.

മുസ്ലിം യൂത്ത് ലീഗ് പഞ്ചായത്ത് പ്രസിഡൻറ് പി.എ.അഷ്ക്കർ അലിയിൽ നിന്ന് ഹെഡ്മാസ്റ്റർ ബൈജു മാഷും വിദ്യാർത്ഥികളും ചേർന്ന് പുസ്തകങ്ങൾ ഏറ്റുവാങ്ങി.

ചടങ്ങിൽ യൂത്ത് ലീഗ് പഞ്ചായത്ത് ജനറൽ സെക്രട്ടറി അലി അഞ്ചങ്ങാടി, ട്രഷറർ ഷബീർ പുതിയങ്ങാടി, ഭാരവാഹികളായ ആസിഫ് വാഫി, റംഷാദ് കാട്ടിൽ, എം.എസ് എഫ് നേതാക്കളായ ആദിൽ തങ്ങൾ, മുസ്തഫ പുതിയങ്ങാടി, അധ്യാപകരായ ശ്രീജ, സുബിത, ഷിനിത ജ്യോതി, രമ്യ വിദ്യാർത്ഥികളായ ആദിൽ ഷബീർ, ആഷിക്ക്, എന്നിവർ സംബന്ധിച്ചു.

വേലൂർ ഗ്രാമകം കൾച്ചറൽ അക്കാദമി ഹാളിൽ നടത്തിയ കെ. വി. രഘുനാഥൻ മാസ്റ്റർ അനുസ്മരണത്തിൽ കാവുമ്പായി ബാലകൃഷ്ണൻ സംസാരിക്കുന്നു

കെ. വി. രഘുനാഥൻ മാസ്റ്റർ അനുസ്മരണം

വേലൂർ: ഗ്രാമകം കൾച്ചറൽ അക്കാദമി ഹാളിൽ കെ. വി. രഘുനാഥൻ മാസ്റ്റർ അനുസ്മരണം സംഘടിപ്പിച്ചു. കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ രൂപീകരണം മുതൽ ദീർഘകാലം നേതൃത്വപദങ്ങളിൽ പ്രവർത്തിച്ച വ്യക്തിയാണ്കെ.വി.രഘുനാഥൻ മാസ്റ്റർ.

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് വടക്കാഞ്ചേരി മേഖല സെക്രട്ടറി നിർമൽ കുമാർ സ്വാഗതം പറഞ്ഞു. വേലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി. ആർ. ഷോബി അധ്യക്ഷത വഹിച്ചു. ഡോ. കാവുമ്പായി ബാലകൃഷ്ണൻ, പ്രൊഫ. കെ. ആർ. ജനാർദ്ദനൻ, എ. പി. സരസ്വതി, അഡ്വ. ടി. വി. രാജു, പി.കെ.രാജൻ മാസ്റ്റർ, എ. പി. ശങ്കരനാരായണൻ, വി. മനോജ്കുമാർ എന്നിവർക്കൊപ്പം രഘുനാഥൻ മാസ്റ്ററുടെ മകൾ ഡോ. ശുഭ നരസിംഹൻ, മരുമകൻ ഡോ. നരസിംഹൻ എന്നിവരും ഓർമ്മകൾ പങ്കുവെയ്ച്ച് സംസാരിച്ചു. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സംസ്ഥാന - ജില്ലാകമ്മറ്റി അംഗങ്ങളും രാഷ്ട്രീയ - സാമൂഹ്യപ്രവർത്തകരും അനുസ്മരണയോഗത്തിൽ പങ്കെടുത്തു. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് വേലൂർ യൂണിറ്റ് സെക്രട്ടറി രാ

ഹരിതകർമ്മ സേനയ്ക്ക് മണപ്പുറം ഫൗണ്ടേഷൻ നൽകിയ വാഹനം പഞ്ചായത്ത് പ്രസിഡന്റ് ഷിനിത വി ഡി ഫ്ളാഗ് ഓഫ് ചെയ്യുന്നു.

ഹരിതകർമ്മ സേനയ്ക്ക് വാഹനം കൈമാറി മണപ്പുറം ഫൗണ്ടേഷൻ

വലപ്പാട്: വീടുകളിലെ മാലിന്യ നീക്കം സുഗമമാക്കാൻ ഹരിതകർമ്മ സേനയ്ക്ക് പുതിയ വാഹനം കൈമാറി മണപ്പുറം ഫൗണ്ടേഷൻ.

ഫൗണ്ടേഷന്റെ സാമൂഹിക പ്രതിബദ്ധത പ്രവർത്തനങ്ങളുടെ ഭാഗമായാണ് വലപ്പാട് പഞ്ചായത്തിലേക്ക് എട്ടു ലക്ഷത്തി നാല്പത്തി അയ്യായിരം രൂപയുടെ വാഹനം നൽകിയത്. പഞ്ചായത്തിൽ നടന്ന ചടങ്ങിൽ മണപ്പുറം ഫൗണ്ടേഷൻ സിഇഒ ജോർജ് ഡി ദാസ് പഞ്ചായത്ത് പ്രസിഡന്റ് ഷിനിത വി ഡിക്ക് താക്കോൽ കൈമാറി.

കൂടാതെ, വട്ടപ്പരത്തി ബീച്ചിലേക്കുള്ള പാതയുടെ നിർമാണവും പൂർത്തീകരിച്ചു. ബീച്ചിന്റെ ടൂറിസം സാധ്യതകൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി 30 ലക്ഷം രൂപയുടെ നവീകരണ പ്രവർത്തനങ്ങളാണ് 'സ്നേഹാരാമം' എന്ന പദ്ധതിയിലൂടെ മണപ്പുറം ഫൗണ്ടേഷൻ നടത്തിയത്. ഭിന്നശേഷി ആളുകൾക്കുള്ള സഹായത്തിന്റെ തുടർച്ചയായി താന്ന്യം ഗ്രാമപഞ്ചായത്ത് സ്വദേശിയായ അജിത്തിന് വീൽ ചെയറും വാഹനാപകടത്തിൽ പരുക്കേറ്റ് ചികിത്സയിലുള്ള നാട്ടിക സ്വദേശി രാജിക്ക് ധനസഹായവും മണപ്പുറം ഫൗണ്ടേഷൻ കൈമാറി. സ്കൂൾ കാലഘട്ടത്തിനുശേഷം ആദ്യമായാണ് അജിത്ത് ഒരു ബീച്ച് സന്ദർശിക്കുന്നത്. ആകെ നാലോളം സന്നദ്ധ പ്രവർത്തനങ്ങളാണ് മണപ്പുറം ഫൗണ്ടേഷൻ പൂർത്തീകരിച്ചത്. മണപ്പുറം ഫൗണ്ടേഷൻ സിഎസ്ആർ വിഭാഗം ഹെഡ് ശില്പ ട്രീസ സെബാസ്റ്റ്യൻ പരിപാടികളിൽ പങ്കെടുത്തു.

കണ്ണൻകുഴി പ്രദീപ് കൊലപാതകം; പ്രതി ഗിരീഷ് കുറ്റക്കാരൻ

ചാലക്കുടി: യുവാവിനെ ദാരുണമായി വെട്ടികൊലപ്പെടുത്തിയ കേസിൽ പ്രതിയായ യുവാവിനെ കോടതി കുറ്റക്കാരനെന്ന് കണ്ടെത്തി.

കണ്ണൻകുഴി ദേശക്കാരനായ താളാട്ട് ചാത്തുക്കുട്ടി മകൻ പ്രദീപിനെ (32) 2020 ഫെബ്രുവരി 14 ന് കണ്ണൻകുഴി പാലത്തിന് സമീപം വെച്ച് വെട്ടുകത്തികൊണ്ട് വെട്ടികൊലപ്പെടുത്തിയ കേസിൽ പ്രതിയായ കണ്ണൻ കുഴി ഏറൻ വാസു മകൻ ജിനീഷ് എന്ന ഗിരീഷിനെയാണ് (36) ഇരിങ്ങാലക്കുട അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് ജഡ്ജ് എൻ. വിനോദ് കുമാർ കുറ്റക്കാരനെന്ന് കണ്ടെത്തിയത്. പ്രതി കൊലപാതകം (302) അന്യായ തടസ്സം സൃഷ്ടിക്കൽ (341) കൊലപ്പെടുത്തുമെന്ന് ഭീഷണിപ്പെടുത്തൽ (506) എന്നീ ഐ.പി.സി പ്രകാരമുള്ള കുറ്റകൃത്യങ്ങളാണ് ചെയ്തതെന്ന് തെളിഞ്ഞു. പ്രതിയ്ക്കുള്ള ശിക്ഷ 24ന് കോടതിയിൽ വിധിക്കും.

കൊല്ലപ്പെട്ട പ്രദീപ്

കണ്ണൻ കുഴിദേശത്ത് പുഴയരികിലെ കിണറ്റിനരികിൽ ടൂറിസ്റ്റുകൾ മാലിന്യ നിക്ഷേപം നടത്തുന്നുവെന്ന കാര്യം സംബന്ധിച്ചുള്ള തർക്കവും വഴക്കുമാണ് ഗിരീഷിന് പട്ടിക ജാതി സമുദായ സെക്രട്ടറിയായ പ്രദീപിനെ വെട്ടികൊലപ്പെടുത്താൻ കാരണമായത്. കേസിന്റെ അന്വേഷണം കുറ്റമറ്റ രീതിയിൽ നടത്തിയത് മുൻപ് അതിരപ്പിള്ളി സ്റ്റേഷൻ ചുമതല വഹിച്ചിരുന്ന സബ് ഇൻസ്പെക്ടറായിരുന്ന അനിൽകുമാർ.പി.ഡിയാണ്. കുറ്റപത്രം സമർപ്പിച്ചത് ഇ കെ ഷിജു ഇൻസ്പെക്ടറാണ്. അന്വേഷണ സംഘത്തിൽ അതിരപ്പിള്ളി സ്റ്റേഷനിലെ സീനിയർ സിവിൽ പോലീസ് ഓഫീസർ അഭിലാഷ് പി.എ യും ഉണ്ടായിരുന്നു. കേസിൽ 54 സാക്ഷികളെ വിസ്തരിച്ചു.

പ്രോസിക്യൂഷനായി കോടതിയിൽ ഹാജരായത് പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. ജോജി ജോർജാണ്.

സമസ്തജില്ലാ നേതാക്കളുടെ അനുസ്മരണം ഇന്ന്

തൃശൂർ: സമസ്തക്ക് തൃശൂർ ജില്ലയിൽ നേതൃത്വം നൽകിയ സയ്യിദ് ഹാമിദ് കോയമ്മ തങ്ങൾ, ശൈഖുനാ തൊഴിയൂർ ഉസ്താദ്, എസ്.എം.കെ തങ്ങൾ, ഇമ്പിച്ചി മുസ്ലിയാർ വെട്ടിക്കാട്ടൂരി, എം എം മുഹ് യിദ്ദീൻ മൗലവി, ചെറുവാളൂർ ഹൈദ്രോസ് മുസ്ലിയാർ, അബ്ദുൽ നാസർ ഫൈസി തിരുവത്ര, എന്നിവരുടെ അനുസ്മരണവും

എസ്.കെ എം എം എ ജില്ലാ സമ്മേളന സംഘാടക സമിതി രൂപീകരണ കൺവെൻഷനും ഇന്ന് വൈകിട്ട് വൈകീട്ട് 4 ന് പന്നിത്തടം എം.എം പാലസിൽ നടക്കും.

ജില്ലാ പ്രസിഡന്റ് ത്രീസ്റ്റാർ കുഞ്ഞുമുഹമ്മദ് ഹാജിയുടെ അദ്ധ്യക്ഷതയിലുള്ള ചടങ്ങുക്കൾ സമസ്ത കേന്ദ്ര മുശാവറ അംഗം അബ്ദുൽ സലാം ബാഖവി ഉദ്ഘാടനം ചെയ്യും, സമസ്ത ജില്ലാ ട്രഷറർ സുലൈമാൻ ദാരിമി ഏലംകുളം മുഖ്യ പ്രഭാഷണവും, ജംഇയ്യത്തുൽ ഖുത്വബാഅ് സംസ്ഥാന കൗൺസിലർ സ്വാലിഹ് അൻവരി ചേകന്നൂർ അനുസ്മരണ പ്രഭാഷണവും നിർവ്വഹിക്കും.

എസ്.കെ എം എം എ ജില്ലാ ജനറൽ സെക്രട്ടറി ഷെഹീർ ദേശമംഗലം, ട്രഷറർ പി.കെ സലീം ഹാജി കടങ്ങോട്, വർക്കിംഗ് പ്രസിഡൻറ് ഇബ്രാഹീം ഫൈസി പഴുന്നാന സംസ്ഥാന കൗൺസിലർ സ്വാരായ വി.മെയ്തീൻ കുട്ടി മൗലവി ഇല്യാസ് ഫൈസി ടി. എസ് മമ്മി സിംല ഹസ്സൻ കെ.എം മുഹമ്മദ് ഹാജി ആറ്റൂർ തുടങ്ങിയവർ പ്രസംഗിക്കും.

മെഡിക്കൽ കോളജിൽ ദുരിതം പേറി രോഗികൾ

മുളംകുന്നത്ത്: കാവ് മെഡിക്കൽ കോളജിൽ വേണ്ടത്ര അറ്റന്റർമാർ ഇല്ലാത്തതിനാൽ വേദന കടിച്ചമർത്തി രോഗികൾ മണിക്കൂറോളം വീൽചെയറിലും, സ്ട്രെച്ചറിലും കിടക്കുന്ന കാഴ്ച ഏവരെയും നെമ്പരപെടുത്തുന്നു.

ആവശ്യത്തിന് അറ്റന്റർ ഇല്ലാത്തതാണ്. ഈ ദുരിതത്തിന് കാരണം. രോഗികൾ മരണപ്പെട്ടാൽ മൃതദേഹം പ്പോലും കൊണ്ടുപോകാൻ ഏറെ നേരം അന്റർമാരെ കാത്തിരിക്കണം. അമിതമായ ജോലി ഭാരവും ജീവനക്കാരുടെ കുറവുമാണ് ഇതിന് കാരണം. ആരോഗ്യ രംഗം ഏറെ മുന്നിലാണെന്ന് പറയുന്ന അധികൃതർ ഇത്തരം സംഭവങ്ങൾ കണ്ടില്ലെന്ന് നടിക്കുന്നതായും രോഗികൾ പറഞ്ഞു

അശ്വാരൂഢ യോഗ ഭ്യാസവുമായി 600 എൻ.സി.സി കേഡറ്റുകളുടെ പരിശീലനം ഇന്ന്

തൃശൂർ: യോഗാ ദിനത്തോടനുബന്ധിച്ചു ഇന്ന് കാലത്ത് 7 മണിക്ക് 600 എൻ സി സി കേഡറ്റുകളുടെ യോഗാ പരിശീലനം. എറണാകുളം ഗ്രൂപ്പ് ഹെഡ്ക്വാട്ടേഴ്സിനു കീഴിലുള്ള 7കേരള ഗേൾസ് ബറ്റാലിയൻ എൻ സി സി യാണ് പരിപാടിക്ക് നേതൃത്വം കൊടുക്കുന്നത്.

കേരള റിമൗണ്ട് ആൻഡ് വെറ്റിനറി സ്ക്വാഡ്രൻ എൻ സി സി യിലെ കേഡറ്റുകളുടെ അശ്വാരൂഢ യോഗാഭ്യാസവും അവതരിപ്പിക്കും. കേരള റിമൗണ്ട് ആൻഡ് വെറ്റിനറി സ്ക്വാഡ്രൻ എൻ സി സി , 7കേരള ഗേൾസ് ബെറ്റാലിയൻ എൻ സി സി യിലെ കേഡറ്റുകളാണ് യോഗ പരിശീലനത്തിൽ പങ്കെടുക്കുന്നത്. വിവിധ ബറ്റാലിയൻ കമാന്റിങ് ഓഫിസർമാരും സ്റ്റാഫ് അംഗങ്ങളുമാണ് പരിപാടിക്ക് നേതൃത്വം കൊടുക്കുന്നത്.

വിത്തുബോളുകളുടെ നിർമ്മാണ പരിശീലനം, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ് പ്രിൻസ് ഉദ്ഘാടനം ചെയ്യുന്നു

സ്കൂളുകളിൽ വിത്തുബോളുകൾ എറിയൽ ജൂലൈ 4നും 5നും

തൃശൂർ: ഹരിതസമേതം പരിപാടിയുടെ ഭാഗമായി ജില്ലയിലെ ആയിരത്തിലധികം വരുന്ന സ്കൂളുകളിലേയും ജില്ലയിലെ അംഗൻവാടികളിലേയും കുട്ടികൾ വിത്തുബോളുകൾ എറിയും.

ഓരോ സ്കൂളും ഏറ്റവും ചുരുങ്ങിയത് 100 വിത്തുബോളുകൾ നിർമ്മിക്കും.ഒരു ലക്ഷം വിത്തുബോളുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്.ജൂലൈ 4,5തിയതികളിൽ,ഞാറ്റുവേല സമയത്ത് ഇവ വലിച്ചെറിയും.

വിത്തുബോളുകളുടെ നിർമ്മാണ പരിശീലനം, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ് പ്രിൻസ് ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് ആസൂത്രണ സമിതി വൈസ് ചെയർമാൻ ടി വി മദനമോഹനൻ അധ്യക്ഷനായി. ക്യാമ്പയിന്റെ ഭാഗമായുള്ള പോസ്റ്റർ, വിദ്യാഭ്യാസ ഉപഡയറക്ടർ എ കൈ അജിതകുമാരി നിർവ്വഹിച്ചു. ശുചിത്വമിഷൻ ജില്ലാ പ്രോഗ്രാം ഓഫിസർ രജനീഷ് രാജൻ, സമേതം അസി കോർഡിനേറ്റർ വി മനോജ്, സ്കൂൾ എച്ച് എം ബിന്ദുമേനോൻ, ദേശീയ ഹരിത സേന ജില്ലാ കോർഡിനേറ്റർ എൻ ജെ ജെയിംസ്, ടി എസ് സജീവൻ തുടങ്ങിയവർ സംസാരിച്ചു. ഫോറെസ്ട്രി കോളേജ് മുൻ ഡീൻ ഡോ വിദ്യാസാഗർ,അധ്യാപകൻ ഡോ എ വി സന്തോഷ്കുമാർ എന്നിവർ ക്ലാസ്സെടുത്തു.

ആയുഷ് മിഷൻ അന്താരാഷ്ട്ര യോഗ ദിനാചരണം ഇന്ന്

തൃശൂർ: പത്താമത് അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് നാഷണൽ ആയുഷ് മിഷന്റെ നേതൃത്വത്തിൽ ജില്ലാതല യോഗ ദിനം ഉദ്ഘാടനം ഇന്ന് ഉച്ചയ്ക്ക് രണ്ടിന് വി.കെ.എൻ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ് പ്രിൻസ് നിർവഹിക്കും. ഭാരതീയ ചികിത്സാ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ഇ.എ സോണിയ അധ്യക്ഷനാകും. ഹോമിയോപ്പതി വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ലീനറാണി, നാഷണൽ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ.ശരണ്യ ഉണ്ണികൃഷ്ണൻ, രാമവർമ്മ ജില്ലാ ആയുർവേദ ആശുപത്രി ചീഫ് മെഡിക്കൽ ഓഫീസർ ഡോ.മേരി സെബാസ്റ്റ്യൻ, യോഗ നാച്ചുറോപ്പതി ഡോക്ടർമാരായ ഡോ. എം.കെ. റെനി, ഡോ.ടിനു ജോർജ്, തൃശൂർ എ.എം.എ.ഐ സെക്രട്ടറി ഡോ.ഹനിനി.എം.രാജ്, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കെ.ആർ സാംബശിവൻ, ജില്ലാ യോഗ അസോസിയേഷൻ സെക്രട്ടറി എം.വി പ്രശാന്ത് മാസ്റ്റർ എന്നിവർ പങ്കെടുക്കും. കൂടാതെ നാഷണൽ ആയുഷ് മിഷന്റെ യോഗ ഇൻസ്ട്രക്ടർമാരുടെയും ശിഷ്യരുടെയും നേതൃത്വത്തിലുള്ള യോഗപ്രദർശനവും ഉണ്ടാകും. തൃശൂർ എ.എം.എ.ഐ, സെന്റ് മേരീസ് കോളജ് എന്നിവയും സഹകരിക്കും.

മത്സ്യം വളർത്തൽ; അപേക്ഷ ക്ഷണിച്ചു

തൃശൂർ: ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ ആറ്റൂർ വില്ലേജിൽ ചെറുകിട ജലസേചന വകുപ്പിന്റെ അധീനതയിലുള്ള അസുരൻകുണ്ട് അണക്കെട്ടിൽ മത്സ്യം വളർത്തുന്നതിനും പിടിക്കുന്നതിനുമായി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ടെണ്ടർ ക്ഷണിച്ചു. 2024 ജൂലൈ 1 മുതൽ 2027 മാർച്ച് 31 വരെ 33 മാസക്കാലയളവിലേക്കാണ് മത്സ്യബന്ധനത്തിന്റെ അവകാശം അനുവദിച്ചുകൊടുക്കുന്നത്. പൂരിപ്പിച്ച ടെണ്ടറുകൾ ജൂൺ 29 ന് രാവിലെ 11 ലഭിക്കണം. കൂടുതൽ വിവരങ്ങൾക്കായി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 0487 2441132.

സ്കൂളുകളിൽ ഭക്ഷ്യസുരക്ഷ മാനദണ്ഡങ്ങൾ നടപ്പാക്കണം

തൃശൂർ: സ്കൂളുകളിൽ ഭക്ഷ്യസുരക്ഷ, ഗുണനിലവാരം ഉറപ്പാക്കുന്നതിന് എഫ്.എസ്.എസ്.എ.ഐ മാനദണ്ഡങ്ങൾ നടപ്പാക്കണമെന്ന് ജില്ലാ ഭക്ഷ്യസുരക്ഷാ ഉപദേശക സമിതി യോഗം. വ്യക്തിശുചിത്വം, ആരോഗ്യം എന്നിവ ഉറപ്പാക്കുന്നതിന് ഭക്ഷണം പാകം ചെയ്യുന്നവർ മെഡിക്കൽ ഫിറ്റ്നസ് സർ

വൈദ്യുതി മുടങ്ങും

മുഹമ്മ: മുഹമ്മ വൈദ്യുതി സെക്ഷനിലെ മുഹമ്മ ജെട്ടി ട്രാൻസ്ഫോർമർ പരിധിയിൽ രാവിലെ ഒമ്പത് മുതൽ വൈകിട്ട് മൂന്ന് വരെയും ടി.ജി. പോളിമർ ട്രാൻസ്ഫോർമർ പരിധിയിൽ മൂന്ന് മുതൽ വൈകിട്ട് ആറ് വരെയും ഇന്ന് വൈദ്യുതി മുടങ്ങും.

അഡ്മിഷൻ

ആലപ്പുഴ: വിനോദസഞ്ചാര വകുപ്പിന് കീഴിൽ ചേർത്തലയിലുള്ള ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു വർഷത്തെ ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകളിൽ പ്രവേശനത്തിന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

ഫുഡ് പ്രൊഡക്ഷൻ, ഫുഡ് ആന്റ് ബീവറേജ് സർവീസ് കോഴ്സുകളിൽ ജനറൽ, മുസ്‌ലിം, ഇ.ഡബ്ല്യു.എസ്., പട്ടികവർഗ്ഗം വിഭാഗങ്ങളിൽ ഒഴിവുള്ള സീറ്റുകളിലേക്കാണ് സ്പോട്ട് അഡ്മിഷൻ നടത്തുന്നത്. അസൽ സർട്ടിഫിക്കറ്റുകളുമായി ഇൻസ്റ്റിറ്റ്യൂട്ടിൽ നേരിട്ടെത്തണം. വിശദവിവരങ്ങൾക്ക്: 0478 2817234, 7012434510.

യോഗം 25ന്

ആലപ്പുഴ: സർക്കാരിന്റെ 2023 ഏപ്രിൽ 12-ാം തീയതിയിലെ ജി.ഒ.(പി) 40/2023/തൊഴിൽ പ്രകാരം സംസ്ഥാനത്തെ ഈറ്റ കാട്ടുവള്ളി മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള തെളിവെടുപ്പ് യോഗം ജൂൺ 25 ന് ഉച്ചയ്ക്ക് രണ്ടിന് ആലപ്പുഴ ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടക്കും.

യോഗത്തിൽ ഈ മേഖലയിലെ തൊഴിലാളി/തൊഴിലുടമ പ്രതിനിധികൾ പങ്കെടുക്കണമെന്ന് ജില്ലാ ലേബർ ഓഫീസർ അറിയിച്ചു.

ആലപ്പുഴ വാർത്തകൾ

ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ വർധിക്കുന്നു

ജാഗ്രത നിർദ്ദേശവുമായി പൊലീസ്

ആലപ്പുഴ: ജില്ലയിൽ ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ വർദ്ധിക്കുന്നു. പൊലീസ് ഉദ്യോഗസ്ഥരുടേയും മറ്റ് കേന്ദ്ര അന്വേഷണ ഏജൻസി ഉദ്യോഗസ്ഥരുടേയും യൂണിഫോമിലുള്ള വ്യാജ പ്രൊഫൈൽ ഉപയോഗിച്ച് വീഡിയോ കോൾവഴി ആലപ്പുഴയിൽ ഓൺലൈൻ സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസങ്ങളിൽ നിരവധി കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്തരം തട്ടിപ്പുകൾ പുറത്തു വരുന്ന സാഹചര്യത്തിൽ ജാഗ്രത നിർദേശവുമായി പൊലീസ് രംഗത്തെത്തി. പൊലീസിന്റെ പേര് ഉപയോഗിച്ചുള്ള തട്ടിപ്പിന് പുറമെ ഷെയർ മാർക്കറ്റിന്റെ പേരിലും ടെലിക്കോം അതോറിറ്റിയുടെ പേരിലും തട്ടിപ്പുകൾ നിരവധിയാണ് നടക്കുന്നത്.

തട്ടിപ്പിന്റെ രീതികൾ

പൊലീസിന്റെ പേരിൽ വ്യാജ വീഡിയോ കോൾ

പൊലീസ്, എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടം യൂണിഫോമിലുള്ള ഫോട്ടൊ ഉപയോഗിച്ച് വ്യാജ വീഡിയോകാൾ ചെയ്ത്, നിങ്ങൾ ഉൾപ്പെട്ടിരിക്കുന്ന കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനാണെന്ന വ്യാജേന നിങ്ങളെ ഭീഷണിപ്പെടുത്തി വെർചൽ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് പറയുകയും നിങ്ങളെ കേസിൽ നിന്ന് ഒഴിവാക്കുന്നതിനായി പണം ആവശ്യപ്പെടുകയും ചെയ്യും.

ട്രായ്, ടെലികോം അതോറിറ്റിയുടെ പേരിലെ കോളുകൾ

ട്രായ്, ടെലികോം അതോറിറ്റിയിൽ നിന്നുമാണ് വിളിക്കുന്നതെന്ന വ്യാജേന പറഞ്ഞ് വിശ്വസിപ്പിച്ച് നിങ്ങളുടെ മൊബൈൽ നമ്പർ രാജ്യദ്രോഹ / തീവ്രവാദ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ആയതിൽ നിന്നും ഒഴിവാക്കുന്നതിനായി ഓൺലൈനിൽ പണം ട്രാൻസ്ഫർ ചെയ്ത് നൽകുന്നതുമായി ബന്ധപ്പെട്ട കോളുകൾ.

കൊറിയർ ഫേക്ക് കോൾസ്

നിങ്ങൾ വിദേശത്തേക്ക് അയച്ച പാഴ്സലിൽ അഥവ നിങ്ങളുടെ പേരിൽ വന്ന പാഴ്സലിൽ, മയക്കുമരുന്ന് പോലുള്ള ഇല്ലിഗൽ സബ്സ്റ്റൻസ് കണ്ടെത്തിയിട്ടുണ്ടെന്നും. ആയതിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും. ആ കേസിൽ നിന്ന് ഒഴിവാക്കുന്നതിലേക്കായി പണം ആവശ്യപ്പെട്ടുകൊണ്ട് തട്ടിപ്പുകാർ കോളുകളും മെസ്സേജുകളും അയക്കുന്നത്.

വർക്ക് ഫ്രം ഹോം ചീറ്റിംഗ്

കുറഞ്ഞ മണിക്കൂറുകൾ നിങ്ങളുടെ വീട്ടിലിരുന്ന് ജോലി ചെയ്ത് പതിനായിരങ്ങൾ സമ്പാദിക്കാമെന്നുള്ള വാഗ്ദാനങ്ങളുമായി ബന്ധപ്പെട്ട ഫോൺ കോളുകളും മെസ്സേജുകളും വഴിയുള്ള സാമ്പത്തിക തട്ടിപ്പ്.വിദേശത്തേക്ക് നിങ്ങൾ അയയ്ക്കുന്ന പാഴ്സലുകളിൽ മയക്കുമരുന്ന് പോലുള്ള വസ്തുക്കൾ ഉൾപ്പെട്ടിട്ടുണ്ട് എന്ന തരത്തിലുള്ള ഫോൺ കോളുകളിൽ പ്രതികരിക്കാതിരിക്കുകയും, പ്രസ്തുത വിവരം പൊലീസ് സൈബർ വിഭാഗത്തെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

പരാതി അറിയിക്കാം
സൈബർ പോലീസ്
ആലപ്പുഴ-04772230804
9497976000, 9497981288

ശ്രദ്ധിക്കുക

ഷെയർ മാർക്കറ്റ് പോലുള്ള മേഖലകളിൽ നിക്ഷേപം ചെയ്യുന്നതിനു മുമ്പായി ബന്ധപ്പെട്ട സ്ഥാപനത്തിന് സെബിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
രാജ്യദ്രോഹ കുറ്റങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള മൊബൈൽ ഫോൺ ഉടമസ്ഥരെ പൊലീസോ മറ്റ് അന്വേഷണ ഏജൻസികളോ വിളിച്ച് കേസിൽ നിന്ന് രക്ഷപ്പെടുത്തുവാൻ പണം ആവശ്യപ്പെടില്ല.
വിദേശത്തേക്ക് നിങ്ങൾ അയയ്ക്കുന്ന പാഴ്സലുകളിൽ മയക്കുമരുന്ന് പോലുള്ള വസ്തുക്കൾ ഉൾപ്പെട്ടിട്ടുണ്ട് എന്ന തരത്തിലുള്ള ഫോൺ കോളുകളിൽ പ്രതികരിക്കാതിരിക്കുകയും, പ്രസ്തുത വിവരം പൊലീസ് സൈബർ വിഭാഗത്തെ അറിയിക്കുകയും ചെയ്യേണ്ടതാണ്.
ഇത്തരം രീതിയിലുള്ള വീഡിയോ കോളുകളോ, ഫോൺ കോളുകളോ വാട്സ് ആപ്പ്, ടെലിഗ്രാം മെസ്സേജുകളോ കണ്ട് ഭയപ്പെടാതെ ഇങ്ങനെയുള്ള ഫോൺ കോളുകളും മെസ്സേജുകളും ജില്ലാ സൈബർ പൊലീസ് സ്റ്റേഷനിൽ അറിയിക്കുകയോ 1930 എന്ന ഹെൽപ്പ് ഡെസ്ക് നമ്പരിൽ വിളിച്ചു പറുകയോ ചെയ്യേണ്ടതാണ്.

സി.ജി.ആർ.എഫിന്റെ ഉത്തരവ് ചോദ്യം ചെയ്ത് കെ.എസ്.ഇ.ബി നൽകിയ റീവ്യൂ പെറ്റീഷൻ ഫോറം സമിതി തള്ളി

മണ്ണഞ്ചേരി: അപകടാവസ്ഥയിലുള്ള 11 കെ.വി വൈദ്യുതി കമ്പി രണ്ടാഴ്ചയ്ക്കകം അഴിച്ചു മാറ്റണമെന്ന സി.ജി.ആർ.എഫിന്റെ ഉത്തരവ് ചോദ്യം ചെയ്ത് കെ.എസ്.ഇ.ബി നൽകിയ റീവ്യൂ പെറ്റീഷൻ ഫോറം സമിതി തള്ളി. ഉത്തരവ് ഉടൻ നടപ്പിലാക്കണമെന്ന് നിർദേശമാണ് കെ.എസ്.ഇ.ബി ക്ക് ഫോറം അംഗങ്ങൾ നൽകിയത്. മാരാരിക്കുളം തെക്ക് പഞ്ചായത്ത് എട്ടാം വാർഡിൽ കളത്തിൽ ട്രാൻസ്ഫോർമറിൽ നിന്ന് ജനവാസകേന്ദ്രത്തിലൂടെ ദേശീയപാതയിലേക്ക് പോകുന്ന 11 കെ.വി ലൈനാണ് ഉടൻ അഴിച്ചുമാറ്റാൻ സി.ജി. ആർ. എഫ് ഉത്തരവിറക്കിയത്. ഈ വൈദ്യുതി ലൈൻ പ്രദേശത്ത് അപകടാവസ്ഥയിലും നിരവധി കുടുംബങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതുമാണെന്ന് കാട്ടി ഗ്രാമപഞ്ചായത്ത് അംഗം ടി.പി.ഷാജി നൽകിയ പരാതിയിൽ കഴിഞ്ഞ എട്ടിനാണ് ഉപഭോക്തൃ തർക്കപരിഹാര സമിതി ഉത്തരവായത്. ഫോറത്തിന്റെ മൂന്ന് അംഗ സംഘം നേരിട്ട് സ്ഥലം സന്ദർശിക്കുകയും ബന്ധപ്പെട്ട കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരിൽ നിന്ന് വിവരങ്ങൾ ആരായുകയും ചെയ്ത ശേഷമാണ് ഉത്തരവായത്. ഉത്തരവ് പ്രകാരം പാതിരപ്പള്ളി 11 കെ.വി ഫീഡറിലെ കലവൂർ സെക്ഷന്റെ ലോഡ് ദേശീയപാതയോരത്തെ 11 കെ.വി എക്സൽ ഗ്ലാസ് ഫീഡറിലേക്ക് മാറ്റുകയും പരാതിക്ക് ആസ്പദമായ ഭാഗത്തെ കമ്പികൾ ഓഫാക്കുവാനും നിർദേശം. ഇത്തരത്തിൽ ബദൽ ഫീഡിങ് ക്രമീകരണം നടത്തിയതിനു ശേഷം പരാതിയുള്ള ഭാഗത്തെ കമ്പി അഴിച്ചുമാറ്റുവാനുമാണ് ഉപഭോക്തൃ പരാതി പരിഹാര ഫോറത്തിന്റെ നിർദേശം.

നെല്ലിന്റെ താങ്ങുവില കേന്ദ്രസർക്കാർ ഉയർത്തിയത് കർഷകരെ നിരാശയിലാഴ്ത്തി: കൊടിക്കുന്നിൽ

മാവേലിക്കര: ചെറുകിട ഇടത്തരം നെൽക്കർഷകർ നെൽകൃഷിയിൽ നിന്ന് വ്യാപകമായി പിൻവാങ്ങുമ്പോഴും നെല്ലിന്റെ താങ്ങുവില കേന്ദ്രസർക്കാർ കിലോയ്ക്ക് കേവലം 23 രൂപ മാത്രമായി ഉയർത്തിയത് നെൽക്കർഷകരെ നിരാശയിലാഴ്ത്തിയെന്നും പ്രഖ്യാപിച്ച താങ്ങുവിലയുടെ ഇരട്ടിയെങ്കിലും ആയി നിലവിലെ വില പുതുക്കി പ്രഖ്യാപിച്ച് കേന്ദ്ര സർക്കാർ ഉത്തരവിറക്കണം എന്നും കൊടിക്കുന്നിൽ സുരേഷ് എം പി പ്രസ്താവിച്ചു. നെല്ല് സംഭരണത്തിലെ കുടിശ്ശിക തുടർച്ചയായി സംസ്ഥാന സർക്കാർ നൽകാത്തത് , വലിയ തോതിൽ ഉണ്ടാകുന്ന വിളനാശം, കാലാവസ്ഥ വ്യതിയാനം മൂലം ഉണ്ടാകുന്ന അപ്രതീക്ഷിത മഴയും , വെള്ളപ്പൊക്കവും, വരൾച്ചയും, കുറഞ്ഞ താങ്ങുവിലയും ദിനംപ്രതി കുതിച്ചുയരുന്ന ഉൽപ്പാദനച്ചെലവുകളും കാരണം, നെൽകൃഷിയിൽ നിന്ന് വളരെയധികം കർഷകർ പിന്മാറുകയാണ് . പക്ഷേ കർഷകരുടെ സാമ്പത്തിക നഷ്ടം നികത്താനുള്ള ആത്മാർത്ഥമായ , കർഷക പക്ഷത്ത് നിന്നുള്ള യാതൊരു നടപടിയും കേന്ദ്ര സംസ്ഥാന സർക്കാരുകൾ കൈക്കൊണ്ടില്ല എന്നും കൊടിക്കുന്നിൽ സുരേഷ് എം പി കുറ്റപ്പെടുത്തി. കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുടർച്ചയായി കർഷകരെ തുടർച്ചയായി വഞ്ചിക്കുകയാണ് എന്നും എം.പി പറഞ്ഞു.

വാർഷികവും കുടുംബ സമ്മേളനവും

ആലപ്പുഴ: ക്രിസ്തുരാജ് സൊസൈറ്റിയുടെ അഞ്ചാം വാർഷികവും കുടുംബ സമ്മേളനവും മരണമടഞ്ഞ അംഗങ്ങളുടെ അനുസ്മരണവും നടത്തി.സെന്റ് മൈക്കിൾ തത്തംപള്ളി അസിസ്റ്റന്റ് വികാരി ഫാ. ജോണിച്ചൻ തറയിൽ ഉദ്ഘാടനം നിർവഹിച്ചു. പ്രസിഡന്റ് ടി. കുര്യൻ അധ്യക്ഷത വഹിച്ചു ബേബി തോമസ് അനുശോചന പ്രമേയം അവതരിപ്പിച്ചു. കെ.റ്റി. തോമസ് സ്വാഗതം പറഞ്ഞു. കെ.ജെ. ജോസഫ്, ഷൈൻ കെ. ജോർജ്, ടോം തട്ടുങ്കൽ എന്നിവർ സംസാരിച്ചു.

സെക്രട്ടറി ആന്റണി കുഴികണ്ടത്തിൽ നന്ദി രേഖപ്പെടുത്തി. തുടർന്ന് അംഗങ്ങളുടെയും കുട്ടികളുടെയും കലാപരിപാടികൾ നടന്നു. പുതിയ ഭാരവാഹികളായി രക്ഷാധികാരി കേണൽ ജോർജ് തൈശേരി, പ്രസിഡന്റ് ടി. കുര്യൻ, വൈസ് പ്രസിഡന്റ് ടോം തട്ടുങ്കൽ, ട്രഷറർ കെ.റ്റി. തോമസ്, സെക്രട്ടറി ആന്റണി കുഴികണ്ടം, ജോയിൻ സെക്രട്ടറി ജോൺ വർഗീസ്, ഓഡിറ്റേഴ്സ് കെ.ജെ. ജോസഫ്, ബേബി തോമസ്, ഷൈൻ കെ. ജോർജ് എന്നിവരെ തിരഞ്ഞെടുത്തു.

വായനാ പക്ഷാചരണം

കായംകുളം: കീരിക്കാട് തെക്ക്, മുഴങ്ങോടിക്കാവ് ശ്രീദേവി ലൈബ്രറി ആന്റ് റീഡിംഗ് റൂമിന്റെ ആഭിമുഖ്യത്തിൽ വായനശാലാ ഹാളിൽ നടന്ന ചടങ്ങിൽ ഗ്രന്ഥശാലാ പ്രസിഡന്റ് .ജെ. ഷാജിമോൻ അധ്യക്ഷത വഹിച്ചു. സെക്രട്ടറി എം.കെ.പ്രദീപ് സ്വാഗതം പറഞ്ഞു. വായനാ പക്ഷാചരണ ഉദ്ഘാടനവും .പി എൻ പണിക്കർ അനുസ്മരണവും താലൂക്ക് ലൈബ്രറി കൗൺസിൽ പ്രസി ഡന്റ് .ജീ. സന്തോഷ് കുമാർ നിർവഹിച്ചു. തുടർന്ന് മൂലേശ്ശേരിൽ ദേവസ്വം സ്ക്കൂളിലെ കുട്ടികൾക്ക് പുസ്തക പ്രദർശനവും പുസ്തക പരിചയ പെടുത്തലും നടത്തി. സ്കൂൾ ഹെഡ്മിസ്ട്രസ് വി.ലക്ഷ്മി, പി. ടി. എ. പ്രസിഡന്റ് രഞ്ജിത്, എം.കെ.പ്രഭ മുതലായവർ ആശംസകൾ നേർന്നു. ലൈബ്രേറിയൻ വി.എസ്സ്. സന്തോഷ് കുമാർ നന്ദി അറിയിച്ചു.

കായംകുളം: പി എൻ പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ നോളജ് സെൻർ ആയ കായംകുളം നിംബസ് ഇൻസ്റ്റ്യൂട്ട് ഓഫ് സയൻസ് ടെക്നോളജി വായനാദിനാഘോഷവും പി എൻ പണിക്കർ അനുസ്മരണവും സംഘടിപ്പിച്ചു.പുസ്തക വായനോടൊപ്പം ഡിജിറ്റൽ വായനയുടെ സാധ്യതകൾ പുതുതലമുറ പ്രയോജനപ്പെടുത്തണമെന്ന് കായംകുളം മുനിസിപ്പൽ വൈസ് ചെയർമാൻ ജെ ആദർശ് പറഞ്ഞു. കായംകുളം നിംബസ് ഇൻസ്റ്റ്യൂട്ട് ഓഫ് സയൻസ് ടെക്നോളജി സംഘടിപ്പിച്ച വായനാദിനാഘോഷം ഉദ്ഘാടനം ചെയ്തു സംസാരിക്കായിരുന്നു അദ്ദേഹം, അമൃത സ്വാഗതം പറഞ്ഞ യോഗത്തിൽ നിംബസ് ഇൻസ്റ്റ്യൂട്ട് ഡയറക്ടർ പി സനൂജ് അധ്യക്ഷനായി. കായംകുളം താലൂക്ക് ആശുപത്രിയിലെ പാലിയേറ്റീവ് നേഴ്സ് ആയ ഷിൽഡാ സെബാസ്റ്റ്യൻ വായനാദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു ഇൻസ്റ്റ്യൂട്ടിൽ അധ്യാപകരായ ഡോക്ടർ ഹരി കൃഷ്ണൻ,ഷാനവാസ് ഐ വൈസി , വിജിത രജിത്ത്, അർപ്പണ,റീന,മായ,ന്യൂബിയ എന്നിവർ സംസാരിച്ചു. പാലിയേറ്റീവ് കെയർ രംഗത്തെ മികച്ച പ്രവർത്തനത്തിന് ശിൽഡാ സെബാസ്റ്റ്യൻ ഷാനവാസ് ഐ.വൈ.സി.എന്നിവരെ യോഗത്തിൽ ആദരിച്ചു.

മെറിറ്റ് അവാർഡ് വിതരണവും ആദരിക്കലും

ആലപ്പുഴ: ത്രിവേണി ബോയ്സ് ആർട്ട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്കായുള്ള മെറിറ്റ് അവാർഡ് വിതരണവും ആദരിക്കൽ ചടങ്ങും സംഘടിപ്പിച്ചു. അമ്പലപ്പുഴ എം.എൽ.എ എച്ച് സലാം ഉദ്ഘാടനം ചെയ്തു. ത്രിവേണി ബോയ്സ് ആർട്ട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ് രക്ഷാധികാരിയും, ജില്ലാ സ്പോർട്ട്സ് കൗൺസിൽ ഉപാധ്യക്ഷനുമായ വി ജി വിഷ്ണു ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ശുചിത്വപരിപാലന രംഗത്ത് രാജ്യത്തെ മികച്ച മാതൃകയ്ക്ക് അവാർഡിന് അർഹമായ ആലപ്പുഴ നഗരസഭയ്ക്ക് ഉള്ള ത്രിവേണി ബോയ്സിന്റെ ആദരവ് നഗരസഭ അധ്യക്ഷ കെ.കെ ജയമ്മക്ക് സമ്മാനിച്ചു. .നഗരസഭ സ്ഥിരം സമിതി അധ്യക്ഷ എ.എസ് കവിത, കൗൺസിലർമാരായ ബി. നസീർ, നെജിത ഹാരിസ്, ക്ലാരമ്മ പീറ്റർ, മേരി ലീന, ബി. അജേഷ്, കയർ ഫെഡ് വൈസ് ചെയർമാൻ ആർ. സുരേഷ്, മുൻ കൗൺസിലർ കെ.ജെ പ്രവീൺ, വട്ടയാൽ സ്കൂൾ ഹെഡ്മിസ്ട്രസ് എലിസബത്ത് ജോസഫ്തുടങ്ങിയവർ സംസാരിച്ചു. ത്രിവേണി ബോയ്സ് ആർട്ട്സ് ആൻഡ് സ്പോർട്സ് ക്ലബ് പ്രസിഡന്റ് വി.കെ നാസറുദ്ദീൻ സ്വാഗതവും, സെക്രട്ടറി ഷെരീഫ് കുട്ടി നന്ദിയും പറഞ്ഞു. എസ് എസ് എൽ സി പരീക്ഷയിൽ നൂറ് ശതമാനം വിജയം കരസ്ഥമാക്കിയ വട്ടയാൽ സ്കൂളിനും, പ്രദേശത്ത് നിന്നും ഉയർന്ന മാർക്കോടെ എം ബി ബി എസ് കരസ്ഥമാക്കിയ വിദ്യാർത്ഥികളെയും ചടങ്ങിൽ ആദരിച്ചു.

സ്ഥാനാരോഹണം നാളെ

ആലപ്പുഴ : കരാറുകാർ, എൻജിനിയർമാർ, നിർമാണ മേഖലയുമായി ബന്ധപ്പട്ട മറ്റു പ്രൊഫഷണലുകൾ, കമ്പനികൾ എന്നിവരുടെ സംഘടനയായ ബിൽഡേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ (ബി എ ഐ) ആലപ്പുഴ സെന്ററിന്റെ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണം നാളെ നടക്കും. വൈകിട്ട് ഏഴിന് ആലപ്പുഴ പൽമിറ മിൽഫോർഡ് ഹോട്ടലിൽ കെ സി വേണുഗോപാൽ എം.പി പരിപാടി ഉദ്ഘാടനം ചെയ്യും. ബി.എ.ഐ ആലപ്പുഴ സെന്റർ ചെയർമാൻ ബിജോയ്സ് കെ എബ്രഹാം അധ്യക്ഷത വഹിക്കും. സ്ഥാനാരോഹണച്ചടങ്ങുകൾക്ക് ബി.എ.ഐ സംസ്ഥാന ചെയർമാൻ പി.എൻ സുരേഷ് നേതൃത്വം നൽകും. ഷൈൻ ജോസഫ് (ചെയർമാൻ), സുമേഷ് ചന്ദ്രദാസൻ (സെക്രട്ടറി), ദീപക് ദിനേശൻ (ട്രഷറർ), രാജേഷ് ചക്രപാണി (വൈസ് ചെയർമാൻ), പി ജി ഗോപിനാഥ് (ജോയിന്റ് സെക്രട്ടറി) തുടങ്ങിയവരാണ് പുതിയ ഭാരവാഹികളായി ചുമതലയേൽക്കുന്നത്. ചടങ്ങിൽ 2024-25 വർഷം ബി.എ.ഐ ആലപ്പുഴ സെന്റർ നടപ്പിലാക്കാൻ പോകുന്ന വിവിധ പദ്ധതികളുടെ പ്രഖ്യാപനവും നടക്കും. 18 സെന്ററുകളിൽ നിന്നുള്ള അംഗങ്ങൾ പങ്കെടുക്കും.

കെ.സിക്ക് സ്വീകരണം ഇന്ന് മുതൽ

ആലപ്പുഴ: ലോക്സഭാ മണ്ഡലത്തിൽ നിന്ന് വിജയിപ്പിച്ച വോട്ടർമാർക്ക് നന്ദി പ്രകാശിപ്പിച്ച് കൊണ്ടുള്ള കെ.സി.വേണുഗോപാൽ എംപിയുടെ നിയോജക മണ്ഡലം തലത്തിലുള്ള സ്വീകരണ പരിപാടികൾക്ക് ഇന്ന് തുടക്കം.മാരാരിക്കുളം ബ്ലോക്കിലാണ് ആദ്യ സ്വീകരണ പരിപാടി. രാവിലെ 7.30ന് പണിക്കർ ജംഗ്ഷനിൽ നിന്ന് ആരംഭിക്കുന്ന പര്യടനം എകെജി ജംഗ്ഷൻ,നേതാജി ജംഗ്ഷൻ,മണ്ണഞ്ചേരി ജംഗ്ഷൻ, പനയിൽ ജംഗ്ഷൻ,ചെട്ടികാട്,കാട്ടൂർ,പൊള്ളേത്തൈ,മാരാരിക്കുളം മാർക്കറ്റ്,കണിച്ചുക്കുളങ്ങര എന്നിവിടങ്ങളിൽ ഉച്ചയ്ക്ക് മുൻപായി സ്വീകരണം ഏറ്റുവാങ്ങും.തുടർന്ന് ആലപ്പുഴ നോർത്ത് ബ്ലോക്കിലെ പള്ളിമുക്ക്,തലവടി,കാളാത്ത് കിണർ,മിയാത്ത് ജംഗ്ഷൻ,പുന്നമട ജംഗ്ഷൻ,പാട്യം,ഐഎൻടിയുസി ജംഗ്ഷൻ,വടികാട്,പാലക്കുളം,തോപ്പുവെളി,കാളാത്ത്,പട്ടമുക്ക്,പൂന്തോപ്പ്,മാമൂട്,ആശ്രമം ജംഗ്ഷൻ,കൈചൂണ്ടി,തണ്ണീർമുക്കം റോഡ് വഴി അവലൂക്കുന്ന് കോളനി,അടിമ ജംഗ്ഷൻ,കാപ്പിൽമുക്ക്,ആലിൻചുവട്,തത്തംപള്ളി കുരിയച്ചൻ കുരിശടി,കോർത്തശ്ശേരി,കിടങ്ങംപറമ്പ്,വൈഎംസിഎ വഴി വഴിച്ചേരി മാർക്കറ്റ്,സോപ്പുകട,ചാത്തനാട് കോളനി,ഗാന്ധി ജംഗ്ഷൻ,ചാത്തനാട് ജംഗ്ഷൻ,ആറാട്ടുവഴി ജംഗ്ഷൻ,മൈഥിലി ജംഗ്ഷൻ,ബൈപ്പാസ് തിരിഞ്ഞ് സിക്ക് ജംഗ്ഷൻ,കൊമ്മാടി,തുമ്പോളി,മാളികമുക്ക്,കാഞ്ഞിരംചിറ,ചന്തക്കടവ് എന്നിവിടങ്ങളിൽസ്വീകരണം ഏറ്റുവാങ്ങിയശേഷം വൈദ്യർ ജംഗ്ഷനിൽ സമാപിക്കും.

ശുചിത്വ പരിപാലന രംഗത്തെ മികവിനുള്ള ആദരവ് എച്ച് സലാം എം.എൽ.എ നഗരസഭ ചെയർപേഴ്സൺ കെ.കെ. ജയമ്മയ്ക്ക് സമ്മാനിക്കുന്നു

മുസ്‌ലിം സമുദായം സർക്കാരിൽ നിന്നും അനർഹമായ എന്ത് ആനുകൂല്യങ്ങളാണ് കൈപ്പറ്റിയതെന്ന് വെളിപ്പെടുത്തണം

കായംകുളം: മുസ്‌ലിം സമുദായം സർക്കാരിൽ നിന്നും എന്ത് അനർഹമായ ആനുകൂല്യങ്ങളാണ് കൈപ്പറ്റിയതെന്ന് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറിയും സർക്കാരും വെളിപ്പെടുത്തണമെന്ന് കായംകുളം ജമാഅത്ത് കോർഡിനേഷൻ കമ്മിറ്റി ആവശ്യപ്പെട്ടു.കേരളത്തിലെ നിലവിലുള്ള സമുദായ സൗഹാർദ്ദം തകർക്കുന്ന തരത്തിലുള്ള പ്രസ്താവനകളാണ് യോഗം ജനറൽ സെക്രട്ടറി നടത്തിക്കൊണ്ടിരിക്കുന്നത്.

സമുദായത്തിലെ മഹാരഥന്മാർ നേതൃത്വം നൽകിയ കസേരയിൽ ഇരുന്നുകൊണ്ട് സമുദായങ്ങളെ തമ്മിൽ ഭിന്നിപ്പിക്കുന്ന പ്രസ്താവനകളിൽ നിന്നും പിന്മാറണമെന്നും യോഗം ആവശ്യപ്പെട്ടു. കോർഡിനേഷൻ കമ്മിറ്റി ചെയർമാൻ കെ. കെ. നൗഷാദ് അധ്യക്ഷത വഹിച്ചു. സമസ്ത മുശാവറ അംഗം എ.താഹ മൗലവി ഉദ്ഘാടനം ചെയ്തു.

കെ. ജലാലുദ്ദീൻ മൗലവി എം. മഹ്മൂദ് മുസ്‌ലിയാർ എ. എം. ബഷീർ മുസ്‌ലിയാർ കൺവീനർ എ .എം .കബീർ, സ്വാലിഹ് മൗലവി ലിയാക്കത്ത് പറമ്പി, അബ്ദുൽ ഷുക്കൂർ, താജ് പായിക്കാട്ട്, അബ്ദുൽ ഹക്കിം, അഷറഫ് വാഴപ്പള്ളി അൻസാരി കോയിക്കലേത്ത്, മുഹമ്മദ് കുഞ്ഞ്, അഷ്റഫ് കാവേരി, സവാദ്. ഇ. കാസിം പള്ളത്ത്, അബ്ദുൽ വാഹിദ്, റഷീദ് നമ്പലശേരിൽ ഹുസൈൻ പറങ്ങാംമൂട്ടിൽ എന്നിവർ പ്രസംഗിച്ചു.

വായന ദിനം ആചരിച്ചു

അരൂക്കുറ്റി:തേവർവട്ടം ഗവ.ഹയർ സെക്കന്ററി സ്കൂളിൽ വായന ദിനം ആചരിച്ചു.സ്കൂൾ ആഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വായനാദിനം പ്രിൻസിപ്പാൾ മനോജ് ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡന്റ് റ്റി.ദേവരാജൻ അധ്യക്ഷത വഹിച്ചു.എച്ച് എം ഇൻ ചാർജ് ഫൗസിയ ടീച്ചർ മുഖ്യ പ്രഭാഷണം നടത്തി.

പി എൻ പണിക്കർ അനുസ്മരണവും വായനയുടെ മഹത്വവും എന്ന വിഷയത്തിൽ സ്കൂൾ അധ്യാപകൻ എച്ച് ഹക്കീം പ്രഭാഷണവും വായനയുടെ കാലികപ്രസക്തിയും ലൈബ്രറികൾ പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും എന്ന വിഷയത്തിൽ സ്കൂൾ മലയാളം അധ്യാപകനായ ഷാഫി.എ. ബേക്കറും കുട്ടികൾക്ക് ക്ലാസ്സ് എടുത്തു. തുടർന്ന് കുട്ടികളുടെ വായനാ ദിന പ്രസംഗം, കവിതാലാപനം, നൃത്ത പരിപാടികൾ നാട്ടൻ പാട്ട്, വായന ദിന ക്വിസ് എന്നിവയും നടത്തി.

യുവാവിന്റെ കൊലപാതകം; വനിത സുഹൃത്ത് ഉൾപ്പെടെ മൂന്നുപേർ പിടിയിൽ

മാവേലിക്കര നഗരമധ്യത്തിൽ നടന്ന യുവാവിന്റെ മരണം കൊലപാതകം ആണെന്ന് തെളിഞ്ഞു. കൊലപാതകത്തിന് കൊട്ടേഷൻ നൽകിയ വനിതാ സുഹൃത്ത് ഉൾപ്പെടെ മൂന്നുപേർ പിടിയിൽ.

കൊല്ലപ്പെട്ട രാജേഷിന്റെ വനിതാ സുഹൃത്ത് പത്തനംതിട്ട, കുന്നന്താനം സ്വദേശി സ്മിത. കെ രാജ്, രാജേഷിന്റെ സുഹൃത്തുക്കളായ ചെന്നിത്തല കാരാഴ്മ മനാതിയിൽ ബിജു, ഇലവുംതിട്ട സനുഭവനത്തിൽ സുനു എന്നിവരെ മാവേലിക്കര പൊലീസ് അറസ്റ്റ് ചെയ്തത്.

വെള്ളപ്പൊക്ക മേഖലയിൽ വെളിച്ചം നൽകി സിഗ്നിഫൈ

കൊച്ചി: ഹിമാചൽ പ്രദേശിലെ വെള്ളപ്പൊക്ക മേഖലയിൽ സഹായഹസ്തവുമായി ലൈറ്റിങ് മേഖലയിലെ പ്രമുഖരായ സിഗ്നിഫൈ. സൈഞ്ച് താഴ് വരയിലെ 20 ഗ്രാമങ്ങളിൽ സിഗ്നിഫൈ വെളിച്ചമെത്തിച്ചു.

സോളാർ പാനലുകളുടെ സഹായത്തോടെയാണ് ഗ്രാമങ്ങളിൽ വെളിച്ചം നൽകിയത്. ഇആർഎ ഫൗണ്ടേഷൻ, ഹിമാലയ് ഉന്നതി മിഷൻ എന്നിവ സിഗ്നിഫൈക്ക് ഒപ്പം ചേർന്നു. തകർന്ന ഭൂമി, പൊളിഞ്ഞ റോഡുകൾ തുടങ്ങി നിരവധി പ്രതിസന്ധികൾ മറികടന്നാണ് സിഗ്നിഫൈ ദൗത്യം നിർവഹിച്ചത്. സന്നദ്ധപ്രവർത്തനത്തിന് പ്രോത്സാഹനം നൽകുന്ന വീഡിയോയും ഇതോടൊപ്പം സിഗ്നിഫൈ പുറത്തിറക്കി.

സ്മാർട്ട് ഹോം ഡേയ്സുമായി ആമസോൺ

കൊച്ചി: അലക്സയുമായി പൊരുത്തപ്പെടുന്ന സ്മാർട്ട് ഹോം ഉപകരണങ്ങൾക്ക് 70% വരെ കിഴിവ് പ്രഖ്യാപിച്ച് ആമസോൺ. അലക്സ സ്മാർട്ട് ഹോം ഡേയ്സ് എന്ന പേരിൽ 2024 ജൂൺ 15 മുതൽ ജൂൺ 21 വരെ ആമസോണിൽ നിന്ന് ഇളവുകളോടെ ഉപഭോക്താക്കൾക്ക് ഷോപ്പിംഗ് ചെയ്യാം.

അലക്സ എക്കോ സ്മാർട്ട് സ്പീക്കറുകൾ, അലക്സ സ്മാർട്ട് ഹോം കോംബോകൾ, ഫിലിപ്സ്, ഡൈസൻ, എംഐ, പാനസോണിക്, ക്യൂബോ, വിപ്രോ, ആറ്റംബർഗ്, സിപി പ്ലസ്, ടിപിലിങ്ക്, ഹോംമേറ്റ് തുടങ്ങിയ ബ്രാൻഡുകളിൽ നിന്നുള്ള 1200ലധികം അലക്സ അനുയോജ്യ സ്മാർട്ട് ഹോം ഉപകരണങ്ങൾക്ക് 60% വരെ കിഴിവ് ലഭിക്കും.15ന് പുലർച്ചെ 12 മുതൽ ഓഫറുകൾ ലഭ്യമാകും.

വനിതകൾക്ക് തൊഴിൽ പരിശീലനം

കൊച്ചി: ഇസാഫ് ഫൗണ്ടേഷൻ വനിതകൾക്കായി മൂന്ന് ദിവസത്തെ ഇക്കോ പ്രിന്റിങ് പരിശീലനം നൽകുന്നു.

ആലുവ ഗവ.ഹോസ്പിറ്റലിനു സമീപമുള്ള ഇസാഫ് ഫൗണ്ടേഷൻ പരിശീലന കേന്ദ്രത്തിൽ ഈ മാസം 27, 28, 29 തീയതികളിലാണ് ക്ലാസ് നടക്കുന്നത്.

കൂടുതൽ വിവരങ്ങൾക്ക്: 9495664227, 9846494981

ഫ്രെയർ എനർജിക്ക് പുതിയ ലോഗോ

കൊച്ചി: റൂഫ്ടോപ്പ് സോളാർ വ്യവസായത്തിലെ മുൻനിരക്കാരായ ഫ്രെയർ എനർജി, പത്താം വാർഷികാഘോഷങ്ങളോടനുബന്ധിച്ചുള്ള റീബ്രാൻഡിങിന്റെ ഭാഗമായി പുതിയ ലോഗോ അവതരിപ്പിച്ചു. പുതിയ ലോഗോയിലെ ഇൻഫിനിറ്റി ചിഹ്നം സൗരോർജത്തിന്റെ സാധ്യതകളെ പ്രതിനിധീകരിക്കുമ്പോൾ പച്ചയും നീലയും നിറങ്ങൾ കമ്പനിയുടെ സുസ്ഥിര ഭാവിയിലേക്കുള്ള പ്രതിബദ്ധതയെയും പരമ്പരാഗത ഊർജ സ്രോതസ്സുകളിൽ നിന്നുള്ള മോചനത്തെയും പ്രതിഫലിപ്പിക്കുന്നു. അതോടൊപ്പം കമ്പനിയുടെ ഒരു ദശാബ്ദത്തെ നേട്ടങ്ങളും 5,000ത്തിലധികം ഉപഭോക്താക്കളുടെ സംതൃപ്തിയും ലോഗോ സൂചിപ്പിക്കുന്നു.

വായനാദിനം

നെടുമ്പാശ്ശേരി : മുഴിക്കുളം സെൻറ് മേരീസ് യുപി സ്കൂളിൽ വായനാദിനം ആഘോഷിച്ചു. പ്രശസ്ത കവിയും സാഹിത്യകാരനുമായ സുരേഷ് ശ്രീകണ്ഠേശ്വരത്ത് മുഖ്യ അതിഥിയായിരുന്നു. കുട്ടികൾ തയ്യാറാക്കിയ കയ്യെഴുത്ത് മാസികയുടെ പ്രകാശനവും ലൈബ്രറിയുടെ ഉദ്ഘാടനവും നടന്നു. പിടിഎ പ്രസിഡണ്ട് കെ എ .മാർട്ടിൻ , ഹെഡ്മാസ്റ്റർ ഷാജു ജോസഫ് , സിസ്റ്റർ ലിൻഡ , ജീന ജോസ് , ഷിനോജ് മാത്യു , മാളവിക എസ് . സാന്ദ്ര സുരേഷ് എന്നിവർ പ്രസംഗിച്ചു.

മൂവാറ്റുപുഴ: നിർമല കോളേജ് എൻ എസ് എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വായനാദിനം ആചരിച്ചു. മൂവാറ്റുപുഴ ഗവ. മോഡൽ ഹൈസ്കൂളിലെ വിദ്യാർഥികൾക്ക് വായനാ ദിന ക്വിസ് മത്സരം സംഘടിപ്പിച്ചാണ് ദിനാചരണം വ്യത്യസ്തമാക്കിയത്. സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി സ്കൂൾ പ്രിൻസിപ്പൽ ഷമീന ബീഗം ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം ഓഫീസർമാരായ ഡോ.സംഗീത നായർ, ഡോ. പി ബി സനീഷ്, വോളണ്ടിയർ സെക്രട്ടറിമാരായ മേരി മോൾ ഡിനു, ഹിരൺ ജോയി എന്നിവർ പ്രസംഗിച്ചു.

എറണാകുളം വാർത്തകൾ

ഡിഎൽഎഫ് ഫ്ളാറ്റിലെ സാമ്പിളുകളിൽ കോളിഫോം ബാക്ടീരിയകളുടെ സാന്നിധ്യം

കൊച്ചി: കാക്കനാട് ഡി.എൽ.എഫ് ഫ്ളാറ്റ് സമുച്ചയങ്ങളിൽ 550ലേറെപ്പേർക്ക് വയറിളക്കരോഗബാധയുണ്ടായ സംഭവത്തെ തുടർന്ന് ആരോഗ്യ വകുപ്പ് പരിശോധനക്ക് അയച്ച സമ്പിളുകളിൽ ഫലം ലഭിച്ച മൂന്ന് സാമ്പിളുകളിൽ കോളിഫോം ബാക്ടീരിയകളുടെ സാനിധ്യം സ്ഥിരീകരിച്ചു.

ഫ്ളാറ്റിലെ വിവിധ കുടിവെള്ള സ്രോതസുകളായ ഓവർഹെഡ് ടാങ്കുകൾ, ബോർവെല്ലുകൾ, ഡൊമെസ്റ്റിക്ക് ടാപ്പുകൾ, കിണറുകൾ, ടാങ്കർ ലോറികളിൽ സപ്ലൈ ചെയ്യുന്ന വെള്ളം എന്നിവയിൽ നിന്നായി ഇതുവരെ 46 സാമ്പിളുകളാണ് പരിശോധനക്ക് അയച്ചിട്ടുള്ളത്.

ഇവയിൽ 19 സാമ്പിളുകളിലെ പ്രാഥമിക റിപ്പോർട്ട് ലഭിച്ചതിൽ പലതിലും ബാക്ടീരിയുടെ സാനിധ്യം കണ്ടെത്തിയിട്ടുണ്ട്. ഇത് സൂചിപ്പിക്കുന്നത് വെള്ളത്തിന്റെ ഗുണനിലവാരം മോശമെന്നാണെന്നും, വിശദമായ പരിശോധനാ റിപ്പോർട്ട് ലഭ്യമാകാനുണ്ടെന്നും ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞു.

ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ ഇവിടെ സൂപ്പർ ക്ലോറിനേഷൻ നടത്തുന്നുണ്ട്. ഇന്ന് മുതൽ ആരോഗ്യ വകുപ്പ് വിവിധ ഫ്ളാറ്റുകളിൽ ഉപയോഗിക്കുന്ന വെള്ളത്തിന്റെ നിശ്ചിത സാമ്പിളുകൾ രണ്ട് നേരം പരിശോധിച്ച് ക്ലോറിന്റെ അളവ് വിലയിരുത്തുമെന്നും മന്ത്രി അറിയിച്ചു. ഡി.എൽ.എഫ് ഫ്ളാറ്റിൽ വയറിളക്ക രോഗബാധയെ തുടർന്ന് കേരള പൊതുജനാരോഗ്യ നിയമം 2023, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ എന്നിവയിലെ വിവിധ വകുപ്പുകൾ പ്രകാരം കാക്കനാട് പൊതുജനാരോഗ്യ അധികാരിയായ മെഡിക്കൽ ഓഫീസർ ഫ്ളാറ്റ് അസോസിയേഷന് നോട്ടീസ് നൽകി. 4095 നിവാസികളാണ് 15 ടവറുകളിലായി പ്രസ്തുത ഫ്ളാറ്റിൽ താമസിക്കുന്നത്. നിലവിൽ പകർച്ചവ്യാധിക്കിടയാക്കിയ കുടിവെള്ള വിതരണം പൂർണമായും ഒഴിവാക്കി അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ശാസ്ത്രീയവും ആരോഗ്യകരവുമായ ശുദ്ധജല സംവിധാനം അടിയന്തിരമായി ഏർപ്പെടുത്തുന്നതിനും, കൃത്യമായ കാലയളവിൽ സൂപ്പർ ക്ലോറിനേഷൻ, അംഗീകൃത സർക്കാർ ലാബിൽ നിന്നുമുള്ള പരിശോധനകൾ എന്നിവ നടത്തി രേഖകൾ സൂക്ഷിക്കുവാനും നോട്ടീസിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുവരെ ഫ്ളാറ്റിലെ 492 പേർക്ക് രോഗലക്ഷണങ്ങൾ ഉണ്ടായതായി സർവേ വഴി കണ്ടെത്തിയിട്ടുണ്ട്. ചികിത്സയിലുള്ള രണ്ടു പേരിൽ നിന്ന് 2 സാമ്പിളുകൾ റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിലേക്കും, എൻഐവി ആലപ്പുഴ യൂണിറ്റിലേക്കും പരിശോധനക്കയച്ചിട്ടുണ്ട്.

3 കുടിവെള്ള സാമ്പിളുകൾ കൂടി ബാക്ടീരിയോളജിക്കൽ അനാലിസിസിന് വേണ്ടി ഇന്നലെ പരിശോധനയ്ക്കെടുത്തു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ സക്കീന കെ സ്ഥലം സന്ദർശിച്ച് അവലോകന യോഗം നടത്തി അടിയന്തിര നടപടികൾക്കുള്ള നിർദേശങ്ങൾ നൽകി.

ആശുപത്രി കാന്റീനിൽ ഭക്ഷ്യവിഷബാധ

കൊച്ചി: മഞ്ഞുമ്മൽ സെന്റ് ജോസഫ് ആശുപത്രി കാന്റീനിൽ ഭക്ഷ്യവിഷബാധ. ഡോക്ടർമാർ, നഴ്സിങ് വിദ്യാർഥികൾ എന്നിവർക്കുൾപ്പടെയാണ് ഭക്ഷ്യവിഷബാധയുണ്ടായത്. ആശുപത്രി കാന്റീൻ നഗരസഭ ആരോഗ്യവിഭാഗം അടച്ചുപൂട്ടി. ആരോഗ്യ വിഭാഗം നടത്തിയ പരിശോധനയിൽ കാന്റീന് ലൈസൻസില്ലെന്ന് കണ്ടെത്തി.

കാന്റീനിൽ നിന്ന് ചൊവ്വാഴ്ച ഭക്ഷണം കഴിച്ചവർക്കാണ് കൂടുതലായും ഭക്ഷ്യവിഷബാധയേറ്റത്. അസുഖബാധിതനായ ഒരാൾ പൊലീസിൽ പരാതി നൽകിയിരുന്നു. തുടർന്ന് പൊലീസാണ് നഗരസഭയെ കാര്യങ്ങൾ അറിയിച്ചത്. നിലവിൽ ആറ് പേർക്കാണ് ഭക്ഷ്യ വിഷബാധയേറ്റത്. ഇവർ മറ്റൊരു സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്.

നിർമ്മാണ പ്രവർത്തനം നടക്കുന്ന എറണാകുളം മുല്ലശ്ശേരി കനാൽ റോഡിൽ പുതിയതായി പണിത സ്ളാബ് തകർന്നു കനാലിലേക്ക് താഴ്ന്ന ലോറി.

മീൻ കിട്ടാനില്ല

പഴകിയ മത്സ്യം വിൽക്കുന്നതായി പരാതി

കൊച്ചി: ട്രോളിങ് നിരോധനത്തിന് പിന്നാലെ ജില്ലയിൽ നല്ല മത്സ്യത്തിന് ക്ഷാമം. ഇതിന്റെ മറവിൽ പഴകിയ മത്സ്യങ്ങൾ വിൽപനക്കെത്തിക്കുന്നതായും പരാതി ഉയരുന്നുണ്ട്. ഒരുവർഷം 9.25 ലക്ഷം ടൺ വേണ്ട സംസ്ഥാനത്ത് ആകെ പിടിക്കുന്നത് ആറ് ലക്ഷം ടൺ മാത്രമാണ്.

ബാക്കിയുള്ളവ മറ്റ് സംസ്ഥാനങ്ങളിൽ നിന്നടക്കം പരിശോധനകളില്ലാതെ ജില്ലയിലേക്കടക്കം എത്തുന്നവയാണ്. നിലവിൽ ചെക്ക് പോസ്റ്റുകൾ കടന്ന് വരുന്ന മത്സ്യ ലോഡുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. ഫോർമാലിൻ പോലുള്ള രാസവസ്തുക്കൾ ചേർത്ത് എത്തുന്നവയാണ് ഇവയിൽ ഭൂരിഭാഗവും. തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മീനുകൾ ദിവസങ്ങളോളം ഫ്രീസറിൽ വച്ച് വിൽപന നടത്തുന്നതാണ് രീതി.

കഴിഞ്ഞ ദിവസം ജില്ലയിൽ പഴകിയ മീൻ കഴിച്ച പിറവം, ഫോർട്ട്കൊച്ചി സ്വദേശികൾ ആശുപത്രിയിൽ ചികിത്സ തേടിയിരുന്നു. നിലവിൽ മത്തി കർണാടകയിലെ രത്നഗിരി, കിളി മീൻ ആന്ധ്രാപ്രദേശ്, തിലാപ്പിയ ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ് എത്തുന്നത്. മീനിലെ രാസസാനിധ്യം കണ്ടെത്താൻ ആറുവർഷം മുമ്പ് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഫിഷറീസ് ടെക്നോളജി (സിഫ്റ്റ്) വികസിപ്പിച്ച പരിശോധനാ കിറ്റ് ഹാർബറുകളിലടക്കം ലഭ്യമാണെങ്കിലും പരിശോധന നടത്താൻ ആരും കൂട്ടാക്കുന്നില്ല. കച്ചവട താൽപര്യം മുനിറുത്തിയാണ് പലരും പരിശോധനക്ക് തയാറാകാത്തത്. സിഫ്റ്റ് 2018ൽ ആണ് ടെസ്റ്റ് കിറ്റ് വികസിപ്പിച്ചെടുത്തത്. എളുപ്പത്തിൽ ഉപയോഗിക്കാവുന്ന കിറ്റിന്റെ പേറ്റന്റ് മുംബൈ കമ്പനിയാണ് സ്വന്തമാക്കിയത്. 342 രൂപ വിലയുള്ള ഒരു കിറ്റിൽ നിന്ന് 25 തവണ പരിശോധന നടത്താം.

ഡീപോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന തൊഴിൽമേള അസിസ്റ്റന്റ് കലക്റ്റർ അഞ്ജിത് സിംഗ ഉദ്ഘാടനം ചെയ്യുന്നു.

ഡി പോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒസാകാ തൊഴിൽമേള

അങ്കമാലി : ഡി പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ കേരള നോളഡ്ജ് ഇക്കോണമി മിഷനും ഒസാകാ എടു കെയറും സംയുക്തമായി നടത്തിയ ഉദ്യോഗ് 2024 തൊഴിൽമേള ഡിസ്റ് കോളേജ് ക്യാമ്പസിൽ നടന്നു. 97 പ്രമുഖ കമ്പനികൾ പങ്കാളികളായി .എറണാകുളം അസിസ്റ്റന്റ് കളക്ടർ അഞ്ജിത് സിംഗ് ഉദ്ഘാടനം നടത്തി .ഡി പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി പ്രിൻസിപ്പൽ റവ.ഫാ ഡോ.ജോണി ചാക്കോ മംഗലത്ത് അധ്യക്ഷത വഹിച്ചു. ഒസാക ഗ്രൂപ്പ് ഡയറക്ടർ ഡോ.ബിസ്സി ബോസ്സ്, കേരള നോലെഡ്ജ് ഇക്കോണമി മിഷൻ ഡിസ്ട്രിക്ട് ചാർജ്, ടാലന്റ് ക്യൂറേഷൻ എക്സിക്യൂട്ടീവ്, മുഹമ്മദ് സാദിഖ്, ഉദ്യോഗ് 2024 കോഡിനേറ്റർ ശ്രീ ബാല പി വിജയരാഘവൻ, അസിസ്റ്റന്റ് കോഡിനേറ്റർ ശ്രീ ആൻസി ആന്റണി എന്നിവർ പ്രസംഗിച്ചു. ഇരുനൂറിലധികം തസ്തികകളിലേക്കുള്ള ആയിരത്തോളം അവസരങ്ങളാണ് തൊഴിൽ മേളയിൽ ഉദ്യോഗാർത്ഥികൾക്ക് ലഭിച്ചത്. ഐടി , ഐ ടി ഇസ്, അനിമേഷൻ, മൾട്ടീമീഡിയ, അക്കൗണ്ടിംഗ്, മാനേജ്മന്റ്, സോഷ്യൽ വർക്ക്, ജേർണലിസം എന്നിങ്ങനെ എല്ലാ വിഭാഗങ്ങളിൽ നിന്നുള്ള കമ്പനികൾ മേളയുടെ ഭാഗമായി.

കവർച്ച നടത്തിയ യുവാവ് പിടിയിൽ

അബിൻ ടോമി

പെരുമ്പാവൂർ : വീട്ടിൽക്കയറി കവർച്ച നടത്തിയ കേസിൽ ഒരാൾ പൊലീസിന്റെ പിടിയിലായി. നെല്ലിക്കുഴി ചിറപ്പടി പുത്തൻ പുരയ്ക്കൽ വീട്ടിൽ അബിൻ ടോമി (24) യെയാണ് പെരുമ്പാവൂർ പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ 18ന് പുലർച്ചെ മൂന്നരയോടെ ഒന്നാംമൈലിലാണ് സംഭവം. അടുക്കള വാതിലിന്റെ കുറ്റി തുറന്ന് അകത്ത് മോഷണം നടത്തവേ ഉണർന്ന് ബഹളം വച്ച വീട്ടമ്മയുടെ വായ് പൊത്തി പിടിച്ച് മുറിയിൽ ഉണ്ടായിരുന്ന 3200 രൂപ കവർച്ച നടത്തി പ്രതികടന്ന് കളഞ്ഞു. സംഭവത്തിനുശേഷം ഒളിവിൽ പോയ പ്രതിയെ പോലീസ് നെല്ലിക്കുഴിയിൽ ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലത്ത്നിന്നും സാഹസികമായാണ് പിടികൂടിയത്. കുറുപ്പുംപടി, കോതമംഗലം പോലീസ് സ്റ്റേഷനുകളിൽ അടിപിടി കേസും പെരുമ്പാവൂർ കോടനാട് പോലീസ് സ്റ്റേഷനുകളിൽ മോഷണക്കേസുകളും 2023 ൽ പെരുമ്പാവൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ സംഘം ചേർന്ന് ഒരാളെ കത്തി കാണിച്ച് ഭീഷണിപ്പെടുത്തി ഒരു ലക്ഷം രൂപയും ഇന്നോവ കാറും കവർന്ന കേസും നിലവിലുണ്ട്. എ.എസ്.പി മോഹിത് രാവത്ത്, ഇൻസ്പെക്ടർ എം. കെ രാജേഷ്, സബ് ഇൻസ്പെക്ടർ റെജി മോൻ , എ എസ് ഐ പി.എ അബ്ദുൽ മനാഫ് സീനിയർ സി പി ഒ മാരായ ടി. എ അഫ്സൽ, എ.ടി ജിൻസ്, കെ എ അഭിലാഷ് എന്നിവരാണ് അന്വേഷണ സംഘത്തിലുള്ളത്.

എംജി സർവകലാശാല സാഹിത്യോത്സവം ഇന്ന് മുതൽ

കൊച്ചി: എംജി സർവകലാശാല സാഹിത്യോത്സവം ഇന്ന് ആരംഭിക്കും. എംജി സർവകലാശാല സ്റ്റുഡന്റ്സ് യൂണിയന്റെ നേതൃത്വത്തിൽ 21 മുതൽ 23 വരെ എറണാകുളം മഹാരാജാസ് കോളജിലെയും ലോ കോളജിലെയും നാല് വേദികളിലായാണ് പരിപാടി നടക്കുന്നതെന്ന് സംഘാടകർ അറിയിച്ചു.

സർവകലാശാലയുടെ ചരിത്രത്തിൽ ആദ്യമായി സംഘടിപ്പിക്കുന്ന സാഹിത്യോത്സവത്തിൽ കേരളത്തിന് അകത്തും പുറത്തുമുള്ള എഴുത്തുകാരും കലാകാരന്മാരും അഭിനേതാക്കളും മാധ്യമപ്രവർത്തകരും രാഷ്ട്രീയനേതാക്കളും ഉൾപ്പെടെ ഇരുന്നൂറോളം പേർ പങ്കെടുക്കും.ഇന്ന് വൈകിട്ട് 6ന് പ്രൊഫ.എം.കെ സാനുവും പ്രൊഫ. എം.ലീലാവതിയും ചേർന്ന് ഉദ്ഘാടനം നിർവഹിക്കും.

കാൻ ചലച്ചിത്ര മേളയിലെ ഗ്രാന്റ്പ്രീ പുരസ്ക്കാര ജേതാവ് ദിവ്യ പ്രഭ മുഖ്യാതിഥിയാകും. എൻ.എസ് മാധവൻ, രാജീവ് രവി, ബെന്യാമിൻ, സുഭാഷ് ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, ഇ സന്തോഷ്കുമാർ, വി.ജെ ജെയിംസ്, ഉണ്ണി ആർ, മഹേഷ് നാരായണൻ, പാർവതി തിരുവോത്ത്, റോഷൻ മാത്യു, ദർശന രാജേന്ദ്രൻ, അഖിൽ പി ധർമജൻ, നിമ്മ വിജയ് തുടങ്ങിയവർ വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിക്കും. ഇന്ന് ഉച്ചക്ക് 1.30 മുതൽ വിവിധ വേദികളിൽ ചർച്ചകൾ നടക്കും. സമാപന സമ്മേളനം 23ന് വൈകിട്ട് 6ന് എൻ.എസ് മാധവൻ ഉദ്ഘാടനം ചെയ്യും.

ചേന്ദമംഗലം പഞ്ചായത്തിലെ അഞ്ചാം വാർഡിലെ 68-ാം നമ്പർ അങ്കൻവാടി കെട്ടിടം പ്രതിപക്ഷ നേതാവ് അഡ്വ. വി.ഡി.സതീശൻ ഉദ്ഘാടനം ചെയ്യുന്നു

അങ്കൻവാടി കെട്ടിടം ഉദ്ഘാടനം

പറവൂർ: ചേന്ദമംഗലം പഞ്ചായത്തിലെ അഞ്ചാം വാർഡിലെ 68ാം നമ്പർ അങ്കൻവാടി കെട്ടിടം പ്രതിപക്ഷ നേതാവ് അഡ്വ. വി.ഡി.സതീശൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് മെമ്പർ എ.എസ്. അനിൽകുമാർ, ബ്ളോക്ക് പഞ്ചായത്ത് മെമ്പർ മണി ടീച്ചർ, വൈസ് പ്രസിഡണ്ട് ശ്രീജിത്ത് വാർഡ് മെമ്പർ ശീദേവി സുരേഷ്, ദിവ്യ ഉണ്ണികൃഷ്ണൻ, ഷൈബി തോമസ്, സിന്ധു മുരളി, വിപിൻ, റീജ ഡേവിസ്, സി.ഡി.പി.ഒ മിനി ഐ സി.ഡി.എസ് ആഫീസർ അംബിക, അങ്കൺ വാഡി ടീച്ചർ ഷിജി, പൊതുമാരാമത്ത് വകുപ്പ് കെട്ടിടവിഭാഗം അസിസ്റ്റൻറ് എഞ്ചിനീയർ ഇൻ ചാർജ്ജ് പ്രിൻസ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. എം.എൽ.എ യുടെ ആസ്തിവികസന സ്കീമിൽ 20.00 ലക്ഷം രൂപ ചിലവഴിച്ചാണ് നിർമ്മിച്ചത്.

പച്ചക്കറിവിത്ത് വിതരണം

കാലടി: മലയാറ്റൂർ പഞ്ചായത്തിന്റെ 202324 വാർഷിക പദ്ധതിയിൽപ്പെടുത്തി വനിതകൾക്ക് സംയോജിത പച്ചക്കറി വിത്ത് വിതരണം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് വിൻസൻ കോയിക്കര വിതണോദ്ഘാടനം നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് ലൈജി ബിജു അദ്ധ്യക്ഷത വഹിച്ചു. സ്റ്റാന്റിംഗ് കമ്മിറ്റിയദ്ധ്യക്ഷരായ സെലിൻ പോൾ, ഷിൽബി ആന്റണി, അംഗം ജോയ്സൺ ഞാളിയൻ, കൃഷി ഓഫീസർ പോൾസൺ തോമസ്,കൃഷി അസിസ്റ്റന്റ് ബിനോയ് എന്നിവർ സംസാരിച്ചു.

പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് സ്ക്കൂൾ ലൈബ്രറികൾക്കും വായനശാലകൾക്കും ബുക്ക് ഷെൽഫ് നൽകുന്നതിന്റെ വിതരണ ഉദ്ഘാടനം പ്രസിഡന്റ് ടി വി പ്രദീഷ് നടത്തുന്നു.

ബുക്ക് ഷെൽഫുകൾ നൽകി

നെടുമ്പാശേരി: പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് വായന ദിനത്തിന്റെ ഭാഗമായി സർക്കാർ സ്കൂൾ ലൈബ്രറികൾക്കും, വായനശാലകൾക്കും ബുക്ക് ഷെൽഫുകൾ നൽകി. ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങിൽ പ്രസിഡന്റ് ടി വി പ്രദീഷ് ബുക്ക് ഷെൽഫുകളുടെ വിതരണോദ്ഘാടനം നടത്തി. വൈസ് പ്രസിഡന്റ് താരസജീവ് അധ്യക്ഷയായിരുന്നു. സ്ഥിരം സമിതി അധ്യക്ഷരായ അഡ്വ. ഷെബീർ അലി, ആനി കുഞ്ഞുമോൻ, ദിലീപ് പ്രശ്ശേരി, വി ടി സലീഷ് അമ്പിളി ഗോപി, സി കെ കാസിം, അമ്പിളിഅശോകൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കെ കെ രാജപ്പൻ എന്നിവർ സംസാരിച്ചു. വായനശാല ഭാരവാഹികളും അധ്യാപകരും ചടങ്ങിൽ പങ്കെടുത്തു.

സൗരോർജ്ജ വിളക്കുകൾ; ധാരണാ പത്രത്തിൽ ഒപ്പുവെച്ചു

കളമശ്ശേരി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് എൻജിനീയറിങ് ക്യാമ്പസിൽ സൗരോർജ്ജ വൈദ്യുത വിളക്കുകൾ സ്ഥാപിക്കുന്നതിന് സി. എസ്. ആർ ഫണ്ട് കൈമാറുന്ന ധാരണാ പത്രത്തിൽ കുസാറ്റിലെ ഇന്ത്യൻ ഗ്രീൻ ബിൽഡിംഗ് കൗൺസിലും (ഐ.ജി. ബി.സി) കൊച്ചിൻ ഷിപ്പ് യാർഡും ഒപ്പുവച്ചു. കുസാറ്റ് രജിസ്ട്രാർ ഡോ. വി ശിവാനന്ദൻ ആചാരി ഒപ്പുവച്ച കരാർ ഐ. ജി.ബി.സി സെക്രട്ടറി ബേസിൽ കെ.യു, മാനേജർ നസ്രിൻ ഖാൻ എന്നിവർ ചേർന്ന് ഷിപ്പുയർഡിന് കൈമാറി. ചടങ്ങിൽ ഷിപ്പിയാഡിൽ നിന്നും സി.എസ്.ആർ ഹെഡ് സമ്പത്ത് കുമാർ പി.എൻ, മാനേജർമാരായ ശശീന്ദ്രദാസ് പി.എസ്, യൂസഫ് എ.കെ എന്നിവർ പങ്കെടുത്തു. കരാപ്രകാരം കുസാറ്റ് സ്കൂൾ ഓഫ് എൻജിനീയറിങ് ക്യാമ്പസിൽ നിരവധി സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കും. ഇതോടെ വൈദ്യുതി ഇനത്തിൽ കുസാറ്റിന് ഗണ്യമായ ലാഭവും ഉണ്ടാകും.

പ്രീമിയം ഗ്ലാസ് ഡോർ റഫ്രിജറേറ്ററുമായി ഹയർ

കൊച്ചി: ഹയർ അപ്ലയൻസസ് ഇന്ത്യ, ഫീനിക്സ് എന്ന പ്രീമിയം ഗ്ലാസ് ഡോർ റഫ്രിജറേറ്ററുകളുടെ സീരീസ് പുറത്തിറക്കി. ഡയറക്ട് കൂൾ ഗ്ലാസ് ഡോർ റഫ്രിജറേറ്ററുകളുടെ വിശാലമായ ശ്രേണി വാഗ്ദാനം ചെയ്യുന്ന പുതിയ സീരീസിന്റെ വില 21000 രൂപ മുതൽ ആരംഭിക്കുന്നു. 180, 190 ലിറ്റർ മോഡലുകളിൽ എല്ലാ പ്രമുഖ റീട്ടെയിൽ സ്റ്റോറുകളിലും ലഭ്യമാകും. ഗ്ലാസ് ഷെൽഫുകൾ, ബേസ് ഡ്രോയർ, ഡയമണ്ട് എഡ്ജ് ഫ്രീസിങ് ടെക്നോളജി, സ്റ്റെബിലൈസർഫ്രീ ഓപ്പറേഷൻ, ആന്റി ബാക്ടീരിയൽ ഗാസ്കട്ട്, ഊർജ ക്ഷമത എന്നിങ്ങനെ ആധുനിക സൗകര്യങ്ങളോടെ വരുന്ന പുതിയ ഫീനിക്സ് സീരീസിൽ രണ്ട് മോഡലുകൾക്കും 10 വർഷത്തെ കംപ്രസർ വാറന്റിയും കമ്പനി വാഗ്ദാനം ചെയ്യുന്നു.

വാർഷികം

നെടുമ്പാശേരി: എയർ പോർട്ട് ടാക്സി ഡ്രൈവേഴ്സ് വെൽഫെയർ ട്രസ്റ്റിന്റെ ഏഴാമത് വാർഷിക പൊതുയോഗം ചേർന്നു. നെടുമ്പാശേരി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശോഭ ഭരതൻ യോഗം ഉദ്ഘാടനം ചെയ്തു. സംഘടനാ പ്രസിഡന്റ് പി എ എബി അധ്യക്ഷനായി.സെക്രട്ടറി ജിൻസൊ ഫ്രാൻസീസ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ പി എ ഡേവിസ് വരവ് ചിലവ് കണക്കുകൾ അവതരിപ്പിച്ചു.

അജിത് ജോയ് , റെന്നി കെ ഏല്യാസ്, വിനോദ് കുമാർ, വി ജെ ഡെന്നി എന്നിവർ സംസാരിച്ചു.

എൽ.ഡി.എഫ് സമരം അപഹാസ്യം; കാലടി പഞ്ചായത്ത് ഭരണസമിതി

കാലടി: പഞ്ചായത്ത് ഓഫീസിലേക്ക് എൽഡിഎഫിന്റെ നേതൃത്വത്തിൽ കഴിഞ്ഞദിവസം നടത്തിയ സമരം അപഹാസ്യവും ഉയർത്തിയ ആവശ്യങ്ങൾ വസ്തുതകൾക്ക് നിരക്കാത്തതാ ണെന്നും പ്രസിഡന്റ് ഷൈജൻ

കൊലപാതകശ്രമം: യുവാവ് അറസ്റ്റിൽ

ശ്രീജേഷ്

ഏറ്റുമാനൂർ : യുവാവിനെ വീടുകയറി ആക്രമിച്ചു കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ ഒരാളെ പോലീസ് അറസ്റ്റ് ചെയ്തു. ഏറ്റുമാനൂർ പേരൂർ ഇടിവെട്ട് കാരക്കാട്ട് വീട്ടിൽ ശ്രീജേഷിനെയാണ് (34) ഏറ്റുമാനൂർ പോലീസ് അറസ്റ്റ് ചെയ്തത്.ഇയാളും, സുഹൃത്തും ബുധനാഴ്ച രാത്രി 8:30 മണിയോടുകൂടി പേരൂർ സ്വദേശിയായ യുവാവിന്റെ വീട്ടിൽ അതിക്രമിച്ചുകയറി യുവാവിനെ ചീത്ത വിളിച്ച് മർദ്ദിക്കുകയും, കയ്യിൽ കരുതിയിരുന്ന വടിവാൾ കൊണ്ട് ആക്രമിക്കുകയുമായിരുന്നു. തടയാൻ ശ്രമിച്ച യുവാവിന്റെ സുഹൃത്തിനെയും ഇവർ ആക്രമിച്ചു. യുവാവ് ശ്രീജേഷിന്റെ സുഹൃത്തിന്റെ കയ്യിൽ നിന്ന് പണം കടം വാങ്ങിയത്തിരികെ കൊടുക്കാത്തതിലുള്ള വിരോധം മൂലമാണ് ഇവർ യുവാവിനെ വീടുകയറി ആക്രമിച്ചത്. തുടർന്ന് ഇവർ സംഭവസ്ഥലത്തുനിന്ന് കടന്നു.
പരാതിയെ തുടർന്ന് ഏറ്റുമാനൂർ പോലീസ് നടത്തിയ ശക്തമായ തിരച്ചിലിനൊടുവിൽ ശ്രീജേഷിനെ പിടികൂടുകയുമായിരുന്നു. കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.മറ്റു പ്രതിക്കായി തിരച്ചിൽ ശക്തമാക്കി.

പരിശീലക നിയമനം

കോട്ടയം: സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ കനോയിങ് ആൻഡ് കയാക്കിങ്, റോവിങ്ങ്, ഫുട്ബോൾ, ഹോക്കി, ബാസ്കറ്റ് ബോൾ, ആർച്ചറി, വോളിബോൾ എന്നീ കായിക ഇനങ്ങളിൽ ഒഴിവുള്ള പരിശീലക തസ്തികയിലേക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട കായിക ഇനത്തിൽ എൻ.ഐ.എസ് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അസൽ സർട്ടിഫിക്കറ്റുകൾ സഹിതംജൂൺ 26ന് രാവിലെ 10 മണിക്ക് സംസ്ഥാന സ്പോർട്സ്കൗൺസിലിൽനടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാം. 04712331546

കോട്ടയം വാർത്തകൾ

സാമുവേൽ മോർ തിയൊഫിലൊസിന്റെ സ്ഥാനാരോഹണ ചടങ്ങുകൾ നാളെ

തിരുവല്ല:ബിലീവേഴ്സ് ഈസ്റ്റേൺ സഭയുടെ അധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ട ഒ.എ.സാമുവേൽ മോർ തിയൊഫിലൊസ് എപ്പിസ്കോപ്പയുടെ സ്ഥാനാരോഹണ ചടങ്ങുകൾ നാളെ രാവിലെ 8 മണിക്ക് സഭാ ആസ്ഥാനത്തെ സെന്റ് തോമസ് ബിലീവേഴ്സ് ഈസ്റ്റേൺ ചർച് കത്രീഡലിൽ വച്ച് നടക്കും.
കുർബാന മദ്ധ്യേയാണ് സ്ഥാനാരോഹണ ശ്രുശ്രുഷകൾ നടക്കുക. സഭയിലെ മുതിർന്ന എപ്പിസ്കൊപ്പായും ഡൽഹി അതിഭദ്രാസന അധിപനുമായ ജോൺ മോർ ഐറേനിയസ് മുഖ്യ കാർമികനായിരിക്കും. സഭയിലെ മറ്റു എപ്പിസ്കോപ്പാമാർ സഹ കാർമ്മീകരാകും.
സഭയുടെ അനുമോദന സമ്മേളനം 11:30 നു മാർ അത്തനേഷ്യസ് യോഹാൻ മെമ്മോറിയൽ കൺവൻഷൻ സെന്ററിൽ നടക്കും. മലങ്കര മാർത്തോമാ സുറിയാനി സഭാ അധ്യക്ഷൻ തിയോഡോഷ്യസ് മാർത്തോമാ മെത്രാപോലിത്ത അനുമോദന സമ്മേളനം ഉദ്ഘാടനം ചെയ്യും. മന്ത്രി സജി ചെറിയാൻ, രമേശ് ചെന്നിത്തല, മാത്യു ടി തോമസ്, സഹോദര സഭകളിലെ തിരുമേനിമാർ, രാഷ്ട്രീയ, മത, സാമൂഹിക രംഗങ്ങളിലെ പ്രമുഖർ തുടങ്ങിയവർ പങ്കെടുക്കും
ബിലീവേഴ്സ് ഈസ്റ്റേൺ സഭാ പരമാധ്യക്ഷൻ മോർ അത്തനേഷ്യസ് യോഹാൻ പ്രഥമൻ മെത്രാപോലിത്ത കാലം ചെയ്തതിനു ശേഷം ജൂൺ 17 നു ചേർന്ന പരിശുദ്ധ സൂനഹദോസ് ആണ് ഒ.ഏ. സാമുവേൽ മോർ തിയൊഫിലൊസ് എപ്പിസ്കോപ്പയെ സഭയുടെ പുതിയ മെത്രാപോലിത്ത ആയി തിരഞ്ഞെടുത്തത്

ഈദ് സൗഹൃദ സംഗമം

ഈരാറ്റുപേട്ട: ഗൈഡൻസ്,തണൽ സ്ഥാപനങ്ങളിലെ സ്റ്റാഫ് അംഗങ്ങളെ പങ്കെടുപ്പിച്ച് കൊണ്ട് ഈദ് സൗഹൃദ സംഗമം സംഘടിപ്പിച്ചു. ദാറുൽ ഖുർആൻ ഓഡിറ്റോറിയത്തിൽ നടന്ന പ്രോഗ്രാമിൽ സ്കൂൾ മാനേജർ പി.എ ഹാഷിം അദ്ധ്യക്ഷത വഹിച്ചു. ഗൈഡൻസ് പബ്ലിക് സ്കൂൾ പ്രിൻസിപ്പൾ പി.എസ് മുഹമ്മദ് ഷെഫീഖ് സംഗമം ഉദ്ഘാടനം ചെയ്തു. മഹേഷ് സി.ടി, വി.എ.നജീബ്, കെ.എ.അൻസാരി,പി.ഇ ഇർഷാദ്,പി.എ അബ്ദുൽ ഖാദർ, അബ്ദുൽ റഹ്മാൻ മൗലവി,ആസ്മി സെയ്തു മുഹമ്മദ് ,അശ്വതി,മിഥുൻ,ജിൻസൺ,ജാസ്മിൻ,ഷിജിന, ഷാഹിന,ഹാജാ ഖാൻ എന്നിവർ പ്രസംഗിച്ചു.കെ.പി. ഷെഫീഖ് സ്വാഗതവും റഫീഖ് നന്ദിയും പറഞ്ഞു.

പി.എസ്.സി അഭിമുഖം

കോട്ടയം: ജില്ലയിൽ ആരോഗ്യ വകുപ്പിൽ ലാബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് കക (കാറ്റഗറി നമ്പർ 714/2022) തസ്തികയിലേക്ക് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖം പി.എസ്.സിയുടെ കോട്ടയം ജില്ലാ ഓഫീസിൽ ജൂൺ 26,27,28 തീയതികളിൽ നടക്കും .
ഇത് സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് ഒ.ടി.ആർ പ്രൊഫൈൽ വഴിയും എസ്.എം.എസ് മുഖേനയും പ്രത്യേകം അറിയിപ്പ് നൽകിയിട്ടുണ്ട്. ഉദ്യോഗാർഥികൾ അസൽ തിരിച്ചറിയൽ രേഖ, യോഗ്യത, വെയ്റ്റേജ്, കമ്മ്യൂണിറ്റി തെളിയിക്കുന്ന അസൽ രേഖകൾ, വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അന്നേ ദിവസം രാവിലെ 7.30ന് പി.എസ്.സിയുടെ കോട്ടയം ജില്ലാ ഓഫീസിൽ നേരിട്ട് ഹാജരാകണം. പ്രൊഫൈലിൽ ലഭ്യമാക്കിയിരിക്കുന്ന അഡ്മിഷൻ ടിക്കറ്റ്, ബയോഡേറ്റ എന്നിവ ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് ഇന്റർവ്യൂ സമയത്ത് നൽകണം.

മനുഷ്യാവകാശ കമ്മീഷൻ പത്തനംതിട്ട സിറ്റിംഗ് ഇന്ന്

പത്തനംതിട്ട : സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം വി.കെ. ബീനാകുമാരി ഇന്ന് രാവിലെ 10.30 ന് പത്തനംതിട്ട ഗവ.ഗസ്റ്റ് ഹൗസിൽ സിറ്റിംഗ് നടത്തും.

വെറ്ററിനറി സർജൻനിയമനം

കോട്ടയം: മൃഗസംരക്ഷണ വകുപ്പിന്റെ വൈക്കം ബ്ലോക്കിലെ മൊബൈൽ വെറ്ററിനറി യൂണിറ്റിൽ വെറ്ററിനറി സർജനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് വോക്ഇൻ ഇന്റർവ്യൂ നടത്തുന്നു. കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിലിൽ രജിസ്റ്റർ ചെയ്ത ബി.വി.എസ്.സി. ആൻഡ് എ.എച്ച്. പാസായവർക്ക് അപേക്ഷിക്കാം. താൽപര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന രേഖകളുമായി ജൂൺ 22ന് രാവിലെ 11ന് കളക്ട്രേറ്റിലെ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ നടക്കുന്ന അഭിമുഖത്തിന് എത്തണം. 0481 2563726.

വിമുക്തഭടന്മാരുടെ മക്കൾക്ക് ക്യാഷ് അവാർഡ്

കോട്ടയം:എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും ഉന്നത വിജയം കരസ്ഥമാക്കിയ വിമുക്തഭടൻമാരുടെ മക്കൾക്ക് ക്യാഷ് അവാർഡ് ലഭിക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച സ്റ്റേറ്റ് സിലബസിലുള്ളവർക്കും ആകെ 90 ശതമാനവും അതിനുമുകളിലും മാർക്ക് ലഭിച്ച സി.ബി.എസ്.ഇ. ഐ.സി.എസ്.സി, ഐ.എസ്.സി സിലബസിലുള്ളവർക്കും സർവീസ് പ്ലസ് പ്ലാറ്റ്ഫോമിൽ ഓഗസ്റ്റ് 31 ന് മുൻപായി ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾക്ക് സൈനികക്ഷേമ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0481 2371187

വായനാവാരാചരണം

കാഞ്ഞിരപ്പള്ളി പാറത്തോട് പബ്ളിക്ക് ലൈബ്രറിയിൽ വായനാവാരാചരണത്തിന് തുടക്കമായി. വൈസ് പ്രസിഡന്റ് സുരേന്ദ്രൻ കൊടിത്തോട്ടം പി എൻ പണിക്കർ അനുസ്മരണവും ഉദ്ഘാടനവും നടത്തി സെക്രട്ടറി റ്റി.വി. സുരേഷ് മുഖ്യപ്രഭാഷണം നടത്തി.

സംസ്ഥാന വിഹിതം മുടങ്ങി
മലങ്കര കുടിവെള്ള പദ്ധതി അവതാളത്തിൽ

ഈരാറ്റുപേട്ട: മലങ്കര മീനച്ചിൽ കുടിവെള്ള പദ്ധതിയുടെ നിർമാണം നിലച്ചു.
കോട്ടയം ജില്ലയിലെ കടനാട്, രാമപുരം, ഭരണങ്ങാനം, മേലുകാവ് ,മൂന്നിലവ്, തീക്കോയി, പൂഞ്ഞാർ തെക്കേക്കര, പൂഞ്ഞാർ, തിടനാട്, തലപ്പലം ,മീനച്ചിൽ, കൂട്ടിക്കൽ എന്നീ പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കാനുള്ളതാണ് പദ്ധതി. 1243 കോടി രൂപയുടേതാണ് പദ്ധതി.
കേന്ദ്രസംസ്ഥാന സർക്കാര്യകളുടെ വിഹിതം ഉപയോഗിച്ചാണ് പദ്ധതിയുടെ നിർമാണം. സംസ്ഥാന സർക്കാരിതിന്റെ വിഹിതം മുടങ്ങിയതോടെ കേന്ദ്ര സർക്കാർ പദ്ധതിക്ക് പണം ചെലവഴിക്കുന്നത് നിർത്തിവെച്ചു.
പദ്ധതിയുടെ കാൽഭാഗത്തോളം നിർമാണം പൂർത്തിയായിരുന്നു. തൊടുപുഴയിൽ മലങ്കര അണക്കെട്ടിൽനിന്ന് വെള്ളം കടനാട് പഞ്ചായത്തിലെ നീലൂർ മലയിലുള്ള ടാങ്കിലേക്ക് പമ്പു ചെയ്ത് വിവിധ പഞ്ചായത്തുകളിലുള്ള ടാങ്കുകളിലെത്തിച്ച് വിതരണം ചെയ്യാനാണ് പദ്ധതി.
ഡൽഹി, ഹൈദരാബാദ്, ബെംഗളൂരു എന്നിവ ആസ്ഥാനമായുള്ള രാജ്യത്തെ പ്രമുഖ കമ്പനികളാണ് വിവിധ ഘട്ടങ്ങളിലുള്ള നിർമാണത്തിന് കരാർ ഏറ്റെടുത്തിരിക്കുന്നത്.
നീലൂരിലെ പ്ലാന്റ് നിർമാണത്തിന് 99 കോടിയും മലങ്കര അണക്കെട്ടിൽ നീലൂരിലേക്ക് വെള്ള മെത്തിക്കുന്നതിനുള്ള പൈപ്പ്, പമ്പ് എന്നിവ സ്ഥാപിക്കുന്നതിന് 88 കോടി രൂപയ്ക്കുമാണ് രണ്ട് കമ്പനികൾക്ക് കരാർ നൽകിയിരിക്കുന്നത്.
പദ്ധതിയുടെ നടത്തിപ്പിനായി അതോറിറ്റി പാലായിൽ പ്രത്യേക ഓഫീസും തുടങ്ങിയിരുന്നു.
നിർമ്മാണം ഏകോപിപ്പിക്കുന്നതിന് മിക്ക കമ്പനികളും പാലായിലും ഈരാറ്റുപേട്ടയിലും തൊടുപുഴയിലും ഓഫീസുകളും തുടങ്ങിയിരുന്നു.
18 മാസംകൊണ്ട് നിർമാണം പൂർത്തിയാക്കാനായിരുന്നു ധാരണ. നിർമാണത്തിനനുസരിച്ച് മൂന്നു തവണ കമ്പനികൾക്ക് ബിൽ മാറി തുക നൽകിയിരുന്നു. എന്നാൽ, പിന്നീട് നിർമാണത്തിനുള്ള തുക ലഭിക്കാതായതോടെ കമ്പനികളും നിർമാണം നിർത്തിവെച്ചു.
1243 കോടി രൂപയുടെ ഭരണാനുമതിയാണ് പദ്ധതിക്ക് ജലവിഭവ വകുപ്പ് നൽകിയിരുന്നത്. പദ്ധതിയിലൂടെ അരലക്ഷത്തോളം കുടുംബങ്ങൾ ക്ക് വർഷം മുഴുവൻ വെള്ളം ലഭിക്കുന്നയാണ് മലങ്കര കുടിവെള്ള പദ്ധതി.
പദ്ധതി നിലച്ചതോടു കൂടി ഗ്രാമീണ റോഡിൽ കുഴിച്ചിട്ട പൈപ്പുകൾ കാരണം റോഡുകൾ താറുമാറായി യാത്ര ദുരിതമായതായി നാട്ടുകാർ പറയുന്നു.

തെരുവുനായ്ക്കളെ പിടികൂടി കൂട്ടിലടച്ചു തുടങ്ങി

നായയുടെ കടിയേറ്റത് മെഡിക്കൽ വിദ്യാർത്ഥികളടക്കം 7 പേർക്ക്

ഗാന്ധിനഗർ: മെഡിക്കൽ കോളേജ് ആശുപത്രി കോമ്പൗണ്ടിലും പരിസര പ്രദേശങ്ങളിലും അലഞ്ഞുനടക്കുന്ന തെരുവുനായ്ക്കളെ ആർപ്പൂക്കര പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പിടികൂടി കൂട്ടിലടച്ചു തുടങ്ങി.
പ്രദേശത്തെ മുഴുവൻ തെരുവ് നായ്ക്കളേയും പിടികൂടി കൂട്ടിലടയ്ക്കുമെന്ന് ആർപ്പൂക്കര പഞ്ചായത്ത് അധികൃതർ പറഞ്ഞു. രാവിലെ വാർഡ് മെമ്പർ അരുൺ ഫിലിപ്പിന്റെ നേതൃത്വത്തിൽ പഴയ അത്യാഹിത വിഭാഗം, സന്നദ്ധ സംഘടനകൾ ഭക്ഷണ വിതരണം നടത്തുന്ന ഭാഗം കാൻസർ വാർഡ് എന്നീ ഭാഗങ്ങൾ കേന്ദ്രീകരിച്ചാണ് നായ്ക്കളെ പിടികൂടിയത്. പിടികൂടുന്ന നായ്ക്കളെ മെഡിക്കൽ കോളേജ് അധികൃതരുടെ ഉത്തരവാദിത്വത്തിൽ സ്ഥാപിച്ചിട്ടുള്ള കൂടുകളിൽ അടച്ച് ഭക്ഷണവും വെള്ളവും നല്കും.ഇവയ്ക് വാക്സിനേഷനും നല്കും.
ചൊവ്വാഴ്ച വൈകിട്ട് മെഡിക്കൽ കോളജിലെ വിദ്യാർത്ഥികളടക്കം7 പേരെ നായ്ക്കൾ കടിച്ചിരുന്നു. ഒരു നായയെ ചത്ത നിലയിൽ കണ്ടെത്തുകയും ഇതിനെ തിരുവല്ലയിലുള്ള ലാബിൽ അയച്ച് പോസ്റ്റുമോർട്ടം നടത്തുകയും ചെയ്തിരുന്നു. ഈ തെരുവ് നായ്ക്ക് പേവിഷബാധ സ്ഥിരീകരിക്കുകയും ചെയ്തു . ഇതിനെ തുടർന്നാണ് ആർപ്പൂക്കര പഞ്ചായത്ത്, ആശുപത്രി അധികൃതർ എന്നിവർ ചേർന്ന് തെരുവ് നായ്ക്കളെ പിടികൂടി കൂട്ടിലടയ്ക്കുവാൻ തീരുമാനിച്ചത്.
ചൊവ്വാഴ്ച നായയുടെ കടിയേറ്റ ഏഴോളം പേരെ നിരീക്ഷണത്തിലാക്കിയിരിക്കുകയാണ്.മെഡിക്കൽ വിദ്യാർത്ഥികൾക്കും ജീവനക്കാർക്കുമാണ് തെരുവുനായയുടെ കടിയേറ്റത്.
ചില സംഘടനകൾ മെഡിക്കൽ കോളേജിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും പൊതിച്ചോർ നല്കുന്ന പതിവുണ്ട്. ഇതിന്റെ അവശിഷ്ടം തേടിയാണ് തെരുവുനായകൾ കൂട്ടത്തോടെ ഇവിടെ എത്തുന്നത്.ഇവ അക്രമാസക്തരാകുന്നതും പതിവാണ്. പലപ്പോഴായി ഡോക്ടർമാരെയും ജീവനക്കാരെയും ഇവ കടിച്ചിട്ടുമുണ്ട്. എന്നാൽ ഇവയെ പിടികൂടി പ്രത്യേക ഷെൽട്ടറിലാക്കാനുള്ള നടപടികൾ ഇപ്പോൾ മാത്രമാണ് പഞ്ചായത്ത് അധികൃതർ തയ്യാറാകുന്നത്. ഇന്നലെ വൈകുന്നേരം വരെ ഇരുപതോളം തെരുവുനായ്ക്കളെയാണ് പിടികൂടാനായത്. ഉദ്ദേശം ഇരുന്നൂറിലധികം തെരുവുനായ്ക്കൾ മെഡിക്കൽ കോളേജ് പരിസരത്തുണ്ടെന്നാണ് ഏകദേശ കണക്ക്. ഗൈനക്കോളജി വിഭാഗം, കാൻസർ വാർഡ് ,ഒ പി വിഭാഗം, അത്യാഹിത വിഭാഗം, ഫോറൻസിക് വിഭാഗം, പ്രിൻസിപ്പൽ ഓഫീസ്, എന്നിവിടങ്ങളിലെല്ലാം ഇവ സ്വൈരവിഹാരം നടത്തുകയാണ്. ഇവയെ എല്ലാം പിടികൂടി കൂട്ടിലടച്ചാൽ മാത്രമെ പട്ടികടി ഏല്കാതെ മെഡിക്കൽ കോളേജ് പരിസരത്തു കൂടി സഞ്ചരിക്കുവാൻ കഴിയൂ.

ഈരാറ്റുപേട്ടയിൽ ഗൈഡൻസ്,തണൽ സ്ഥാപനങ്ങൾ സംയുക്തമായി സംഘടിപ്പിച്ച ഈദ് സൗഹൃദ സംഗമം ഗൈഡൻസ് പ്രിൻസിപ്പൾ പി.എസ്.മുഹമ്മദ് ഷെഫീഖ് ഉദ്ഘാടനം ചെയ്യുന്നു

യുവാവിനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ മൂന്നുപേർ അറസ്റ്റിൽ

ജിത്തു ജയൻ,അർജുൻ,അനൂപ്

വൈക്കം: യുവാവിനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ മൂന്നുപേരെ പോലീസ് അറസ്റ്റ് ചെയ്തു.
വെച്ചൂർ ഇടയാഴം വേരുവള്ളി ഭാഗത്ത് പുത്തൻതറ വീട്ടിൽ ജിത്തു ജയൻ (24), വെച്ചൂർ ഇടയാഴം കുറശ്ശേരിൽ വീട്ടിൽ അർജുൻ (23), വെച്ചൂർ ഇടയാഴം മുച്ചൂർകാവ് ഭാഗത്ത് അനുഷാഭവൻ വീട്ടിൽ അനൂപ് (22) എന്നിവരെയാണ് വൈക്കം പോലീസ് അറസ്റ്റ് ചെയ്തത്.
ഇവർ സംഘം ചേർന്ന് കഴിഞ്ഞ ദിവസം രാത്രി 9 :30 മണിയോടുകൂടി വെച്ചൂർ ഭാഗത്ത് പ്രവർത്തിക്കുന്ന ബാറിന്റെ സമീപം വച്ച് ഇവിടെയുണ്ടായിരുന്ന യുവാവിന്റെ കൈയിൽ നിന്ന് സിഗരറ്റ് വാങ്ങിയതിനുശേഷം യുവാവിനെയും, സുഹൃത്തുക്കളെയും ചീത്ത വിളിച്ചു. യുവാവ് ഇത് ചോദ്യം ചെയ്തതിനെ തുടർന്ന് ഇവർ സംഘംചേർന്ന് യുവാവിനെ മർദ്ദിക്കുകയും, ഹെൽമറ്റ് കൊണ്ട് തലയ്ക്ക് അടിക്കുകയുമായിരുന്നു. തടയാൻ ശ്രമിച്ച യുവാവിന്റെ സുഹൃത്തിനെയും ഇവർ മർദ്ദിച്ചു.
തുടർന്ന് ഇവർ സംഭവസ്ഥലത്തുനിന്ന് കടന്നു.
പരാതിയെ തുടർന്ന് വൈക്കം പോലിസ് നടത്തിയ തിരച്ചിലിൽ മൂവരേയും പിടികൂടുകയുമായിരുന്നു. എസ്.ഐ പ്രദീപ്, അനിൽകുമാർ, ജോർജ്, സി.പി.ഒ വിജയശങ്കർ എന്നിവർ ചേർന്നാണ് ഇവരെ അറസ്റ്റ് ചെയ്തത്.അർജുന് വൈക്കം സ്റ്റേഷനിൽ ക്രിമിനൽ കേസ് നിലവിലുണ്ട്.
കോടതിയിൽ ഹാജരാക്കിയ മൂവരെയും റിമാൻഡ് ചെയ്തു. മറ്റു പ്രതികൾക്കായി തിരച്ചിൽ ശക്തമാക്കി.

നാല് കിലോ കഞ്ചാവുമായി രണ്ടു യുവാക്കൾ കുമരകത്ത് പിടിയിൽ

കോട്ടയം: നാല് കിലോ കഞ്ചാവുമായി രണ്ടു യുവാക്കളെ എക്സൈസ് സംഘം കുമരകത്ത് നിന്നും പിടികൂടി.
തിരുവാതുക്കൽ വേളൂർ റഹത്ത് മൻസിൽ സലാഹുദ്ദീൻ (29) പാലക്കാട് ആലത്തൂർ ഉളികുത്താം പാടം സ്വദേശി പകുതി പറമ്പിൽ ഷാനവാസ് (18) എന്നിവരാണ് പിടിയിലായത്. എക്സൈസ് സ്പെഷ്യൽ സ്കാഡ് സർക്കിൾ ഇൻസ്പെക്ടർശ്രീരാജ് പി.യുടെ നേതൃത്വത്തിലുള്ള സംഘം ഇവരെ അറസ്റ്റ് ചെയ്തു.
എക്സൈസ് ഇന്റലിജൻസ് ടീമും എക്സൈസ് സ്പെഷ്യൽ സ്കാഡും സംയുക്തമായി നടത്തിയ റെയ്ഡിലാണ് ഇവരെ പിടികൂടിയത്. ഒറീസയിൽ നിന്നും ട്രെയിൻ മാർഗം കഞ്ചാവ് എത്തിച്ച ശേഷം പോലീസിന്റെയും എക്സൈസിന്റെയും ശ്രദ്ധയിൽ പെടാതിരിക്കുവാൻ കുമരകത്ത് കായൽ തീരത്തുള്ള സ്വകാര്യ ആഡംബര റിസോർട്ടിൽ താമസിച്ച് കഞ്ചാവ് വില്പന നടത്തുന്നതിനിടയിലാണ് ഇവർ പിടിയിലാകുന്നത്. സ്വകാര്യ റിസോർട്ടിൽ നിന്നും നീല ഷോൾഡർ ബാഗിൽ കഞ്ചാവുമായി ഇടപാടുകാർക്ക് നൽകുന്നതിനായി ബാങ്ക് പടിജംഗ്ഷനിലേക്ക് വരുന്നതിനിടയിൽ മഫ്തിയിൽ ഉണ്ടായിരുന്ന എക്സൈസ് ഇന്റലിജൻസ് ടീം ഇവരെ പിടികൂടുകയായിരുന്നു.
കുമരകത്തും കോട്ടയത്തിന്റെ പടിഞ്ഞാറൻ മേഖലയിലും കഞ്ചാവും മറ്റ് ലഹരി മരുന്നുകളും എത്തിക്കുന്ന പ്രധാന കണ്ണികളാണ് ഇതോടെ പിടിയിലാവുന്നത്.
സാലാഹുദീൻ നിരവധി ക്രിമിനൽ കേസുകളിലും മയക്ക്മരുന്ന് കേസുകളിലും പ്രതിയാണ്. ടൂറിസം ഗ്രാമമായ കുമരകം കഞ്ചാവ് മാഫിയയുടെ താവളമാക്കുവാൻ ശ്രമം എക്സൈസ് നടത്തിയ കഞ്ചാവ് വേട്ട ഇത്തരം ആളുകൾക്കൊരു താക്കീതാണ്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാന്റ് ചെയ്തു.
റെയ്ഡിൽ എക്സൈസ് ഇന്റെലിജെൻസ് വിഭാഗം ഉദ്യോഗസ്ഥരായ എക്സൈസ് ഇൻസ്പെക്ടർ ടോജോ ടി. ഞള്ളിയിൽ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരായ രഞ്ജിത്ത് നന്ത്യാട്ട് , ജ്യോതി സി.ജി, ബിജു പി.ബി, എന്നിവരും എക്സൈസ് സ്പെഷ്യൽ സ്കാഡ് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മാരായ അനു വി. ഗോപിനാഥ്, കെ.സി ബൈജു മോൻ, പ്രിവന്റീവ് ഓഫീസർമാരായ ആരോമൽ മോഹൻ, നിഫി ജേക്കബ് സിവിൽ എക്സൈസ് ഓഫീസർമാരായ സുനിൽകുമാർ കെ, പ്രദീപ് എം.ജി എന്നിവർ പങ്കെടുത്തു.

കോട്ടയത്ത് ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് വീണ്ടും മോഷണം

കോട്ടയം :ടൗൺ പരിധിയിലുള്ള മുട്ടമ്പലം കൊപ്രത്ത് ശ്രീദുർഗാ ഭഗവതി ക്ഷേത്രത്തിലും, നിർമ്മാണത്തിൽ ഇരുന്ന വീട്ടിലും കടയിലുമാണ് കഴിഞ്ഞ ദിവസം രാത്രി മോഷണം നടന്നത്.
കടക്ക് മുന്നിലെ നിരീക്ഷ ക്യാമറയിൽ നിന്നും മോഷ്ടാക്കൾ ഷട്ടർ തകർക്കുന്ന ദൃശ്യങ്ങൾ ലഭിച്ചിട്ടുണ്ട്. കൊപ്രത്ത് ക്ഷേത്രത്തിലെ ഓഫീസിനുള്ളിൽ കടന്ന മോഷ്ടാവ് ഓഫീസിലെ കൗണ്ടറിൽ സൂക്ഷിച്ചിരുന്ന 8,000 രൂപ കവർന്നു. ക്ഷേത്രത്തിലെ കാണിക്ക വഞ്ചിയും തകർത്തെങ്കിലും പണം നഷ്ടമായിട്ടില്ല. കാണിക്ക വഞ്ചിയിലെ പണം കഴിഞ്ഞദിവസം അധികൃതർ തിട്ടപ്പെടുത്തി എടുത്തിരുന്നതിനാലാണ് വലിയ തുക നഷ്ടമാകാതിരുന്നത്.
ഇതുകൂടാതെ മുട്ടമ്പലം ജംഗ്ഷനിൽ പ്രവർത്തിക്കുന്ന പലചരക്ക് കടയിൽ കയറിയ മോഷ്ടാവ് ഇവിടെ നിന്നും ജ്യൂസ് അടക്കമുള്ള സാധനങ്ങളും കവർന്നിട്ടുണ്ട്. പുലർച്ച ഒന്നരയോടെയാണ് മോഷണം നടന്നത്. ചുവന്ന ഷർട്ട് ധരിച്ചെത്തിയ രണ്ട് പേർ ചേർന്ന് ഷട്ടർ തകർക്കുന്നതും നിരീക്ഷണ ക്യാമറയിൽ നിന്ന് വ്യക്തമാണ്. സമീപത്ത് നിർമ്മാണത്തിൽ ഇരുന്ന വീട്ടിൽ കയറിയ മോഷ്ടാവ് , ഇവിടെ സൂക്ഷിച്ചിരുന്ന നിർമ്മാണ സാമഗ്രികൾ മോഷ്ടിച്ചു. വയറിങ്ങിനായി സൂക്ഷിച്ചിരുന്ന സാധനങ്ങളാണ് ഇവിടെനിന്ന് മോഷണം പോയത്. മുട്ടമ്പലം കൊപ്രത്ത് തേരേട്ടുമറ്റം ജിനി പ്രകാശിന്റെ വീട്ടിലാണ് മോഷണം നടന്നത്. സംഭവത്തിൽ കോട്ടയം ഈസ്റ്റ് പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

ലോട്ടറിക്കടയിലെ മോഷണം: സഹോദരങ്ങൾ പിടിയിൽ

അനന്തു, അനൂപ്

ഈരാറ്റുപേട്ട: ലോട്ടറിക്കടയിൽ മോഷണം നടത്തിയ സംഭവത്തിൽ സഹോദരങ്ങളായ പ്രതികൾ പിടിയിൽ. നെടുങ്കണ്ടം കാന്തിപ്പാറ ഒറ്റപ്ലാക്കൽ അനന്തു (24), സഹോദരൻ അനൂപ് (21) എന്നിവരെയാണ് ഈരാറ്റുപേട്ട പൊലീസ് അറസ്റ്റ് ചെയ്തത്.
ബലിപെരുന്നാൾ ദിവസമായ തിങ്കളാഴ്ച രാവിലെയാണ് ലോട്ടറിക്കടയിൽ മോഷണം നടന്നതായി കണ്ടെത്തിയത്. കടയുടെ പിൻഭാഗത്തെ പൂട്ടുപൊളിച്ചാണ് മോഷണം നടത്തിയത്. ലക്ഷക്കണക്കിന് രൂപയുടെ ലോട്ടറിയും പണവും മോഷണം പോയിരുന്നു.
പ്രതികളിൽ ഒരാളായ അനന്തു ഈരാറ്റുപേട്ട കടുവാമൂഴിയിലാണ് താമസം. ലോട്ടറി കച്ചവടക്കാരൻ കൂടിയായ അനന്തു മോഷണം നടത്തിയ കടയിൽ നിന്ന് ലോട്ടറി വാങ്ങി വിൽപന നടത്തിയിരുന്ന ആൾ കൂടിയാണ്.കടയിലെ സാഹചര്യം മനസ്സിലാക്കി നാട്ടിലുള്ള അനിയനെ വിളിച്ചുവരുത്തിയായിരുന്നു മോഷണം.മോഷണത്തെ തുടർന്ന് മുങ്ങിയ അനന്തുവിനെ പിറ്റേദിവസം തന്നെ പിടികൂടിയിരുന്നു. അനൂപിനെ ബുധനാഴ്ചയാണ് പിടികൂടിയത്. ഇരുവരെയും കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കാലാവധി നീട്ടി

കോട്ടയം: വ്യവസായ വകുപ്പിൽ നിന്നും അനുവദിച

പഴവങ്ങാടി തോടിലെ മാലിന്യ നിക്ഷേപം നിരോധിച്ചു

തിരുവനന്തപുരം: നഗരത്തിലൂടെ ഒഴുകുന്ന പഴവങ്ങാടി തോടിൽ അനധികൃതമായി മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് നിരോധിച്ചു കൊണ്ട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ കൂടിയായ ജില്ലാ കളക്ടർ ജെറോമിക് ജോർജിന്റെ ഉത്തരവ്. മാലിന്യ നിക്ഷേപത്തെ തുടർന്ന് തോടിലെ ജലത്തിന്റെ ഒഴുക്ക് തടസപ്പെട്ട്, നഗരത്തിൽ വെള്ളക്കെട്ട് ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന്റെ ഭാഗമായാണ് നടപടി. തോടിൽ അനധികൃതമായി മാലിന്യങ്ങൾ നിക്ഷേപിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള അടിയന്തര നടപടി തിരുവനന്തപുരം കോർപറേഷൻ സെക്രട്ടറി, മേജർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയർ, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ എന്നിവർ സ്വീകരിക്കണമെന്നും ഉത്തരവിൽ നിർദേശിക്കുന്നു.

മഞ്ച സ്കൂൾ വായന മാസാചരണം

നെടുമങ്ങാട് മഞ്ച ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ വായനമാസാചരണത്തിന്റെ ഭാഗമായി പഴയകാലത്തെ പാഠപുസ്തകങ്ങളുടെ പ്രദർശനം സംഘടിപ്പിച്ചു. കേരളപ്പിറവിക്കു മുമ്പും അതിനു ശേഷവുമുള്ള പാഠപുസ്തകങ്ങൾ പ്രദർശനത്തിലുണ്ടായിരുന്നു. പാഠപുസ്തക പ്രദർശനത്തിന്റെയും വായന മാസാചരണത്തിന്റെയും ഉദ്ഘാടനം ഡോ.ഷിജുഖാൻ നിർവഹിച്ചു. വൈക്കം സത്യഗ്രഹത്തിന്റെ നൂറാം വാർഷിക സ്മരണയായി കവി അൻവർ അലി എഴുതിയ 'ഗാന്ധിത്തൊടൽമാല' എന്ന കവിതയുടെ സംഗീതാവിഷ്കാരം വിദ്യാർത്ഥികളായ ഇവാന വെസ്ലിയും ഐവാൻ വെസ്ലിയും ചേർന്നു നടത്തി.

കുടുംബശ്രീ ദ്വിദിന ശിൽപശാല

തിരുവനന്തപുരം: കേരളീയ സമൂഹത്തിന് സന്തോഷത്തിൻറെ മുഖച്ഛായ നൽകാൻ 'ഹാപ്പിനെസ്സ് സെൻററുകളുമായി കുടുംബശ്രീ. കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന ദേശീയഗ്രാമീണ ഉപജീവന ദൗത്യം(എൻ.ആർ.എൽ.എം) എഫ്.എൻ.എച്ച്.ഡബ്ലിയു പദ്ധതി പ്രവ ർ ത്ത നങ്ങളുടെ ഭാഗമായാണ് ഹാപ്പിനെസ് സെൻററുകൾക്ക് തുടക്കമാകുന്നത്. പദ്ധതിയുടെ രീതിശാസ്ത്രം, മാർഗരേഖ എന്നിവ തയ്യാറാക്കുന്നതിൻറെ ആശയരൂപീകരണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ഹോട്ടൽ ഗ്രാൻഡ് ചൈത്രത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന ശിൽപശാലയ്ക്ക് ഇന്ന്(2062024) തുടക്കമായി. '

തിരുവനന്തപുരം വാർത്തകൾ

കന്റോൺമെന്റ് ഹൗസിൽ നടന്ന യു.ഡി.എഫ് യോഗത്തിൽ ഹാരിസ് മീരാൻ എം.പി, എം.കെ മുനീർ എന്നിവർ കുശലം പങ്കുവെക്കുന്നു

ബ്ലൂ മൗണ്ട് പബ്ലിക് സ്കൂളിൽ ഡിജിറ്റൽ ലൈബ്രറി തുടങ്ങി

കഴക്കൂട്ടം: വായനാദിനത്തോടനുബന്ധിച്ച് തോന്നയ്ക്കൽ ബ്ലൂ മൗണ്ട് പബ്ലിക് സ്കൂളിൽ ആരംഭിച്ച ഡിജിറ്റൽ ലൈബ്രറിയുടെ ഉദ്ഘാടനം എഴുത്തുകാരൻ പെരുമ്പടവൻ ശ്രീധരൻ ഉദ്ഘാടനം ചെയ്തു. ബ്ലൂ മൗണ്ട് സ്കൂൾ ചെയർമാൻ അഡ്വക്കേറ്റ് വിജയൻ അധ്യക്ഷനായി. കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂ മാനേജർ പള്ളിയറ ശ്രീധരൻ മുഖ്യപ്രഭാഷണം നടത്തി. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയൻ ചെയർമാൻ കോലിയക്കോട് കൃഷ്ണൻ നായരെ ചടങ്ങിൽ ആദരിച്ചു. സ്കൂൾ പ്രിൻസിപ്പൽ ഡൽസി ജോസഫ് ഡോക്ടർ എസ് സെലിന ബീവി അനിൽകുമാർ സിമിസുരേഷ് ഷെറിൻ സാഹി എന്നിവർ സംസാരിച്ചു.

തോന്നയ്ക്കൽ ബ്ലൂ മൗണ്ട് പബ്ലിക് സ്കൂളിലെ ഡിജിറ്റൽ ലൈബ്രറി പെരുമ്പടവം ശ്രീധരൻ ഉദ്ഘാടനം ചെയ്യുന്നു

കെ.എസ്.യു രാജ്ഭവൻ മാർച്ചിൽ സംഘർഷം

തിരുവനന്തപുരം: ഉന്നത വിദ്യാഭ്യാസ മേഖലയിലെ ക്രമക്കേടുകൾക്ക് എതിരെ കെ.എസ്.യു നടത്തിയ രാജ്ഭവന് മുന്നിൽ സംഘടിപ്പിച്ച പ്രതിഷേധ തെരുവ് പരിപാടിയിൽ സംഘർഷം.പ്രവർത്തകർക്ക് നേരെ പോലീസ് ജലപീരങ്കി പ്രയോഗിച്ചു.പ്രവർത്തകർ കെ.എസ്.യു സംസ്ഥാന പ്രസിഡന്റ് അലോഷ്യസ് സേവ്യറിന്റെ നേതൃത്വത്തിൽ റോഡിൽ കുത്തിയിരുന്ന് പ്രതിഷേധിച്ചു. നരേന്ദ്രൻ അന്തരിച്ച മോദി സർക്കാർ പരീക്ഷകളുടെ പവിത്രത നഷ്ടപ്പെടുത്തിയെന്ന് പ്രതിഷേധ പരിപാടി ഉദ്ഘാടനം ചെയ്ത കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി അംഗം രമേശ് ചെന്നിത്തല പറഞ്ഞു.

നീറ്റ പരീക്ഷകളുടെ വിശ്വാസ്യതയ്ക്ക് മേൽ കളങ്കം ചാർത്തിയ എൻ.ടി.എ ഡയറക്ടർ രാജിവയ്ക്കുക, ക്രമക്കേടിൽ സുതാര്യമായ അന്വേഷണം നടത്തി കുറ്റക്കാരായവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരിക, കോഴിക്കോട് എൻ.ഐ.ടി യിൽ പ്രതിഷേധിച്ചതിന്റെ പേരിൽ മുപ്പത് ലക്ഷത്തോളം രൂപ വിദ്യാർത്ഥികൾക്ക് പിഴ ചുമത്തിയ സംഘപരിവാർ നിലപാട് പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു ധർണ.കെ.എസ്.യു സംസ്ഥാന പ്രസിഡന്റ് അലോഷ്യസ് സേവ്യർ അദ്ധ്യക്ഷത വഹിച്ചു.

ദ്വിദിന ലീഡേഴ്സ് കോൺക്ലേവ്

തിരുവനന്തപുരം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ ചർച്ച ചെയ്യുന്നതിന് കെ.പി.സി.സി ലീഡേഴ്സ് കോൺക്ലോവ് നടത്താൻ കെപിസിസി പ്രസിഡന്റ് കെ സുധാകരന്റെ അധ്യക്ഷതയിൽ ചേർന്ന നേതൃയോഗം തീരുമാനിച്ചു. ജൂലൈ 15,16 തീയതികളിൽ വയനാട് വെച്ച് നടക്കുന്ന കോൺക്ലേവിൽ എഐസിസി നേതാക്കൾ, കെപിസിസി ഭാരവാഹികൾ, ഡിസിസി പ്രസിഡന്റുമാർ, രാഷ്ട്രീയകാര്യ സമിതി അംഗങ്ങൾ, എംപിമാർ, എംഎൽഎമാർ, കെപിസിസി എക്സിക്യൂട്ടീവ് അംഗങ്ങൾ, പോഷകസംഘടനകളുടെ പ്രസിഡന്റുമാർ തുടങ്ങിയവർ പങ്കെടുക്കും.

അഞ്ച് സോണുകളുണ്ടാക്കി സംഘടനാ ശാക്തീകരണത്തിന് മുതിർന്ന നേതാക്കളെയും ജില്ലയുടെ ചുമതലയുള്ള കെപിസിസി ജനറൽ സെക്രട്ടറിമാരെയും ചുമതലപ്പെടുത്തും.ഇവർ ജില്ലകളിലെ സംഘടനാ പ്രശ്നങ്ങൾ പഠിച്ച് 20 ദിവസത്തിനുള്ളിൽ കെപിസിസിക്ക് റിപ്പോർട്ട് സമർപ്പിക്കണം.

ബസിന് തീപിടിച്ചു

വിഴിഞ്ഞം: അടിമലത്തുറയിൽ ഓടിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി ബസിന് തീപിടിച്ചു. ആളപായമില്ല. ബസിന്റെ എൻജിന്റെ അടിഭാഗത്ത് നിന്ന് പുക ഉയർന്നതിനാൽ ഡ്രൈവർ പെട്ടെന്ന് ബസ് നിറുത്തി. യാത്രക്കാരെ പുറത്തിറക്കി. ഉച്ചയ്ക്ക് 2.15നാണ് സംഭവം നടന്നത് ബസിലുണ്ടായിരുന്ന അഗ്നിശമന ഉപകരണമെടുത്ത് തീയണച്ചെങ്കിലും വീണ്ടും പുകയുയർന്നു.

തുടർന്ന് വിഴിഞ്ഞം അഗ്നിരക്ഷാസേനയെ വിവരമറിയിച്ചു. തുടർന്ന് ഫയർഫോഴ്സെത്തി തീപൂർണമായും അണച്ചു.നെയ്യാറ്റിൻകരയിൽ നിന്ന് കമുകിൻകോട് അടിമലത്തുറ റൂട്ടിലേക്ക് പോയ ബസാണ് തീപിടിച്ചത്. മുൻഭാഗത്തെ ഇടതുവശത്തെ ടയറിന്റെ പിൻഭാഗത്തുള്ള എൻജിനെയും ഡീസൽ ടാങ്കിനെയും ബന്ധിപ്പിക്കുന്ന പൈപ്പിലാണ് തീപിടിച്ചത്.

ചട്ടിയും കനലും ഇല്ലാതെ പുകയ്ക്കാം ഇനി കുന്തിരിക്കം

നെടുമങ്ങാട് : എംപ്ലോയ്മെൻറ് ജനറേഷൻ പദ്ധതിയുടെ(പി എം ജി പി) ഭാഗമായി അരുവിക്കര പഞ്ചായത്തിൽ നെട്ടിറച്ചിറയിൽ ആരംഭിച്ച വിജയശോഭ എന്ന വനിതാ സംരംഭം മാതൃകയാകുന്നു. കനലും ചട്ടിയും കൂടാതെ സാമ്പ്രാണി പൊടി/ കുന്തിരിക്കം എങ്ങനെ പുകയ്ക്കാം എന്ന ആശയത്തിൽ നിന്നും നൂതനമായി തയ്യാറാക്കിയ ഉത്പന്നമാണ് കപ്പ് സാമ്പ്രാണി. ഉൽപ്പന്നം വിപണിയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ നെടുമങ്ങാട് താലൂക്ക് വ്യവസായ ഓഫീസിൽ വച്ച് ഉൽപ്പന്നം വിപണിയിലേക്ക് ഇറക്കിക്കൊണ്ട് താലൂക്ക് വ്യവസായ ഓഫീസർ കെ എസ് സജീവ് കുമാർ ഉദ്ഘാടന കർമ്മം നിർവഹിച്ചു. ചടങ്ങിൽ വിജയശോഭ എന്റെർപ്രൈസ് പ്രൊപ്രൈറ്റർ പൂജ നായർ, മാനേജർ അരുൺ കുമാർ എന്നിവർ പങ്കെടുത്തു.

തിരുവനന്തപുരം ജില്ലാ മുസ്ലിംലീഗ് കമ്മിറ്റി സംഘടിപ്പിച്ച സയ്യിദ് അബ്ദുൽ റഹിമാൻ സ്മൃതി യോഗത്തിൽ ജില്ലാ പ്രസിഡന്റ് ബിമാ പള്ളി റഷീദ് സംസാരിക്കുന്നു

ബാഫഖി തങ്ങളുടെ 53മത് സ്മൃതി സംഘടിപ്പിച്ചു

തിരുവനന്തപുരം: സയ്യിദ് അബ്ദുൽ റഹിമാൻ ബാഫക്കി തങ്ങളുടെ സ്മരണക്ക് മുന്നിൽ ആദരമർപ്പിച്ച് മുസ്ലിം ലീഗ് ജില്ലാ കമ്മിറ്റി ലീഗ് ഹൗസിൽ 53മത് സ്മൃതിസംഗമം സംഘടിപ്പിച്ചു. വിയോഗത്തിന്റെ അരനൂറ്റാണ്ട് പിന്നിടുമ്പോഴും നേതൃവിശുദ്ധിയുടെ മാതൃകയായി ബാഫക്കി തങ്ങൾ കേരളത്തിന്റെ രാഷ്ട്രീയ-സമുദായ മണ്ഡലങ്ങളിൽ നിറഞ്ഞു നിൽക്കുന്നതായി സ്മൃതി സംഗമം അഭിപ്രായപ്പെട്ടു. ജില്ലാ പ്രസിഡന്റ് ബിമാപള്ളി റഷീദ് അദ്ധ്യക്ഷത വഹിച്ചു. ജന സെക്രട്ടറി നിസ്സാർ മുഹമ്മദ് സുൽഫി സ്വാഗതം പറഞ്ഞു. ഭാരവാഹികളായ ട്രഷറർ അഡ്വ:എസ്.എൻ.പുരം നിസ്സാർ, അഡ്വ:പാച്ചല്ലൂർ നജ്മുദ്ദീൻ, എം.എ ഖരീം, ഷഹീർ ജി അഹമ്മദ്, കന്യാകുളങ്ങര ഷാജഹാൻ, മാണിക്യ വിളാകം റാഫി എന്നിവർ സംസാരിച്ചു

ചന്ദ്രിക കാമ്പയിൻ 30 നകം പൂർത്തീകരിക്കുക: ജില്ലാ മുസ്ലിംലീഗ്

തിരുവനന്തപുരം: ജില്ലയിലെ ചന്ദ്രിക ക്വാട്ട ജൂൺ 30 ന് മുമ്പ് പൂർത്തികരിക്കാൻ പ്രസിഡന്റ് ബിമാപള്ളി റഷിദിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ജില്ലാ മുസ്ലിംലീഗ് ഭാരവാഹി യോഗം തീരുമാനിച്ചു.

ജൂൺ 30നകം എല്ലാ നിയോജക മണ്ഡലത്തിലും പാർട്ടി പ്രവർത്തക സമിതി യോഗങ്ങൾ വിളിച്ചു കൂട്ടി ചന്ദ്രിക, സംഘടനാ ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തണം.

ജില്ലാ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, നിരീക്ഷകൻ എന്നിവർ യോഗങ്ങളിൽ പങ്കെടുക്കും.

50 ൽ കുറവ് കൗൺസിൽ അംഗങ്ങളുള്ള നിയോജക മണ്ഡലങ്ങളിൽ ഇപ്പോൾ പഞ്ചായത്തിൽ നിന്നുമുള്ള പ്രതിനിധികളുടെ അനുപാതത്തിൽ പുതിയ കൗൺസിലർമാരെ എടുത്തു നിയോജക മണ്ഡലം കമ്മിറ്റികൾ വിപുലീകരിക്കേണ്ടതാണ്.

ജൂലൈ 9 നു വിപുലമായ ജില്ലാ മുസ്ലിംലീഗ് കൗൺസിൽ യോഗവും ആഗസ്റ്റ് രണ്ടാം വാരത്തിൽ സംസ്ഥാന നേതാക്കളെ പങ്കെടുപ്പിച്ച് ജില്ലാ പ്രവർത്തക കൺവെൻഷനും നടത്തുന്നതിനും തീരുമാനിച്ചു.

ജനറൽ സെക്രട്ടറി എം. നിസാർ മുഹമ്മദ് സുൾഫി സ്വാഗതം ആശംസിച്ചു. ജില്ലാ ഭാരവാഹികളായ അഡ്വ. എസ്. എൻ പുരം നിസാർ, അഡ്വ. പാച്ചല്ലൂർ നുജുമുദ്ദീൻ, ബാലരാമപുരം എം.എ. കരീം, ഷഹീർ ജി അഹമ്മദ്, മാണിക്യ വിളാകം റാഫി, കന്യാകുളങ്ങര ഷാജഹാൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

യുഡിഎഫ് കൗൺസിലർമാർ സെക്രട്ടേറിയറ്റിനുമുന്നിൽ പ്രതിഷേധ ധർണ നടത്തി

കോഴിക്കോട് നഗരസഭയുടെ നിലപാട് ജനജീവിതം ദു:സഹമാക്കി: പി.കെ കുഞ്ഞാലികുട്ടി

തിരുവനന്തപുരം: വർഷങ്ങളായി സംസ്ഥാന സർക്കാരിന് മുമ്പാകെ കോഴിക്കോട് കോർപ്പറേഷൻ സമർപ്പിച്ച വിവിധ പദ്ധതികൾക്ക് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് കോഴിക്കോട് കോർപ്പറേഷനിലെ യുഡിഎഫ് കൗൺസിലർമാർ തിരുവനന്തപുരം സെക്രേട്ടറിയറ്റിനു മുമ്പിൽ പ്രതിഷേധ ധർണ നടത്തി. കോർപ്പറേഷൻ ഭരണ സമിതി അനങ്ങാപാറ നയം സ്വീകരിച്ചതോടെയാണ് സർക്കാർ അനുമതി തേടി പ്രതിപക്ഷം സമരത്തിനിറങ്ങിയത്. പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി ധർണ ഉദ്ഘാടനം നിർവഹിച്ചു.

കോഴിക്കോട് കോർപ്പറേഷനിലെ യുഡിഎഫ് കൗൺസിലർമാർ തിരുവനന്തപുരം സെക്രട്ടറിയറ്റിനു മുമ്പിൽ നടത്തിയ പ്രതിഷേധ ധർണ പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്യുന്നു.

കോർപ്പറേഷന്റെ ആവശ്യം നിയമസഭയിൽ ഉന്നയിക്കുമെന്ന് പി.കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു. മന്ത്രിമാരും ഭരണപക്ഷത്തെ ഉന്നതരും ഉണ്ടായിട്ടും കോഴിക്കോടിന്റെ ആവശ്യം പരിഹരിക്കാൻ അലംഭാവം കാണിക്കുന്ന കോഴിക്കോട് കോർപ്പറേഷൻ നിലപാട് ജനജീവിതത്തെ ദുഷ്കരമാക്കും.

ഈ അലംഭാവത്തിനെതിരെ ശക്തമായ ജനവികാരം ഉയരണമെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു. കല്ലായിപ്പുഴ നവീകരണം വലിച്ചു നീട്ടി നഗര ജീവിതം ദുരിതമാക്കുകയാണ് സർക്കാരെന്ന് ഡോ.എംകെ മുനീർ എംഎൽഎ വിമർശിച്ചു.

ഷണ്ഡീകരിക്കപ്പെട്ട ഭരണപക്ഷത്തെ തിരുത്താൻ ജനവികാരം ഉയരണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കനോലി സായ്പിന്റെ ദീർഘവീക്ഷണം പോലും ഇല്ലാത്ത ഭരണകൂടമാണ് കോഴിക്കോട് നഗരത്തിന് ശാപമെന്ന് എം.കെ രാഘവൻ എംപി പറഞ്ഞു. ലോക്സഭാ തെരഞ്ഞെടുപ്പിന് കോഴിക്കോട് നഗരത്തിലെ തിരിച്ചടി തിരിച്ചറിഞ്ഞു ഭരണപക്ഷം ഇനിയെങ്കിലും നിലപാട് തിരുത്താൻ ശ്രദ്ധിക്കണമെന്ന് കെപിസിസി വർക്കിംഗ് പ്രസിഡന്റ് ടി.സിദ്ദീഖ് എംഎൽഎ പറഞ്ഞു .

കോഴിക്കോട് ഡിസിസി പ്രസിഡന്റ് അഡ്വ. കെ. പ്രവീൺ കുമാർ, കെപിസിസി ജനറൽ സെക്രട്ടറി പി.എം നിയാസ്, മുസ്ലിംലീഗ് തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് ബീമാപള്ളി റഷീദ്, ഡിസിസി സെക്രട്ടറി സിറിൽ ബാബു തുടങ്ങിയവരും സംസാരിച്ചു. കോർപ്പറേഷൻ യുഡിഎഫ് പാർട്ടി ലീഡർ കെ.സി ശോഭിത അധ്യക്ഷത വഹിച്ചു.

കെ മൊയ്തീൻ കോയ, എസ്.കെ അബൂബക്കർ, മനോഹരൻ മാങ്ങാറിയിൽ, കെ പി രാജേഷ് കുമാർ, കവിത അരുൺ, സാഹിത സുലൈമാൻ, ഓമന മധു, കെ നിർമ്മല, കെ റംലത്ത് ആയിഷബീ പാണ്ടികശാല എന്നിവർ ധർണ്ണക്ക് നേതൃത്വം നൽകി. അനിശ്ചിതത്വത്തിലായ പദ്ധതികൾ നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് മന്ത്രിമാർക്ക് യുഡിഎഫ് കൗൺസിൽ പാർട്ടി നിവേദനവും നൽകി.

തെരഞ്ഞെടുപ്പ് വിജയം ആഘോഷിച്ച് കെ.പി.സി.സി

തിരുവനന്തപുരം: ലോക്സഭാ തിരഞ്ഞെടുപ്പിലെ യുഡിഎഫിന്റെ തിളക്കമാർന്ന വിജയം കെ.പി.സി.സി ആസ്ഥാനത്ത് കേക്ക് മുറിച്ച് ആഘോഷിച്ചു. തിരഞ്ഞെടുപ്പിൽ വിജയിച്ച കോൺഗ്രസ് എംപിമാർക്ക് ഊഷ്മളമായ സ്വീകരണവും നല്കി. കെപിസിസി പ്രസിഡന്റ് കെ.സുധാകരൻ, എഐസിസി സംഘടനാ ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാൽ, കേരളത്തിന്റെ ചുമതലയുള്ള എഐസിസി ജനറൽ സെക്രട്ടറി ദീപാദാസ് മുൻഷി, പ്രതിപക്ഷ നേതാവ് വിഡി സതീശൻ, കോൺഗ്രസ് പ്രവർത്തക സമിതി അംഗങ്ങളായ രമേശ് ചെന്നിത്തല, കൊടിക്കുന്നിൽ സുരേഷ്, യുഡിഎഫ് കൺവീനർ എംഎം ഹസൻ, എഐസിസി സെക്രട്ടറിമാരായ വിശ്വനാഥ പെരുമാൾ, പിവി മോഹൻ, പി സി വിഷ്ണുനാഥ്, വർക്കിംഗ് പ്രസിഡന്റ് ടി സിദ്ദിഖ് എന്നിവർ നേതൃത്വം നൽകി. ലോക്സഭാ തെരഞ്ഞെടുപ്പ് വിജയം സംബന്ധിച്ച് യോഗം പ്രമേയം പാസാക്കി. വൈസ് പ്രസിഡന്റ് വിടി ബൽറാം പ്രമേയം അവതരിപ്പിച്ചു. ജനറൽ സെക്രട്ടറി അഡ്വ കെ ജയന്ത് പിന്താങ്ങി.കേരളത്തിൽ മത്സര രംഗത്തുള്ളപ്പോഴും സംസ്ഥാനത്തെ കോൺഗ്രസ് സംഘടനയക്ക് എല്ലാ സഹായങ്ങളും പിന്തുണയും നൽകിയ എഐസിസി സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാലിനെ കെപിസിസി നേതൃയോഗം പ്രത്യേകം അഭിനന്ദിച്ചു.

ലോക്സഭാ തിരഞ്ഞെടുപ്പിലെ യുഡിഎഫിന്റെ തിളക്കമാർന്ന വിജയം കെ.പി.സി.സി ആസ്ഥാനത്ത് കേക്ക് മുറിച്ച് ആഘോഷിച്ചപ്പോൾ

സി.എച്ച്. സ്മരണിക പ്രകാശനം ചെയ്തു

തിരുവനന്തപുരം : മുൻ മുഖ്യമന്ത്രി സി. എച്ച്. മുഹമ്മദ് കോയയുടെ ജീവിതഗാഥ ഒരു പാഠപുസ്തകമാണെന്നും, സി.എച്ച്.ഏതൊക്കെ സ്ഥാനങ്ങൾ അലങ്കരിച്ചിരുന്നുവോ അവിടെയെല്ലാം സുതുര്യർഹമായനിലയിൽ സേവനങ്ങൾ ചെയ്യാൻ കഴിഞ്ഞ കേരളത്തിലെ രാഷ്ട്രീയക്കാരിലെ അനിതരണ സാധാരണമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നുവെന്ന് സ്പീക്കർ ഏ.എൻ. ഷംസീർ അഭിപ്രായപ്പെട്ടു.

സി.എച്ച്. മുഹമ്മദ് കോയ സ്മാരക സമിതി പ്രസിദ്ധീകരിച്ച സി.എച്ച്. സ്മരണികയുടെ പ്രകാശനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു സ്പീക്കർ. സ്മരണികയുടെ ആദ്യ കോപ്പി അൽ മുക്താദിർ ജുവലറി ഗ്രൂപ്പ് ഗ്ലോബൽ ജനറൽ മാനേജർ ഗുൽസാർ അഹമ്മദ് സേട്ടിന് സ്പീക്കർ നൽകി പ്രകാശനം ചെയ്തു. മുസ്ലിം ലീഗ് നേതാവ് പി. ഉബൈദുള്ള എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ, ഭരണാധികാരികൾക്ക് സി. എച്ച്. മുഹമ്മദ് കോയ ഒരു മാതൃകയാണെന്ന് അധ്യക്ഷ പ്രസംഗത്തിൽ അദ്ദേഹം അഭിപ്രായപ്പെട്ടു.

മുസ്ലിം ലീഗ് ദേശീയ സമിതി അംഗം കെ.എച്ച്.എം. അഷറഫ്, കേരള മുസ്ലിം ജമാഅത്ത് കൗൺസിൽ സംസ്ഥാന പ്രസിഡന്റ് കരമന ബയാർ, ദുബായ് പെർഫെക്റ്റ് ഗ്രൂപ്പ് ചെയർമാൻ അഡ്വ: എം.എ. സിറാജുദ്ദീൻ, കെ. എച്ച്.എം. മുനീർ, ആമച്ചൽ ഷാജഹാൻ തുടങ്ങിയവർ പ്രസംഗിച്ചു.കണിയാപുരം ഇ കെ മുനീർ സ്വാഗതവും, എം. മുഹമ്മദ് മാഹീൻ നന്ദിയും പറഞ്ഞു.

മുൻ മുഖ്യമന്ത്രി സി.എച്ച്. മുഹമ്മദ് കോയയുടെ ചരമവാർഷികം പ്രമാണിച്ച് പുറത്തിറക്കിയ സി.എച്ച്. സ്മരണികയുടെ പ്രകാശനം അൽ മുക്തദിർ ജ്വല്ലറി ഗ്രൂപ്പ് ഗ്ലോബൽ ജനറൽ മാനേജർ ഗുൽസാർ അഹമ്മദ് സേട്ടിന് ആദ്യ പ്രതി നൽകി സ്പീക്കർ എ.എൻ. ഷംസീർ നിർവഹിക്കുന്നു. പി. ഉബൈദുള്ള എം.എൽ.എ, കെ.എച്ച്.എം. അഷറഫ്, കരമന ബയാർ സമീപം

അപകടക്കെണിയായി മുതലപ്പൊഴി : മൂന്ന് മാസത്തിനിടെ നഷ്ടമായത് മൂന്ന് ജീവനുകൾ

ചിറയിൻകീഴ്: തുറമുഖ അഴിമുഖത്ത് കഴിഞ്ഞ മൂന്ന് മാസത്തിനിടെ പതിമൂന്ന് അപകടങ്ങളിലായി ജീവൻ നഷ്ടമായത് മൂന്നു പേർക്ക്. മണൽ നീക്കത്തിലെ മെല്ലെ പോക്കാണ് മുതലപ്പൊഴിയെ വീണ്ടും അപകടക്കെണിയാക്കുന്നത്. കാലവർഷത്തിന് മുൻപേ അഴിമുഖം സുരക്ഷിതമാക്കുമെന്ന സർക്കാർ ഉറപ്പുകളെല്ലാം പാഴ്വാക്കായി.



മണൽ നീക്കം വേഗത്തിലാക്കണമെന്ന മത്സ്യത്തൊഴിലാളികളുടെ മുറവിളിയും സർക്കാർ ചെവികൊള്ളാൻ തയ്യാറാകാതിരുന്നത് ദുരന്തങ്ങളെ ക്ഷണിച്ചുവരുത്തുന്നതാക്കി. വ്യാഴാഴ്ച അർദ്ധരാത്രി ഒന്നര മണിയോടെ വള്ളം മറിഞ്ഞ് അഞ്ചുതെങ്ങ് മാമ്പള്ളി പുതുമണൽ വീട്ടിൽ വികൂർ തോമസിന്റെ (50) ജീവനാണ് ഒടുവിൽ പൊലിഞ്ഞത്. ഏപ്രിൽ 29 ന് പുതുക്കുറിച്ചി തെരുവിൽ തൈവിളാകം വീട്ടിൽ ജോൺ ഫെർണാന്റസ് (64),മെയ് 28 – അഞ്ചുതെങ്ങ് മുഖ്യസ്ഥാൻ പറമ്പ് സ്വദേശി അബ്രഹാം റോബർട്ട് (60) എന്നിവരുടെ ജീവനും കടൽ കവർന്നെടുത്തു.

ആഴമില്ലാത്തിനാൽ ശക്തമായി തിരമാലകളും അടിയൊഴുക്കുണ്ടാകുന്നതാണ് അപകടങ്ങളുടെ എണ്ണം വർദ്ധിക്കാനിടയക്കുന്നത്. അഴിമുഖത്ത് മണൽ നീക്കം ചെയ്യാനായി മണ്ണുമാന്തി ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളാണ് കഴിഞ്ഞ മൂന്നുമാസമായി നടന്നു വരുന്നത്.മണ്ണ് മാന്തിയിലൂടെ കോരിയെടുക്കുന്നതിന്റെ ഇരട്ടിയായി അഴിമുഖത്തേക്ക് മണൽ ഒഴുക്ക് തുടർന്നതോടെ ഇത് വെറും പ്രഹസനമായി മാറി. കവാടത്തിൽ 6 മീറ്റർ താഴ്ചയിൽ 400 മീറ്റർ നീളത്തിൽ മണ്ണ് നീക്കിയാൽ മാത്രമെ വള്ളങ്ങൾക്ക് സുഗമമായി കടന്നു പോകാനാകൂ. നിലവിൽ രണ്ടുമീറ്ററിൽ താഴെ മാത്രമാണ് ആഴം ഉള്ളതെന്ന് തൊഴിലാളികൾ ചൂണ്ടിക്കാട്ടുന്നു. അപകടസമയത്ത് രക്ഷാപ്രവർത്തനത്തിന് മതിയായ സംവിധാനങ്ങൾ ഇല്ലാത്തതും മരണങ്ങളുടെ എണ്ണം വർദ്ധിക്കാനിടയാക്കുകയാണ്.

സ്കൂൾ വാനിന് പുറത്ത് മരങ്ങൾ വീണു

വെള്ളറട: കനത്ത മഴയിലും കാറ്റിലും ഓടിക്കൊണ്ടിരുന്ന സ്കൂൾ വാനിന് മുകളിൽ മരങ്ങൾ വീണ് വാഹനം തകർന്നു. വിദ്യാർത്ഥികളെ ഇറക്കിയ ശേഷമായിരുന്നു സംഭവം അതിനാൽ വൻ ദുരന്തം ഒഴിവായി. അമ്പൂരി പൂച്ച മുക്കിലെ ന്യൂജോതി സ്പെഷ്യൽ സ്കൂളിലെ വാഹനത്തിന് മുകളിലാണ് മരങ്ങൾ കൂട്ടത്തോടെ കടപുഴകി വീണത്. വൈകിട്ട് 5 മണിയോടെയാണ് സ്കൂളിന് കുറച്ചകലെ ആയി അപകടമുണ്ടായത്. സ്കൂളിലെ പ്രിൻസിപ്പൽ സിസ്റ്റർ രഞ്ജിനിയാണ് വാഹനം ഓടിച്ചിരുന്നത്. വിദ്യാർഥികളെയെല്ലാം വീട്ടിലെത്തിയശേഷം തിരികെ വരുമ്പോഴാണ് സമീപത്ത് വസ്തുവിനെ മരങ്ങൾ കൂട്ടത്തോടെ വാഹനത്തിന് പുറത്തുകൂടെ കടപുഴകി വീണത്. അതിനാൽ ആളപായം സംഭവിച്ചില്ല. പിന്നീട് നാട്ടുകാരെത്തി മരം നീക്കം ചെയ്തു.

അമ

ശ്രീജ ആറങ്ങോട്ടുകരയ്ക്ക് ഗംഗാധരൻ നായർ സ്മാരക പുരസ്കാരം

തൃശൂർ: പ്രശസ്ത കലാ ഗവേഷകനും നാടക പ്രവർത്തകനും അധ്യാപകനുമായിരുന്ന ചിറയൻകീഴ് ഡോ.ജി.ഗംഗാധരൻ നായരുടെ ഓർമ്മയ്ക്കായി ചിറയൻകീഴ് ഡോ.ഗംഗാധരൻ നായർ സ്മാരക സമിതി ഏർപ്പെടുത്തിയ പുരസ്കാരത്തിന് നാടക പ്രവർത്തക ശ്രീജ ആറങ്ങോട്ടുകര അർഹയായതായി അവാർഡ് നിർണ്ണയ സമിതി അംഗം പ്രൊഫ.പി.എൻ. പ്രകാശ് പത്രസമ്മേളനത്തിൽ അറിയിച്ചു.

10001 രൂപയും ശില്പവും പ്രശസ്തി പത്രവും അടങ്ങുന്ന പുരസ്കാരം ജൂലൈ ഒന്നിന് വൈകീട്ട് 5 ന് സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ നടക്കുന്ന ചടങ്ങിൽ സമ്മാനിക്കും. എഴുത്തുകാരിയും ഫോട്ടോഗ്രാഫറുമായ പെപിത സേത്ത് പുരസ്കാര സമർപ്പണം നിർവ്വഹിക്കും. സംഗീത നാടക അക്കാദമി സെക്രട്ടറി കരിവള്ളൂർ മുരളി സമ്മേളനം ഉദ്ഘാടനം ചെയ്യും. സമിതി ചെയർപേഴ്സൺ കാഞ്ചന ജി നായർ, സെക്രട്ടറി ഡോ.കെ.യു കൃഷ്ണകുമാർ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

അണ്ടർ 10 ജില്ലാ ചെസ്സ് ചാമ്പ്യൻഷിപ്പ്

തൃശൂർ: കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സ്റ്റേറ്റ് ചെസ്സ് ടെക്നിക്കൽ കമ്മിറ്റി നടത്തുന്ന തൃശൂർ ജില്ലാ അണ്ടർ 10 (ഓപ്പൺ & ഗേൾസ്) സെലക്ഷൻ ടൂർണമെന്റ് ജൂൺ 30ന് തൃശൂർ ശക്തൻ തമ്പുരാൻ കോളേജിൽ നടക്കും . 2014 ജനുവരി ഒന്നിനോ അതിനു ശേഷമോ ജനിച്ച തൃശൂർ ജില്ലാ നിവാസികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. രണ്ട് വിഭാഗത്തിലും ആദ്യ 2 സ്ഥാനക്കാർ വീതം സംസ്ഥാന അണ്ടർ 19 ചെസ് മത്സരത്തിലേക്ക് ജില്ലയിൽ നിന്ന് യോഗ്യത നേടും. കളിക്കാർക്ക് സ്പോർട്സ് കൗൺസിൽ സ്റ്റേറ്റ് ചെസ്സ് ടെക്നിക്കൽ കമ്മിറ്റി സർട്ടിഫിക്കറ്റ് ലഭിക്കും.

പങ്കെടുക്കുന്നവർ 26 ന് വൈകീട്ട് ആറിന് മുൻപായി പേര് രജിസ്റ്റർ ചെയ്യണം. വിവരങ്ങൾക്ക് 9048149775.

വായനാദിനാചരണം

എസ്എൻ പുരം: എംഇഎസ് അസ്മാബി കോളേജ് സംഘടിപ്പിക്കുന്ന വായനാവാരത്തിനോടനുബന്ധിച്ച് എൻ.എസ്.എസ് യൂണിറ്റുകളും ജിഎൽപി.സ്കൂൾ പിവെമ്പല്ലൂരും ചേർന്ന് കുട്ടികളിലെ വായനാശീലം വളർത്തിയെടുക്കാൻ വായനാദിന പരിപാടി സംഘടിപ്പിച്ചു. സ്കൂൾ പ്രധാനദ്ധ്യാപിക സജിന ടി. എസ് അദ്ധ്യക്ഷത വഹിച്ചു. എൻ. എസ്. എസ് യൂണിറ്റ് പ്രോഗ്രാം ഓഫീസേഴ്സ് ആയ ഡോ. സഫിയ, ഡോ. ബഷീർ പി. ടി, യൂണിറ്റ് വൊളൻറ്റിയേർസ് ആയ അമ്മത്ത് ഫാത്തിമ, ഫൈഹ തുടങ്ങിയവർ പരിപാടിക്ക് നേതൃത്വം നൽകി. കുട്ടികളിൽ വായനാശീലം വളർത്തിയെടുക്കാനുതകുന്ന വിവിധയിന കലാപരിപാടികളും മത്സര പരിപാടികളും നടത്തി.തുടർന്ന് വിജയികൾക്ക് ചടങ്ങിൽ സമ്മാനങ്ങൾ നൽകുകയും ചെയ്തു.

അധ്യാപക ഒഴിവ്

കുന്നംകുളം: കിഴൂർ വിവേകാനന്ദ കോളേജിൽ ബി.എ(എച്ച്ആർഎം) പബ്ലിക്ക് അഡ്മിനിസ്ട്രേഷൻവിഷയങ്ങളിൽഅതിഥിഅധ്യാപകരുടെ ഒഴിവിലേയ്ക്ക് കൂടിക്കാഴ്ച്ച 22ന് രാവിലെ പതിനൊന്നിന് നടക്കുമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. യോഗ്യരായവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകണം.

അണ്ടത്തോട് കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് യു.ഡി.എഫ്. മാർച്ചും ധർണ്ണയും

അണ്ടത്തോട്: അണ്ടത്തോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ശോചനീയാവസ്ഥയിൽ പ്രതിഷേധിച്ച് യുഡിഎഫ് പുന്നയൂർക്കുളം പഞ്ചായത്ത് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആശുപത്രിയിലേക്ക് മാർച്ചും ധർണ്ണയും നടത്തി.

ഡിസിസി ജനറൽ സെക്രട്ടറി എ.എം. അലാവുദ്ദീൻ ഉദ്ഘാടനം ചെയ്തു. കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് പി.പി. ബാബു അധ്യക്ഷത വഹിച്ചു. മുസ്ലിം ലീഗ് പഞ്ചായത്ത് പ്രസിഡന്റ് എ.കെ. മൊയ്തുണ്ണി, ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ മന്ദലാംകുന്ന് മുഹമ്മദുണ്ണി, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ അബുതാഹിർ, കെ. എച്ച് ആബിദ്, കോൺഗ്രസ് മുൻ മണ്ഡലം പ്രസിഡന്റ് എൻ.ആർ.ഗഫൂർ, പി. രാജൻ, യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് മുഹമ്മദ് റഹീസ്, ഹുസൈൻ വലിയകത്ത് തുടങ്ങിയവർ സംസാരിച്ചു.

രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക, ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക, ആശുപത്രിയിലെ കെട്ടിടങ്ങളുടെ ചോർച്ചക്ക് പരിഹാരം കാണുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് പ്രതിഷേധം സംഘടിപ്പിച്ചത്. അണ്ടത്തോട് സെന്ററിൽ നിന്ന് ആരംഭിച്ച മാർച്ചിന് വി. മായിൻകുട്ടി അണ്ടത്തോട്, സലീൽ അറക്കൽ, അബു മാലിക്കുളം, അഷ്കർ അറക്കൽ, സി.എം. ഗഫൂർ, ടി.എം. ഇല്യാസ് തെങ്ങിൽ, ബക്കർ, ലിയാക്കത്ത്, പ്രിയേഷ്, ടി.കെ. കെബീർ, മയിൻ, ഷംസു, അബ്ദുറസാഖ്, ഷാഹിദ്, അമീൻ തുടങ്ങിയവർ നേതൃത്വം നൽകി.

അണ്ടത്തോട് കുടുംബാരോഗ്യ കേന്ദ്രത്തിലെക്ക് യുഡിഎഫ് നടത്തിയ മാർച്ച്

പുസ്തക പ്രകാശനം

തൃശൂർ : ഫെഡറൽ ബാങ്ക് മുൻ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് കെ.എ. ബാബു രചിച്ച ഗ്രന്ഥം പെൻസിൽ കൊണ്ടെഴുതിയ ചെക്ക് പ്രമുഖ സോഫ്റ്റ്‌വെയർ കമ്പനിയായ സാപ്പിഹയറിന്റെ സഹ സ്ഥാപകൻ ദീപു സേവ്യറും സിവിൽ സർവീസ് റാങ്ക് ഹോൾഡർ സിദ്ധാർത്ഥ രാംകുമാറും ചേർന്ന് പ്രകാശനം ചെയ്തു.

തൃശൂർ മാനേജ്മെന്റ് അസോസിയേഷൻ സഹൃദയ കോളേജിൽ സംഘടിപ്പിച്ച സ്റ്റുഡന്റ്സ് ആനുവൽ കോൺക്ലേവിൽ വെച്ച് നടന്ന ചടങ്ങിൽ ടിഎംഎ പ്രസിഡന്റ് ജിയോ ജോബ്, സെക്രട്ടറി മധു, സ്റ്റുഡന്റ്സ് ചാപ്റ്റർ കോർഡിനേറ്റർ ജാക്ക്സൺ ഡേവിഡ്, സിംസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിനോ ജോണി മാളക്കാരൻ എന്നിവർ പങ്കെടുത്തു.

നാലു പതിറ്റാണ്ടിലേറെ നീണ്ട കരിയറിൽ ബാങ്കിങ് മേഖലയിൽ നടപ്പിലാക്കിയ പരിഷ്കരണങ്ങളും ഇടപാടുകാരുമായുള്ള വിശാലമായ ബന്ധവും വിവരിക്കുന്നതാണ് പുസ്തകം.

സ്വദേശ റെയ്ഞ്ച് ചെയർമാൻ അബ്ദുൽ ജബ്ബാർ മുസ്ലിയാർ, ജനറൽ കൺവീനർ നൗഫൽ ചേലക്കര, ട്രഷറർ നവാസ് ഫൈസി ഉദുവടി

സ്വദേശ റെയ്ഞ്ച് ഭാരവാഹികളെ തിരഞ്ഞെടുത്തു

ചേലക്കര: സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിലിന്റെ നിർദേശ പ്രകാരം മുഴുവൻ റെയ്ഞ്ചുകളിലും സ്വദേശി മുഅല്ലിം സംഗമം നടത്തി ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി

ചേലക്കര സ്വദേശ റെയ്ഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ പ്രഥമ സംഗമം ഉദുവടി റൗളത്തുൽ ഉലൂം മദ്റസയിൽ വെച്ച് സംഘടിപ്പിച്ചു. കെ.കെ.ഉണ്ണീൻ കുട്ടി മുസ്ലിയാർ അധ്യക്ഷനായി. അബ്ദുൽ ജബ്ബാർ മുസ്ലിയാർ ഉദ്ഘാടനം ചെയ്തു. സമസ്ത മുദരിബ് ഷമീർ അൻവരി വിഷയാവതരണം നടത്തി. പുതിയ ഭാരവാഹികളായി അബ്ദുൽ ജബ്ബാർ മുസ്ലിയാർ തൊഴുപ്പാടം (ചെയർമാൻ), അബ്ദുൽ ഖാദിർ മുസ്ലിയാർ തൊഴുപ്പാടം, അബ്ദുള്ള മുസ്ലിയാർ ചെറങ്ങേണം (വൈസ് ചെയർമാൻമാർ), നൗഫൽ ചേലക്കര (ജനറൽ കൺവീനർ), യൂസഫ് മുസ്ലിയാർ പുലാക്കോട്, അബൂത്വാഹിർ അൻവരി തോന്നൂർക്കര (ജോയിന്റ് കൺവീനർമാർ), നവാസ് ഫൈസി ഉദുവടി (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു. റെയ്ഞ്ച് ജനറൽ സെക്രട്ടറി പി.എസ്.ഖമറുദ്ദീൻ മൗലവി സ്വാഗതവും കൺവീനർ നൗഫൽ ചേലക്കര നന്ദിയും പറഞ്ഞു. ഭാവി കാര്യങ്ങൾ മേൽഘടകങ്ങളുടെ നിർദ്ദേശ പ്രകാരം യഥാസമയം നടപ്പിലാക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

ശുദ്ധജല വിതരണം മുടങ്ങിയിട്ട് ഒരുമാസം; പരിഹരിക്കാതെ വാട്ടർ അതോറിറ്റി

ചെന്ത്രാപ്പിന്നി: എടത്തിരുത്തി പഞ്ചായത്തിലെ മേഖലയിലെ ശുദ്ധജല വിതരണം മുടങ്ങിയിട്ട് ഒരു മാസം പിന്നിട്ടിട്ടും അപാകത പരിഹരിക്കാൻ വാട്ടർ അതോറിറ്റിക്ക് കഴിഞ്ഞില്ല. എടത്തിരുത്തി ഗ്രാമ പഞ്ചായത്തിലെ 8,9,10 വാർഡുകളിലേക്കുള്ള വാട്ടർ അതോറിറ്റിയുടെ ശുദ്ധജല വിതരണം 32 ദിവസമായി നിലച്ചിട്ട്.

ദേശീയ പാത വികസനത്തിന്റെ ഭാഗമായി നിർമ്മാണം നടക്കുന്നിടത്ത് പൈപ്പ് പൊട്ടിയതിനെ തുടർന്നാണ് ആദ്യം കുടിവെള്ള വിതരണം മുടങ്ങിയത്. ഇതേ തുടർന്ന് 15 ദിവസം കഴിഞ്ഞാണ് എൻ.എച്ച്. അധികൃതർ പൊട്ടിയ പൈപ്പ് നന്നാക്കിയത്. എന്നാൽ പൈപ്പ് ശരിയാക്കിയിട്ടും വെള്ളമെത്തിയില്ല. ഇതോടെ ജനങ്ങൾ പരാതിയുമായി വീണ്ടും രംഗത്തെത്തി. തുടർന്ന് വാട്ടർ അതോറിറ്റി ജീവനക്കാരും, ഒമ്പതാം വാർഡ് മെമ്പർ കെ.എസ്. അനിൽ കുമാറും ചേർന്ന് റോഡരികിലെ പത്തോളം ഭാഗങ്ങളിൽ കുഴിച്ച ശേഷമാണ് പൈപ്പിലെ ഒരു തടസ്സം കണ്ടെത്തിയത്. ചെന്ത്രാപ്പിന്നി ഐസ് പ്ലാന്റിന് സമീപത്തെ ആൽ മരത്തിന്റെ വേര് പൈപ്പിന്റെ ജോയന്റിലൂടെ കയറിയതാണ് വെള്ളമൊഴുക്ക് തടസ്സപ്പെടുത്തിയത്. പത്ത് മീറ്ററോളം നീളത്തിലാണ് പൈപ്പിനകത്ത് നിന്നും വേര് എടുത്തു മാറ്റിയത്. എന്നാൽ വേര് എടുത്ത് മാറ്റിയിട്ടും വെള്ളം പൈപ്പിലെത്തിയില്ല. വാൾവ് തകരാറാണെന്ന് കരുതി സി.വി. സെന്ററിലെ വാൾവ് തുറന്ന് നോക്കിയെങ്കിലും തകരാറ് കണ്ടെത്താനായില്ല. വാട്ടർ അതോറിറ്റിയുടെ കരാറ് പണിക്കാർ പതിനെട്ടടവും പയറ്റിയിട്ടും ശുദ്ധജല വിതരണ പൈപ്പിലെ തകരാർ ഇതുവരെയും കണ്ടെത്താനായിട്ടില്ല. വിശേഷ ദിവസങ്ങളിൽ പോലും വെള്ളം കിട്ടാതായതോടെ ജനങ്ങൾ കടുത്ത അമർഷത്തിലാണ്. മുസ്ലിം ലീഗിന്റെ നേതൃത്വത്തിൽ പെരുന്നാൾ ദിനത്തിൽ ചാമക്കാലയിൽ പ്രതിഷേധ സമരവും സംഘടിപ്പിച്ചിരുന്നു. എത്രയും പെട്ടെന്ന് ശുദ്ധജല മെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

സ്പോട്ട് അഡ്മിഷൻ

ചാലക്കുടി: സേക്രട്ട് ഹാർട്ട് ഓട്ടണോമസ് കോളേജിൽ ഡിഗ്രി വിഷയങ്ങളിൽ ജനറൽ, എസ്.സി, എസ്.ടി വിഭാഗങ്ങളിൽ ഏതാനും സീറ്റുകളിൽ കൂടി ഒഴിവുണ്ട്. ഫിസിക്സ്, കെമിസ്ട്രി, സുവോളജി, സൈക്കോളജി, ഇംഗ്ലീഷ്, ഇക്കണോമിക്സ്, ഹിസ്റ്ററി, കോമേഴ്സ്,ബിബിഎ, ബിസിഎ എന്നീ പ്രോഗ്രാമുകളിലെ ഒഴിവുകളിലോട്ട് സ്പോട്ട് അഡ്മിഷൻ നടക്കുന്നുണ്ട്.

താല്പര്യമുള്ള വിദ്യാർത്ഥിനികൾ ആവശ്യമായ രേഖകളുമായി ഈമാസം 28-ാം തിയതിയ്ക്ക് മുന്നേ കോളേജിൽ നേരിട്ടെത്തി അഡ്മിഷൻ നേടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പറിൽ ബന്ധപ്പെടുക : 9605180125, 7559035300

ഹോട്ടലിന്റെ മറവിൽ കഞ്ചാവ് കച്ചവടം: രണ്ട്പേർ അറസ്റ്റിൽ

കയ്പമംഗലം: മൂന്നുപീടികയിൽ ഹോട്ടലിന്റെ മറവിൽ കഞ്ചാവ് കച്ചവടം നടത്തിവന്നിരുന്ന ഇതര സംസ്ഥാനക്കാരായ രണ്ട് പേരെ പോലീസ് അറസ്റ്റ് ചെയ്തു.

ബീഹാർ സ്വദേശികളായ ഇല്യാസ് ഷേക്ക്, പർവ്വേഷ് മുഷറഫ് എന്നിവരെയാണ് തൃശൂർ റൂറൽ ഡാൻ സാഫ് ടീമും, കയ്പമംഗലം പോലീസും ചേർന്ന് അറസ്റ്റ് ചെയ്തത്. ഇവരിൽ നിന്നും ചെറിയ പൊതികളിലായി സൂക്ഷിച്ചിരുന്ന 250 ഗ്രാമോളം കഞ്ചാവ് പിടിച്ചെടുത്തു.

ഇവർ താമസിച്ചിരുന്ന വീട്ടിൽ നിന്നും കഞ്ചാവ് പൊതികൾ കണ്ടെത്തി. ബീഹാറിൽ നിന്നും കഞ്ചാവ് കൊണ്ട് വന്ന് ഇവിടെ ഇതര സംസ്ഥാന തൊഴിലാളികൾക്കും, മറ്റുമായി ഇവർ വില്പന നടത്തിവരികയായിരുന്നുവെന്ന് പോലീസ് പറഞ്ഞു. മൂന്നുപീടിക അറവുശാല ബസ് സ്റ്റാന്റ് കെട്ടിടത്തിൽ ഹോട്ടൽ നടത്തി വരികയായിരുന്നു പ്രതികൾ. കയ്പമംഗലം പോലീസ് ഇൻസ്പെക്ടർ എം.ഷാജഹാൻ, എസ്.ഐമാരായ എൻ.പ്രദീപ്, ജെയ്സൺ, ഡാൻ സാഫ് ടീം അംഗങ്ങളായ എസ്.ഐ പ്രദീപ്, സീനിയർ സി.പി.ഒ ഐ.ആർ.ലിജു, മാനുവൽ, എ.ബി.നിഷാന്ത്, കയ്പമംഗലം പോലീസ് സ്റ്റേഷനിലെ സീനിയർ സി.പി.ഒ മാരായ മുഹമ്മദ് റാഫി, ഗിരീശൻ, പ്രിയ, അനന്തു എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്.

അറസ്റ്റിലായ ഇല്യാസ് ഷേക്ക്, പർവ്വേഷ് മുഷറഫ്

എടത്തിരുത്തി ഗ്രാമപഞ്ചായത്തിൽ ഹോമിയോ, ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷൈലജ രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

മെഡിക്കൽ ക്യാമ്പ്

ചെന്ത്രാപ്പിന്നി: എടത്തിരുത്തി ഗ്രാമപഞ്ചായത്തിൽ ഹോമിയോ, ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ചെന്ത്രാപ്പിന്നി പകൽവീടിൽ നടന്ന ക്യാമ്പ് പഞ്ചായത്ത് വൈസ് പ്രസിഡന്റ്ഷൈലജ രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. എടത്തിരുത്തി ആയുർവ്വേദ ഡിസ്പെൻസറി ഡോ. ലായി നാരായണൻ അധ്യക്ഷനായി. ഡോ. ഷെബീന, ഡോ. മിലി, ഡോ.ജയചന്ദ്രൻ, ഡോ.ഹിത എന്നിവർ രോഗികളെ പരിശോധിച്ചു.

കടലിൽ അപകടത്തിൽപ്പെട്ട വിദ്യാർത്ഥിയെ രക്ഷിച്ച യുവാക്കൾക്ക് അനുമോദനം

അണ്ടത്തോട്: കടലിൽ കുളിക്കാൻ ഇറങ്ങി അപകടത്തിൽപ്പെട്ട വിദ്യാർത്ഥിയെ സാഹസികമായി രക്ഷിച്ച യുവാക്കളെ കോസ്റ്റൽ പോലീസും കടലോര ജാഗ്രത സമിതിയും സംയുക്തമായി അനുമോദിച്ചു. അണ്ടത്തോട് കുമാരൻപടി ചെട്ട്യാം വീട്ടിൽ ഗണേശന്റെ മകൻ അഭിനേശ് (17) ആണ് അണ്ടത്തോട് കടലിൽ അപകടത്തിൽപ്പെട്ടത്.

അണ്ടത്തോട് അണ്ടിപ്പാട്ടിൽ നൗഷാദ്, ചെറുനമ്പി അലി, ഹസ്ക്കർ ചാലിൽ, ഹരിദാസൻ, എം.എം ഷെഫീഖ്, ഷെഫീഖ് ചാലിൽ, അഫ്സൽ ചെറുനമ്പി, ഷൗക്കത്ത് പാലക്കൽ, കുഞ്ഞിമൊയ്തീൻ, ലിയാക്കത്ത്, ബഷീർ എന്നിവരെയാണ് മനക്കക്കടവ് കോസ്റ്റൽ പോലീസും കടലോര ജാഗ്രത സമിതിയും സംയുക്തമായി അനുമോദിച്ചത്. മന്ദലാംകുന്ന് ബീച്ചിൽ നടന്ന പരിപാടി ഗുരുവായൂർ എ.സി.പി. സി.എസ്.സുന്ദരൻ ഉദ്ഘാടനം ചെയ്തു.

വാർഡ് മെമ്പർ അസീസ് മന്ദലാംകുന്ന് അധ്യക്ഷത വഹിച്ചു. മുനക്കകടവ് കോസ്റ്റൽ പോലീസ് എസ്.എച്ച്.ഒ.സിജോ വർഗീസ്, എസ്ഐ ലോഫിരാജ്, എ.എസ്ഐമാരായ സഞ്ജയ്, ജോസ്, ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ മന്ദലാംകുന്ന് മുഹമ്മദുണ്ണി, കടലോര ജാഗ്രത സമിതി ജില്ലാ കോഡിനേറ്റർ ആച്ചി ബാബു, മത്സ്യ തൊഴിലാളി കോൺഗ്രസ് ജില്ലാ പ്രസിഡന്റ് സുരേന്ദ്രൻ, കടലോര ജാഗ്രത സമിതി അംഗങ്ങളായ വഹാബ്, മാലിക്കുളം അബു തുടങ്ങിയവർ സംസാരിച്ചു.

കടലിൽ കുളിക്കാൻ ഇറങ്ങി അപകടത്തിൽപ്പെട്ട വിദ്യാർത്ഥിയെ രക്ഷിച്ച യുവാക്കളെ അനുമോദിക്കൽ ചടങ്ങ് ഗുരുവായൂർ എ.സി.പി സി.എസ്.സുന്ദരൻ ഉദ്ഘാടനം ചെയ്യുന്നു

ദേശീയപാത വികസനം: യാത്രക്കാർക്ക് ദുരിതമായി മെറ്റൽ കൂനകൾ

അണ്ടത്തോട്: ദേശീയപാതയോരത്തെ സർവീസ് റോഡിൽ അലക്ഷ്യമായി കൂട്ടിയിട്ട മെറ്റൽ കൂനയിൽ കയറി സ്കൂട്ടർ മറിഞ്ഞ് യാത്രികന് ഗുരുതര പരിക്ക്. പൊന്നാനി വണ്ടിപ്പേട്ട പുതുവീട്ടിൽ കോയക്കാണ് (51) പരിക്ക് പറ്റിയത്. ഇയാളെ തൃശൂർ ദയ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ബുധനാഴ്ച്ച രാത്രി ഒമ്പതരയോടെ അണ്ടത്തോട് പാപ്പാളി നൂറുദ്ദീൻ മദ്രസക്ക് സമീപമാണ് സംഭവം.

വെജിറ്റബിൾ ഷോപ്പിലെ കളക്ഷൻ ഏജൻറായ കോയ ജോലിയുമായി ബന്ധപ്പെട്ട യാത്രയിലായിരുന്നു. ചാവക്കാട് ഭാഗത്ത് നിന്ന് പൊന്നാനിയിലേക്ക് പോകുന്നതിനിടയിലാണ് അപകടം. ദേശീയപാത വികസനത്തിന്റെ ഭാഗമായി നിർമ്മിച്ചു കൊണ്ടിരിക്കുന്ന സർവീസ് റോഡിൽ മെറ്റൽ അലക്ഷ്യമായി കൂട്ടിയിട്ടതാണ് അപകട കാരണം.

രാത്രി ഇതുവഴി യാത്ര ചെയ്യുമ്പോൾ മെറ്റൽ കൂന ശ്രദ്ധയിൽ പെടില്ല. ജനരോഷം അറിഞ്ഞെത്തിയ ദേശീയപാത നിർമ്മാണത്തൊഴിലാളികൾ പ്രതിഷേധത്തിനിടയിൽ മണ്ണുമാന്തി ഉപയോഗിച്ച് റോഡിലെ മെറ്റൽ കൂനകൾ മാറ്റി.

മന്ദലാംകുന്ന് സെൻറർ ഭാഗത്തെ പഴയ ദേശീയപാത ഒഴിവാക്കി വാഹന ഗതാഗതം പുതിയ പാതയിലാക്കിയത് ചൊവ്വാഴ്ച്ചയാണ്. മേഖലയിലെ സർവീസ് റോഡ് ശരിപ്പെടുത്താതെയാണ് പഴയ വഴിയടച്ചതെന്ന ആക്ഷേപത്തിനിടയിലാണ് ബുധനാഴ്ച്ചയുണ്ടായ അപകടം. പഴയ റോഡ് ഭാഗം അടച്ചതോടെ സ്ക്കൂൾ വിദ്യാർത്ഥികളും പെരുവഴിയിലായിരിക്കുകയാണ്.

തങ്ങൾപ്പടിഭാഗം സർവ്വീസ് റോഡിൽ അലക്ഷ്യമായി കൂട്ടിയിട്ട മെറ്റൽകൂന

ഇരിങ്ങാലക്കുട നഗരസഭയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന ഞാറ്റുവേല മഹോത്സവത്തിന്റെ ഭാഗമായി വിളംബരോത്സവം നഗരസഭ ചെയർപേഴ്സൺ സുജസഞ്ജീവ് ഉദ്ഘാടനം ചെയ്യുന്നു

വിളംബരോത്സവം

ഇരിങ്ങാലക്കുട: നഗരസഭയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന ഞാറ്റുവേല മഹോത്സവത്തിന്റെ ഭാഗമായി വിളംബരോത്സവം സംഘടിപ്പിച്ചു. കരുവന്നൂർ പ്രിയദർശനി ഹാളിൽ നടന്ന പരിപാട് നഗരസഭ ചെയർപേഴ്സൺ സുജ സഞ്ജീവ് കുമാർ ഉദ്ഘാടനം ചെയ്തു. പരിപാടിയുടെ ഭാഗമായി കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ,നടീൽ വസ്തുക്കൾ വിൽക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനുമുള്ള വേദിയും ഒരുക്കിയിരുന്നു. കൂടാതെ പഴയകാല കാർഷിക ഉത്പന്നങ്ങളുടെ പ്രദർശനം,ഓലമെടയൽ മത്സരം,ഓലപീപ്പി നിർമ്മാണ മത്സരം തുടങ്ങിയ കാർഷികാനുബന്ധ കലാപരിപാടികളും അരങ്ങേറി.വികസനകാര്യ സ്റ്റാന്റിംങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ഫെനി എബിൻ വെള്ളാനിക്കാരൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സ്റ്റാന്റിംങ്ങ് കമ്മിറ്റി ചെയർമാൻമാരായ സി സി ഷിബിൻ,ജെയ് സൺ പാറേക്കാടൻ,അംബിക പള്ളിപ്പുറത്ത്,കൗൺസിലർമാർ തുടങ്ങിയവർ ആശംസകൾ നേർന്ന് സംസാരിച്ചു.വാർഡ് കൗൺസിലർ രാജി കൃഷ്ണകുമാർ സ്വാഗതവും കൃഷി ഓഫീസർ ആൻസി യു എ നന്ദിയും പറഞ്ഞു.

പോഷാകാഹാര കിറ്റ് വിതരണം

തളിക്കുളം: ഗ്രാമപഞ്ചായത്ത് 2023-24 ജനകീയാസൂത്രണ പദ്ധതി പ്രകാരം വിളർച്ച ബാധിച്ച സ്ത്രീകൾക്കും കൗമാരക്കാരായ പെൺകുട്ടികൾക്കുമുള്ള പോഷകാഹാര കിറ്റ് വിതരണം നടത്തി. 'ആരോഗ്യമുള്ള ഭാവിക്ക്... ആരോഗ്യമുള്ള വനിത...' എന്ന ലക്ഷ്യം വെച്ചുകൊണ്ട് തളിക്കുളം പഞ്ചായത്തിലെ സ്ത്രീകളിൽ അനീമിയ ടെസ്റ്റ് നടത്തി എച്ച് ബി ലെവൽ 10 പോയിന്റിൽ കുറവുള്ള 300 സ്ത്രീകൾക്കാണ് പോഷകാഹാര കിറ്റ് വിതരണം ചെയ്യുന്നത്. അങ്ങിപ്പരിപ്പ്, ബദാം പരിപ്പ്, ഉണക്ക മുന്തിരി, ഈന്തപ്പഴം, അയേൺ ടാബ്ലറ്റ് എന്നിവ അടങ്ങിയ കിറ്റാണ് ഓരോരുത്തർക്കും വിതരണം ചെയ്തത്. പോഷകാഹാരകുറവ് മൂലം സ്ത്രീകൾക്ക് ഉണ്ടാകുന്ന വിളർച്ച ഇല്ലാതാക്കി ഊർജസ്വലരായ വനിതകളെ വാർത്തെടുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. തളിക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി ഐ സജിത അധ്യക്ഷത വഹിച്ച ചടങ്ങ് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലത ചന്ദ്രൻ ഉദ്ഘാടനം ചെയ്തു.

തളിക്കുളം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് പി. കെ അനിത ടീച്ചർ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ എം കെ ബാബു, ബുഷറ അബ്ദുൽ നാസർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ കല ടീച്ചർ, വാർഡ് മെമ്പർമാരായ സിംഗ് വാലത്ത്, സന്ധ്യാ മനോഹരൻ, സുമന ജോഷി, തളിക്കുളം കുടുംബാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഡോക്ടർ സഫീർ, ഡോക്ടർ അജയ് രാജ്, ഹെൽത്ത് ഇൻസ്പെക്ടർ മുഹമ്മദ് മുജീബ്, ജാഗ്രത സമിതി ഫെസിലിറ്റേറ്റർ അനീഷ. കെ. എസ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ഐ. സി. ഡി. എസ് സൂപ്പർവൈസറും നിർവഹണ ഉദ്യോഗസ്ഥയുമായ സിനി. കെ. എസ് പദ്ധതി വിശദീകരണം നടത്തി. അംഗനവാടി അധ്യാപകർ, ആരോഗ്യ പ്രവർത്തകർ, ആശാ പ്രവർത്തകർ എന്നിവർ വിതരണത്തിന് നേതൃത്വം നൽകി.

പോഷകാഹാര കിറ്റ് വിതരണം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലത ചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

കൂടിയാട്ടം അവതരണവും അമ്മന്നൂർ മാധവചാക്യാർ അനുസ്മരണവും ഇന്ന്

തൃശൂർ: മാധവമാ

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 21 വെള്ളി
ഗൾഫ് ചന്ദ്രിക

ഉമ്മൻചാണ്ടിയുടെ കാലത്ത് ക്ഷേമപെൻഷൻ മൂന്നു മാസത്തിലധികം കുടിശിക വന്നിട്ടില്ല. എന്തുകൊണ്ടാണ് ആ കുടിശിക നൽകാൻ കഴിയാതിരുന്നതെന്ന് അറിയണമെങ്കിൽ ഇപ്പോൾ നിങ്ങൾക്കൊപ്പമുള്ള കെ.എം എബ്രഹാമിനോട് ചോദിച്ചാൽ മതി.

– ഡോ. എം.കെ മുനീർ

മുതലപ്പൊഴിയിൽ നടക്കുന്ന അപകടങ്ങൾ അദാനിയുടെ ഉത്തരവാദിത്തമായി കാണണം. കേരള സർക്കാരിന് ഇച്ഛാ ശക്തി ഉണ്ടായിരുന്നെങ്കിൽ മുതലപ്പൊഴിയിലെ അപകട മരണങ്ങൾ ഒഴിവാക്കാൻ സാധിക്കുമായിരുന്നു. അദാനിയും സർക്കാരും തമ്മിൽ ഒത്തുകളിയാണ് നടക്കുന്നത്. മരണങ്ങൾ ആവർത്തിച്ച് നടന്നാലും കണ്ണ് തുറക്കാത്ത കുറേ ഭരണാധികാരികളുടെ അനാസ്ഥ കാരണമാണ് മുതലപ്പൊഴിയിൽ മരണങ്ങൾ ഉണ്ടാകുന്നത്. പുലിമുട്ടിൽ ഉണ്ടായിരുന്ന ടെട്രോ പാഡുകളും വലിയ പാറകളുമെല്ലാം ഒഴുകി കടലിൽ കിടക്കുകയാണ്. അതിന്റെ പൂർണ ഉത്തരവാദി അദാനിയാണ്. ഉത്തരവാദികളെ കൊണ്ട് അവർ ചെയ്യേണ്ട ജോലി ചെയ്യിക്കുകയായിരുന്നു സർക്കാർ ചെയ്യേണ്ടിയിരുന്നത്.

– ഫാ. യൂജിൻ പെരേര

കേരള വാർത്തകൾ

തിരുവനന്തപുരം കന്റോൺമെന്റ് ഹൗസിൽ നടന്ന യു.ഡി.എഫ് യോഗത്തിൽ എം.എം ഹസൻ, പി.കെ കുഞ്ഞാലിക്കുട്ടി, കെ. സുധാകരൻ, കെ.സി വേണുഗോപാൽ, വി.ഡി സതീശൻ, ദീപാദാസ് മുൻഷി, പി.ജെ ജോസഫ്, രമേശ് ചെന്നിത്തല എന്നിവർ

യു.ഡി.എഫിന്റെ പ്രവർത്തനം വിപുലീകരിക്കും: എം.എം.ഹസൻ

തിരുവനന്തപുരം: കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കെതിരെയുള്ള ജനവിരുദ്ധ വികാരമാണ് യു.ഡി.എഫ് വിജയത്തിന് വഴി തെളിയിച്ചതെന്ന് യുഡിഎഫ് ഏകോപന സമിതിയുടെയും എം.പിമാരുടെയും സംയുക്ത യോഗം വിലയിരുത്തി. നരേന്ദ്രമോദിയുടെ വർഗീയ വിദ്വേഷ പ്രചരണത്തിനും പിണറായി വിജയൻ നടത്തിയ വർഗീയ പ്രീണന പ്രചരണത്തിനുമെതിരെ മതേതര വിശ്വാസികൾ നൽകിയ വോട്ടുകളാണ് യു.ഡി.എഫ് വിജയത്തിന് കാരണമെന്ന് യോഗ നടപടികൾ വിശദീകരിച്ച് നടത്തിയ വാർത്താ സമ്മേളനത്തിൽ കൺവീനർ എം.എം ഹസൻ പറഞ്ഞു. വിജയത്തിന്റെ പശ്ചാത്തലത്തിൽ വരുംനാളുകളിൽ യു.ഡി.എഫിന്റെ പ്രവർത്തനം വിപുലീകരിക്കും. പരാജയത്തെക്കുറിച്ച് പഠിക്കുന്നതോടൊപ്പം വിജയത്തിലേക്ക് നയിച്ച ഘടകങ്ങളെക്കുറിച്ചും യു.ഡി.എഫ് പഠിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ബി.ജെ.പിക്ക് വോട്ട് വർധനവ് ഉണ്ടായതിനെ യു.ഡി.എഫ് ഗൗരവമായി കാണുന്നു. ബി.ജെ.പിക്ക് ആരുടെ വോട്ട് കിട്ടിയെന്നും യു.ഡി.എഫ് പഠനം നടത്തും. വിനയത്തോടെ വിജയത്തെ സ്വീകരിക്കുന്നു. വളരെ ഐക്യത്തോടെ ഒറ്റക്കെട്ടായി പ്രവർത്തിച്ചതിന് ജനങ്ങൾ നൽകിയ അംഗീകാരമാണ് ഈ തിളക്കമാർന്ന വിജയം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിനെ നേരിടാനുള്ള പ്രവർത്തനങ്ങളുമായി യു.ഡി.എഫ് മുന്നോട്ടുപോകും. തെരഞ്ഞെടുപ്പിന് ശേഷം യു.ഡി.എഫ് ചോദിച്ച ചോദ്യങ്ങൾ തന്നെയാണ് എൽ.ഡി.എഫ് അണികളും സി.പി.എം നേതൃത്വത്തോട് ചോദിച്ചുകൊണ്ടിരിക്കുന്നത്. ഹസൻ പറഞ്ഞു.

വീണാ വിജയൻ വീണ്ടും മാസപ്പടി കുരുക്കിൽ

അനാഥാലയങ്ങളിൽ നിന്നും പണം പറ്റുന്നു

നിയമസഭയിൽ ഉന്നയിച്ച് കുഴൽനാടൻ

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണാ വിജയൻ കരിമണൽ കമ്പനിയിൽ നിന്നുമാത്രമല്ല, അനാഥാലയങ്ങളിൽ നിന്നും മാസപ്പടി വാങ്ങി. രേഖകൾ ഉയർത്തിക്കാട്ടി മാത്യു കുഴൽനാടൻ നിയമസഭയിലാണ് വിഷയം ഉന്നയിച്ചത്. ധനാഭ്യർഥന ചർച്ചക്കിടെയാണ് മാത്യു കുഴൽനാടൻ മാസപ്പടിയുമായി ബന്ധപ്പെട്ട് കൂടുതൽ ആരോപണങ്ങൾ ഉന്നയിച്ചത്. അനാഥാലയങ്ങളിൽ നിന്നും വീണാ വിജയൻ മാസപ്പടി കൈപ്പറ്റിയെന്ന് രജിസ്ട്രാർ ഓഫ് കമ്പനീസിന്റെ രേഖകൾ ഉയർത്തിക്കാട്ടി.

വീണയുടെ കമ്പനി മാസം തോറും വിവിധ ജീവകാരുണ്യ സ്ഥാപനങ്ങളിലും സംഘടനകളിലും നിന്ന് പണം കൈപ്പറ്റുന്നതായി വ്യക്തമായെന്ന് ആർ.ഒ.സിയുടെ രേഖയിൽ പറയുന്നുണ്ടെന്ന് മാത്യു പറഞ്ഞു. മാസപ്പടി വിവാദത്തിൽ താൻ പറഞ്ഞതിൽ ഉറച്ചു നിൽക്കുന്നുവെന്നും പി.വി എന്നത് താനല്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തെളിയിച്ചാൽ എം.എൽ.എ സ്ഥാനം രാജിവെക്കാമെന്നും മാത്യു വെല്ലുവിളിച്ചു. വീണ്ടും വീണ്ടും അതേ വിഷയം ഉന്നയിക്കരുതെന്ന് പറഞ്ഞ് സ്പീക്കർ കയർത്തു. ഒരേ പല്ലവി ഇവിടെ പാടരുതെന്നും ഇത് സ്ഥിരമായി പറയേണ്ട വേദിയല്ലെന്നും സ്പീക്കർ പറഞ്ഞു. മാത്യുവിന് പിന്തുണയുമായി പ്രതിപക്ഷ അംഗങ്ങളും എതിർപ്പുമായി ഭരണപക്ഷ അംഗങ്ങളും എഴുന്നേറ്റതോടെ സഭയിൽ ബഹളമായി. എന്നാൽ പിന്മാറാൻ തയാറാകാതിരുന്ന കുഴൽനാടൻ ഹെക്കോടതി മുഖ്യമന്ത്രിക്ക് നോട്ടീസ് അയച്ചുവെന്നും പി.വി താനല്ലെന്ന് ഹൈക്കോടതിയിൽ പിണറായി വിജയൻ പറയട്ടെയെന്നും താൻ നടത്തിയ വെല്ലുവിളി ഏറ്റെടുക്കാൻ പറ്റിയ അവസരമാണിതെന്നും പറഞ്ഞു. കോടതിയുടെ പരിഗണയിലുള്ള വിഷയം സഭയിൽ ഉന്നയിക്കാൻ പാടില്ലെന്ന് സ്പീക്കർ വീണ്ടും കയർത്തപ്പോൾ താൻ എന്താണ് പ്രസംഗിക്കേണ്ടതെന്ന് ചെയറാണോ തിരുമാനിക്കുന്നതെന്ന് മാത്യു തിരിച്ചടിച്ചു. മാസപ്പടി എന്നു കേൾക്കുമ്പോൾ എന്താണ് ഇത്ര പ്രശ്നമെന്നും മാത്യു ചോദിച്ചു. ചട്ടവും ക്രമവും പാലിക്കാത്ത ഒന്നും രേഖകളിലുണ്ടാകില്ലെന്നു സ്പീക്കർ പറഞ്ഞു. സ്പീക്കർ ആവർത്തിച്ചു പറഞ്ഞിട്ടും വിഷയത്തിൽ നിന്ന് പിന്തിരിയാതെ കുഴൽനാടൻ പ്രസംഗം തുടരുന്നതിനിടെ അനുവദിച്ച സമയം കഴിയുകയും സ്പീക്കർ അടുത്ത നടപടിയിലേക്ക് കടക്കുകയും ചെയ്തു. ഈ സമയത്ത് മുഖ്യമന്ത്രി സഭയിൽ ഉണ്ടായിരുന്നില്ല.

അവസാന അലോട്ട്മെന്റ് കഴിഞ്ഞിട്ടും 32,410 പേർ പുറത്ത്

എന്തുചെയ്യണമെന്നറിയാതെ മലപ്പുറത്തെ രക്ഷിതാക്കളും വിദ്യാർഥികളും

മലപ്പുറം : മലപ്പുറത്ത് പ്ലസ് വൺ സീറ്റിനു ക്ഷാമമില്ലെന്ന് വകുപ്പ് മന്ത്രി പച്ചക്കള്ളം പ്രചരിപ്പിക്കുമ്പോൾ സത്യത്തെ അടിവരയിട്ട് ഔദ്യോഗിക കണക്കുകൾ. പ്ലസ് വൺ ഏകജാലക പ്രവേശനത്തിന്റെ മെറിറ്റ് ക്വാട്ടയുടെ മുഖ്യ ഘട്ടത്തിലെ മൂന്നാമത്തെയും അവസാനത്തേതുമായ അലോട്ട്മെന്റ് പട്ടിക പ്രസിദ്ധീകരിച്ചപ്പോഴും മലപ്പുറം ജില്ലയിൽ സീറ്റ് ലഭിക്കാതെ 32410 പേർ പുറത്ത് നിൽക്കുകയാണ്. എസ്.എസ്.എൽ.സി പഠനം കഴിഞ്ഞു ഫുൾ എ പ്ലസ് കിട്ടിയ പല വിദ്യാർഥികൾക്കും ആഗ്രഹിച്ച സ്കൂളിലോ, കോഴ്സിനോ ചേരാനായിട്ടില്ല. പല രക്ഷിതാക്കളും എന്തുചെയ്യണമെന്നറിയാതെ നെട്ടോട്ടമോടുകയാണ്. കുട്ടികൾ നല്ല രീതിയിൽ പഠിച്ചു മാർക്ക് നേടിയിട്ടും ഒന്നു സന്തോഷിക്കാൻ പോലും കഴിയാത്ത അവസ്ഥയാണ് മലപ്പുറത്തെ രക്ഷിതാക്കൾക്കുള്ളത്.

ജില്ലയിൽ 82446 വിദ്യാർഥികളാണ് ഏകജാലക പ്രവേശനത്തിന് അപേക്ഷ നൽകിയത്. ആകെയുള്ള അധിക ഭിന്നശേഷി സംവരണ സീറ്റുൾപ്പെടെ 50080 സീറ്റുകളിൽ 50036 പേർക്കാണ് അവസാന അലോട്ട് മെന്റിലേക്കെത്തുമ്പോൾ സീറ്റുകൾ ലഭിച്ചത്. 32410 പേർ പുറത്ത് നിൽക്കുമ്പോൾ വെറും 44 സീറ്റുകളാണ് ഒഴിഞ്ഞു കിടക്കുന്നത്. ഭിന്നശേഷി സംവരണ വിഭാഗത്തിലെ സീറ്റുകളാണ് ഒഴിഞ്ഞ് കിടക്കുന്നതിൽ അധികവും. 40 സീറ്റുകളാണ് ഭിന്നശേഷി സംവരണ വിഭാഗത്തിൽ ഒഴിഞ്ഞ് കിടക്കുന്നത്.

മെറിറ്റ് സീറ്റ് ലഭിക്കാതെ പുറത്താകുന്നവർ അൺ എയ്ഡഡ്, മാനേജ്മെന്റ് സീറ്റുകളിലോ മറ്റു ഉപരിപഠന മേഖലകളിലോ പഠനം നടത്തേണ്ടി വരും. ഇവരിൽ പലർക്കും സാമ്പത്തിക ഭാരമില്ലാതെ പഠിക്കാനാവില്ല എന്നതാണ് വസ്തുത. സ്പോർട്സ് ക്വാട്ടയിൽ 129, മോഡൽ റസിഡൻഷ്യൽ സ്കൂൾ (എം.ആർ.എസ്) 25, കമ്യൂണിറ്റി ക്വാട്ട -1186, മാനേജ്മെന്റ് ക്വാട്ട- 4963 സീറ്റുകളാണുള്ളത്. ഇവയാണു ഇനി സപ്ലിമെന്ററി അലോട്ട് മെന്റുകൾക്കു പരിഗണിക്കുക. അതേ സമയം ഫീസ് കൊടുത്തു പഠിക്കുന്ന അൺഎയ്ഡഡ് സ്കൂളുകളിൽ 10,877 സീറ്റുകൾ ഒഴിഞ്ഞു കിടപ്പാണ് ഇവിടെ ആകെയുള്ള 11,236 സീറ്റുകളിൽ 359 സീറ്റുകളിലാണു പ്രവേശനം നടന്നത്.

സൗജന്യ വിദ്യാഭ്യാസം ഉറപ്പാക്കേണ്ട പ്ലസ് വൺ മേഖലയിൽ ഇത്രയധികം വിദ്യാർഥികൾ പണം നൽകി പഠിക്കേണ്ടി വരുന്നത് സങ്കടകരമാണ്. മറ്റു ജില്ലകളിൽ സമാനമാർക്കുള്ളവർ സൗജന്യമായി പഠിക്കുമ്പോഴാണ് മലപ്പുറത്തിന് ഈ ദുർഗതി. ഫീസ് നൽകി പഠിക്കുക എന്നത് സാധാരണക്കാരായ വിദ്യാർഥികളെ പ്രയാസത്തിലാക്കും. 10000 മുതൽ 50000 രൂപ വരെയാണ് ചില സ്കൂളുകൾ സീറ്റിന് ആവശ്യപ്പെടുന്നത്. ഇതിനു പര്യവസാനം കാണുക എന്ന ലക്ഷ്യത്തോടെ എം.എസ്.എഫ് ഉൾപ്പെടെയുള്ള വിദ്യാർഥി സംഘടനകളുടെ നേതൃത്വത്തിൽ സമരം തെരുവോരങ്ങളിൽ ശക്തമാണെങ്കിലും സർക്കാർ തിരിഞ്ഞു നോക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

യൂത്ത് ലീഗ് നിയമസഭാ മാർച്ച് 25 ന്

കോഴിക്കോട്: പ്ലസ് വൺ പ്രവേശനത്തിനുള്ള മൂന്നാം അലോട്ട്മെന്റ് കഴിഞ്ഞിട്ടും മലബാറിൽ എഴുപത്തി അയ്യായിരത്തോളം വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കാത്ത സാഹചര്യത്തിൽ മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ നിയമസഭാ മാർച്ച് നടത്തുമെന്ന് പ്രസിഡന്റ് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളും ജനറൽ സെക്രട്ടറി പി.കെ ഫിറോസും പറഞ്ഞു. ജൂൺ 25 ന് രാവിലെ 11 മണിക്കാണ് നിയമ സഭയിലേക്ക് മാർച്ച് സംഘടിപ്പിക്കുക. ജൂൺ 24 ന് ക്ലാസ് തുടങ്ങാനിരിക്കുമ്പോഴാണ് ഇത്രയും വിദ്യാർത്ഥികൾ പെരുവഴിയിലാവുന്നത്.

എസ്.എസ്.എൽ.സി പരീക്ഷയിൽ മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് പോലും ആഗ്രഹിക്കുന്ന കോഴ്സുകളിൽ പ്രവേശനം നേടാൻ സാധ്യമാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. മലബാറിൽ ആകെയുള്ള 2,46,032 അപേക്ഷകർക്ക് മെറിറ്റിൽ 1,61,369 സീറ്റുകളാണുള്ളത്. ഇതിൽ 1,60,037 പേർക്കാണ് അഡ്മിഷൻ നേടാനായത്. ഈ പ്രതിസന്ധി തരണം ചെയ്യാൻ ആവശ്യമായ ബാച്ചുകൾ അനുവദിക്കണമെന്ന് പ്രതിപക്ഷ കക്ഷികൾ നിരന്തരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇടത് സർക്കാർ മുഖം തിരിഞ്ഞ് നിൽക്കുന്ന സമീപനമാണ് സ്വീകരിച്ചത്. മലബാറിൽ സീറ്റ് ക്ഷാമം ഇല്ലെന്ന് നിരന്തരം പറയുന്ന വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി യാഥാർത്ഥ്യങ്ങൾക്ക് മുന്നിൽ മനപ്പൂർവ്വം കണ്ണടക്കുകയാണ്. മലബാറിലെ പ്ലസ് വൺ പ്രതിസന്ധി പരിഹരിക്കാൻ അടിയന്തരമായി സർക്കാർ ഇടപെടണം എന്നാണ് മുസ്‌ലിം യൂത്ത് ലീഗ് ആവശ്യപ്പെടുന്നത്. പതിനായിരകണക്കിന് വിദ്യാർത്ഥികളുടെ ഭാവി കൊണ്ട് പന്താടുന്ന പിണറായി സർക്കാറിനെതിരെ ശക്തമായ പ്രക്ഷോഭമുയർത്തുന്നതിന്റെ ഭാഗമായി നടത്തുന്ന നിയമസഭാ മാർച്ച് ചരിത്ര സംഭവമാക്കാൻ പ്രവർത്തകർ മുന്നിട്ടിറങ്ങണമെന്ന് നേതാക്കൾ ആഹ്വാനം ചെയ്തു.

മറയൂർ ചന്ദന ഇ ലേലം 19.63 കോടി രൂപയുടെ വിൽപ്പന

ഇടുക്കി: മറയൂരിൽ നടന്ന ചന്ദന ഇ ലേലത്തിൽ 19.63 കോടി രൂപയുടെ വിൽപ്പന നടന്നു. രണ്ട് സെക്ഷനുകളായി നടന്ന ലേലത്തിൽ 16 വിഭാഗങ്ങളിലായി 28.5 ടൺ ചന്ദനമാണ് ഒറ്റ ദിവസം നടക്കുന്ന ഓൺലൈൻ ലേലത്തിൽ വനം വകുപ്പ് വച്ചത് 8.53 ടൺ ചന്ദനമാണ് വിവിധ ക്ലാസുകളിലായി വിൽപ്പന നടന്നത്. കർണ്ണാടക സോപ്സ്, സൂര്യ ഹാൻഡി ക്രാഫ്റ്റ്സ് ജയ്പൂർ, ജയ്പ്പൂർ ക്ലൗട് 9, വൈക്കം ശ്രീ ദുർക്ഷാ ദേവിക്ഷേത്രം, കളരിക്കൽ ഭഗവതി ക്ഷേത്രം മാവേലിക്കര, ശ്രീ പത്മനാഭിക്ഷേത്രം തിരുവനന്തപുരം എന്നിങ്ങനെ ആറു സ്ഥാപനങ്ങളാണ് ലേലത്തിൽ പങ്കെടുത്തത്. 12 കോടി രൂപയുടെ ചന്ദനം കർണ്ണാടക സോപ്സ് മാത്രം വാങ്ങി. ചൈന ബുദ്ധ, ഗോട്ടിയ, ഗാർബാട്ല, സോഡസ്റ്റ്, സാപ്പ് ചിപ്സ്, സാചുഡ് ബ്രിക്കറ്റ്, സാൻഡൽ പൗഡർ എന്നീ വിഭാഗത്തിൽ പെട്ട ചന്ദനം ആരും ലേലത്തിൽ വാങ്ങിയില്ല.ക്ലാസ് മൂന്ന് വിഭാഗത്തിൽപ്പെട്ട പഞ്ചം ചന്ദനത്തിന് കിലോഗ്രാമിന് നികുതി ഉൾപ്പെടെ 20184 രൂപ ഏറ്റവും ഉയർന്ന വിലയായി ലഭിച്ചു. 13 ന് നടന്ന ചന്ദന തൈല ലേലത്തിൽ 2 കോടിരൂപയുടെ വിൽപ്പനയും നടന്നിരുന്നതായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എം ജി വിനോദ് കുമാർ പറഞ്ഞു.

കോടതി നോട്ടീസുകൾ ഇനി ഇ പോസ്റ്റ് വഴി; രാജ്യത്ത് ഇത് ആദ്യം

കൊച്ചി: കക്ഷികൾക്ക് ഹൈക്കോടതിയൽ ഹാജരാവുന്നതിനു ഇ പോസ്റ്റ് വഴി നോട്ടീസ് അയക്കും. രാജ്യത്ത് ആദ്യമായി കേരള ഹൈക്കോടതിയാണ് ഇ പോസ്റ്റ് മുഖേന നോട്ടീസുകൾ അയക്കുന്നതിനു തുടക്കം കുറിക്കുന്നത്. പോസ്റ്റൽ വകുപ്പുമായി സഹകരിച്ചാണ് പദ്ധതി. ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്ന കേസുകളിൽ നോട്ടീസ് പുറപ്പെടുവിച്ചാലും കക്ഷികൾക്ക് നോട്ടീസ് കിട്ടാതിരിക്കുന്നതു മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനാണ് പദ്ധതി. നോട്ടീസുകൾ വൈകി ലഭിക്കുന്നതും മൂലം കേസിലെ നടപടികൾ വൈകുന്ന സംഭവങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിലാണ് ഇങ്ങനെയൊരു തീരുമാനം.

ഇ പോസ്റ്റൽ സംവിധാനം വന്നതോടെ ഒറ്റ ദിവസം കൊണ്ട് തന്നെ നോട്ടീസ് കക്ഷികൾക്ക് നൽകാനാവുന്ന സാഹചര്യമാണ് വരുന്നത്. ഇ മെയിൽ വഴി നോട്ടീസ് അയക്കുന്നതിനെക്കാൾ കൃത്യത ഇ പോസ്റ്റിലൂടെ ലഭിക്കും. ഇ പോസ്റ്റ് വഴി അയക്കുന്ന നോട്ടീസ് കക്ഷികൾക്ക് ലഭിച്ചു എന്ന് ഉറപ്പു വരുത്താനുമാവും. തിരുവനന്തപുരം ജില്ലയിലെ കക്ഷികൾക്കാണ് ആദ്യഘട്ടമായി ഈ സംവിധാനത്തിലൂടെ നോട്ടീസ് അയച്ചു തുടങ്ങുക. തുടർന്ന് ഫലപ്രദമെന്ന് കണ്ടാൽ മറ്റിടങ്ങളിലേക്കും വ്യാപിപ്പിക്കാനാണ് തീരുമാനം.

എൻ.ടി.എ പ്രവേശന പരീക്ഷകളുടെ വിശ്വാസ്യത നഷ്ടപ്പെടുത്തി: പി.വി അഹമ്മദ് സാജു

ന്യൂ ഡൽഹി: നീറ്റ് പ്രവേശന പരീക്ഷാ തിരിമറി വിവാദങ്ങൾ കെട്ടഴിയുന്നതിനു മുൻപ് തന്നെ യു.ജി.സി നെറ്റ് പരീക്ഷ റദ്ദാക്കിയത് കേന്ദ്ര സർക്കാർ പ്രവേശന പരീക്ഷകളുടെ വിശ്വാസ്യത നഷ്ടപ്പെടുത്തിയതായി എം.എസ്.എഫ് ദേശീയ പ്രസിഡന്റ് പി.വി അഹമ്മദ് സാജു. പരീക്ഷ എഴുതിയ ലക്ഷക്കണക്കിന് വിദ്യാർഥികളുടെ ഭാവി അവതാളത്തിലാക്കുന്നതാണ് ഈ നടപടിയെന്നും ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ പരിശ്രമം കൂടിയാണ് എൻ.ടി.എ പാഴാക്കിയത്. പരീക്ഷാ തട്ടിപ്പുകൾ തടയാൻ നടപടിയെടുക്കുന്നതിന് പകരം ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാക്കുന്ന ഭയാനകമായ സംഭവവികാസങ്ങളെ അപലപിച്ചു. കുറ്റവാളികൾക്കെതിരെ ഉടനടി നടപടിയെടുക്കണമെന്നും പതിവായി പരീക്ഷകളിൽ കൃത്രിമം കാണിച്ച് ഇന്ത്യയുടെ ഭാവി പ്രതീക്ഷകളെ നിരാശപ്പെടുത്തരുതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സി.പി.എമ്മിൽ തിരുത്തൽ നാടകം; തോൽപിച്ചത് മാധ്യമങ്ങളെന്ന്

മുഖ്യമന്ത്രി ശൈലി മാറ്റുന്നതെന്തിനെന്ന് എംവി ഗോവിന്ദൻ

തിരുവനന്തപുരം: തോൽവി പഠിക്കാൻ ചേർന്ന സി.പി.എം നേതൃയോഗത്തിൽ തെറ്റുതിരുത്തൽ പ്രഹസനം. എന്തുകൊണ്ട് തോറ്റു എന്ന വിഷയത്തിൽ നടന്ന ചർച്ചക്കൊടുവിൽ കുറ്റം മുഴുവൻ എസ്.എൻ.ഡി.പി, ജമാഅത്തെ ഇസ്‌ലാമി, എസ്.ഡി.പി.ഐ, മാധ്യമങ്ങൾ എന്നിവയുടെ ചുമലിൽ ചാരി പാർട്ടി കൈകഴുകി. ഇതോടെ സർക്കാരിലും പാർട്ടിയിലും തിരുത്തലുകൾ വരുത്തുമെന്ന സി.പി. എമ്മിന്റെ പ്രഖ്യാപനം കടലാസിലൊതുങ്ങി.

അതേസമയം, മുഖ്യമന്ത്രിയുടെ പെരുമാറ്റവും പ്രവർത്തന ശൈലിയും മോശമാണെന്ന് വരുത്തിത്തീർക്കാൻ ചില മാധ്യമങ്ങൾ ശ്രമിക്കുന്നതിനെ അംഗീകരിക്കേണ്ടതില്ലെന്നാണ് യോഗത്തിന്റെ പൊതുതീരുമാനം. മുഖ്യമന്ത്രി എന്ത് ശൈലിയാണ് മാറ്റേണ്ടതെന്ന് യോഗത്തിന് ശേഷം നടത്തിയ വാർത്താസമ്മേളനത്തിൽ പാർട്ടി സെക്രട്ടറി എം.വി ഗോവിന്ദൻ മാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുചോദ്യം ഉന്നയിച്ചു. വലതുപക്ഷ മാധ്യമങ്ങൾ എടുത്ത നിലപാട് സർക്കാരിനും പാർട്ടിക്കും മുഖ്യമന്ത്രിക്കും കുടുംബത്തിനും എതിരായിരുന്നു. പിണറായി വിജയനെ കടന്നാക്രമിച്ച് കള്ളപ്രചാരവേല നടത്തി ഇമേജ് തകർക്കാൻ ശക്തമായ ശ്രമം നടത്തി. പാർട്ടി നേതൃത്വത്തെ മാധ്യമങ്ങൾ ടാർഗറ്റ് ചെയ്തു. അത്തരം പ്രചാരണങ്ങൾ ജനങ്ങളിൽ സ്വാധീനം ചെലുത്തി. മാധ്യമങ്ങൾ ശരിയായി പ്രവർത്തിക്കാതെ കമ്മ്യൂണിസ്റ്റ് വിരുദ്ധ പ്രചാരവേല ചെയ്തത് വലതുപക്ഷ തീവ്രശക്തികൾക്ക് ഗുണം ചെയ്തുവെന്നും ഗോവിന്ദൻ പറഞ്ഞു.

എന്നാൽ ജനങ്ങളുടെ മനോഭാവം മനസ്സിലാക്കുന്നതിൽ പാർട്ടിക്കും മുന്നണിക്കും പരാജയം സംഭവിച്ചെന്നാണ് സി.പി.എമ്മിന്റെ വിലയിരുത്തൽ. ദേശീയ രാഷ്ട്രീയവുമായി ബന്ധപ്പെട്ട് കേരള രാഷ്ട്രീയത്തിനുള്ള പരിമിതി പരാജയത്തിന് കാരണമായി. ജാതി രാഷ്ട്രീയത്തിന്റെയും സ്വത്വ രാഷ്ട്രീയത്തിന്റെയും കാര്യത്തിലുള്ള ആർ.എസ്.എസ് ഇടപെടൽ ഒരുവിഭാഗം വോട്ടുകൾ നഷ്ടമാക്കി.

തിരഞ്ഞെടുപ്പിൽ തോൽക്കാനിടയായ കാരണങ്ങളെല്ലാം ആദ്യമേ മനസ്സിലാക്കിയിട്ടും ജയിക്കാൻ സാധിക്കും എന്നായിരുന്നു പാർട്ടിയുടെ ധാരണ. ജനങ്ങളുടെ മനോഭാവം മനസ്സിലാക്കുന്നതിൽ പാർട്ടിക്ക് വേണ്ടത്ര സാധിച്ചില്ല. സൂക്ഷ്മമായ പരിശോധനയിൽ അതാണ് കണ്ടെത്തിയത്. ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അവരുടെ മനസ്സ് മനസ്സിലാക്കി പ്രവർത്തനം കാര്യക്ഷമതയോടെ നടത്താൻ കഴിയണമെന്നും ഗോവിന്ദൻ വ്യക്തമാക്കി. ഇതിനായി പ്രകാശ്കാരാട്ട്, സീതാറാം യെച്ചൂരി തുടങ്ങിയ നേതാക്കളെ പങ്കെടുപ്പിച്ച് ബഹുജന കൂട്ടായ്മകൾ സംഘടിപ്പിക്കുമെന്നും ഗോവിന്ദൻ വ്യക്തമാക്കി.

എസ്.എൻ.ഡി.പിയെ കടന്നാക്രമിച്ച് പാർട്ടി സെക്രട്ടറി

തിരുവനന്തപുരം: എസ്.എൻ.ഡി. പി നേതൃത്വത്തെയും വെള്ളാപ്പള്ളി നടേശനെയും മകൻ തുഷാർ വെള്ളാപ്പള്ളിയുടെ പാർട്ടിയെയും കടന്നാക്രമിച്ച് സി.പി. എം. ലോക്സഭാ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് ലഭിക്കേണ്ട അടിസ്ഥാന വോട്ടുകൾ ബി.ഡി.ജെ.എസിലൂടെ ബി.ജെ.പിക്ക് നൽകിയെന്ന ഗുരുതരമായ ആരോപണമുന്നയിച്ചാണ് കടന്നാക്രമണം. ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങൾ ബലികഴിക്കുന്ന നിലപാടുകളാണ് ഇപ്പോഴത്തെ നേതൃത്വം സ്വീകരിക്കുന്നതെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ പറഞ്ഞു.

ബോംബ് നിർമ്മാണം: പാർട്ടി പങ്കാളിത്തം വെളിപ്പെടുത്തിയ യുവതിക്ക് ഭീഷണി

കണ്ണൂർ: തലശേരി എരഞ്ഞോളിയിൽ ബോംബ് പൊട്ടിത്തെറിച്ച് വയോധികൻ കൊല്ലപ്പെട്ട സംഭവത്തിൽ പാർട്ടിയെന്ന് വെളിപ്പെടുത്തിയതിൽ പൊള്ളിയത് സി.പി.എമ്മിന്. യുവതിയില്ലാത്ത നേരത്ത് പഞ്ചായത്തംഗത്തിന്റെ നേതൃത്വത്തിൽ വീട്ടിലെത്തി ഭീഷണിപ്പെടുത്തി പാർട്ടി ഗുണ്ടാസംഘം. ബോംബ് സ്ഫോടനത്തിൽ വയോധികൻ കൊല്ലപ്പെട്ടതിന് പിന്നാലെ പാർട്ടി പങ്കാളിത്തം വെളിപ്പെടുത്തിയ സീനയ്ക്കാണ് സി.പി.എം ഭീഷണിയുണ്ടായത്. കുഞ്ഞുങ്ങൾക്ക് സമാധാനമായി ഓടി നടക്കണമെന്നും പാർട്ടിക്കാരാണ് ബോംബ് നിർമാണത്തിന് പിന്നിലെന്നും സീന മാധ്യമങ്ങൾക്ക് മുന്നിൽ വെളിപ്പെടുത്തിയിരുന്നു. ഇത് പൊതുസമൂഹത്തിൽ സി.പി.എമ്മിന് വലിയ ക്ഷീണമാണുണ്ടാക്കിയത്.

വയോധികരായ മാതാപിതാക്കൾ വീട്ടിൽ ഒറ്റക്കായിരുന്ന സമയത്താണ് സി.പി.എം പ്രവർത്തകർ എത്തിയതെന്നും സമൂഹത്തിൽ തങ്ങളെ ഒറ്റപ്പെടുത്തൽ തുടങ്ങിയെന്നും സീന പറഞ്ഞു. എരഞ്ഞോളി പഞ്ചായത്ത് അംഗം ഉൾപ്പെടെ സി.പി.എം പ്രവർത്തകരാണ് വീട്ടിലെത്തിയത്. ബോംബ് നിർമാണത്തിന്റെ പിന്നിൽ പാർട്ടിക്കാരാണെന്ന് എല്ലാവർക്കും അറിയാമെന്നും എന്നാൽ ഭയം കൊണ്ടാണ് ആരും പ്രതികരിക്കാത്തതെന്നും സീന പറഞ്ഞിരുന്നു.

പെരിയാറിലെ മത്സ്യക്കുരുതിക്ക് കാരണം രാസമാലിന്യം തന്നെ

കുഫോസ് സമഗ്ര പഠന റിപ്പോർട്ട് സമർപ്പിച്ചു

ക